

3

JANATHA SERVICES
ERNAKULAM

# ഇരുമുനവാൾ

ടി.എ. ആന്റണി സി.എം.ഐ

00096769

125

# ഇരുമുനവാൾ – III

(സ്നേഹത്തെക്കുറിച്ച് 10 പ്രസംഗങ്ങൾ)

With best Compliments
from:

ഇതര കൃതികൾ

- ഇവരും എന്റെ മക്കൾ (സംഗ്രഹ വിവ.)
- ഇരുമുനവാൾ I
  (ക്രിസ്തുവിനെക്കുറിച്ച് 13 പ്രസംഗങ്ങൾ)
- ഇരുമുനവാൾ II
  (കുരിശിലെ ഏഴുവാക്യങ്ങളെക്കുറിച്ച് ഒരു പ്രസംഗം)
- യുവജനമതവേദി – I
- വിവാഹത്തിനു പത്തു കല്പനകൾ

അച്ചടിയിൽ

- യുവജനമതവേദി – II
- നിങ്ങൾക്കു കോടീശ്വരനാകാം (വിവ.)



ഗ്രന്ഥകർത്താ

സി. എം. ഐ. വൈദികൻ. ജനനം 1946 ൽ ചേർത്തല തൈക്കാട്ടുശ്ശേരിൽ. 1972–ൽ വൈദികനായി. മാതാപിതാക്കൾ അബ്രഹാം – റോസ. എ. ശൗരാർ, ജോസഫ് തളിയാടിൽ സഹോദരന്മാർ. ത്രേസ്യാമ്മ സേവ്യർ, ഏലിക്കുട്ടി വർഗ്ഗീസ്, മേരിക്കുട്ടി ജോസഫ്, റോസക്കുട്ടി ജോസഫ് എന്നിവർ സഹോദരിമാർ. കുടുംബദീപം എഡിറ്ററായും ജനതാബുക്ക്സ്റ്റാൾ മാനേജരായും ജോലിനോക്കിയിട്ടുണ്ട്. ഇപ്പോൾ ആഫ്രിക്കയിൽ ഘാനായിൽ ജോലിചെയ്യുന്നു.

# ഇരുമുനവാൾ – III

(സ്നേഹത്തെക്കുറിച്ച് 10 പ്രസംഗങ്ങൾ)

ACHARYA PALACKAL JEEVASSKENDRAM ALU... LIBRARY 10183

ടി. എ. ആൻറണി സി. എം. ഐ

DHARMARAM COLLEGE LIBRARY BANGALORE-29

13.50 ജനത ശേവര

Dharmaram College Library
Acc. No. 96769
Call. No. 1459 / AN88

M/241.4
ANT

DISTRIBUTION

JANATHA BOOK STALL, THEVARA, COCHIN - 13

BRS: ERNAKULAM, ALWAYE, SHERTHALLAI,
THEVARA, VAIKOM, KOTHAMANGALAM

Malayalam IRUMUNAVAL - III ; T. A. Antony C.M.I.

Published by: The Communication Dept. of S. H. Province, Kalamasserry.

Copyright: T. A. Antony C M I. 1988

Printed at: Pressman, Kottayam ; Art: C. N. Raju

Cover Print: L. F. I. Press, Thevara

SN 00309 878823 1000 D 30

## ഉള്ളടക്കം


1. ക്രൈസ്തവമതം ബന്ധങ്ങളുടെ മതം
2. കാടത്തത്തിൽനിന്നു് ദൈവീകതയിലേക്കു്
3. ശമറായൻ മനുഷ്യനെ കണ്ടെത്തിയ മനുഷ്യൻ
4. സ്നേഹത്തിന്റെ പ്രമാണം
5. സമർത്ഥനം നിഷേധം സമന്വയം
6. ക്രൈസ്തവസ്നേഹത്തിന്റെ മൗലികത
7. എല്ലാററിലും വലുതു്
8. നല്ല ശമറായനായ ക്രിസ്തു
9. ക്രൈസ്തവസ്നേഹത്തിന്റെ ഉറവിടം
10. ശമറായന്റെ പ്രസാദവ്യക്തിത്വം

# ആമുഖം

'സവ് ജാതികളേയും അടിച്ചു
തകർക്കാൻവേണ്ടി അവിടത്തെ
വായിൽനിന്നും മൂർച്ചയുള്ള
ഒരു വാൾ പുറപ്പെടുന്നു'

(വെളി. 19:15)

സ്നേഹപൂർവ്വം

ജോസഫാത്തപ്പന്

(1906 – 1985)

# 1

## ക്രൈസ്തവമതം ബന്ധങ്ങളുടെ മതം

ക്രൈസ്തവമതം ബന്ധങ്ങളുടെ മതമാണ് (A religion of relationship) എന്നു പറയാം. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമാണ് മതം എന്നു് മതത്തിനു് ഒരു വിശദീകരണം നല്ലാറുണ്ട്. ഏതോ ഒരു പരാശക്തിയുമായി ബന്ധപ്പെടുന്നതാണ് മതമെന്നു്. അത്യുന്നതമായ ശക്തിയാണ് പരാശക്തി എന്നു പറയാം. പക്ഷേ 'ശക്തി'യുമായി മനുഷ്യനു് ബന്ധപ്പെടാൻ കഴിയുകയില്ല. ആരോഗ്യകരവും മനുഷ്യോചിതവുമായ ഒരു ബന്ധം സാധ്യമാവില്ല. ശക്തിയുമായി സാധ്യമാകുന്ന ബന്ധം ഭയത്തിൻേറതാണ്. ഭയം അകൽച്ച സൃഷ്ടിക്കുന്നു. ആ അകൽച്ച ആരാധനയും ആദരവും സൃഷ്ടിച്ചേക്കാം. പക്ഷേ അവ ഭയത്തിൽനിന്നാകുമ്പോഠം മാനുഷികംപോലും ആയിത്തീരുന്നില്ല. ചുരുക്കത്തിൽ ഒരു ശക്തിയായി ദൈവത്തെ കാണുന്ന മതാത്മകകാഴ്ചപ്പാട് മുഖമില്ലാത്ത ഒരു ദൈവത്തെ സൃഷ്ടിക്കുന്നു. ഉഗ്രമൂർത്തികളെയും അസന്തുഷ്ടദേവവൈരൂപ്യങ്ങളേയും ഈ ഭയത്തിൻെറ മതം രൂപപ്പെടുത്തുന്നു.

### മുഖമുള്ള ദൈവം

മുഖമില്ലാത്ത ദൈവരൂപങ്ങളുടെ മധ്യത്തിൽ മുഖമുള്ളവനാണ് നമ്മുടെ ദൈവം. ക്രിസ്തു കാണിച്ച ദൈവം. വിശുദ്ധ ഗ്രന്ഥത്തിൽ പ്രത്യക്ഷമാകുന്ന ദൈവം. ദൈവം മനുഷ്യനെ സ്നേഹിച്ചു എന്നു് ബൈബിളിലേ കാണൂ.

ACHARYA PALACKAL ... KENDRA
LIBRARY
10183
ALUVA



അതു് മതപരമായ ഒരു വിപ്ളവമാണ്. മുഖമില്ലാത്ത ദൈവരൂപങ്ങളുടെ മധ്യത്തിൽ മുഖമുള്ള ഒരു ദൈവത്തെ മുഖംനോട്ടമില്ലാത്തവനായി (അപ്പ. പ്രവ. 10:34) ബൈബിൾ നമ്മുടെ മധ്യത്തിൽ പ്രതിഷ്ഠിച്ചു. ദൈവത്തെ മനുഷ്യനു സ്നേഹിക്കാൻ കഴിയും. സ്നേഹിക്കാൻ കഴിയും എന്നു മാത്രമല്ല ദൈവത്തെ സ്നേഹിക്കണം അതു് അനുവാദമല്ല, കല്പനയാണ് (ലൂക്ക 10:26)

മാനുഷികതയുടെ ഹൃദ്യത നിറഞ്ഞ പദങ്ങളിലൂടെ നാം ദൈവവുമായി ബന്ധപ്പെടുന്നു. പിതാവു് അഥവാ അപ്പാ. ബന്ധത്തെ ദ്യോതിപ്പിക്കുന്ന പദം മാത്രമല്ല അതു് ബന്ധം തുടങ്ങുന്ന ആദ്യത്തെ അനുഭവംകൂടിയാണതു്. പുത്രൻ– അതും ബന്ധത്തെ കുറിക്കുന്ന പദമാണ്. നാമുമായുള്ള ബന്ധത്തിൽ പുത്രൻ, നാഥൻ എന്നുള്ള പദമായിത്തീരുന്നു. അവിടന്നു സ്വയം നാമുമായുള്ള ബന്ധത്തെ വിശദമാക്കാൻ ശ്രമിച്ചപ്പോൾ സ്നേഹിതൻ എന്ന പദം ഉപയോഗിക്കുകയുണ്ടായി (യോഹ. 15:15) പരിശുദ്ധാത്മാവു്. ആശ്വാസദായകൻ എന്ന പ്രയോഗമാണ് ക്രിസ്തു പരിശുദ്ധാത്മാവിനായി മാററിവയ്ക്കുന്നതു്. (യോഹ. 14:25) 'ഉന്നതത്തിൽനിന്നുള്ള ശക്തി' എന്നു് (ലൂക്ക. 24:49) ചിലയിടത്തു സൂചിപ്പിക്കുന്നുണ്ടെങ്കിലും പരിശുദ്ധാത്മാവിന്റെ നമ്മിലുള്ള പ്രവർത്തനഫലമായുള്ള ശക്തിയെയാണ് സൂചിപ്പിക്കുന്നതു്. മററൊരിടത്തു് പ്രബോധകനായി പരിശുദ്ധാത്മാവിനെ ക്രിസ്തു അവതരിപ്പിക്കുന്നുണ്ടു്. (യോഹ. 16:12)

മൂന്നു് ദൈവിക ആളുകൾ ആയിട്ടാണ് ഇവരെ ക്രൈസ്തവമതം നമുക്കു് പരിചയപ്പെടുത്തുന്നതു്. യുക്തിയെ ഈ ചിന്താഗതി കുഴയ്ക്കുന്നതായി തോന്നാം. പക്ഷേ അതു ഹൃദയത്തിനു് കുളിർമ നല്കുന്നു. കാരണം ദൈവവുമായി നമുക്കു് ഒരു വ്യക്തിപരമായ ബന്ധം കൈവളർത്താൻ സാധ്യമായിത്തീരുന്നു.

## മതങ്ങളുടെ വിവിധത്വം

ചിന്താപരമായ സൗകര്യത്തിനുവേണ്ടി മതങ്ങളെ നമുക്ക് ഒന്നു വേർതിരിക്കാം. തത്ത്വശാസ്ത്രത്തിന്റെ മതങ്ങളുണ്ട്. (Religion of Phylosopy). ഇതിലൂടെ ഉദ്ദേശിക്കുന്നത് ചിന്താപരമായ ഉൾക്കാഴ്ചകൾ ദൈവത്തെക്കുറിച്ച്, മനുഷ്യനെക്കുറിച്ച്, അവർതമ്മിലുള്ള ബന്ധങ്ങളെക്കുറിച്ച് നല്കുന്ന മതങ്ങൾ എന്നാണ്. ഒരു രീതിയിൽ പറഞ്ഞാൽ ഹിന്ദുമതം ഈ തരത്തിൽപ്പെടുത്താം. 'വിശ്വസിക്കുക' എന്ന പദം ആ മതാനുഭവത്തിൽ കണ്ടു എന്നു വരില്ല. 'സ്നേഹിക്കുക' എന്ന പദവും ഇവിടെ അന്യമാണ്.' അറിയുക എന്ന പദം കൂടുതൽ ബുദ്ധിവ്യാപാരസ്വഭാവമുള്ളതുകൊണ്ട് അതിനായിരിക്കും പ്രാധാന്യം. ഹൈന്ദവമതത്തിന്റെ വ്യക്തിഗതമായ മതാത്മകത, ഭക്തിപ്രസ്ഥാനത്തിൽ വ്യക്തമാകുന്നു എന്ന കാര്യം വിസ്മരിക്കുന്നില്ല.

അനുഷ്ഠാനങ്ങളുടെയും നിയമങ്ങളുടെയും മതങ്ങളുണ്ട്. Religion of Law and Practice) അവ കർമ്മങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രാധാന്യംകൊടുക്കുന്നു. അവയുടെ ലംഘനം വച്ചുപൊറുപ്പിക്കാൻ ഒട്ടും അവ അനുവദിക്കില്ല. 'വിശ്വസിക്കുക' എന്നവാക്കിനു ഇവർ പ്രാധാന്യംകൊടുത്താലും വ്യക്തിബന്ധത്തിലലസ്സ് ദൈവവുമായി നമുക്ക് അടുക്കാൻ സാധ്യമാണെന്നു ഇവർ കരുതുന്നില്ല. ഏററം നല്ല ഉദാഹരണം ഇസ്ലാംമതമാണ്. ഒരു പരിധിവരെ യഹൂദമതവും വരും. കാർക്കശ്യമുള്ള ദൈവമാണവിടെ. ദൈവത്തോടു മൗലികമായി നാം സ്വീകരിക്കുന്ന മനോഭാവം ഭയത്തിന്റേതാണ്. ബലികളും, കാഴ്ചകളും, പ്രതിഷ്ഠാപൂർവ്വമായ പ്രാർത്ഥനകളും മുടക്കംകൂടാതെ നടത്തും. ജീവിതപരിഷ്ക്കരണവുമായി അതിനു ബന്ധമില്ലതാനും. യഹൂദമതത്തിന്റെ വഴിപിഴച്ച പോക്കിനെ തിരുത്തി ഉടമ്പടിയുടെ ദൈവത്തിലേക്കു കൊണ്ടുവരാൻ പ്രവാചകന്മാർ കിണഞ്ഞു ശ്രമിക്കുന്നുണ്ട്.

ബന്ധത്തിന്റെ മതമുണ്ട് (Religion of Relationship). ഇതിൽ അറിയുക എന്നതിലും വിശ്വസിക്കുക എന്നതിലും ഭയപ്പെടുക എന്നതിലും ഉപരിയായി 'സ്നേഹിക്കുക' എന്ന വാക്കിനാണ് നാം പ്രാധാന്യം കൊടുക്കുക. ക്രൈസ്തവമതം ബന്ധത്തിന്റെ മതമാണ്.

## ശക്തിയെ സ്നേഹിക്കാൻ പററില്ല

മനുഷ്യന് വ്യക്തികളുമായേ ബന്ധപ്പെടാനൊക്കൂ. ശക്തികളുമായി സ്നേഹപൂർവ്വം ബന്ധപ്പെടാൻ സാധ്യമാവില്ല. ദൈവത്തെ ശക്തിയായും ഭീകര സത്വസത്തയായും കാണിക്കയും കാണുകയും ചെയ്യുക, വിസ്മയത്തിനു വേഗം വഴങ്ങുന്ന നമ്മുടെ പ്രകൃതിയെ തൃപ്തിപ്പെടുത്തിയേക്കും. പക്ഷേ ഹൃദയത്തിനു തൃപ്തിവരുത്തി ബൈബിളിൽ ക്രിസ്തുവിൽക്കൂടി പ്രത്യക്ഷനാകുന്ന ദൈവം സ്നേഹംകൊണ്ട് വിസ്തൃതിയാകുന്ന ദൈവമാണ്. ഗ്രീക്കുകാർ വിജ്ഞാനമെന്ന ദൈവത്തെ അന്വേഷിക്കുന്നു. യൂദന്മാർ അത്ഭുതങ്ങളുടെ ദൈവത്തെ അന്വേഷിക്കുന്നു. എന്നാൽ ഞങ്ങൾക്കു പ്രസംഗിക്കാനുള്ളതു് കരിശിൽ തറയ്ക്കപ്പെട്ട ക്രിസ്തുവിനെയാണ്. (1 കൊറി. 1: 22.) സെൻറ് പോൾ മൂന്നു തരത്തിലുള്ള ദൈവീക ധാരണകളെയാണ് ഇവിടെ അവതരിപ്പിക്കുന്നതു്. ഇതിന്റെകൂടെ നാലാമതൊരു ധാരണയെക്കൂടി നമുക്ക് അവതരിപ്പിക്കാവുന്നതാണ്. 'റോമാക്കാർ ശക്തിയെ അംഗീകരിക്കുന്നു.' സെൻറ് പോൾ ഇതു പറയുന്നില്ല. ഇതിനെ നമുക്ക് ശക്തിയുടെ ദൈവം എന്നു വിളിക്കാം. പുരാതന റോമാ ശക്തിയിലാണ് ആശ്രയിച്ചിരുന്നതു് (Rome in Power) പൗരാണികമായ മൂന്നു സംസ്കാരങ്ങളും വ്യക്തമാക്കുന്ന ജീവിതദർശനമാണ് ഇവിടെ വിവക്ഷിക്കുന്നതു്. ഗ്രീക്ക—റോമൻ—യഹൂദ സംസ്കാരങ്ങൾ രൂപപ്പെട്ടതു് അവക്കു തനതായ ദൈവശാസ്ത്രങ്ങളുടെ മൂശയിലാണ്. ആ സംസ്കാരങ്ങൾക്കുള്ളിലേക്ക് വ്യക്തിബന്ധങ്ങളുടെ ഒരു പുതിയ മാനവികത കടന്നുവരുന്നു. ആ നവീന മാനവികതയുടെ മർമ്മം ദൈവത്തിന്റെ ആളത്ത

മാണ്. മനുഷ്യനെ അറിയുന്ന മനുഷ്യനുമായി ബന്ധപ്പെടുന്ന ഒരു ദൈവം. വ്യക്തി ബന്ധങ്ങളിൽ ഏർപ്പെടുന്ന ദൈവം.

## നാലു ദൈവികധാരണകൾ

ഇവിടെ 'ദൈവം' 'ദൈവികം' എന്നതിനു് സാധാരണ നാം മനസിലാക്കുന്നതിൽനിന്നും കുറേക്കൂടി വിശാലമായ അർത്ഥം നല്കേണ്ടതാണു്. ഒരു സമൂഹം, ഒരു സംസ്കാരം, ഒരു വ്യക്തി ഏററം പരമപ്രധാനമായി കരുതുന്നതു് ഏതാണു്, ഉന്നത പ്രതിഷ്ഠ ഏതിനു നല്കുന്നു, അതാണു് ഇവിടെ വിവക്ഷിക്കുന്നതു്. ഓരോന്നിനും അതതിന്േറതായ ജീവിത പ്രതിഷ്ഠകളുണ്ടു്. അതിനുവേണ്ടി തങ്ങൾക്കുള്ള സർവ്വവും അവർ തുലച്ചുകളയും. ആ ചിന്താധാരയാണു് ഈ വിചിന്തനത്തിൽ ഉടനീളം വെച്ചുപുലർത്തേണ്ടതു്.

റോമാ, ശക്തിയെ അംഗീകരിക്കുന്നു. (Rome in Power.) റോമാ സീസറുമാരുടെ പ്രതാപസ്ഥാനമാണു്. അവർ എന്നും കയ്യൂക്കിലാണു വിശ്വസിച്ചിരുന്നതു്. ശരീരശക്തിയിൽ ആയുധശക്തിയിൽ ഊററംകൊള്ളുന്ന മനുഷ്യന്േറ പ്രതീകംകൂടിയാണു് റോമൻ സംസ്കാരം. ജൂഡാബൻഹർ എന്ന സിനിമയിൽ യഹൂദയ പാളയത്തിലേക്കു നീങ്ങുന്ന ബൻഹറിനെ റോമൻ പട്ടാളപ്രമാണി ക്ഷണിക്കുന്നതു് റോം ശക്തിയാണു് (Rome in Power) എന്നു പറഞ്ഞുകൊണ്ടാണു് .... എന്നാൽ ബൈബിളിന്േറ ദൈവം പറയുന്നു: ''രഥങ്ങളെ ആശ്രയിക്കുന്നവരുണ്ടു്. കുതിരകളിൽ പ്രശംസിക്കുന്നവരുണ്ടു്. പക്ഷേ ഞങ്ങളുടെ പ്രശംസ കർത്താവായ ദൈവത്തിന്േറ നാമത്തിലാകുന്നു. അവർ തകർന്നു് വീണുപോകും. പക്ഷേ ഞങ്ങൾ എഴുന്നേററു് ഉയർന്നുനില്ക്കും.'' (സങ്കീ. 20: 7). വീണ്ടും: ''ഇസ്രായേലിന്േറ പരിശുദ്ധന്േറനേക്കു് ദൃഷ്ടി തിരിക്കയോ കർത്താവിനെ അന്വേഷിക്കയോ ചെയ്യാതെ ഈജിപ്തിലെ അനവധി രഥങ്ങളിലും അതിശക്തരായ കുതിരപ്പടയാളികളിലും ശര

ണം വക്കന്നവക്ക് ദുരിതം.'' (ഇസ. 31: 1.) മഹാഭാരത യുദ്ധത്തിൽ ഈ ചിന്താഗതിയെ വ്യക്തമാക്കുന്ന ഒരു വിവരണമുണ്ട്. കുരുക്ഷേത്രയുദ്ധത്തിൻെറ ആവശ്യത്തിന് യാദവരാജാവായ ശ്രീകൃഷ്ണൻെറ സഹായം തേടാൻ പാണ്ഡവരും കൗരവരും തീരുമാനിക്കുന്നു. ധർമ്മപുത്രരും ദുര്യോധനനും ശ്രീകൃഷ്ണൻെറ കൊട്ടാരത്തിൽ ചെന്നപ്പോഠം അവിടന്നു പള്ളിയുറക്കമായിരുന്നു. ഉറക്കം കഴിഞ്ഞ് കാര്യം ഉണർത്തിക്കാൻ അവർ കാത്തിരുന്നു. ദുര്യോധനൻ ശ്രീകൃഷ്ണൻെറ സൈന്യത്തെയാണ് ആവശ്യപ്പെട്ടത്. ധർമ്മപുത്രർ ശ്രീകൃഷ്ണനേയും.

കായികശക്തിയുടെ പ്രത്യക്ഷമായ പ്രകടനമാണ് മത്സരങ്ങളും യുദ്ധങ്ങളും. കായിക മത്സരങ്ങളിൽ വിജയിക്കുന്നവരും വലിയ സൈനികശക്തി ഉള്ളവരും ചിലപ്പോഴൊക്കെ പറയുന്ന പീസ് എത്രയോ പൊള്ളയാണെന്ന് പിന്നീട് സംഭവിക്കുന്ന അവരുടെ പരാജയം വ്യക്തമാക്കുന്നു. റോമൻസംസ്കാരം അതു സമാഹരിച്ച സ്വത്തുംകൊണ്ടും അതിൻെറ അടിമകളെക്കൊണ്ടും സുഖലോലുപമായിത്തീരുകയും നശിക്കുകയും ചെയ്തു.

ഗ്രീക്കുകാർ വിജ്ഞാനം അന്വേഷിക്കുന്നു. (God of Greek is Wisdom) യുക്തിയും ചിന്തയും അടിസ്ഥാനമൂല്യമായി കരുതുന്ന മാനുഷീക പ്രവണതയുടെ പ്രതീകമാണ് ഗ്രീക്കുസംസ്കാരം. വ്യക്തിബന്ധങ്ങളല്ല യുക്തിബന്ധങ്ങളാണ് അവിടെ പ്രാധാന്യം. ഞാനെന്തിനു് ഇതു് ചെയ്യണം? എനിക്ക് അതുകൊണ്ട് എന്തുപ്രയോജനം ആ ചോദ്യങ്ങളാണ് വ്യക്തിബന്ധങ്ങളെ നയിക്കുക. ക്രിസ്തുവിൻെറ ത്യാഗം അവിടെ വിഡ്ഢിത്തമാണ്. (1.കൊറി 1: 18) ആദിമക്രിസ്ത്യാനികഠം അനുഭവിക്കേണ്ടിവന്ന അപമാനത്തിൻെറ ഒരു ചിത്രം 1856–ൽ പുരാവസ്തു ഗവേഷകനായിരുന്ന ഗറൂച്ചി റോമിലെ പാലറെറൻ കുന്നുകളിൽ നിന്നു കണ്ടെടുത്തിട്ടുണ്ട്. ഇതു് എ. ഡി. രണ്ടാം നൂററാണ്ടിൽ വരച്ചതാണെന്നു് അനുമാനിക്കുന്നു. 'T' ആകൃതിയിലുള്ള ഒരു കുരിശിൽ മനുഷ്യൻെറ ഉടലും കഴുതയുടെ തല

യുമുള്ള ഒരു ജീവിയെ തറച്ചിട്ടുണ്ട്. അതിനെ ആരാധിക്കുന്ന അലക്സാമെനോസ് എന്ന ഒരു ക്രസ്ത്യാനിയേയും ചിത്രീകരിച്ചിരിക്കുന്നു.

(ബൈബിൾ ഭാഗ്യം. മാർച്ച് 1974)

എന്നും ചരിത്രത്തിൽ പല രീതിയിലും പല വിധത്തിലും യുക്തിചിന്ത പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നും മനുഷ്യൻ ചിന്തകനും ചോദ്യം ചെയ്യുന്നവനുമായിരുന്നിട്ടുണ്ട്. ചോദിക്കാൻ അവൻ തുനിയുന്നതുകൊണ്ടാണ് പ്രതിയവയിലേക്ക പ്രവേശിക്കാൻ അവന് കഴിയുന്നതു്. പുരോഗതിയുടെ വഴിയും അതുതന്നെ. പക്ഷേ മനുഷ്യൻ യുക്തിയുടെ പരിമിതി അംഗീകരിക്കയും മനുഷ്യത്വത്തിന്റെ കൂടുതൽ വിശാലമായ വേദികളെ സ്വീകരിക്കാൻ വിനയം കാണിക്കുകയും വേണം. അപ്പോഴേ ബുദ്ധിയും യുക്തിയും ഉയരത്തിലേക്കുള്ള പടികളാകൂ. അഹങ്കാരിയുടെ ചിതറിപ്പ് ദൈവം കാത്തിരിക്കുന്ന ഒന്ന് എന്നതിന്നേക്കാൾ (യാക്കോ. 4: 6) അവൻതന്നെ വരുത്തിവയ്ക്കുന്ന വിനയാണതു് (ജറ. 50: 32).

യഹൂദന്മാർ അടയാളങ്ങൾ ആവശ്യപ്പെടുന്നു (God of Jews is God of signs and wonders) മറിച്ചുള്ള ധാരണകൾ യഹൂദർക്ക് ഇടർച്ചയാണ്. അത്ഭുതങ്ങളുടേയും അടയാളങ്ങളുടേയും ദൈവം മഹാപ്രതാപിയാണ്. തന്റെ ശക്തി ബാഹുല്യംകൊണ്ട് അവിടന്ന് ജനതയുടെ മോചനകാരണമായി (ആവ. 4: 34). അവിടന്ന് ഇടിയിലും മുഴക്കത്തിലും പ്രത്യക്ഷപ്പെടുന്നു (പുറ. 20: 18). അവിടന്ന് പർവ്വതങ്ങളെ തൊടുമ്പോൾ അവ പുകയുന്നു. (സങ്കീ. 144. 5) ജനതയെ അസ്ത്രശക്തരാക്കുന്ന വിദ്യുത്പ്രവാഹങ്ങൾ അവിടത്തേതാണ്. (സങ്കീ. 144: 6) അട്ടഹാസം മുഴക്കുന്ന കടൽത്തിരച്ചുരുളുകളെ അവിടന്ന് സ്തംഭിപ്പിക്കുന്നു (സങ്കീ. 66 : 7). ഭൂമിയെ ഉരുക്കുന്ന ശബ്ദമാണവിടത്തേതു് (സങ്കീ. 46: 6). ദൈവത്തിന്റെ ഉജ്വലപ്രാഭവമാണ് ഇതിലൊക്കെ വ്യക്തമാകുന്നതു്.

തന്മൂലം ഇത്തരം ഒരു ദൈവത്തിൽനിന്നു് അടയാളങ്ങളും അത്ഭുതങ്ങളും ആവശ്യപ്പെടുന്ന ഒരു ജനതയായിത്തീന്നു യഹൂദജനം (മത്താ. 12:38; പുറ. 4:1–9, യോഹ. 6:30) പിടലി കടുത്ത ജനം (ഐസ. 48:4) എന്നും, ഒന്നിനും വഴങ്ങാത്ത ശിലാതുല്യം ഹൃദയത്തെ കടുപ്പിച്ചവർ (എസക്കി. 11:19, 36:26) എന്നും അവക്കു പേരുകിട്ടി. അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടല്ലാതെ അവർ വിശ്വസിക്കില്ല. അടയാളങ്ങളും അത്ഭുതങ്ങളുംവഴി വളരുന്ന ഈ ബന്ധത്തിൻെറ പിറകിൽ ശക്തിയുടെ ആധിക്യമുണ്ടു്. ശക്തിയുടെ ആധിക്യം സൃഷ്ടിക്കുന്നതു് ഭയത്തിൻെറ ബന്ധങ്ങളാണു്. പഴയനിയമത്തിൽ ദൈവത്തോടുള്ള മനുഷ്യൻെറ ബന്ധം ഭയത്തിലാണു് ഉറപ്പിക്കപ്പെട്ടിരുന്നതു്. നിയമങ്ങൾകൊണ്ടു് ഭദ്രമായ ഒരു മതജീവിതം കരുപ്പിടിപ്പിക്കാൻ മനുഷ്യൻ ശ്രമിക്കും. ബലികളും കാഴ്ചകളും ഈ ദൈവത്തെ പ്രീതിപ്പെടുത്താൻ അത്യാവശ്യമാണു്. ഭയം സൃഷ്ടിക്കുന്ന ആദരവാണു് ഇവിടെയുണ്ടാവുക. നിയമങ്ങളും ശിക്ഷകളും ആ ബന്ധത്തിൻെറ അടിസ്ഥാന ഘടകങ്ങളായി വർത്തിക്കുന്നു. നിയമങ്ങളിൽ ഉറയ്ക്കുന്ന ധൈര്യാമിക ബന്ധത്തിനു് മാനുഷികബന്ധങ്ങൾക്കു് ഉണ്ടാകേണ്ട ഹൃദ്യത നഷ്ടമായിരിക്കും. നിയമം അനുസരിച്ചാൽ കടമ നിറവേററി എന്നുവരും. നിയമം അനുശാസിക്കുന്നതിൽ കൂടുതൽ ചെയ്യാൻ ആക്കും ആവശ്യപ്പെടാൻ സാധിക്കുകയില്ല. കുറവുചെയ്യാൽ ശിക്ഷിക്കാം. ഭരണാധികാരിയും ഭരണീയരുംതമ്മിലുള്ള ബന്ധം നിയമാധിഷ്ഠിതമാണു്. എന്നാൽ കുടുംബബന്ധത്തിൽ നിയമങ്ങൾ ഇല്ല. നിയമപരമായ ഒരു ബന്ധത്തിൽ മാത്രം രൂപപ്പെടുന്ന കുടുംബം കുടുംബമെന്ന പേരിനു് അർഹവുമല്ല.

ഇസ്രായേലും ദൈവവും തമ്മിലുള്ള ബന്ധം കുടുംബത്തിൻെറ വിവിധ ബന്ധങ്ങളിലൂടെ (ഭാര്യാഭർത്തൃബന്ധം, പിതാവും മക്കളും തമ്മിലുള്ള ബന്ധം) വിശദമാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവിടെ മുഖ്യമായി നിഴലിക്കുന്നതു് ഭയത്തിൻെറ നിയമാനുസാരിയായ ബന്ധ

മാണ്. ദൈവത്തിൻെറ സാന്നിദ്ധ്യത്തിനും അധികാരത്തിനും അവർ അടയാളങ്ങളും അത്ഭുതങ്ങളും ആവശ്യപ്പെട്ടന്നു യഹൂദന്മാർ അടയാളങ്ങൾ അന്വേഷിക്കുന്നുവെന്നു് സെൻറു് പോൾ പറയുന്നു. അത്തരം അടയാളങ്ങൾ ഒന്നും ക്രിസ്തുവിനു നൽകാനില്ല. നല്ലിയവയൊക്കെയും അങ്ങിൽ കുടികൊണ്ടിരുന്ന മനുഷ്യസ്നേഹത്തിൻെറ വിസ്തരണം മാത്രമായിരുന്നു. അതു് യഹൂദരെ അങ്ങിൽ വിശ്വസിപ്പിച്ചില്ല എന്നുമാത്രമല്ല അങ്ങയെ സംശയിക്കാനും പിടികൂടാനും പ്രേരിപ്പിച്ചു (മർക്കൊ. 3:6). ഇനി അവരുടെ വിശ്വാസത്തിനായി ഒരു സാക്ഷ്യം നൽകിയെങ്കിൽ അതു് അവർക്ക് കൂടുതൽ ഇടച്ചു നല്കുന്ന ഒന്നായിരുന്നു. യോനായുടെ അടയാളം: മൂന്നുദിവസം ഭൂമിക്കുള്ളിൽ കഴിയുക (മത്താ. (12: 38).

ഞങ്ങൾ പ്രസംഗിക്കുന്നതു് കുരിശിൽ തറയ്ക്കപ്പെട്ട യേശുവിനെയാണ് (The God of Christians) ജ്ഞാനിയുടെ വിജ്ഞാനം ഇവിടെ ദൈവം ഭോഷത്തമാക്കുന്നു. അയാൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമില്ല. ഉത്തരം കൊടുക്കുന്നില്ല. അവനെക്കൂടി സ്നേഹത്തിൽ ഉൾക്കൊള്ളാൻ ഉതകുംവിധം അവിടന്നു കുരിശിൽ കയറി. താർക്കികൻെറ തർക്കവാദം അവനെയോ മററുള്ളവരെയോ അടിസ്ഥാനപരമായി തൃപ്തിപ്പെടുത്തുന്നില്ല. മനുഷ്യൻ ജ്ഞാനത്താൽ, യുക്തിശക്തിയാൽ, ദൈവത്തെ അറിഞ്ഞില്ല. പക്ഷേ ദൈവം കുരിശിൻെറ ഭോഷത്തത്താൽ ലോകത്തെ അറിഞ്ഞു. അറിഞ്ഞു എന്നാൽ സ്നേഹിച്ചു എന്നാണർത്ഥം.

ദൈവവുമായി നമുക്ക് ബന്ധപ്പെടാം. മതം ബന്ധപ്പെടലാണ്. ബന്ധങ്ങളുടെ മതമാണ് ക്രൈസ്തവമതം. ആ ബന്ധങ്ങളുടെ അടിസ്ഥാനം ദൈവവുമായുള്ള ബന്ധംതന്നെ. അതുകൊണ്ടാണ് കത്തോലിക്കാ ദൈവശാസ്ത്രം ദൈവത്തെ മൂന്നു ദൈവികആളുകൾ എന്നു പറയുന്നതു്.

## വേർപാടിൻെറ മതനിഷ്ഠ

നല്ല ശമറായൻെറ ഉപമയിലെ പുരോഹിതനും ദേവാലയശുശ്രൂഷിയും നമ്മിലെ മതാനുഷ്ഠാന താല്പര്യത്തിൻെറ പ്രതീകങ്ങളാണ്. എങ്ങനെയുള്ള മതനിഷ്ഠ? മനുഷ്യനുമായി ബന്ധപ്പെടാൻ മടിക്കുന്ന മതനിഷ്ഠയുടെ, അതും പ്രത്യേകിച്ച് നമ്മുടെ ചിന്താഗതികളെ, വിശ്വാസങ്ങളെയൊക്കെ ഉൾക്കൊള്ളാൻ മടിക്കുന്നവരുമായി ബന്ധപ്പെടാൻ മടിക്കുന്നതരം മതനിഷ്ഠ. അവർ അകന്നുനില്ക്കുന്നു. അപകടം വരാൻ സാധ്യതയില്ലാത്തത്ര സുരക്ഷിതമായ ദൂരത്തിൽ ബന്ധപ്പെടുന്നതു് മതനിയമങ്ങൾക്കു വിരുദ്ധമാരയക്കാം. അവർ വേർപാടിൻെറ മതാത്മകത പ്രകടമാക്കുന്നു.

വേർപാടുസഭകൾ: ക്രൈസ്തവസമൂഹങ്ങളിൽ കൂടുതൽ തീക്ഷ്ണമായ ഗ്രൂപ്പുകളാണ് വേർപാടുകാർ. അല്ലെങ്കിൽത്തന്നെ ഓരോ ക്രിസ്ത്യൻസമൂഹവും മററുള്ളവരുമായുള്ള അകൽച്ചയെ അല്ലേ കാണിക്കുക. അതിനു ക്രിസ്തുവിൻെറതന്നെ വാക്യങ്ങൾ ഉദ്ധരിക്കാൻ പററില്ലേ—''നിങ്ങൾ വിമതന്മാരുടെ ഇടയിലും ശമറായഗ്രാമങ്ങളിലും പോകരുതു്.'' (മത്ത. 10: 5). സെൻറ്പോൾതന്നെ ഈ കാര്യം എടുത്തു കാണിക്കുന്നില്ലേ.

വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സെൻറ്പോൾ നല്കുന്ന ചില നിരീക്ഷണങ്ങളും വേർപാടിൻെറ മതനിഷ്ഠയ്ക്കു് അടിസ്ഥാനമായി ഉദ്ധരിക്കാം (2 കൊറി. 6:14–18; 1 കൊറി. 10:21).

പക്ഷേ ഇവയൊന്നുംതന്നെ അയൽക്കാരനോടു് സവിശേഷം ആവശ്യപ്പെടുന്ന ഉത്തരവാദിത്വത്തിൽനിന്നു് നമ്മെ അകററിനിർത്തുന്നില്ല. വിശ്വാസത്തിൻെറ ഭിന്നതകൾ ഉണ്ടാകാം. അതിൻെറ നിർമ്മലത സൂക്ഷിക്കുവാനും നമുക്ക് ന്യായമായ ഉത്തരവാദിത്വം പുലർത്താം. പക്ഷെ

ഇതൊന്നുംതന്നെ ആവശ്യക്കാരനായ ഒരു മനുഷ്യനെ അന്യനായി പുറംതള്ളാൻ നമ്മെ പ്രേരിപ്പിക്കുന്ന ഘടകങ്ങളല്ല. നിസ്സഹായതയിൽ മനുഷ്യൻ മനുഷ്യൻെറ രക്ഷയ്ക്കെത്തണം. അവനു് ആവശ്യമായ സഹായഹസ്തം നീട്ടിക്കൊടുക്കണം. അതെൻെറ ശത്രുവായിരുന്നാൽപ്പോലും.

## നിരീശ്വര മനുഷ്യത്വം

നിരീശ്വരചിന്താഗതികളും, വിപ്ളവഗ്രൂപ്പുകളും കൂടുതൽ മനുഷ്യത്വമുള്ളവരാണെന്നു കാണിക്കാൻ പലപ്പോഴും പലേ തരത്തിലുള്ള അടവുകളും എടുക്കാറുണ്ടു്. മനുഷ്യനെ സ്നേഹിക്കുക എന്നാൽ വിപ്ളവമുദ്രാവാക്യങ്ങൾ മുഴക്കുകയല്ല. മനുഷ്യസ്നേഹം ഏററവും പ്രകടമാകുന്നതു് അപരൻെറ ഭിന്നതയെ അംഗീകരിക്കുമ്പോഴാണ്. ഇതു് നിരീശ്വരചിന്താഗതിക്കാർക്കും, 'വിപ്ളവഗ്രൂപ്പുകൾക്കും അസാധ്യമായിട്ടുള്ള ഒന്നാണ്. ' ലിക്വിഡേററ്' ചെയ്യുക ഒരു സ്ഥിരപരിപാടിയാണതിൽ. ലിക്വിഡേഷൻ ആരു് ആരെ ചെയ്യുന്നു എന്നതല്ല, മനുഷ്യൻ മനുഷ്യനെ ചെയ്യുന്നു എന്നതാണ് ചിന്തനീയമായിട്ടുള്ളതു്. എല്ലാ രാജ്യത്തും ഭരണാധികാരികൾ ആളുകളെ കൊന്നിട്ടുണ്ട്. പക്ഷേ ഏററവും കൂടുതൽ അതു നടന്നിട്ടുള്ളതു് കമ്മ്യൂണിസ്ററു രാഷ്ട്രങ്ങളിലോ കമ്മ്യൂണിസത്തിൽനിന്നു പ്രചോദനം കൈക്കൊണ്ട ഭരണസംവിധാനങ്ങളിലോ ആണ്. രാജ്യങ്ങൾ യുദ്ധങ്ങൾ നടത്തിയിട്ടുണ്ടു്. ഭിന്നമതവിശ്വാസികൾ മതയുദ്ധങ്ങൾ നടത്തിയിട്ടുണ്ടു്. പണത്തിനും സ്വർണ്ണത്തിനുംവേണ്ടി ജനസമൂഹങ്ങൾ കൊള്ളയടിക്കപ്പെട്ടിട്ടുണ്ടു്. പക്ഷേ മനുഷ്യവിമോചനത്തിൻെറ മഹത്തായ പ്രത്യയശാസ്ത്രങ്ങളുടെ പ്രായോഗീകരണത്തിനുവേണ്ടി ഇത്ര ചുരുങ്ങിയ കാലത്തിനുള്ളിൽ ആഗോളവ്യാപകമായി നിരപരാധികളും നിരായുധരുമായ ഇത്രയധികം ജനങ്ങൾ മനുഷ്യചരിത്രത്തിൽ കൊല്ലപ്പെടുകയും പീഡിതരാവുകയും ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്.

മനുഷ്യത്വത്തിൻെറ ഈ പ്രത്യയശാസ്ത്രം ഏററം മനുഷ്യത്വഹീനമായി പ്രവർത്തിച്ചിട്ടുണ്ട്. അതിൽനിന്നാണ് ഏററം ക്രൂരമായ വിപ്ലവഗ്രൂപ്പുകൾ വളർന്നിട്ടുള്ളതു്. കംബോഡിയായിൽ 'തലയോട്ടികളുടെ താഴ്വരകൾ' തന്നെ സൃഷ്ടിച്ച ഖമർറോഗ്ഗുകളുടെ പിതൃത്വം വർഗ്ഗസമരത്തിൻെറ പ്രത്യയശാസ്ത്രത്തിനാണ്. അക്രമത്തിൻെറ പ്രത്യയശാസ്ത്രം അക്രമത്തിനു ജന്മംകൊടുക്കുന്നു. അക്രമത്തിൻെറ വിഷപ്പുക വമിക്കുന്ന തോക്കിൻകുഴലായി അവ രൂപാന്തരപ്പെടുന്നു.

എന്നാൽ ക്രൈസ്തവമതത്തിൽ അക്രമം നടന്നിട്ടില്ല എന്നല്ല. പക്ഷേ ആ മതത്തിൻെറ അടിസ്ഥാനതത്വം വച്ചുതന്നെ ഇതു തെററാണെന്നു പറയാൻ പററും. ക്രൈസ്തവ അനുഭവത്തിൻെറ ആചാര്യസ്ഥാനമലങ്കരിച്ചവരെല്ലാം മനുഷ്യകുലംവച്ചു നീട്ടിയിട്ടുണ്ടോ അവരൊക്കെ മനുഷ്യത്വത്തിൻെറ സവിശേഷ ഉദാഹരണങ്ങളായിരുന്നു. എന്നാൽ നിരീശ്വര ചിന്താഗതിയുടെ പ്രയോക്താക്കൾ എല്ലാവരുംതന്നെ വൻ നരഹത്യകൾക്ക് നേതൃത്വംകൊടുത്തിട്ടുള്ളവരായിരിക്കും. സ്വന്തപാർട്ടിക്കാരും സഖാക്കളും തന്നെ അവർക്കു ഭീഷണിയായിത്തീരുന്നു എന്നു തോന്നുന്ന അവസരങ്ങളിൽ അവരെ നശിപ്പിക്കാൻ ഉന്മൂലനത്തിൻെറ സിദ്ധാന്തം ഇവർ ഊതിവീർപ്പിച്ചെടുത്തിട്ടുണ്ട്. മാർക്സിസത്തിൻെറ വൈരുദ്ധ്യം അതിൻെറ ദൈവനിഷേധനത്തിലല്ല അതിൻെറ മനുഷ്യധ്വംസനത്തിലാണ് (irreligion of irrelationship). മാർക്സിസം പ്രഖ്യാപനം ചെയ്യു സമരവും വിപ്ലവവും ഉന്മൂലനവും ദൈവത്തിനെതിരെയല്ല മനുഷ്യനെതിരെയാണ്. ആ മനുഷ്യൻ ഞാനും നിങ്ങളും തന്നെ. പാപ്പാമതക്കാരെയും പാപ്പാവിരുദ്ധരേയും കൊലക്കിരയാക്കിയ ഹെൻട്രി എട്ടാമൻെറ ഇംഗ്ലണ്ടുപോലെയാണ് കമ്മ്യൂണിസവും. അവർ ഏകാധിപത്യപൂർവ്വമായി അധികാരത്തിലേറിയ രാഷ്ട്രങ്ങളിൽ കൊല്ലപ്പെട്ടവരിൽ വളരെപ്പേർ അതിൻെറ ഉയർച്ചക്കു സഹായിച്ചവരായിരിക്കും.

അതുകൊണ്ടാണ് മനുഷ്യത്വത്തിന്റെ ഈ വലിയ കൊട്ടിഘോഷക്കാർക്ക് മനുഷ്യത്വത്തിന്റെ മുദ്രാവാക്യങ്ങളും ആശയങ്ങളുമുണ്ടാകാം. മനുഷ്യത്വം ഉണ്ടാകണമെന്നില്ല, ബന്ധത്തകർച്ചയുടെ മതമാണ് മാർക്സിസം. വികലാംഗരേയും മന്ദബുദ്ധികളേയും കുഷ്ഠരോഗികളേയും അന്വേഷിച്ച് ഒരു നിരീശ്വരപ്രസ്ഥാനവും പോകില്ല, സ്വന്തം അണികൾക്കും ആൾക്കാർക്കുംവേണ്ടി പ്രവർത്തിക്കുന്നതു മൂടി മറയാൻവേണ്ടി അവർ വർഗ്ഗീയതക്കെതിരു പ്രസംഗിക്കും. വർഗ്ഗീയത മതത്തിന്റെപേരിൽ ചാരി മതത്തെ അറുവഷളായി ചിത്രീകരിക്കും. കൊലപാതകരാഷ്ട്രീയത്തിന്റെ പിറകിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയവർഗ്ഗീയതയുടെ ബീഭത്സമുഖം കാണാതിരിക്കാൻ അവസരവാദപരമായ തെരുവുപരിപാടികൾ സംഘടിപ്പിക്കും.

കാര്യസാധ്യതക്കുവേണ്ടി ഏതു് ഹീനമാർഗ്ഗവും പിൻതുടൎന്നിട്ട് നീതിക്കുവേണ്ടി അവർ ബഹുജനസമരം സംഘടിപ്പിക്കും. തൊഴിൽ ശാലകൾ പൂട്ടിയിടുവിച്ച് തൊഴിലിനുവേണ്ടി ജയിലിൽ പോകുമെന്നു് പറയും. സ്വന്തം കാര്യത്തിൽ കശാപ്പു നടത്താൻ മടിക്കാത്തവർ അന്യരുടെ തക്കങ്ങളിൽ സൗഹാർദ്ദ റാലികൾ നടത്തിയെന്നിരിക്കും. ഏകാധിപത്യത്തിന്റെ എല്ലാ ദുർമുഖങ്ങളും കാണിക്കുന്നതോടൊപ്പം ജനാധിപത്യത്തിന്റെ ലേബൽ അവർ ഒട്ടിച്ചുകൊണ്ടു നടക്കും. ചുരുക്കത്തിൽ ബന്ധത്തകർച്ചയുടെ ഈ മതം, മനുഷ്യത്വനിരാസത്തിന്റെ ഈ സിദ്ധാന്തം, കാരുണ്യഹീനതയുടെ ക്രൂരസംഹിത മനുഷ്യനെ അവന്റെ എല്ലാ ദൗർബ്ബല്യങ്ങളോടുംകൂടി ചൂഷണംചെയ്യുന്നതോടൊപ്പം അവനെ അവന്റെ എല്ലാ രംഗങ്ങളിലും നിഷേധിക്കുന്നു.

## ബന്ധങ്ങളില്ലാത്ത മതം

ബന്ധങ്ങളില്ലാത്ത മതം നിർമ്മതമാണ് (Religion without relationship is irreligion.) അടിസ്ഥാന ക്രൈസ്തവീകതയിൽ മനുഷ്യനിൽനിന്നുമുള്ള അകൽച്ച അസാധ്യമാ

ണ്. തിന്മചെയ്യാതിരിക്കുന്നവനല്ല ക്രൈസ്തവൻ (തോബി. 4:15), അവൻ നന്മചെയ്യുന്നവനാണ് (മത്താ. 7:12). ധനികൻെറ തെററ് അവൻ ലാസറുമായി ബന്ധം പുലത്തിയില്ല എന്ന നിഷ്ക്രിയതയുടെ തെററാണ് (ലൂക്ക. 16: 20). പുരോഹിതൻെറയും ലേവായൻെറയും തെററും നിഷ്ക്രിയതയുടെ തെററുതന്നെ. അവർ യാത്രികനോട് അതിക്രമം കാണിച്ചു എന്നതല്ല, അവനോട് നന്മ ചെയ്തില്ല എന്നതാണ് തെററ്. ക്രൈസ്തവമതം വിശ്വാസത്തിൻെറ മതം മാത്രമല്ല സ്നേഹം പ്രത്യക്ഷമാക്കുന്ന ക്രിയാത്മകതയുടെ മതം കൂടിയാണ് (1. യോഹ. 3: 18). അതു മേരിയുടെ മതം മാത്രമല്ല മർത്തായുടേതുമാണ് (ലൂക്ക. 10: 41). അതു വിശ്വസിക്കുന്ന അബ്രാഹമിൻെറ മതം മാത്രമല്ല (റോമ. 4: 9) വിശ്വാസത്തിനനുസരിച്ചു പ്രവർത്തിക്കുന്ന അബ്രാഹമിൻെറ മതം (യാക്കോ. 2: 21) കൂടിയാണ്. ആബാപിതാവേ എന്നു വിളിക്കുന്ന മതം മാത്രമല്ല (റോമ. 8: 15) അങ്ങേ ഇഷ്ടം നിറവേറേറണ്ട മതം കൂടിയാണതു്. (മത്താ. 7: 21). അതു വിളക്കായിരുന്നാൽ മാത്രം പോരാ (മത്താ 5: 14-15) കത്തിക്കൊണ്ടിരിക്കയും ചെയ്യണം. അതു സത്യത്തിലും അരൂപിയിലും പിതാവിനെ ആരാധിക്കുന്ന സമൂഹം മാത്രമല്ല (യോഹ. 4: 23) നഗ്നനെ ഉടുപ്പിക്കേണ്ട മതം കൂടിയാണ് (മത്താ. 25:31—). അതു മലയിൽ മറുരൂപപ്പെടുകയും പാവപ്പെട്ടവരുടെ ഇടയിലേക്ക് ഇറങ്ങി വരുകയും ചെയ്യുന്നു (മത്താ. 17: 9). അതു വാരം ഉറയിലിടുകയും (മത്താ. 26; 52) ആവശ്യമുള്ളപ്പോരം ഉടുപ്പു വിററും വാരം വാങ്ങിക്കയും ചെയ്യുന്നു (ലൂക്ക. 22: 36). നിഷ്ക്രിയനായ ഒരാരംക്ക് ക്രൈസ്തവനാകാൻ പററില്ലതന്നെ.

ശമറായൻെറ ഉപമ ക്രൈസ്തവമതം ബന്ധങ്ങളുടെ മതമാണ് എന്നാണ് കാണിക്കുന്നതു്. അനുഷ്ഠാനപരമായ മതനിഷ്ഠയേക്കാളും നിയമബദ്ധമായ മതവ്യഗ്രതയേക്കാളും ബന്ധത്തിൽ, ദൈവത്തോടും മനുഷ്യനോടും പുലത്തേണ്ട ബന്ധത്തിൽ, അടിയുറച്ചതാണ് ക്രൈസ്തവ

മതം. അവിടെ തെററു ചെയ്യുന്നവനെ പുറംതള്ളിയെന്നു വരില്ല. അവൻെറ വരവിനായി കാത്തിരിക്കുന്നു. അവിടെ ബഹുജനപ്രസ്ഥാനങ്ങൾക്കാം ഓരോ വ്യക്തികൾക്കുമുള്ള ശുശ്രൂഷ കൂടുതൽ ശ്രേഷ്ഠമായി അംഗീകരിക്കപ്പെടുന്നു. അവിടെ ഒററുകാരനെ സ്വന്തം കൈകൊണ്ടു ഗളച്ഛേദം ചെയ്യുകയല്ല, അവനു് അപ്പം മുക്കിക്കൊടുക്കുന്നു. ശമറായൻെറ ഉപമയിലാണു് ക്രൈസ്തവമതം തുടങ്ങുന്നതു് അതിലാണു് തുടരുന്നതു് അതിലാണു് അതു് ഒടുങ്ങുന്നതു്.

## 2

## കാടത്തത്തിൽ നിന്നു് ദൈവികതയിലേക്കു്

മനുഷ്യനാണു് ഏററം വലിയ വന്യജീവി. ഒന്നുകിൽ അവൻ ധൂർത്തനായിത്തീരുന്നു. അല്ലെങ്കിൽ അവൻ സന്ന്യാസിയായിത്തീരുന്നു (ജി. കെ. ചെസ്റ്റർട്ടൺ). സാംസ്കാരികവളർച്ചയുടെ സഞ്ചാരപഥം കാടത്തം മുതൽ ദൈവികത വരെയുണ്ടു്. മൃഗീയത മൃഗങ്ങളുടെ വാസനയാണു്. അവ ആ വാസനയനുസരിക്കുമ്പോൾ ക്രമരഹിതമായ എന്തെങ്കിലും അതിലുണ്ടെന്നു പറയുകവയ്യ. പക്ഷേ കാടത്തം അതിലും ഹീനമായ അവസ്ഥയാണു്. അതു ക്രൂരതയുടെ പാരമ്യത്തിൽ എത്തുന്നതാണു്. ശക്തി, അതിൻെറ പരമ ദുഷ്ടമായ വശം കാണിക്കുന്നതാണതു്. മനുഷ്യനേ കാടത്തം കാണിക്കാൻ പററൂ.

### മൂന്നുതരം മനുഷ്യർ

ശമറായൻെറ ഉപമയിൽ വഴിയാത്രക്കാരനുമായി ബന്ധപ്പെട്ട കഥയിൽ വരുന്ന മൂന്നുതരം മനുഷ്യരുണ്ടു്. ഒന്നു്

അയാളെ ആക്രമിച്ച് വഴിയിലിട്ടവർ. രണ്ട് അയാളെ നോക്കാതെ കടന്നുപോയവർ. മൂന്ന് ശമറായക്കാരൻ. വ്യക്തിബന്ധങ്ങളിൽ സംഭവിക്കാവുന്ന മൂന്നു സ്വഭാവ പ്രത്യേകതകളുടെ പ്രയോക്താക്കളായിരുന്നു ഈ മൂന്നു കൂട്ടരം. ആദ്യത്തേത് അരുതാത്തതാണ്. രണ്ടാമത്തേത് നമ്മുടെ സ്വാഭാവിക പ്രതികരണമാണ്. മൂന്നാമത്തേതിലേക്ക് നാം വളരേണ്ടിയിരിക്കുന്നു. ആദ്യത്തേത് കാടത്തമാണ്. രണ്ടാമത്തേത് മാനുഷികമാണ്. മൂന്നാമത്തേത് ദൈവികവും. എല്ലാവരും മനുഷ്യർ തന്നെ. ആക്കം സ്വാതന്ത്ര്യമുണ്ടെങ്കിൽ ഏതു നിലയിലേക്കും പോകാൻ പററും. മനുഷ്യസംസ്കാരത്തിൻെറ വളച്ചയുടെ വിവിധ ഘട്ടങ്ങളാം കൂടിയാണത്. കാടത്തത്തിൽനിന്ന് ദൈവികതയിലേക്ക് മനുഷ്യൻ പരിവത്തനപ്പെടേണ്ടിയിരിക്കുന്നു. വ്യക്തിയും സമൂഹവും സംസ്കാരങ്ങളും ഈ ആന്തരികപ്രയാണത്തിൽ പങ്കുചേരേണ്ടിയിരിക്കുന്നു.

മനുഷ്യൻ കാടത്ത സ്വഭാവമുള്ളവനാണ്, വിദ്രോഹവാസന അവനു കൂടപ്പിറപ്പായുണ്ട്. മനുഷ്യകുലത്തിൻെറ ആരംഭത്തിൽത്തന്നെ മനുഷ്യൻ ഭ്രാതൃഹത്യാ സ്വഭാവം പ്രകടമാക്കി എന്നാണ് ബൈബിൾ പറയുന്നത്. ആബേൽ ഒരു തിന്മയും ചെയ്യാതിരിക്കെ കായേൻ അയാളെ കൊന്നുകളഞ്ഞു. മനുഷ്യൻ തൻെറ കാടത്തം തന്നോടുതന്നെയും അപരനോടുമുള്ള ബന്ധങ്ങളിൽ പ്രകടമാക്കുന്നു. അതു പല രീതിയിലും പ്രകടമാക്കാൻ ശ്രമിക്കുന്നു. ഏകാധിപത്യപരമായി ജനദ്രോഹ നടപടികളിലൂടെ അധികാരി കാടത്തം കാണിക്കുന്നു. അധീനൻ ഭരണത്തെ അട്ടിമറിക്കാൻ ശ്രമിച്ചുകൊണ്ട് കാടത്തം പ്രകടമാക്കുന്നു. ഹൃദ്യമായി തുടങ്ങുന്ന ബന്ധങ്ങളിലും മനുഷ്യൻ കാടത്തം പ്രകടമാക്കുന്നു, പവിത്രമായ പ്രേമത്തിൻെറ അതി ശക്തമായ ബന്ധത്തിൽത്തുടങ്ങുന്ന ദാമ്പത്യം കെട്ടുപിണഞ്ഞു കുഴങ്ങി അരുംകൊലയിൽ അവസാനിക്കാറില്ലേ. പാലൂട്ടി വളത്തിയ അമ്മയെ കൊല്ലുന്ന മകൻ, നൊന്തുപെററ കുഞ്ഞിനെ ഞെക്കിക്കൊല്ലുന്ന അമ്മ, ഭാര്യയോട്ട് പ്രതി

കാരം കാണിക്കാൻ നിരപരാധിയും നിഷ്ക്കളങ്കയുമായ കുഞ്ഞിനെ വെട്ടിക്കൊല്ലുന്ന കുടുംബനാഥൻ, മനുഷ്യസ്വഭാവത്തിന്റെ ഈ വികൃതസത്വങ്ങൾ മനുഷ്യർ എല്ലാവക്കും തന്നെ പ്രകടിപ്പിക്കാവുന്ന കാടത്തത്തിന്റെ സഹതാപാർഹമായ മനുഷ്യക്കോലങ്ങളാണ്.

## കാടത്തം സ്വഭാവത്താലെ തന്നെ

സ്വഭാവത്താലെ തന്നെ കാടത്തം പ്രകടമാക്കുന്നവരുണ്ട്. ജീവിത പരിഷ്ക്കരണത്തിനു് മനുഷ്യക്ക് സാധാരണ ലഭിക്കുന്ന കുടുംബത്തിന്റെയും സമൂഹത്തിന്റെയും സംവിധാനങ്ങൾ അവക്ക് ലഭിച്ചിരിക്കാനിടയില്ല. അതു വേണ്ടത്ര ലഭിച്ചിരുന്നെങ്കിൽ അവരുടെ ചരിത്രം വേറൊന്നാകുമായിരുന്നു. എല്ലാവരിലുംതന്നെ പ്രകടമായ തിന്മയുടെ വാസനകൾ അനുകൂലമായ ചില സാഹചര്യങ്ങളിൽ അഗ്നിസ്ഫോടനം കണക്കേ കൂടുതൽ ശക്തമായി പുറത്തേക്കുവരികയും ഊഹാതീതമായ ക്രൂരകൃത്യങ്ങൾ ചെയ്യിക്കയും ചെയ്യും.

കൊലപാതക വാസന ഒരാളോടു ഒരു പ്രത്യേക കാര്യത്തിനു പ്രതികാരം ചെയ്യുന്നതിൽ മാത്രമല്ല പ്രത്യക്ഷമായ ഒരു കാരണവുംകൂടാതെ നിരപരാധികളെ കൊല്ലുന്ന പ്രവണതകൂടിയാണതു്. ലൈംഗികാതിക്രമികൾ, പ്രതികാര ദാഹികൾ, വിപ്ലവചിന്താഗതിയുടെ മറയിൽ എന്തു ക്രൂരതയ്ക്കും കോപ്പുകൂട്ടുന്നവർ, മദ്യലഹരിക്കടിപ്പെട്ടവർ എല്ലാം കാടത്തത്തിൽ വളരുകയും അതിനെ വളർത്തുകയും ചെയ്യുന്നവരാണ്.

ഇന്ന രീതിയിലേ ഈ പ്രവണതകൾ പ്രകടമാകൂ എന്നില്ല. ആക്കും ഇതു പ്രകടമാക്കാം.

മനുഷ്യനിലെ കാടത്തത്തെക്കുറിച്ച് 'ഭീകര പ്രസ്ഥാനങ്ങളും പ്രസ്ഥാന ഭീകരതകളും' എന്ന ശീർഷകത്തിൽ കുടുംബദീപത്തിനുവേണ്ടി എഴുതിയ ഒരു മുഖലേഖനം ഈ വഴിക്കുള്ള ചില ചിന്തകളെ അവതരിപ്പിക്കുന്നുണ്ട്. അതിവിടെ പകർത്തുകയാണ്.

''ഇരുപതാം നൂററാണ്ടിൻെറ കരിന്തിരി കത്തിത്തീരാൻ തുച്ഛമായ വഷ്ങ്ങളേ ബാക്കിയുള്ളു. ഈ തീരായ്മയിൽ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്ന ഒന്ന് ഭീകരപ്രസ്ഥാനങ്ങളാണ്. എല്ലാ രാജ്യങ്ങളിലും ഇവ ഓരോ പേരുകളിൽ ജനിക്കുന്നു, പെരുകുന്നു, സംഭീതി വളത്തുന്നു. അനീതിക്കെതിരെ എന്നും പറഞ്ഞു വളരുന്ന ഒരു ബീഭത്സസത്വമാണതു്. നീതി പുലത്താനുള്ള കുറുക്കുവഴിയായി പലരും ഇതിനെ സ്വീകരിക്കുന്നു. ആയിരത്താമാണ്ട് രണ്ടായിരത്തിലേക്കു കടന്നപ്പോഴത്തെ യൂറോപ്പിൻെറ ഇരുണ്ടചിത്രം ചരിത്രകാരന്മാർ വരച്ചുകാണിച്ചിട്ടുണ്ട്. അത്രയോളം തകച്ച നാം കാണുന്നില്ല എങ്കിലും സമീപകാലവുമായി ഇടപഴകിയ നമുക്ക് ഈ നൂററാണ്ടിൻെറ അന്ത്യപ്രയാണം ഒരു രക്തപ്രളയമായി അനുഭവപ്പെടുന്നു.

ഭീകരൻെറ മാനസികഘടന മനസിലാക്കാൻ പലപ്പോഴും പലക്കും കഴിയുന്നില്ല. വെടിയേററു വീണ ജോൺപോൾ രണ്ടാമൻെറ ചോദ്യം: 'എന്തിനിതെന്നോടു ചെയ്തു?' ഉത്തരമില്ലാതെ നില്ക്കുന്നു. ആ ചോദ്യം ആയിരക്കണക്കിനു ആളുകൾ രാജ്യരാജ്യാന്തരങ്ങളിൽ ചോദിച്ചുകൊണ്ടിരിക്കുന്നു. ഒരു പക്ഷേ വെറുപ്പു മനുഷ്യനിൽ ഉണത്തുന്ന ആഴമായ മാനസിക സംഘട്ടനത്തെ വിശകലനം ചെയ്താൽ അതിനുത്തരം കിട്ടിയേക്കാം. ആഴമായ വെറുപ്പിൽ കത്തികതിന്ന ഒരു മാനസികാവസ്ഥയാണതു്. നീതി നിഷേധിക്കപ്പെടുകയും അതു നിഷേധിച്ചവരെ ഒരു പാഠം പഠിപ്പിക്കാൻ തുനിയുകയും ചെയ്യുമ്പോൾ ഭീകരൻെറ വളച്ചയാരംഭിക്കുകയായി.

മനുഷ്യൻ ഭീകരനാണ്. എന്നും. കായേൻ ഏഴിരട്ടി പ്രതികാരം ചെയ്തു, എങ്കിൽ ലാമെക് എഴുപതിരട്ടി പ്രതികാരം ചെയ്യുമെന്ന ശപഥം (സൃഷ്ടി 4: 24) മനുഷ്യനിലെ ഹിംസവാസനയുടെ ശക്തമായ അവതരണമാണ്. ഭരണാധിപനും ഭരണീയരും ഒപ്പം ഭീകരത കാണിക്കുന്നു. ഒരാൾ നിയമത്തിൻെറ മറയിൽ സ്വന്തം ഭീകരതകൾക്കു സംരക്ഷ

നല്ലുന്നു. മററൊരാറം വിധ്വംസനത്തിലൂടെ അതിനെ വെല്ലുവിളിക്കുന്നു.

ഭീകരപ്രസ്ഥാനം രാജ്യാന്തരവ്യവസായം കൂടിയാണിന്നു്. ആ വ്യവസായത്തിൻെറ ഫലം ഓരോരുത്തരും കൊയ്യുന്നു. വൻകിടരാഷ്ട്രങ്ങറം വികാസരാഷ്ട്രങ്ങറംക്കു നല്കുന്നതു് ആയുധങ്ങളാണു്. ഒളിഞ്ഞും തെളിഞ്ഞും ഭരണാധിപന്മാരുടെ തുല്യംപാത്തുവഴി കോടിക്കണക്കിനായുധങ്ങറം ഒഴുകുമ്പോറം അവരുടെ മൗനസമ്മതത്തോടുകൂടി ഭരണധ്വംസികറംക്കു് ഒളിഞ്ഞ വഴികളിൽക്കൂടി ആധുനിക ഉപകരണങ്ങറം ലഭിക്കുന്നു.

ഭീകരപ്രസ്ഥാനങ്ങളെപ്പോലെ തന്നെ ഓരോ രീതിയിലുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങളും സംഘടനകളും പ്രസ്ഥാനഭീകരതകളായി വളന്നിരിക്കുകയാണു്. അവർ പണിമുടക്കുന്നു, പൊതുമുതലുകറം നശിപ്പിക്കുന്നു, ജനാവശ്യവസ്തുക്കറം പൂത്തടിക്കുന്നു..... മത്ത്യജീവിതം ദുസ്സഹമാക്കുന്ന എല്ലാ വൃത്തികളും മനുഷ്യൻെറ ഭീകരസ്വഭാവത്തിൻെറ അല്പമായ വിഷപ്പകർച്ചയാണു്.

ഇതിനെന്താണൊരു പ്രതിവിധി? സമൂലമായ ഒരു പ്രതിവിധി മാനുഷികമായി ഇല്ല എന്നു തന്നെ പറയാം. കാരണം നാമൊക്കെ ഇതിൽ പങ്കുകാരാണെന്നതുതന്നെ. പിന്നെയുള്ളതു് ചില മുട്ടുശാന്തികറം മാത്രം. അതിൽ ഏററം പ്രധാനം നീതിനിവ്വഹണമാണു്. രാഷ്ട്രീയാധികാരികറം നീതിനിവ്വഹണത്തിൽ അതീവ ശ്രദ്ധാലുക്കളായിരിക്കണം. തടയപ്പെട്ട നീതിയാണു് ഭീകരതയുടെ തുടക്കം.

ഹിംസാത്മകമായ സമരത്തിൻെറയും സംഘട്ടനത്തിൻെറയും പ്രത്യയശാസ്ത്രങ്ങളെയും അതു നല്കുന്ന മൂല്യങ്ങളെയും മാത്രമേ നമുക്കു പിൻ തുടരാവൂ എങ്കിൽ ഭീകരതയുടെ ഗർഭം നാം പേറിക്കഴിഞ്ഞു. വഗ്ഗസമരവും സംഘട്ടനവും ജീവിതത്തിൻെറ അനിവാര്യ ഘടകങ്ങളാണെങ്കിൽ കൊലയും കൊള്ളിവയ്പ്പും അതിൻെറ അനന്തര ഫലങ്ങളാണു്.

മനുഷ്യൻ മനുഷ്യനെ കാണുന്ന മൂല്യബോധവും ധാരണയും അടിസ്ഥാനപരമായി മാറണം. മനുഷ്യമുന്നേററം സംഘട്ടനത്തിലൂടെയല്ല സഹകരണത്തിലൂടെയാണെന്നും, അതു ശത്രുതയിലൂടെയല്ല മൈത്രിയിലൂടെയാണെന്നും അതു വെറുപ്പിലൂടെയല്ല സ്നേഹത്തിലൂടെയാണെന്നും തിരിച്ചറിവു ലഭിക്കുമ്പോഴേ മനുഷ്യൻ മനുഷ്യനാകൂ, അവൻ അവൻെറ ഭീകര സങ്കേതസ്ഥാനങ്ങൾ ഉപേക്ഷിച്ച് മനുഷ്യപുത്രന്മാരുടെ അടുത്തുവന്നിരിക്കു (മക്കാ. 5:15).'' (കുടുംബദീപം 1985 സെപ്തംബർ).

## ഏതും പരിഷ്ക്കരിക്കാം

ക്രൈസ്തവവാതത്തിൻെറ കാതലായ സന്ദേശങ്ങളും ദൈവത്തിൻെറ കൃപാപ്രവർത്തനത്തിന്ന് മനുഷ്യൻെറ വികട സ്വഭാവം ഒരു തടസ്സമല്ല എന്നതാണ്. ഏതു ഹിംസ്രസ്വഭാവികളും ദൈവികസ്വാധീനത്തിലൂടെ അവൻെറ ക്രൂരതയും സ്വഭാവബീഭത്സതയും മററുരൂപപ്പെടുത്തിയെടുക്കാം. അവിടന്ന് കാട്ടുചെന്നായ്ക്കളെ കുഞ്ഞാടിനോടൊത്തു് വസിപ്പിക്കുന്നു. പുള്ളിപ്പുലിയെ കോലാട്ടിൻകുട്ടിയോടുകൂടെ ശയിപ്പിക്കുന്നു. പശുക്കിടാവിനെയും സിംഹത്തേയും ഒരുമിച്ചു മേയ്ക്കുന്നു. മുലകുടിക്കുന്ന പൈതൽ വിഷസർപ്പത്തിൻെറ അളയിൽ കളിക്കാൻ ഇടവരുത്തുന്നു (ഇസ. 11:1–9). ബൈബിളിലെ ദൈവം സമൂഹങ്ങളുടെ ചരിത്രത്തിലും വ്യക്തിയുടെ ജീവിതത്തിലും ഇടപെടുന്നു. അടിമത്വത്തിൽ കഴിയുന്ന ജനതയെക്കൊണ്ട് തൻെറ നിയമങ്ങൾക്ക് ആമ്മേൻ പറയിച്ച് സ്വന്തം ജനതതിയാക്കിയവനാണ് അവിടന്നു്. എത്രയെത്ര ആളുകൾ എത്ര നൂററാണ്ടുകളിൽക്കൂടി ദൈവകൃപയുടെ ഈ പരിവർത്തനത്തിനും മററുരൂപാനുഭവത്തിനും വിധേയമായി.

മനുഷ്യൻെറ കാടത്തത്തിൻെറ മുഖം ഏററം പ്രകടമാകുന്നതു് വിദ്രോഹവാസനകളിലാണ്. ഒരു കുഞ്ഞിത്തുമ്പിയുടെ ഒററച്ചിറകു വലിച്ചുപറിച്ച് അതിൻെറ പ്രാണവേദന കണ്ടുരസിക്കുന്ന മനുഷ്യകുലത്തിൻെറ നവാഗതർ

തുടങ്ങി സ്വന്തം കാര്യലാഭത്തിനായി അപരനെ അർദ്ധപ്രാണനാക്കി കാട്ടിൽ ഇട്ടേച്ചുപോകുന്ന ക്രൂരതവരെ ഒരേ വികാരത്തിന്റെ വിവിധ പ്രകടനങ്ങൾതന്നെ. അധികാരിയും അധീനനും, ആസ്തികനും നാസ്തികനും ഭൗതികവാദികളും ആത്മീയവാദികളും എല്ലാവരും അപരനുനേരെ കാടത്തം പ്രകടമാക്കിയിട്ടുണ്ട്. മതത്തിന്റെയും മനുഷ്യത്വത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും പേരിൽ മനുഷ്യൻ കാടത്തം കാണിച്ചിട്ടുണ്ട്. പഴമയ്ക്കുവേണ്ടിയും പരിവർത്തനത്തിനുവേണ്ടിയും മനുഷ്യൻ കാടത്തം കാണിച്ചിട്ടുണ്ട്. ആശയംകൊണ്ടും ആയുധംകൊണ്ടും മനുഷ്യൻ കാടത്തം കാണിച്ചിട്ടുണ്ട്. മതങ്ങളെ വളർത്താനും മതങ്ങളെ ഇല്ലാതാക്കാനും മനുഷ്യൻ കാടത്തം കാണിച്ചിട്ടുണ്ട്. എന്നും മനുഷ്യൻ അപരനെ ജീവിതത്തിന്റെ വഴിത്തെരുവിൽ, ആരും കാണാത്ത ഘോരവനങ്ങളിൽ, മണലാരണ്യങ്ങളിൽ ''അർദ്ധ പ്രാണനാക്കി വിട്ടേച്ചുപോകുന്നു.'' ശമറായന്റെ ഉപമയിൽ യാത്രക്കാരനെ അക്രമിച്ച മനുഷ്യൻ അപരനുമായുള്ള നമ്മുടെ ബന്ധങ്ങളിൽ നാം കാണിക്കാറുള്ള ക്രൂരതയുടെ മുഖം പ്രകടമാക്കുന്നു.

## അക്രൈസ്തവമായ നിസംഗത

യാത്രക്കാരനുമായി ബന്ധപ്പെട്ട രണ്ടാമത്തെക്കൂട്ടർ നിഷ്ക്രിയതയുടെ യുക്തിവാദികളും പ്രായോഗികവാദികളുമാണ്. 'ഞാനെന്തിനാ ഈ കാര്യത്തിൽ ഇടപെടുന്നത്. പ്രായോഗികമായി ഇതിൽ ഇടപെടുക ബുദ്ധിമുട്ടാണ്. അവശ്യമില്ലാതെ ഈ വയ്യാവേലിക്കു പോകുന്നതെന്തിനാണ്. ഓരോരുത്തനും അവനവന്റെ കാര്യം നോക്കി നടക്കുക. എന്റെ താല്പര്യവും എന്റെ സുഖവും മാത്രം ശ്രദ്ധിക്കുക' എന്നു ചിന്തിക്കുന്ന കൂട്ടർ. തികച്ചും മാനുഷികമായ ഒരു സമീപനം. യുക്തിയുക്തമായ ഒരു പെരുമാററശൈലി. ആക്കും അവരുടെ വാദങ്ങളെ ഖണ്ഡിക്കാൻ കഴിയില്ല. പ്രായോഗികവാദികളാണവർ. സ്വന്തം ഉത്തരവാദിത്വങ്ങളെക്കുറിച്ച് പക്വതവന്ന വിവേകികൾ

ളാണവർ. പ്രശ്നങ്ങളിൽനിന്നു് വിവേകപൂർവ്വം ഒഴിഞ്ഞു നില്ക്കുക. അവർ ഒരു തിന്മയ്ക്കും പോകുന്നില്ല; നന്മയ്ക്കും പോകുന്നില്ല.

അലക്കിത്തേച്ച വസ്ത്രങ്ങൾ അവർ ധരിച്ചിരിക്കുന്നു. ആദരണീയമായ മാന്യതയും സുരക്ഷിതമായ അകൽച്ചയും അവർ കാത്തുസൂക്ഷിക്കുന്നു. പ്രശ്നങ്ങളിൽനിന്നു്, ആളുകളിൽനിന്നു് അവർ ഒഴിഞ്ഞുനില്ക്കുന്നു. അവർ തറവാടികളും ജാത്യാഭിമാനികളുമാണു്. യുക്തിക്കനുഗുണമായ മഹിമയുടെ ഒരു പരിവേഷം അവരെ ചുററിപ്പററിയിരിക്കുന്നു. ആദരം കിട്ടണമെന്നു് അവർ ആഗ്രഹിക്കുന്നു. അതിനായി ഭവ്യത നടിക്കാനും മടികാണിക്കുന്നില്ല. അലച്ചിലിൻെറ ജീവിതം അവർക്കു് അന്യമാണു്. അവർ ശാസ്ത്രികളും വിജ്ഞാനദാഹികളുമാണു്. അനുഷ്ഠാനങ്ങളും കർമ്മവിധികളും കൃത്യമായി അനുഷ്ഠിക്കാനും വിധിക്കാനും അവർക്കു് അനായാസം സാധിക്കുന്നു.

മനുഷ്യൻ സ്വാഭാവികമായി അംഗീകരിക്കുന്ന മാന്യമായ ഒരു പെരുമാററരീതിയിണതു്. അന്തസ്സായ അവരുടെ പെരുമാററം മനുഷ്യരുടെ ആദരം അതിവേഗം പിടിച്ചുപററുന്നു. കാടത്തത്തിൽനിന്നും എത്രയോ ഭേദമാണീ സ്ഥിതി. മനുഷ്യൻെറ വളർച്ചയുടെ ഒരു ഘട്ടമാണിതു്. തന്നിൽതന്നെ വളർന്നുവികസിച്ച വ്യക്തിത്വത്തിൻെറ ഒരു വശം ഇതിനുണ്ടു്. അവർ അവരുടെ ദ്വീപിൻെറ അധിപന്മാരും സ്വയം ശാസകരുമാണു്.

## ക്രിസ്തു അംഗീകരിക്കുന്നില്ല.

പക്ഷേ ക്രിസ്തു ഇതിനെ മുഴുവനും അംഗീകരിക്കുന്നില്ല. ഈ മാന്യന്മാർക്കാർ മാന്യത കുറഞ്ഞ ഒരുവനെ ആദർശവ്യക്തിയാക്കി കാണിച്ചുകൊണ്ടു് ഈ മാനുഷികമാന്യതയെ അവിടുന്നു തള്ളിക്കളയുന്നു. അവൻെറ തെററു് നന്മ ചെയ്യില്ല എന്നതായിത്തീരുന്നു. നമ്മിൽ ബഹുഭൂരിപക്ഷ

വും ഇത്തരം പുരോഹിതന്മാരും ദേവാലയശുശ്രൂഷികളുമാണു്. അത്രയേ പലപ്പോഴും നാം വളരാറുള്ളു. കായേന്റെ കാടത്തം നമുക്കില്ല. ശമറായന്റെ സാഹസികതയും നമുക്കില്ല. നാം അതിനു രണ്ടിനുമിടയിൽ പുരോഹിതന്റെ നിസ്സംഗത അവലംബിക്കുന്നവരായിത്തീരുന്നു. നമ്മുടെ സുരക്ഷിത ലാവണങ്ങൾ ഉപേക്ഷിക്കാൻ നാം അശക്തരായിപ്പോകുന്നു. ചിട്ടകളുടെ സ്ഥിരസംവിധാനങ്ങൾ മാറാനും മാററാനും നാം വിസമ്മതിക്കുന്നു. മാറുമ്പോൾ നമ്മുടെ കാൽക്കീഴിലെ ഭൂമി ഉതിർന്നുവീഴുമോ എന്നു നാം സംശയിക്കാനിടവരുന്നു. അപരന്റെ തിന്മ വരുത്തിവയ്ക്കുന്ന അസന്തുലിതസ്ഥിതി മാററാൻ നാം നന്മചെയ്യേ തീരൂ എന്നതാണു് ക്രിസ്തുവിന്റെ പക്ഷം. പക്ഷേ ആ തിൻമ നമ്മിൽ ഒരു പ്രതികരണംപോലും സൃഷ്ടിക്കുന്നില്ല. തിന്മയോടുള്ള പ്രതികരണശേഷിപോലും നമുക്കു് നഷ്ടമായോ എന്നു തോന്നുന്നു. അവർ രണ്ടുപേരും— പുരോഹിതനും ലേവായനും തിരിഞ്ഞുപോലും നോക്കാതെ കടന്നുപോയി എന്നു ക്രിസ്തു പറയുന്നു. തിൻമയെ സഹിഷ്ണുതാബോധത്തോടെ കണ്ടു് അവക്കു മൗനാനുവാദം നല്കുന്ന അനുവാദകവ്യക്തികളായിത്തീരുന്നു നാമോരോരുത്തരും. തിന്മയിൽ ഒരുനുള്ളു നോവുപോലും തോന്നാതെ സുഖകരമായ അലംഭാവത്തിൽ നാം കഴിഞ്ഞുകൂടുന്നു.

ക്രിസ്തു കാണിക്കുന്ന ആദർശവ്യക്തി ഈ മാന്യതയിൽനിന്നും പുറത്തുകടന്നവനാണു്. അവൻ അനുകമ്പയുള്ളവൻ മാത്രമല്ല അതു പ്രവൃത്തിയായി രൂപാന്തരപ്പെടുത്തുന്നവൻകൂടിയാണു്. ആർദ്രത വാക്കുകളിൽ ഒതുക്കാതെ ക്രിയയായി പകർത്തുന്നു. തിന്മക്കെതിരെയുള്ള അവന്റെ ശകാരം നന്മക്കുവേണ്ടിയുള്ള യജ്ഞമായിത്തീരുന്നു.

അവൻ കാടത്തത്തിൽനിന്നും മാന്യതയിലേക്കും അതിൽനിന്നും ദൈവികതയിലേക്കും കടന്നവനാണു്. കാടത്തത്തിലേക്കു തിരിഞ്ഞേക്കാമായിരുന്ന ആത്മവീര്യം ക്രിയാത്മകമായി അവൻ തിരിച്ചുവിടുന്നു. താത്വികതയേ

ക്കാറം പ്രായോഗികതയിൽ അവൻ വിശ്വസിക്കുന്നതായി തോന്നും. നന്മയ്ക്കുവേണ്ടിയുള്ള അവൻെറ പ്രസംഗം വാചാലമായ നിശ്ശബ്ദതയാലും തിന്മയ്ക്കെതിരെയുള്ള അവൻെറ രോഷം പ്രക്ഷുബ്ധമായ സൽകർമ്മത്താലും അവൻ പ്രകടിപ്പിക്കുന്നു. ലൂഥർ മതധ്വംസന പരിഷ്കരണത്തിൽ തള്ളിക്കളഞ്ഞ പുതിയനിയമഗ്രന്ഥമാണ് യാക്കോബിൻെറ ലേഖനം. പക്ഷേ അതാണ് ക്രിയാത്മക ക്രൈസ്തവീകതയുടെ വാചാലമായ അവതരണം. വിശ്വാസത്തിൻെറ ജീവസാക്ഷിയായി സെൻറ് പോാം അവതരിപ്പിക്കുന്ന (റോമ. 4:9) അബ്രാഹത്തെത്തന്നെ ക്രിയാത്മകമനുഷ്യനായിട്ടാണ് യാക്കോബ് ശ്ലീഹാ അവതരിപ്പിക്കുന്നത് (യാക്കോ. 2:21). ലൂഥറിൻെറ മതവിപ്ലവം റോമ. 1:17–ൽ ആണ് തുടങ്ങിയത്. സുവിശേഷത്തിൻെറ സത്യത്തെ പാർശ്വവീക്ഷണങ്ങളിൽനിന്നും മാത്രം നോക്കുമ്പോറം നമുക്കു ലഭിക്കുന്ന ദൈവശാസ്ത്രം വികലവും ബീഭത്സവുമായിരിക്കും. പ്രതികാരപരമായ ചിന്താഗതികളിൽനിന്നും ഉടലെടുക്കുന്ന ദൈവശാസ്ത്രം അപൂർണ്ണവും രോഗാതുരവുമായിരിക്കും.

## നന്മ ഒന്നുമാത്രം

തിന്മകൊണ്ടു തിന്മ പരിഹൃതമാകും എന്നു കരുതുന്ന പ്രതിപകര സിദ്ധാന്തം ശമറായൻ തള്ളിക്കളയുന്നു. മറിച്ച് നന്മ—നന്മ ഒന്നുമാത്രമേ തിന്മയെ തടുത്തുനിർത്തൂ എന്ന് അവൻ കരുതുന്നു. ആക്രമിച്ചവരേക്കാറം അവൻെറ ശ്രദ്ധ ആക്രമിക്കപ്പെട്ടവനിലാണ്. അതു് ഒരു വലിയ ചിന്ത നമ്മുടെ മുന്നിൽ കൊണ്ടുവരുന്നുണ്ട്. ആക്രമണത്തെക്കുറിച്ചും ആക്രമിക്കപ്പെടുന്നവരെക്കുറിച്ചും നാമൊത്തിരി കേറംക്കാറുണ്ട്. പക്ഷേ വേദനിക്കുന്നവനിൽ ശ്രദ്ധിക്കാൻ പലപ്പോഴും പലക്കും നേരംകിട്ടുന്നില്ല. ആക്രമിച്ചവരെ പിടിച്ചുകെട്ടുന്നതിനേക്കാറം എത്രയോ എളുപ്പമാണ് ആക്രമിക്കപ്പെട്ടവനെ ശുശ്രൂഷിക്കുക.

ക്രൈസ്തവമതം തത്വങ്ങളുടേയും വിശ്വാസത്തിൻെറയും വരണ്ട ഡോഗ്മകളുടെയും ഒരു സങ്കലനമല്ല. അവ

പ്രയോഗത്തിലേക്കു നയിക്കുന്നു എന്നതാണ്‌ ക്രൈസ്തവമതത്തിന്റെ പ്രത്യേകത, തത്ത്വത്തിന്റെ സമുന്നതി അതിന്റെ പ്രയോഗക്ഷമതയെ ആശ്രയിച്ചിരിക്കുന്നു. പ്രയോഗത്തിലേക്കു നയിക്കാത്തവ ഒരുതരത്തിൽ തത്ത്വമെന്നോ ആദർശമെന്നോ വിളിക്കപ്പെടാമോ? ക്രൈസ്തവമതം എവിടെയൊക്കെ സ്ഥാപിതമായിട്ടുണ്ടോ അവിടമെല്ലാം അതു പ്രവർത്തിക്കാനും തുടങ്ങിയിട്ടുണ്ട്‌. മിക്കപ്പോഴും കൂടുതൽ പ്രാർത്ഥിക്കാനും ഏകാന്തതയുടെ സമ്പത്ത്‌ അനുഭവിക്കാനും ജീവിതം ഉഴിഞ്ഞുവച്ചവരായിരുന്നു കൂടുതൽ പ്രവർത്തനനിരതരായിരുന്നവർ, നഗരങ്ങളുടെ വളർച്ചയ്ക്ക്‌ പലപ്പോഴും ക്രൈസ്തവസന്യാസിമാരുടെ താപസകേന്ദ്രങ്ങൾ കാരണമായിട്ടുണ്ട്‌ എന്ന്‌ ചരിത്രഗവേഷകന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്‌. കേരളത്തിൽതന്നെ ഇതു്‌ കുറെയൊക്കെ പ്രസക്തമാണ്‌. ഇന്നും ഇന്ത്യയുടെ ഗ്രാമപ്രദേശങ്ങൾ ചെറു പട്ടണങ്ങളായി രൂപാന്തരപ്പെടുന്നതിന്റെ പിറകിൽ ഈ ക്രൈസ്തവചൈതന്യത്തിന്റെ പ്രവർത്തനസാഹസികത വ്യക്തമായി കാണാം.

ക്രൈസ്തവപ്രവർത്തനത്തിന്റെ പ്രത്യേകത അതു്‌ ശക്തിപ്രകടനമല്ല വ്യക്തിപ്രകടനമാണെന്നതാണ്‌. വൻകാര്യങ്ങളിലല്ല അതു ശ്രദ്ധിക്കേണ്ടതു്‌ വ്യക്തികളുടെ വിനീത ശുശ്രൂഷയിലാണ്‌. ജറുസലേം മുതൽ ജറീക്കോവരെയുള്ള യാത്രയിൽ യാത്രക്കാർക്കുള്ള പ്രശ്നങ്ങൾ പഠിക്കാൻ ഒരു സമിതി രൂപീകരിക്കുക, 'വിപുലമായ ഒരു സമഗ്രപദ്ധതി തയ്യാറാക്കുക തുടങ്ങിയവയെക്കുറിച്ച്‌ സങ്കോചമെന്യേ പ്രസംഗിക്കാൻ മടിക്കാത്ത ശക്തിപ്രകടനത്തിന്റെ ഭാഷയല്ല ക്രൈസ്തവീകത. അതു മുറിവേറ്റുകിടക്കുന്ന വ്യക്തിയെ ശുശ്രൂഷിച്ചുകൊണ്ട്‌ പ്രകടിപ്പിക്കുന്ന വ്യക്തിപരമായ കാരുണ്യമാണ്‌. അതിൽകൂടെ പ്രകടമാകുന്ന വ്യക്തിബന്ധമാണ്‌, അവനുവേണ്ടി സമയവും പണവും ചെലവഴിക്കുന്ന ഔദാര്യമാണ്‌, നിശ്ശബ്ദമായ സ്നേഹബന്ധത്തിലൂടെ പ്രത്യക്ഷമാകുന്ന സമർപ്പണമാണ്‌. തിരിച്ചു നന്ദിയുടെ ഒരു വാക്കുപോലും പ്രതീക്ഷിക്കാതെ

ചെയ്യേണ്ടതു ചെയ്യ എന്നു പറയുന്ന വിനയമാണ് (ലൂക്ക. 6:35). അതു ഒരുപാത്രം പച്ചവെള്ളം കൊടുക്കുന്ന നിസ്സാര പ്രവൃത്തി മുതൽ (മത്താ. 10:42) രോഗിയുടെമേൽ കൈ വച്ച് അവനു സൗഖ്യം നൽകുന്ന അത്ഭുതപ്രവർത്തനം (മത്താ. 8:3) വരെയുള്ള സ്നേഹത്തിൻെറ പ്രവർത്തികളാണ്. അതു നിങ്ങാംക്കു സമാധാനമെന്നോ (യോഹ. 20:21) നീ ഭയപ്പെടേണ്ട എന്നോ (മത്താ. 28:10) നീ സമാധാനത്തിൽ പോവുക എന്നോ (മർക്കോ. 5:34) വ്യക്തികളോടു പറയുന്ന പ്രശാന്തിയുടെ, ദീനദയാലുത്വത്തിൻെറ, ആത്മവിശ്വാസത്തിൻെറ നിസ്സാരവാക്കുകളാണ്. അതേ ക്രൈസ്തവീകത, ഒരു പുഞ്ചിരിയിലും ഒരു ചുംബനത്തിലും (ലൂക്ക, 15) ഒരു നോട്ടത്തിലും (ലൂക്ക: 22:61) ഒരു ശാസനയിലും (മത്താ 14:31) ഒരു ശകാരത്തിലും (മർക്കോ 8:3) ഒക്കെ അടങ്ങിയിരിക്കുന്നു. ചുരുക്കത്തിൽ മാനുഷികമായ ഒരു മാനദണ്ഡത്തിലൂടെയല്ല ക്രൈസ്തവീകത അന്യരെ ഉന്നമിപ്പിക്കാനുതകുന്ന സാമൂഹ്യപ്രവർത്തനങ്ങളെ കാണുന്നതു്. തീരെ തുച്ഛവും നിസ്സാരവുമായ ഹൃദ്യബന്ധങ്ങളുടെ സരളശാലീനതയ്ക്കാണ് ക്രൈസ്തവീകത പ്രാധാന്യം കൊടുക്കുന്നതു്.

ഇവിടെയാണ് വിപ്ലവഗ്രൂപ്പുകളുടെ സാമൂഹ്യദർശനവും ക്രൈസ്തവസാമൂഹ്യദർശനവും വ്യത്യാസപ്പെടുന്നതു്. വിപ്ളവഗ്രൂപ്പുകളുടെയും നിരീശ്വരപ്രസ്ഥാനങ്ങളുടെയും മററു സോഷ്യലിസ്റ്റ് ചിന്താഗതിക്കാരുടേയും ഒരു ലോകതത്വം എല്ലാം സമത്വമായിരിക്കണം, എല്ലാം സുന്ദരമായിരിക്കണം. സമത്വമാകാത്തതിനെ സമത്വമാക്കും സുന്ദരമാകാത്തതിനെ സുന്ദരമാക്കും ഏതു രീതി ഉപയോഗിച്ചും ഏതു മർദ്ദനമുപയോഗിച്ചും. അവിടെ ദരിദ്രരുണ്ടാകാൻ പാടില്ല. ധനികരുണ്ടാകാൻ പാടില്ല. മറിച്ച് സമത്വരാണ് അവിടെ മുഴുവൻ. ക്രൈസ്തവൻെറ ലോകത്തിൽ ദരിദ്രരുണ്ടായെന്നു വരും. ധനികരുണ്ടായെന്നു വരും. ദരിദ്രൻ അവൻെറ ദാരിദ്ര്യത്തിൽ തൃപ്തി കണ്ടെത്തണം. ധനികൻ അവൻെറ സമൃദ്ധിയിൽ പങ്കുവയ്ക്കണം.

അവിടെ സ്വാതന്ത്ര്യമുണ്ട്. ദരിദ്രനാകാനും, ധനികനാകാനും, വിശുദ്ധനാകാനും പാപിയാകാനും സ്വാതന്ത്ര്യമുണ്ട്. അപൂർണ്ണതകളുടെ ലോകമാണത്. അപര്യാപ്തതയുടെ ലോകമാണത്. അവിടെ തിന്മ അതിന്റേതായ നന്മകൾ കാണിച്ചുകൊണ്ടിരിക്കും. നന്മയും സമൃദ്ധിയും അതിന്റേതായ കുറവുകളും കാണിച്ചുകൊണ്ടിരിക്കും.

ശമര്യായന്റെ ഉപമയിലൂടെ കാടത്തത്തിൽനിന്നുള്ള മനുഷ്യന്റെ വളർച്ചയെ ക്രിസ്തു കാണിക്കുന്നു. എല്ലാം മനുഷ്യർതന്നെ. പക്ഷേ ഓരോന്നും വ്യത്യസ്തങ്ങളായ സ്വഭാവപ്രത്യേകതകളുടെ നിദർശനകളാണ്. മനുഷ്യൻ അപരനെ ആക്രമിക്കുന്ന പ്രവണതയിൽനിന്ന് മാറി അന്യരോട് തിന്മ ചെയ്യരുതാത്ത അവസ്ഥയിൽക്കൂടെ കടന്ന് നന്മ ചെയ്യുന്നവനായി വികസിക്കണം. മററുവാക്കിൽ തിന്മയുടെ സമർത്ഥനത്തിൽനിന്ന് തിന്മയുടെ നിഷേധത്തിലൂടെ നന്മയുടെ സമന്വയത്തിലേക്ക് മനുഷ്യൻ വളരണം.

# 3

# ശമറായൻ മനുഷ്യനെ കണ്ടെത്തിയ മനുഷ്യൻ

നല്ല ശമറായന്റെ ഉപമ മനസ്സിലാക്കണമെങ്കിൽ ശമറായരും യഹൂദരും തമ്മിലുള്ള ബന്ധവും അവർതമ്മിലുള്ള അകൽച്ചയും മനസ്സിലാക്കണം. ആധുനിക സമൂഹങ്ങളിൽ ഇത്രമാത്രം അകൽച്ചയുള്ള സമൂഹങ്ങൾ നന്നേ വിരളമായിരിക്കും. ഇന്നും പലേ കാരണങ്ങൾകൊണ്ടും സമൂഹങ്ങൾ അകലാറുണ്ട്. വർണ്ണവിവേചനവും ഭാഷാമതവിഭാഗീയതയും നാം കാണിക്കാറുണ്ട്. പക്ഷേ യഹൂദ–സമാരികവിവേചനം പോലൊന്ന് ഒരിക്കലും കാണാൻ

ണ്ടാകില്ല. തന്മൂലം ഒരു ശമറായനെ സഹോദരനായി കാണാൻ കഴിയുന്നതിൽ കൂടുതൽ ഉയന്നതും വിശാലവുമായ ഒരു സ്നേഹം ഒരു യഹൂദനിൽനിന്നും ക്രിസ്തുവിൻെറ സ്നേഹത്തിൻെറ കല്പനക്കു് ആവശ്യപ്പെടാൻ സാധ്യമാകുമായിരുന്നില്ല. സാധാരണയായി സമറിയാനിവാസികളെയാണു് സമറിയാക്കാർ എന്നു വിളിച്ചിരുന്നതു്. എങ്കിലും സൂചിപ്പിക്കുന്നതിലുമധികം മതാത്മകമായ പ്രതിധ്വനികാം ഉൾക്കൊള്ളുന്നതാണാപദം. യഹൂദരെ സംബന്ധിച്ചു് ഒരു വിമതഗ്രൂപ്പാണു് സമറിയാക്കാർ. 'വേദവിപരീത'രാണവർ. ഇസ്രായേലിൻെറ ദൈവത്തെ വികലമായി ആരാധിക്കുന്നവർ. മറുവേദക്കാരേയും പുറജാതിക്കാരേയും കാൾ വെറുക്കപ്പെടേണ്ട ഒരുകൂട്ടർ. ഈ രണ്ടുകൂട്ടരും തമ്മിലുള്ള വിരോധം ഇസ്രായേലിൻെറ ആദ്യകാല ചരിത്രംമുതലുണ്ടു്.

## അകൽച്ചയുടെ ചരിത്രം

ബി. സി. 538—ൽ പേഷ്യൻരാജാവായ സൈറസിൻെറ കല്പനപ്രകാരം ജറുസലേമിൽ വന്നു താമസിച്ച യഹൂദർ അന്നു് സമറിയായിൽ—അതു് ഇസ്രായേലിൻെറ പുരാതന ഹൃദയ ഭൂമിയായിരുന്നു — പാർത്തിരുന്നവരെ അംഗീകരിച്ചില്ല. അവർ ഒരു സങ്കരജാതിയായിരുന്നു. സങ്കരജനതയുടെ വിശ്വാസങ്ങളും ദൈവങ്ങളും അവരുടെ ഇടയിൽ പ്രചരിച്ചിരുന്നു. എസ്രാസിൻെറ ചരിത്രത്തിൽ പറയുന്ന (എസ്രാ. 4: 1—6) ദേവാലയനിമ്മിതിക്കു് യഹൂദർ ശ്രമിച്ചപ്പോൾ സമറിയാക്കാരും പങ്കുചേരാൻ ശ്രമിച്ചു. പക്ഷേ അവക്കു് അനുമതികിട്ടിയില്ല. പണി തുടരാൻ അനുവദിക്കാതെ അതിനു തടസ്സങ്ങളുണ്ടാക്കി അവർ താമസിപ്പിച്ചു. പണി തുടങ്ങിയപ്പോൾ അവർ വീണ്ടും പേഷ്യയിലേക്കു് പരാതികൾ അയച്ചു. നെഹസിയാ ഗവണ്ണർ ആകുംവരെ പണി വഴിമുട്ടിനിന്നു. നെഹസിയ ഗവണ്ണർ ആയപ്പോൾ (എസ്രാ. 4: 7— 24) അദ്ദേഹത്തെ ഭയപ്പെടുത്താനും സായുധരായി പണിയിൽനിന്നു പിൻമാററാ

ന്നം കൊല്ലാൻതന്നെയും പരിശ്രമിച്ചു. പരിപാടി ഉദ്ദേശിച്ചപോലെ വിജയിച്ചില്ല എങ്കിലും രണ്ടുകൂട്ടരും തമ്മിൽ അടുക്കാനാവാത്ത അകൽച്ചയിൽ ആയി. ഗെരിസിംമലയിൽ യഹോവയ്ക്കു് ഒരു ദേവാലയംകൂടി പണിതീർത്തപ്പോൾ അകൽച്ച പൂർത്തിയാകുകയും ചെയ്തു. സമറിയാക്കാരുമായുള്ള തർക്കമായിരിക്കും രക്തശുദ്ധി തെളിയിക്കാൻ വംശാവലികളെ എഴുതിക്കാണിക്കാൻ യഹൂദന്മാരെ പ്രേരിപ്പിച്ചതു്.

യഹൂദരും സമറിയാക്കാരും തമ്മിലുള്ള അകൽച്ച ബൈബിളിൽ പലപ്പോഴും വ്യക്തമായിട്ടുണ്ടു്. ഈശോയെ നിന്ദിക്കാൻ അവിടത്തെ ഒരു ശമറായനെന്നും പിശാചു ബാധിതനെന്നും യഹൂദർ വിളിച്ചു (യോഹ. 8:48). ഈശോ ഒരു യഹൂദനാകകൊണ്ടു് സമറിയാക്കാർ നടവഴി തടഞ്ഞു (ലൂക്ക. 9:52). ജറുസലേംദേവാലയത്തിലേക്കു പോകുന്ന തീർത്ഥാടകരെ സമറിയാക്കാർ ആക്രമിച്ചിരുന്നു എന്നു് ജൊസേഫൂസിന്റെ ഗ്രന്ഥത്തിൽ കാണാം. പരസ്പരം കുടിവെള്ളംപോലും ചോദിക്കയോ കൊടുക്കയോ പാടില്ലായിരുന്നു (യോഹ. 4:9). ഒരു ശമറായസ്ത്രീയുമായി സംസാരിക്കുന്നതുകണ്ടു് ശിഷ്യന്മാരും അത്ഭുതംകൂറി (യോഹ. 4:27). ഈ അകൽച്ചകൊണ്ടാകാം ശമറായപട്ടണങ്ങളിൽ പോകരുതെന്ന നിർദ്ദേശം ശിഷ്യന്മാർക്കു് കൊടുത്തതു് (മത്താ. 10:5). ഈ രണ്ടു സമൂഹങ്ങളും ഒരേ വിശ്വാസത്തിന്റെ ഇരട്ടശാഖകളെങ്കിലും സാധാരണ സംഭവിക്കാറുള്ളപോലെ അടുത്തവർ അകന്നാൽ വല്ലാത്ത അകൽച്ചയാകും എന്ന വസ്തുത തെളിയിക്കുമാറു് ഇവർ തന്നേ അകലത്തിൽ കഴിഞ്ഞിരുന്നു. ഈ സാമൂഹ്യപശ്ചാത്തലത്തിലാണു് ശമറായന്റെ ഉപമ അവിടന്നു് പറയുന്നതു്. (സമരീററൻ—ജോൺ എൽ മെക്കൻ സി— ബൈബിൾ ഡിക്ഷണറി).

### വൻഭാവം

ഏതു സമൂഹങ്ങൾക്കും ഒരു വൻഭാവമുണ്ടു്; തങ്ങൾ ശ്രേഷ്ഠരാണെന്നു്. സമൂഹത്തിൽ പൊതുവെ താഴ്ന്നവ

രെന്നു കരുതപ്പെട്ടുന്നവരുടെ ഇടയിൽത്തന്നെയുള്ള അവാന്തരവിഭാഗങ്ങളിൽ തങ്ങൾ കൂടുതൽ ശ്രേഷ്ഠരാണെന്നു കരുതുകയായിരിക്കും— ഓരോ വിഭാഗങ്ങളും. മററുള്ളവർ മ്ലേച്ഛരും കണ്ടാൽ കുളിക്കേണ്ടവരുമാണു്. തങ്ങൾക്കു് ഒരു വർഗ്ഗപാരമ്പര്യം ഉണ്ടു്. അതു് ഏതോ കുലക്കൂടസ്ഥനുമായി ബന്ധപ്പെട്ട പാരമ്പര്യമാണു്. തങ്ങളുടെ രക്തം മാത്രമാണു് ശുദ്ധമായിട്ടുള്ളതു്. തങ്ങളാണു് ആദിഗോത്രത്തലവൻെറ വർഗ്ഗശുദ്ധി അകൃത്രിമമായി പരിപാലിക്കുന്നതു്.

മനുഷ്യൻ മനുഷ്യനുമായി വേർതിരിവു സൃഷ്ടിക്കുന്നു. അവൻ വർഗ്ഗീയത വളർത്തുന്നവനാണു്. വർഗ്ഗസ്വഭാവങ്ങളുടെ ചേരിതിരിവു് അവൻ പ്രകടിപ്പിക്കുന്നു. ''നിങ്ങളേയും'' ''ഞങ്ങളേയും'' അവൻ സൃഷ്ടിക്കുന്നു. വർഗ്ഗസമരത്തിൻെറ പ്രത്യയശാസ്ത്രം മാർക്സും അനുയായികളും പറയുന്നതിനു് എത്രയോ മുമ്പുതന്നെ മനുഷ്യൻ പ്രായോഗികമാക്കി. അവൻ ചേരി തിരിയണമെന്നും, ചേരിതിരിഞ്ഞു് സമരം ചെയ്യണമെന്നും ആ സമരത്തിലൂടെയും സംഘട്ടനത്തിലൂടെയും മാത്രമേ വർഗ്ഗരാഹിത്യം ഉണ്ടാകൂ എന്നുവരെ മനുഷ്യൻ കണ്ടുപിടിച്ചു കളഞ്ഞു. മനുഷ്യനു് മനുഷ്യനെ കണ്ടാൽ തിരിച്ചറിയാൻ പററാത്തവിധം അവൻ ചേരിതിരിഞ്ഞു നിന്നു. ഉടപ്പിറന്നവൻ കൂടെപ്പിറന്നവരെ അറിയാതെനിന്നു. സ്വദേശിയൻ സ്വദേശിയനു് വിദേശിയനേക്കാൾ അന്യനായി. ഒരേ വിശ്വാസംതന്നെ ഭിന്നതയ്ക്കു കാരണമായപ്പോൾ പുറജാതിക്കാരേക്കാൾ കടുത്ത വിരോധത്തിലായി. മനുഷ്യനു് മനുഷ്യനെ തിരിച്ചറിയാൻ പററാത്തവിധം മനുഷ്യൻെറ ബോധം തലകീഴായി മറിഞ്ഞു.

## ശമറായൻെറ കണ്ടുപിടുത്തം

ശമറായൻെറ കണ്ടുപിടുത്തം മനുഷ്യനെ കണ്ടുപിടിച്ചു എന്നതാണു്. അർദ്ധപ്രാണനായി കിടന്നവൻെറ മതം അയാൾ കണ്ടുപിടിച്ചില്ല. അവൻെറ ഭാഷയും ദേശവും അ

യാറം കണ്ടുപിടിച്ചില്ല. അയാളുടെ സമ്പത്തോ, ദാരിദ്ര്യാ വസ്ഥയോ അയാറം അന്വേഷിച്ചില്ല. അയാളുടെ മുൻകാല സുകൃതങ്ങളും മുൻകാല വികൃതങ്ങളും അയാറം തേടിപ്പോയില്ല. ഒരു മനുഷ്യനിലെ മനുഷ്യനെ അയാറം കണ്ടുപിടിച്ചു. വൻകാര്യങ്ങറം കണ്ടുപിടിക്കാൻ കോടിക്കണക്കിനു മുതലിറക്കുന്ന നമുക്ക് മനുഷ്യനെ കണ്ടുപിടിക്കാൻ കഴിയുന്നില്ല. ആഗ്രഹങ്ങളുള്ള, ആവശ്യങ്ങളുള്ള പരിധികളും പരിമിതികളുമുള്ള മനുഷ്യനെ കണ്ടുപിടിക്കാനാവുന്നില്ല. ജീവിതപ്പെരുങ്കാട്ടിൽ അർദ്ധപ്രാണനായി കിടക്കുന്നവരെ, അതിൽ പണക്കാരുണ്ടാകും, കുലീനരുണ്ടാകും, പാവപ്പെട്ടവരുണ്ടാകും, വിവരദോഷികളും സത്കർമ്മികളുമുണ്ടാകും— പങ്കിലരും പാവനചരിതരുമുണ്ടാകും. കറുത്തവരും വെളുത്തവരും, ശാപഗ്രസ്തരും, അനുഗൃഹീതരുമുണ്ടാകും. അവരെ വ്യത്യാസങ്ങളുടെ പാശ്ചവീക്ഷണത്തോടെയല്ല മനുഷ്യത്വത്തിൻെറ സാകല്യവീക്ഷണത്തോടെ കണ്ടെത്താൻ ശമറായനു കഴിഞ്ഞു. മനുഷ്യൻ മനുഷ്യനുമായി ബന്ധപ്പെടേണ്ടതു് മനുഷ്യനെന്ന നിലയിലാകണം. എം. എ. എൻ. (man) എന്നതു് എം. എ. യേക്കാറം വലുതാണെന്നു് പീററർറെഡി ഒരിക്കൽ പറഞ്ഞു. ശമറായൻെറ കണ്ടുപിടുത്തം മനുഷ്യൻെറ കണ്ടുപിടുത്തമായിരുന്നു.

അനുപമനാണു (unique) മനുഷ്യൻ. അപൂർവ്വനുമാണവൻ (original). ഒന്നിനെപ്പോലെ മറെറാന്നില്ലായ്മയാണു് അനുപമത. ഒന്നിനെപ്പോലെ മറെറാന്നു് ഉണ്ടായിട്ടില്ലാത്ത അവസ്ഥയാണ് അപൂർവ്വത. പ്രപഞ്ചത്തിലെ ഓരോന്നും ഈ രണ്ടു ഗുണങ്ങളും ഉള്ളതാണു്. അതിൻെറ ഏററംകൂടിയ അളവിൽ ഈ രണ്ടു ഗുണങ്ങളും മനുഷ്യനിൽ ഉണ്ടു്. അകന്നുനിന്നു വീക്ഷിക്കുമ്പോറം സാമാന്യവും സാധാരണവുമായി തോന്നുന്നവ അടുത്തുനിന്നു നിരീക്ഷിക്കുമ്പോറം അത്യത്ഭുതകരമായി തോന്നും. രൂപസൗകുമാര്യത്തിൽ, സ്വഭാവവിശേഷങ്ങളിൽ, ബുദ്ധിക്കൂർമ്മതയിൽ, പടുലതയിൽ, ആലസഗമനത്തിൽ, വാക്കുകളിൽ, നോട്ടങ്ങളിൽ, സ്വരവിസ്സരണത്തിൽ, പദവിന്യാസനത്തിൽ,

അംഗസൗഷ്ഠവത്തിൽ, ദീർഘനും കുള്ളനും. മനുഷ്യൻ മനുഷ്യനിൽനിന്നു് ഓരോ അണുവിലും വ്യത്യസ്തനായിരിക്കുന്നു.

ആ വ്യത്യസ്തത അവനെ അനുപമനും അപൂർവ്വനും ആക്കുന്നു. അകലെ ആദരണീയൻ അടുത്തു് മ്ലേച്ഛനായിരിക്കും. അതുപോലെ മറിച്ചും. അകന്നുനില്ക്കുമ്പോൾ അടുത്തുചെല്ലാൻ നാം ഇച്ഛിക്കുന്നവൻ അടുത്തുചെല്ലുമ്പോൾ നമ്മെ അടുപ്പിക്കാത്തവനായിരിക്കും. ഏതു ദിവ്യനും അവനവന്റെ അശുദ്ധിയുടെ വ്രണം വഹിക്കുന്നു. ഏതശുദ്ധനും അവനന്റെ ശുദ്ധിയുടെ പരിമളം പരത്താനും കഴിയുന്നു. വികലാംഗനു് അവികലമായ മനസ്സും സകലാംഗൻ വികലമാനസനുമാകാം. ചിലർക്കു് ജന്മായത്തമായ ദുരിതങ്ങൾ. ചിലക്കു് കർമ്മായത്തമായവ. ചിലരുടെ ദുരിതം അവരവരുടെതന്നെ സൃഷ്ടിയാണു്. മററു ചിലരുടേതു് അപരന്റെ സൃഷ്ടിയും.

വ്യത്യസ്തതകളുടെ ഈ മഹാപ്രളയത്തിലും നമ്മുടെ മനുഷ്യത്വം നമ്മെ ഒന്നിപ്പിക്കുന്നു. അതിന്റെ പ്രവണതകൾക്കു് ഏകത്വമുണ്ടു്. അവന്റെ വികാരങ്ങൾക്കു് സമാനതയുണ്ടു്. അവന്റെ പ്രവൎത്തികൾക്കു് ഏകീകൃതമായ ചില രീതികളുണ്ടു്. അതിന്റെ ദുരാഗ്രഹങ്ങൾക്കും വൎത്തനഗതികൾക്കും സാൎവ്വത്രികതയുണ്ടു്. മനുഷ്യസ്വഭാവം അതിന്റെ ആകൃതിവികൃതികളിൽ വ്യത്യസ്തതകളുടെ മഹാസാഗരത്തിലും ഏകത്വവും സാൎവ്വജനീനത്വവും പ്രകടിപ്പിക്കുന്നു.

ഈ മനുഷ്യത്വത്തെ കണ്ടെത്താനുള്ള ആഹ്വാനം ശമറായന്റെ ഉപമയിൽ അടങ്ങിയിരിക്കുന്നു. അപകടത്തിൽപ്പെട്ടവൻ മനുഷ്യനാണു്. അവനു രക്ഷ നല്കേണ്ടതു് മനുഷ്യനെന്നനിലയിൽ എന്റെ കടമയാണു്. ഈ സാൎവ്വത്രീകനയമാണു് യേശുവിന്റെ പ്രബോധനങ്ങളുടെ ഒരു മുഖ്യവശം. ദൈവപ്രമാണങ്ങൾ പത്തിൽ അഞ്ചാമത്തേതു കൊല്ലരുതു് എന്നാണു്. ഇതു് ദൈവത്തിന്റെ ഒരു മനഃശാസ്ത്രനിയമമാണു്. ജീവനോടുള്ള ആദരം പ്രകടമാക്കുന്ന

നിയമം. ചിലർക്ക് ചിലരെ കൊല്ലാമെന്നാണ് മനുഷ്യൻ സൃഷ്ടിച്ച നിയമം. വിജയിക്ക് പരാജിതനെ കൊല്ലാം. തൊഴിലാളിക്ക് മുതലാളിയെ കൊല്ലാം. ഒരു ജാതിക്കാരന് മറെറാരു ജാതിയെ കൊല്ലാം. ബൈബിളിൽത്തന്നെ വിജയിക്കുന്ന ഇസ്രായേൽക്കാർ പരാജിതരെ എത്ര ക്രൂരമായി നശിപ്പിക്കുകയും അതു ദൈവകല്പനയായി കരുതുകയുംചെയ്തു. പക്ഷേ ദൈവത്തിൻെറ ആത്യന്തികനിയമം മനുഷ്യൻെറ സാർവ്വത്രികതയെ അംഗീകരിക്കുന്നു-കൊല്ലരുത്. മനുഷ്യൻെറ മനുഷ്യതയെ അംഗീകരിക്കുന്ന ഒരു സവിശേഷന്യായപ്രമാണം. ശമറായൻെറ ഉപമയിലും ഈ മനുഷ്യത്വമാണ് മനുഷ്യൻ സൃഷ്ടിച്ച വിവേചനങ്ങൾക്കെതിരെ യേശു ഉയർത്തിപ്പിടിക്കുന്നത്.

ഇങ്ങനെ വിവേചനംകൂടാതെ മനുഷ്യനെ അംഗീകരിക്കുന്നവൻ ദൈവരാജ്യത്തുനിന്നും അകന്നവനല്ല. (മർക്കോ 12:34) ദൈവികതയുടെ പൂർണ്ണതയിൽ മനുഷ്യത്വവും പൂർണ്ണമാകുന്നുവെന്നോ മനുഷ്യത്വപൂർണ്ണതയിൽ ദൈവീകത പൂർണ്ണമാകുന്നുവെന്നോ പറയാം. രണ്ടും പരസ്പരപൂരകങ്ങളായിട്ടാണ് ബൈബിൾ കാണുന്നത്. കത്തോലിക്കാചിന്താഗതിയിൽ ക്രിസ്തുവിനെക്കുറിച്ചു പറയാറുണ്ട്; സമ്പൂർണ്ണദൈവവും സമ്പൂർണ്ണമനുഷ്യനുമെന്ന്. ദൈവികപൂർണ്ണതയിൽ അവിടന്ന് മനുഷ്യത്വത്തിൽ പൂർണ്ണനായി അല്ലെങ്കിൽ മനുഷ്യപൂർണ്ണതയോടെ അവിടന്ന് ദൈവികതയിൽ പൂർണ്ണനുമായി.

## മതത്തിന്നെതിരേ

നിരീശ്വര യുക്തിചിന്തകർ അവതരിപ്പിക്കുന്ന ഒരു പാർശ്വവീക്ഷണം: മതവും ആദ്ധ്യാത്മികധാരണകളും മനുഷ്യപുരോഗതിക്ക് തടസ്സമാണെന്നും മനുഷ്യതയുടെ ഒരുമയ്ക്കും യോജിപ്പിനും അവ വിരുദ്ധവുമാണെന്നാണ്. ചരിത്രത്തിൽ മതവിശ്വാസികളുടെ വീഴ്ചകൾ അതിനുദാഹരണമായി അവർ എടുത്തു കാണിക്കും. മതമാണ് വർഗ്ഗീയത പുലർത്തുന്നത് എന്നു പറയും. മതയുദ്ധങ്ങൾ

ന്നതിനു തെളിവല്ലേ മതാനുഭവത്തിൽ മതം മനുഷ്യനെ അകററുന്ന ഒരു വലിയ ഘടകമായിരുന്നിട്ടില്ലേ.

ചരിത്രത്തിൻെറ ഉപരിതലം മാത്രമാണ് നാം നോക്കുന്നതു് എങ്കിൽ ഈ ചിന്താഗതി വാസ്തവമാണു്. മതം മനുഷ്യനെ അകററിയിട്ടുണ്ടു്. മതം യുദ്ധങ്ങഠംക്കു കാരണമായിട്ടുണ്ടു്. മതം പുരോഗതിക്കു വിലങ്ങുതടിയായി വത്തിച്ചിട്ടുണ്ടു്.

എന്നാൽ ആഴത്തിൽ നമുക്കു ചിന്തിക്കാം. ബൈബിളിലെ പറുദീസാനഷ്ടത്തിൻെറ വിവരണം ചിന്താഹ്മമാണു്. മനുഷ്യനെ ദൈവം സൃഷ്ടിച്ച് ഒരു തോട്ടത്തിൽ ആക്കി. ഏതോ ദു:ഖകരമായ അവസ്ഥയിൽ അല്ല മറിച്ച് സ്വാതന്ത്ര്യനും, വിലാസിയുമാക്കി അവനെ ഹൃദ്യമായ അനുഭവത്തിൻെറ അഗ്രിമസ്ഥാനത്താക്കി. പക്ഷേ അവൻെറതന്നെ ഗുരുത്വക്കേടുകൊണ്ടു് അവൻ അതു് നശിപ്പിച്ചു. ഉയരാൻ ഉതകിയ എല്ലാം ദൈവം അവനു് ചെയ്തുകൊടുത്തു. പക്ഷേ അവൻ ഉയന്നില്ല. പുതിയ നിയമത്തിൽ ദൈവം മനുഷ്യനെ പുത്രസ്വീകാര്യതയിലേക്കു് ഉയത്തി എന്നു പറയുമ്പോഠം വീണ്ടും പറുദീസായുടെ അനുഭവത്തിലേക്കു് അവനെ ആക്കി എന്നാണത്ഥം. ധൂത്തപുത്രൻ വീണ്ടും മകനായി അവരോധിക്കപ്പെട്ടു. ദൈവം ഒരിക്കലും മനുഷ്യൻെറ പുരോഗതിക്കു തടസ്സമായിട്ടില്ല.

മതം വർഗീയത സൃഷ്ടിക്കുന്നു എന്നും, മതവും വർഗ്ഗീയതയും ഒന്നാണെന്നുംവരെ തെററിദ്ധരിപ്പിക്കാൻ ചിലർ ഉററു ശ്രമിക്കാറുണ്ടു്. മനുഷ്യൻെറ സ്വഭാവത്തിലാണു് വർഗ്ഗീയത അതിദൂരത്ഥത്തിൽ നിലകൊള്ളുന്നതു്. അവൻ ഏതിൽ പ്രവത്തിക്കുന്നുവോ അവിടമൊക്കെ അവൻ ആസ്വാത്ഥതകൊണ്ടു് മൂടിക്കളയും. മുൻപു മനുഷ്യൻ തൻെറ സംഘാതസ്വഭാവം മുഖ്യമായി പ്രകടിപ്പിച്ചിരുന്നതു് മതം, ഗോത്രം എന്നൊക്കെ രീതിയിലായിരുന്നു. അവ തമ്മിൽ ചിലപ്പോഠം വ്യത്യാസംതന്നെ ഉണ്ടോയെന്നുവരില്ല. ഒരു ഗോത്രത്തിൽ ഉള്ളവർ മററൊരു ഗോത്രവുമായി ഏതെങ്കിലും കാരണത്താൽ ഉണ്ടാകുന്ന അകൽച്ച മതത്തി

ൻെറ അകൽച്ചകൊണ്ടല്ല മനുഷ്യൻെറ ഉള്ളിലെ ഭിന്നതയു ടെ ദൗർബല്യം മതത്തിലൂടെ പ്രത്യക്ഷമായതുകൊണ്ടാണ്. മതം അതിൻെറ ആത്മീയശാസനകാംകൊണ്ട് മനുഷ്യനെ തമ്മിൽ അടുപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളതു്.

മനുഷ്യനെ കണ്ടെത്തുക മനുഷ്യനാവുകതന്നെയാണ്. അപരനിലുള്ള മനുഷ്യത്വത്തെ കണ്ടെത്തുക നാം തന്നെ മനുഷത്വമുള്ളവരാകാൻ ഇടയാക്കുന്ന ഒന്നാണ്. ഒരു ഭി ക്ഷാടകനെ നാം ആട്ടിപ്പുറത്താക്കിയേക്കാം. അതിന് വള രെയധികം ന്യായങ്ങളും നാം കണ്ടെത്തിയെന്നു വരാം. പക്ഷേ അവൻ ഭിക്ഷാടനത്തിനു് ഇറങ്ങാൻ കാരണമാ ക്കിയ സാഹചര്യങ്ങാം, അതിനെ അവൻ നേരിട്ട വിധം, ഭിക്ഷാടനത്തിൽ അവൻ കാണിക്കുന്ന സ്വഭാവ പ്രത്യേക തകാം ഇതൊക്കെ നാം അറിഞ്ഞാൽ അവനിലെ മനുഷ്യ ത്വത്തെ നാം കണ്ടെത്തുകയായി. അതു കണ്ടെത്തിക്കഴി യുമ്പോാം നാമും മനുഷ്യത്വമുള്ളവരാവുകയാണ്. ദൈവം നമ്മിൽനിന്നും ആവശ്യപ്പെടുന്ന മനുഷ്യത്വം വ്യവസ്ഥ കാം കൂടാത്തതാണ്. അന്യനെ സ്നേഹിക്കണമെങ്കിൽ നാം ചില വ്യവസ്ഥകാം വയ്ക്കുന്നു. അപരൻ ഇങ്ങനെയൊക്കെ ആയിരിക്കണം. പക്ഷെ ദൈവം ഉപാധികാം വയ്ക്കാതെ സ്നേഹിക്കാൻ ആവശ്യപ്പെടുന്നു. അതിനു ഏററം നല്ല ഉദാ ഹരണമാണ് ശമറായൻെറ ഉപമ. വാസ്തവത്തിൽ ഒരു മനുഷ്യനെ നാം അടുത്തറിയുമ്പോാം അവനെ നാം സ്നേ ഹിച്ചുപോകും. അത്രമാത്രം അപൂർവ്വതകാം ഉള്ള ഒരു സത്ത യാണ് മനുഷ്യൻ. പക്ഷേ ഈ സാവകാശം കാണിക്കാൻ നാം മിനക്കെടാറില്ല. പ്രത്യക്ഷങ്ങാം കണ്ട് നാം വിശ്വ സിച്ചുപോകും, നാം വിധിയെഴുതിപ്പോകും, ഉള്ളിലേക്കു കടക്കാൻ നമുക്ക് ആവുന്നില്ല.

## നിന്ദയും ആദരവും

മുഖംനോട്ടമില്ലാത്തവനായ ദൈവത്തിൻെറ മുമ്പിൽ മുഖംനോട്ടമില്ലാതെ സ്നേഹിക്കാൻ നാം വിളിക്കപ്പെട്ടിരി ക്കുന്നു. മുഖംനോക്കിയാണ് നാം അപരനെ ആദരിക്കുക

യോ നിന്ദിക്കുകയോ ചെയ്യുക. ആദരണീയവും ബഹുമാനം ജനിപ്പിക്കുന്നതുമായ ചില സ്വഭാവവിശേഷങ്ങൾ ഓരോ വ്യക്തിയിലും കാണും. അതുപോലെ നിന്ദ്യമായ ചില പ്രത്യേകതകളും. നന്മകണ്ട് ആദരിക്കാനും, തിന്മകണ്ട് ആരാധിക്കാതിരിക്കാനും നമുക്കു കഴിയണം. ആരാധന മനുഷ്യൻെറ ഒരു മൗലിക പ്രവണതയാണെന്നുതോന്നുന്നു. അതിനു നേരെവിപരീതമായ നിന്ദയും മനുഷ്യൻെറ അടിസ്ഥാനപ്രവണതതന്നെ. ഇതിനു രണ്ടിനുമിടയിലാണു് സ്നേഹം വരുന്നതു്. അതു ഒരു സമതുലിതാവസ്ഥയാണു്. അതു വികാരത്തേക്കാളേറെ വിചാരമാണു്. തോന്നലുകളേക്കാളേറെ ബോധ്യങ്ങളാണു്. തത്വത്തേക്കാളേറെ പ്രയോഗമാണു്. കുറെയൊക്കെ സ്വയം നിന്ദാബോധത്തിൽനിന്നാണു് അപരനെ ആരാധിക്കുന്ന പ്രവണത ഉയരുന്നതു്. അതേവിധം അഹന്തയെന്നും അഹംഭാവമെന്നും വിശേഷിപ്പിക്കാവുന്ന സ്വയാവബോധത്തിൽനിന്നാണു് അപരനെ നിന്ദിക്കുന്ന പ്രവണത ഉയരുന്നതു്. സ്നേഹം ഇതിനു രണ്ടിനും ഇടയിൽ നില്ക്കുന്നു. അതു് സ്വയം നിന്ദിക്കുന്നില്ല. അതു് ആത്മപ്രശംസയും ചെയ്യുന്നില്ല. അതുകൊണ്ടു് കൂടുതൽ ധന്യമായ ഒരു നിയമം ക്രിസ്തു പറഞ്ഞു: നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും നീ സ്നേഹിക്കുക.

മനുഷ്യൻ വിലമതിക്കപ്പെടേണ്ടതു് അവൻെറ സ്ഥാനവലിപ്പംകൊണ്ടല്ല അവൻെറ വ്യക്തിത്വംകൊണ്ടാണു്. ഈ ബോധ്യത്തിലേക്കു് ഒരുവനും എളുപ്പം ഉയരുന്നില്ല. അതിനു സാധ്യമാകണമെങ്കിൽ സ്വയനിന്ദയും പരനിന്ദയും ഒരുപോലെ ഒഴിവാക്കണം. ഉല്പം ഞാനെന്ന ഭാവം സൃഷ്ടിക്കുന്ന അഹന്തയും അവനെന്നഭാവം (അവനാണു് വലിയവൻ) സൃഷ്ടിക്കുന്ന അത്യാദരവും ഒഴിവാക്കണം. മനുഷ്യൻ അവനിൽതന്നെ വലിയവനാണു്. അതു ഞാനായാലും അവനായാലും ആരും നിന്ദ്യരല്ല. ആരും പരിധിയിൽക്കവിഞ്ഞു് ബഹുമാന്യരുമല്ല. ആരുടേയുംമുന്നിൽ കുനിഞ്ഞുനിന്നും കേണുനിന്നും ബലഹീനനാകുന്ന ക്രിസ്തു

ബൈബിളിൽ ഇല്ല. ക്രിസ്തു ആവശ്യപ്പെടുന്ന ശാന്തത ബലവാൻെറ മുമ്പിൽ ബലഹീനൻ കാണിക്കുന്ന ഭയം നിറഞ്ഞ ഒതുക്കമല്ല. അതു മർദ്ദിക്കപ്പെടുമ്പോഴും പതറിപ്പോകാത്ത മനസ്സുമായി പ്രതിയോഗിയെ നേരിടുന്ന, ശത്രുവിനോടു പ്രതികാരത്തിനു മുതിരാത്ത, അവൻെറ മുറിവുണക്കാൻ (ലൂക്ക. 22:51) തയ്യാറായ ഹൃദയത്തിൻെറ ഉള്ളൊതുക്കമാണ്.

മനുഷ്യനേ മനുഷ്യനെ കണ്ടെത്താൻ പററൂ. മതവിശ്വാസി മറെറാരു മതവിശ്വാസിയെ കണ്ടെന്നുവരാം. തൂവലുള്ള ഒരു പക്ഷി അതേ ഇനങ്ങളെ കണ്ടെന്നുവരാം. വർഗ്ഗങ്ങൾ വർഗ്ഗങ്ങളെയും കണ്ടുമുട്ടുന്നു. എന്നാൽ ഇവകളിലൊക്കെയുള്ള മനുഷ്യനെ കണ്ടെത്താൻ കഴിയുന്നവൻ മനുഷ്യനായി വളരണം. മനുഷ്യ മനുഷ്യത്വത്തിലേക്കുള്ള ആ വളർച്ച ദൈവീകതയോളം എത്തി സമ്പൂർണ്ണ മനുഷ്യത്വം സമ്പൂർണ്ണ ദൈവീകതയോളം എത്തുന്നു. തൻെറ ഛായയും സാദൃശ്യവും നല്കി മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിൻെറ പൂർണ്ണത മനുഷ്യത്വത്തിൻെറ പൂർണ്ണതയിൽ കാണാമെന്നാണ് ക്രിസ്തുവിനെക്കുറിച്ചുള്ള നമ്മുടെ അടിസ്ഥാന ചിന്താധാര. ക്രിസ്തു സമ്പൂർണ്ണദൈവവും സമ്പൂർണ്ണ മനുഷ്യനുമാണെന്നു പറയുമ്പോൾ ഈ യാഥാർത്ഥ്യംകൂടി നാം പരോക്ഷമായി അംഗീകരിക്കുന്നുണ്ട്. മനുഷ്യനേ മനുഷ്യനെ കണ്ടെത്താൻ പററൂ. മനുഷ്യത്വത്തിൻെറ വളർച്ച നേടുക ഒരു പുരുഷായുസ്സിൻെറ പരിയന്തമാണ്. അതുതന്നെയാണ് ക്രൈസ്തവജീവിതം കാഴ്ചവയ്ക്കുന്ന ജീവിതലക്ഷ്യവും.

യേശുക്രിസ്തു മനുഷ്യനെ കണ്ടെത്തി. വർഗ്ഗങ്ങൾക്കതീതമായി മനുഷ്യനെ കണ്ടെത്തി. പാപിനിയിലെ മനുഷ്യനെ കണ്ടെത്തി. രോഗിയിലെ മനുഷ്യനെ കണ്ടെത്തി. പണക്കാരൻെറ പണക്കൊതിയെ ശാസിച്ചപ്പോഴും അവനിലെ മനുഷ്യനെ കണ്ടെത്തി. ശിഷ്യത്വംവരെ അവർക്കു നല്കി. മനുഷ്യത്വം നഷ്ടപ്പെടുന്ന മൃഗീയമായ

സഹനത്തിന്റെ സാഹചര്യത്തിൽ അവിടത്തെ മനുഷ്യത്വം വാനോളം ഉയന്നു. കുരിശിൽക്കിടന്നപ്പോഠം മുമ്പിൽ കണ്ടുമുട്ടിയ സ്ത്രീകളെക്കുറിച്ചുള്ള ഭോഗലാലസതയല്ല അവിടന്നു് വഴങ്ങിയതു്— നിക്കോസ് കസാൻസാക്കി അത്തരമൊരു മൃഗീയാരോപണത്തിന്ന് അങ്ങയെ വിധേയനാക്കുന്നുണ്ടു്— മറിച്ചു് തന്റെ രക്തത്തിനു ദാഹിക്കുന്ന മനുഷ്യകീടങ്ങഠംക്കു് ദയാവായ്പും ക്ഷമാസമൃദ്ധിയും നല്ലാനാണു് അവിടന്നു് തുനിയുന്നതു്. തന്റെ ശത്രുവിന്റെ ഏററം ക്രൂരമായ മൃഗീയതയെ നേരിട്ടപ്പോഴും അതിന്റെ മർദ്ദനത്തിനു് വിധേയനായപ്പോഴും മർദ്ദിക്കുന്നവന്റെ പൈശാചിക മുഖം കാണാതെ അവനിലെ ബലഹീനമായ മനുഷ്യത്വത്തെ കണ്ടെത്തിയ ദിവ്യകാരുണ്യമായിരുന്നു ക്രിസ്തു.

മനുഷ്യനിലെ മനുഷ്യനെ കണ്ടെത്തുക, അവന്റെ ദൌർബ്ബല്യങ്ങളെ ക്ഷമിക്കുക, അവന്റെ ക്രൂരതയുടെ അഗ്നിനാളങ്ങളെ കാരുണ്യത്തിന്റെ ജലധാരകൊണ്ടു ശമീകരിക്കുക, അവനെ പ്രോത്സാഹിപ്പിക്കുക, നിരാശയിൽ തകന്നുപോയ ജീവച്ഛവങ്ങളെ പ്രതീക്ഷയുടെ കരസ്പർശത്താൽ തൊട്ടുണത്തുക, മുറിവേററ മനസ്സുകഠംക്കു് സൗഖ്യം നല്കുക, ഓരോ രീതിയിൽ പാവങ്ങളായിരിക്കുന്നവക്കു സുവിശേഷം അറിയിക്കുക. ഇതാണു് ശമറായദൗത്യം. വികാരക്ഷുഭിതമായ പോർവിളികഠംക്കിടയിൽ ഹൃദയത്തിന്റെ മമ്മത്തെ സ്പർശിക്കുന്ന ദയനീയ നിശ്ശബ്ദതയിലൂടെ, വാക്കേററങ്ങളുടെ അസ്ത്രപ്രത്യസ്ത്ര പ്രയോഗങ്ങഠംക്കിടയിൽ പ്രതിയോഗിയുടെ ആക്ഷേപഹാസത്തെ നേരിടുന്ന ആത്മാത്ഥതയുടെ നറുംപുഞ്ചിരിയിലൂടെ, സ്ഥാനമോഹങ്ങളുടെ രാഷ്ട്രീയ ഉപജാപവൃത്തികളിൽ അരങ്ങേറുന്ന നാണംകെട്ട കുത്സിതയജ്ഞങ്ങളിൽ കാണിക്കുന്ന സത്യസന്ധതയിലൂടെ, എല്ലാ മൂല്യങ്ങളേയും ചവിട്ടിമെതിക്കുന്ന ആർഭാടങ്ങളുടെ പ്രകടനപരതയ്ക്കിടക്കു് ആരും കാണാതെ ചെയ്യുന്ന ഉപവിയുടെ നിശ്ശബ്ദ പ്രവത്തികളിൽക്കൂടി മനുഷ്യനിലെ മനുഷ്യനെ നാം കണ്ടെത്തണം.

അങ്ങനെ മനുഷ്യനിലെ മനുഷ്യനെ വ്യവസ്ഥകൂടാതെ കണ്ടെത്തിയവനാണ് ശമറായൻ. ജറുസലേമിൽനിന്നു ജറീക്കോയിലേക്കുവന്ന ശമറായൻ. യഹൂദർക്ക് വിരോധിയും, വിമതനും, അനാര്യനും മ്ലേച്ഛനുമായിരുന്ന ശമറായൻ. കക്ഷിരാഷ്ട്രീയത്തിൻെറ ജരാനര ബാധിക്കാത്ത ആത്മീയസ്വതത്വത്തിൻെറ പ്രധാനാചാര്യനായ ശമറായൻ. കർമ്മപരിപാടികൾക്കുമേലേ ക്ഷേത്രവളപ്പുകൾക്കു പുറത്ത്, ദേവാലയ മതിൽപ്പുറങ്ങൾക്കുമപ്പുറത്ത് ക്രിസ്തു വിശുദ്ധനായി നാമകരണംചെയ്ത ശമറായൻ. നല്ലവനായ ശമറായൻ. ആവശ്യത്തിൽ അകപ്പെട്ടവനെ അയലത്തുകാരനായിക്കണ്ട ശമറായൻ.

## 4.

## സ്നേഹത്തിൻെറ പ്രമാണം

നല്ല ശമറായൻെറ ഉപമ സ്നേഹത്തിൻെറ മൗലികബാധ്യതയെക്കുറിച്ച് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ക്രൈസ്തവനായിരിക്കുന്നതുകൊണ്ടുതന്നെ ഒരുവൻ ഏറ്റെടുക്കുന്ന അടിസ്ഥാന ഉത്തരവാദിത്വം സ്നേഹത്തിൻെറതുതന്നെ. വർഗസമരം സൃഷ്ടിക്കുന്ന വിഭാഗീയതയെ അതിലംഘിക്കുന്ന ഒന്നാണ് ഈ ബാധ്യത. വർഗ്ഗസംഘട്ടനത്തിലൂടെ വർഗരാഹിത്യത്തിലേക്ക് എത്താൻ പററുമെന്ന ചിന്ത യുക്തിയോടുതന്നെയുള്ള ഒരു ധ്വംസനവും വെല്ലുവിളിയുമാണ്. അക്രമം അക്രമത്തിൻെറ പുകച്ചുരുളുകളെ സൃഷ്ടിക്കുന്നു എന്നത് സാമാന്യയുക്തിക്ക് വേഗം മനസ്സിലാക്കാവുന്നതാണ്. അക്രമത്തിൻെറയും സംഘട്ടനത്തിൻെറയും ഭാഷ മനുഷ്യനിലെ വെറുപ്പിൻെറയും സാഹസികതയുടെയും സ്വഭാവത്തിന് നന്നേ വേഗം മനസ്സി

ലാകം. പക്ഷേ അതു കാടത്തത്തിലേക്കുള്ള പാച്ചിലാണ്. പകയുടെ വെടിമരുന്നിനു് തീ കൊടുക്കലാണ്. മാന്യതയുടെ ചാരംമൂടിക്കിടക്കുന്ന വെറുപ്പിന്റെ അഗ്നിസ്ഫുലിംഗങ്ങളെ ഊതിപ്പെടുത്തുകയാണ്. സ്നേഹത്തിന്റെ പ്രമാണത്തിലേക്ക് വളരാൻ ചില തത്ത്വങ്ങൾ നാം മുറുകെ പിടിക്കണം.

## ആറു തത്ത്വങ്ങൾ

ഒന്നു്: സ്നേഹത്തിന്റെ പ്രമാണം തന്റെ അടിസ്ഥാനപ്രമാണമാണെന്നു് ക്രൈസ്തവൻ ബോധ്യപ്പെടണം. ആത്യന്തികമായി മനുഷ്യൻ പരിവർത്തനപ്പെടേണ്ടതു് സ്നേഹത്തിലേക്കാണ്. ക്രൈസ്തവസാധനയിലെ ആരംഭകേന്ദ്രം ആചാര്യത്വം വളരേണ്ടതു് സ്നേഹത്തിലേക്കാണ്. അതിലേക്കാണ് മനുഷ്യൻ മറുരൂപപ്പെടേണ്ടതു്. അതു് ന്യായമങ്ങളേയും പ്രവാചകന്മാരേയും ഉൾക്കൊള്ളുന്നു. (മത്താ. 22:40). മനുഷ്യത്വം തന്നെയാണതു്. സംസ്കാരം തന്നെയാണതു്. വ്യക്തിവളർച്ചയുടെ തുടക്കവും ഒടുക്കവും അതു തന്നെ. ഓരോ ക്രൈസ്തവനും ആഴമായ ബോധ്യം ഉണ്ടാകേണ്ടതും ഈ പ്രമാണത്തെക്കുറിച്ചുതന്നെ. തന്നെത്തന്നെ അവൻ വിലയിരുത്തേണ്ടതും ഇതിന്റെ വെളിച്ചത്തിൽ തന്നെ. ഇതിനുപകരം മറെറാന്നു് കാണിക്കാനില്ല. മററുള്ളവയെല്ലാം പകരം ഇതുതന്നെയാണ്. ജീവിതത്തെ ദൈവം വിലയിരുത്തുന്നതു് ഈ പ്രമാണത്തെ ആശ്രയിച്ചാണ് (മത്താ. 25). ഇതു് ഈശ്വരനു് നാം കൊടുക്കുന്ന ഔദാര്യമല്ല അതു് അവിടന്നു് നമുക്ക് നല്കിയിരിക്കുന്ന കല്പനയാണ്. അതു് എല്ലാ ഹോമങ്ങളേയും ബലികളേയുംകാൾ ശ്രേഷ്ഠവുമാണ് (മർക്കോ. 12:33).

## ആന്തര പരിവർത്തനം

രണ്ടു്: സ്നേഹം ആന്തരിക പരിവർത്തനത്തിന്റെ കാതലാണ്. പരിവർത്തനം ആന്തരികമാണ്. വ്യവസ്ഥിതികളുടെ മാററങ്ങളിൽമാത്രം വിശ്വസിക്കുന്ന, അതുവഴിയുള്ള സാമൂഹ്യവ്യതിയാനത്തിനു് ആഹ്വാനം ചെയ്യുന്ന

ചിന്താപദ്ധതികൾക്കു് ബദലെന്നവണ്ണം സുവിശേഷം പരിവർത്തനത്തിന്റെ അടിസ്ഥാനം കണ്ടെത്തുന്നതു് മനഃസ്ഥിതിയുടെ മാററത്തിലാണു്. പശ്ചാത്താപത്തിന്റെ വേദനിപ്പിക്കുന്ന അനുഭവത്തിലൂടെ കടന്നുപോകുമ്പോഴേ ദൈവരാജ്യത്തിന്റെ അനുഭവം ലഭ്യമാകൂ. അതു് ക്രിസ്തുമുന്നോടിയായ സ്നാപകൻ പറഞ്ഞു (മത്താ. 3:2). അതു ക്രിസ്തു പറഞ്ഞു (മത്താ. 4:17) അതു ക്രിസ്തുശിഷ്യനായ പത്രോസ് പറഞ്ഞു (അപ്പ. പ്രവ. 2:38), മനുഷ്യൻ ആന്തരികമായി പരിവർത്തനപ്പെടണം എന്നുപറഞ്ഞാൽ അവൻ സ്നേഹത്തിലേക്കു് പരിവർത്തനപ്പെടണമെന്നാണു്. അതു ഭയത്തെ നീക്കിക്കളയുന്നു (1 യോഹ. 4:18). അതു ഉത്കണ്ഠയെ നീക്കിക്കളയുന്നു (മത്താ. 6:25–). അതു് ആത്മധീരതയിലേക്കു നയിച്ചു് മരണത്തെപ്പോലും നേരിടാൻ ഒരുവനെ ശക്തനാക്കുന്നു (മത്താ. 10:28). ഫ്രാൻസിസ് അസ്സീസിയുടെയോ അമ്മത്രേസ്യായുടെയോ മററു ചില വിശുദ്ധരുടെയോ ജീവചരിത്രവുമായി നാം ബന്ധപ്പെട്ടമ്പോൾ അവർ ചെയ്തുകൂട്ടിയ ചില ഭ്രാന്തൻപ്രവർത്തികളെക്കുറിച്ചു് നമുക്കു് ആക്ഷേപം തോന്നാം. പക്ഷേ അവയൊക്കെ ആ വ്യക്തികളെ സ്വാർത്ഥതയുടെ കല്മഷം കഴുകിക്കളഞ്ഞു് സ്നേഹത്തിന്റെ സമുജ്ജ്വലതലങ്ങളിലേക്കു് ഉയർത്തി പരിപാകപ്പെടുത്തി. അവർ തപസ്സുചെയ്തു എന്നതല്ല, അത്ഭുതങ്ങൾ ചെയ്തു എന്നതല്ല, മററുപലതും ചെയ്തു എന്നതല്ല അവർ സ്നേഹിച്ചിരുന്നു എന്നതുകൊണ്ടാണു് അവരെ മഹാത്മാക്കളായി കരുതാനും പരസ്യമായി അംഗീകരിക്കാനും സഭയ്ക്കു് സാധ്യമായിത്തീർന്നതു്. സ്നേഹം അതു സർവ്വപാപങ്ങളേയും മൂടിക്കളയുന്ന (യാക്കോ. 5:20) ധവളാംബരമാണു്. ആന്തരികമായ പരിവർത്തനത്തിന്റെ കാതൽ സ്നേഹംതന്നെയാണു്.

## നമ്മുടെ സ്വാർത്ഥത

മൂന്നു്: സ്നേഹത്തിന്റെ പ്രമാണത്തിൽ നാം അംഗീകരിക്കേണ്ട മൂന്നാമത്തെ തത്വം അന്യനുമായുള്ള നമ്മുടെ

ഭിന്നതയുടെ മൂലകാരണം നമ്മുടെതന്നെ സ്വാർത്ഥതയാണെന്നതാണ്. പലപ്പോഴും നാം അംഗീകരിക്കാൻ മടിക്കുന്ന ഒരു സത്യമല്ലേ ഇത്. ഓരോരുത്തനും സ്വന്തം ദുരാശയാൽ ആകർഷിക്കപ്പെട്ടും വശീകരിക്കപ്പെട്ടുമാണ് പ്രലോഭനവിധേയനാകുന്നത് (യാക്കോ. 1:14) -- എന്ന സുവിശേഷതത്ത്വം നാം സാവധാനത്തിലേ മനസിലാക്കാൻ ഇടയുള്ളു. ഭിന്നതയിൽ ഇരിക്കുന്ന ആളുമായുള്ള നമ്മുടെ ബന്ധത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ ആ ബന്ധത്തകർച്ചയ്ക്കു് കാരണക്കാരൻ അപരനാണെന്നായിരിക്കും പലപ്പോഴും നമ്മുടെ ആരോപണം. സൃഷ്ടിയുടെ പുസ്തകത്തിൽ ആദിലംഘനത്തിന്റെ ഹിമഭാരം അന്യാരോപണം ചെയ്ത് പിൻവലിയാൻ ശ്രമിക്കുന്ന ആദം ഹവ്വാമാരെ കാണുവാൻ കഴിയും. ക്രൈസ്തവ ആദ്ധ്യാത്മികവളർച്ചയിൽ ''നീയാണാ മനുഷ്യൻ'' എന്നല്ല നാം പറയാൻ തുടങ്ങുക. ''ഞാൻ തന്നെയാണാ മനുഷ്യൻ'' എന്നായിരിക്കും. അപരന്റെ ക്രൂരതയുടെയും, പകയുടെയും വിഷപാതത്തെ പുരാണങ്ങളിലെ നീലകണ്ഠനെപ്പോലെ ഉൾക്കൊള്ളാനും അതിനെ ശുദ്ധീകരിക്കാനും സാധ്യമാകുന്ന സ്നേഹം നമ്മിൽ ഇല്ലാതെ വരുമ്പോഴാണ് നാം ബന്ധത്തകർച്ചയിലാകുന്നത്. ആ തകർച്ചയ്ക്കു് നാം വളരെയധികം കാരണങ്ങൾ കണ്ടുപിടിക്കാം. അന്യൻ ചെയ്തിട്ടുള്ളതും വിചാരിച്ചിട്ടുള്ളതും ആയ തിന്മകളുടെ ഒടുക്കംകാണാത്ത പട്ടിക നാം നിരത്തിവയ്ക്കും. പക്ഷെ അതിന്റെ അടിയിൽ ആത്യന്തികവിശകലനത്തിൽ ക്രൈസ്തവമായി നാം വസ്തുവിശകലനം നടത്തുമ്പോൾ ഒന്നേ പറയാനുള്ളു; നമ്മിൽ സ്നേഹമില്ല നാം സ്വാർത്ഥരാണ്. സ്നേഹം സ്വാർത്ഥം തേടായ്കയാണ്, തിന്മ വിചാരിക്കായ്കയാണ്. അത് സർവ്വം സഹയാണ്. അതു സർവ്വം ക്ഷമിക്കുന്നതാണ് (1. കൊറി 13:5–7).

വാസ്തവത്തിൽ ഒരു വ്യക്തിയെ പൂർണ്ണമായി അറിയാൻ നമുക്ക് ഇടവരുന്നുവെങ്കിൽ, അയാളുടെ സ്വഭാവക്കെട്ടതികൾ രൂപംപ്രാപിച്ച ജീവിത സാഹചര്യം, ആ

യാളുടെ വികലവീക്ഷണങ്ങളെ രൂപപ്പെടുത്തിയ ജീവിത സാഹചര്യങ്ങൾ, അയാളുടെ വികൃതരൂപത്തെ സൃഷ്ടിച്ച അപകടങ്ങൾ, അയാളുടെ സ്വഭാവത്തകച്ചകൾ കാരണമായിട്ടുള്ള തകർന്ന കുടുംബാന്തരീക്ഷം ഇങ്ങനെ വ്യക്തിജീവിതത്തെ കരുപ്പിടിപ്പിക്കുന്ന നൂറുനൂറു കാര്യങ്ങൾ നാം അറിഞ്ഞുകഴിയുമ്പോൾ-- ഒരു വ്യക്തിയെ പൂർണ്ണമായി നാം മനസിലാക്കിക്കഴിയുമ്പോൾ അയാളോട് നാം എത്രമാത്രം ഹൃദയാലുത്വമായിരിക്കും കാണിക്കുക. 'അവർ ചെയ്യുന്നതു് അവർ അറിയുന്നില്ലെന്നു' പ്രാർത്ഥിച്ചവൻെറ ആത്മാനുഭവത്തിലേക്ക് അല്പമായെങ്കിലും നമുക്കപ്പോൾ കടക്കാനാകും. നമ്മുടെ സ്വാർത്ഥതകൊണ്ടു് നാം ഹൃദയത്തെ കൊട്ടിയടയ്ക്കുന്നു. അന്യനിലേക്ക് ആഴമായി പ്രവേശിക്കാൻ നമുക്ക് സാധ്യമാകാതെ പോകുന്നു.

## ഒരു തീരുമാനം

നാല്: സ്നേഹത്തെക്കുറിച്ചുള്ള നാലാമത്തെ തത്വം സ്നേഹം ഒരു വികാരമല്ല ഒരു തീരുമാനമാണ് എന്നതാണ്. സ്നേഹത്തിൻെറ വികാരപരമായ വശത്തെ താഴ്ത്തിക്കെട്ടുകയല്ല വികാരാനുഭവമില്ലാത്തപ്പോഴും നമുക്ക് സ്നേഹിക്കാൻ സാധ്യമാണെന്നു് സൂചിപ്പിക്കുകയാണ് ചെയ്യുന്നതു്. സ്നേഹവും ഇഷ്ടവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് നാം കൂടുതൽ ബോധമുള്ളവരാകണം. 'വാക്കിലും സംസാരത്തിലുമല്ല പ്രവൃത്തിയിലും സത്യത്തിലുമാണു് നാം സ്നേഹം കാണിക്കേണ്ടതു്' (1 യോഹ. 3: 18) എന്നു് സെൻറു് ജോൺ പറയുന്നതു് ഈ പശ്ചാത്തലത്തിൽ കൂടുതൽ അർത്ഥമുള്ളതാണ്. ഇഷ്ടം വികാരപ്രധാനമാണ്. എനിക്ക് ഹിതംചെയ്യുന്നവനെ ഞാൻ ഇഷ്ടപ്പെടുന്നു. അവൻതന്നെ അഹിതമായി പെരുമാറിയാലോ ഞാൻ അനിഷ്ടം കാണിക്കുന്നു. എന്നാൽ സ്നേഹം അതിലും അപ്പുറത്തുള്ള ഒരു ദൈവികധാരയാണ്. അതു നന്മയും തിന്മയും നോക്കാതെ സൂര്യനെ ഉദിപ്പിക്കുന്നു. ധർമ്മവും അധർമ്മവും നോക്കാതെ മഴ പെയ്യിക്കയും ചെയ്യുന്നു (മത്താ. 5: 45).

അതു് പൂർണ്ണതയുടെ മറുരൂപമാണ്. അതു് ദൈവപിതാവിൻെറ സത്തതന്നെയാണു് (മത്താ. 5: 48). ഇഷ്ടാനിഷ്ടങ്ങളായിരുന്ന സ്നേഹമെങ്കിൽ സ്നേഹം ഒരിക്കലും ദൈവികതയുടെ പര്യായമായി ഗണിക്കപ്പെട്ടമായിരുന്നില്ല. ഇഷ്ടാനിഷ്ടങ്ങൾ നമ്മുടെ അജ്ഞതയുടെ അവികസിത രൂപങ്ങളാണ്. ശരിക്കും നാം ഒന്നിനെ അറിഞ്ഞു കഴിയുമ്പോൾ നാം അതിനെ സ്നേഹിച്ചുപോകും. ഏററം പൈശാചമായവയെന്നു മുദ്രകുത്തപ്പെട്ടതിനെപ്പോലും നാം സ്നേഹിച്ചുപോകും. ഇവിടെ ദൈവം പിശാചിനെ വെറുക്കന്നോ എന്ന ഒരു ചോദ്യംവരാം– ഇല്ല എന്നേ ഉത്തരമുള്ള. കാരണം ദൈവത്തിൽ വെറുപ്പില്ല. വെറുപ്പ് സ്നേഹത്തിൻെറ അഭാവാവസ്ഥയാണ്, ഇല്ലാത്ത അവസ്ഥയാണ്. ദൈവം സമ്പൂർണ്ണഭാവാത്മകത (ഉള്ള അവസ്ഥ) യാണെന്നാണ് ക്രൈസ്തവപഠനം. പൂർണ്ണമായ സ്നേഹം ഭയത്തെ ഇല്ലാതാക്കുന്നു എന്നതും (1 യോഹ. 4: 18) പൂർണ്ണമായ അറിവു് അല്ലെങ്കിൽ ഭാരതീയ ചിന്താഗതിയിൽ– 'വിദ്യ' ഭയത്തെ ഇല്ലാതാക്കുന്നു എന്നതും ഒന്നു എന്നുപറയാം.

## ശത്രുസ്നേഹം

അഞ്ചു്: സ്നേഹത്തിൻെറ പ്രമാണത്തിലെ അഞ്ചാമത്തെ തത്ത്വം ശത്രുവിനെപ്പോലും നാം സ്നേഹിക്കണം എന്നതാണ്. അപരൻെറ ആവശ്യത്തിലേക്കു് തുറന്നിരിക്കുന്നതാണ് സ്നേഹം. അപരൻ എൻെറ ശത്രുവായിരുന്നാൽപ്പോലും അവനിലേക്കു് തുറന്നിരിക്കാൻ ഞാൻ കടപ്പെട്ടിരിക്കുന്നു. ശത്രുവിനെ സ്നേഹിക്കാൻ കല്പനാബദ്ധമായിരിക്കുന്നു ക്രൈസ്തവസ്നേഹം. അതിൻെറ പ്രത്യേകതയും അതുതന്നെ. ശത്രുവിനെ ഉപാധികൾകൂടാതെ സ്നേഹിക്കുക എന്നുപറഞ്ഞാൽ അവനോടു് തുറന്നിരിക്കുക എന്നാണ് അർത്ഥമാക്കേണ്ടതു്. എന്നാൽ എന്താണ് ഈ തുറവ്? അതു് ഒരുവൻെറ ആവശ്യത്തിൽ അവൻെറ പക്കൽ സന്നിഹിതനായിരിക്കുകയാണ്; സമീപസ്ഥനായിരി

ക്കുകയാണ്. വ്യക്തികളുടെ ചപലപ്രകൃതിമൂലം അവരുമായി സ്വാതന്ത്ര്യമായ ഇടപാടുകൾ അസാധ്യമായി വരുമ്പോഴും സ്വഭാവപ്പൊരുത്തക്കേടുകൾകൊണ്ടു് ബന്ധങ്ങൾ എളുപ്പമല്ലാതായി വരുമ്പോഴും ക്രൈസ്തവമായ സ്നേഹം സാധ്യമാണ് എന്നാണ് ഇതു സൂചിപ്പിക്കുന്നതു്.

ശത്രുസ്നേഹത്തിന്റെ വിവിധവശങ്ങൾ വി. ഗ്രന്ഥത്തിൽ പലയിടത്തും കാണാം. അതു ദുഷ്ടനോടു് എതിർത്തു നില്ക്കാതിരിക്കുകയാണ് (മത്താ. 5: 39). അതു് അവനുവേണ്ടി പ്രാർത്ഥിക്കയും അവനെ അനുഗ്രഹിക്കയും ചെയ്യുകയാണ് (മത്താ. 5: 44). അതു പരിപൂർണ്ണമായ ക്ഷമയും പൊറുതിയുമാണ് (മത്താ. 18: 22). അതു് പ്രതിഫലേച്ഛ കൂടാതെയുള്ള ഉദാരതയാണ് (ലൂക്ക. 6: 35). പരിപൂർണ്ണമായ സ്നേഹത്തിലേക്കു് സ്വീകരിക്കുകയാണതു് (ലൂക്ക. 15). ഇതിലാണ് ക്രൈസ്തവരുടെ നീതി അന്യരുടേതിനെ അതിലംഘിക്കുന്നതു് (മത്താ. 5: 20).

ശത്രുവില്ലാത്തവനാണ് ക്രൈസ്തവൻ. ഒരുവനു് ശത്രു ഉണ്ടാകുന്നതു് അന്യന്റെ ദുഷ്ടതകൊണ്ടു് എന്നതിനേക്കാൾ എന്നിലെതന്നെ പാപപ്രവണതകൊണ്ടാണ്. എന്റെ ഏററം വലിയ ശത്രു ഞാൻതന്നെയാണ് എന്നതാണ് ക്രൈസ്തവ ആദ്ധ്യാത്മികാചാര്യന്മാർ കണ്ടെത്തിയ ഒരു വലിയ ആദ്ധ്യാത്മികസത്യം. വളരെ നിഷേധാത്മകമായ ഒരാദ്ധ്യാത്മികചിന്താഗതിയായി ഇതിനെ മുദ്രകുത്തിക്കളയാൻ എളുപ്പമാണ്. പക്ഷേ കൂടുതൽ ഗൗരവതരമായ ഒരാദ്ധ്യാത്മിക സത്യം അതുൾക്കൊള്ളുന്നു. അതിനെതിരെയുള്ള നിരന്തര സംഘട്ടനമായിരുന്നു വിശുദ്ധർ നടത്തിയിരുന്നതു്; അവർ അതിനു സ്വീകരിച്ച വഴികൾ ഭ്രാന്തമായിരുന്നു എന്നു നമുക്കു തോന്നിയാൽതന്നെയും,

ആത്യന്തികമായ ആത്മവിജയത്തിൽ നാം സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കുന്നു. സ്നേഹം പൂർണ്ണമായ ഒരു സ്വാതന്ത്ര്യമാണ്. ക്രിസ്തു ഒരു വലിയ സ്വാതന്ത്ര്യാനുഭവം

നമുക്കു നല്കുന്നു എന്നു സെൻറ് പോൾ പറയുമ്പോഴും (ഗാല. 5:2; റോമ. 8:5) സത്യം സ്വാതന്ത്ര്യം നല്കുമെന്ന് ക്രിസ്തു പറയുമ്പോഴും (യോഹ. 8:32) അതു സ്നേഹത്തിൽനിന്നും ഭിന്നമല്ല. 'നിങ്ങളുടെ സ്വാതന്ത്ര്യം ജഡികമാകരുത് എന്നാണ് സെൻറ് പോൾ നല്കുന്ന സ്വാതന്ത്ര്യോപദേശം.' ജഡികതയുടെ സ്വാതന്ത്ര്യം മരണത്തിലേയ്ക്കു നയിക്കുന്നതാണ് (റോമ. 8:12). അടിമത്തത്തിനു് അന്ധകാരവുമായി ബന്ധമുണ്ടെങ്കിൽ സ്നേഹത്തിനു പ്രകാശവുമായി ബന്ധമുണ്ട്. നമ്മുടെ ഭവനം നമുക്ക് ഏററം സ്വാതന്ത്ര്യമായി വ്യാപരിക്കാവുന്ന വേദിയാകുന്നതു് അവിടെ സ്നേഹമുള്ളതുകൊണ്ടാണ്. സ്നേഹത്തിന്റെ അന്തരീക്ഷമാണ് സ്വാതന്ത്ര്യാനുഭവം നമ്മിൽ ഉണർത്തുന്നതു്. അടിമത്തം സ്വാതന്ത്ര്യത്തിനു വിരുദ്ധമാണല്ലോ. അടിമത്തം ഭയവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നതു്. ഈ ബന്ധം സെൻറ് പോൾ വ്യക്തമാക്കുന്നുണ്ട്; ''നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല ദൈവത്തെ 'ആബാ പിതാവേ' എന്നു വിളിക്കുന്ന പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നതു്'' (റോമ. 8:14) പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും (യോഹ. 8:35). അടിമ വീട്ടിൽ സ്ഥിരമായി വസിക്കുന്നില്ല. പുത്രൻ എന്നും വസിക്കുന്നു (യോഹ. 8:34). ആരോഗ്യകരമായ ക്രൈസ്തവ ആദ്ധ്യാത്മികതയിൽ നാം ഉപേക്ഷിക്കുക ഭീരുത്വമാണ്. നിർഭയത്വമാണ് ക്രിസ്തു ഉപദേശിക്കുന്ന പ്രേക്ഷിതഗുണം (മത്താ. 26: 28, 31). ശരീരം ആക്രമിക്കപ്പെട്ടാൽത്തന്നെയും ഭയപ്പെടേണ്ട എന്നാണ് അവിടത്തെ സമാശ്വാസനം. ചെന്നായ്ക്കളുടെ ഇടയിലെ ചെമ്മരിയാടിന്റെ ഉദാഹരണത്തിലും നിഷ്കളങ്കത നിഷ്ഠൂരതയെ കവച്ചുവയ്ക്കും എന്ന പ്രതീക്ഷയാണ് അവിടന്നു നല്കുന്നതു് (മത്താ. 10:16,17). സ്നേഹം സൃഷ്ടിക്കുന്ന നിർഭയത്വവും അതിലൂടെ ലഭിക്കുന്ന സ്വാതന്ത്ര്യവും വി. മത്തായിയുടെ പത്താമദ്ധ്യായം വ്യക്തമാക്കുന്നു.

## ഭിന്നതയിലും സ്നേഹം

ആറ്. ക്രൈസ്തവ സ്നേഹത്തിന്റെ ആറാമത്തെ തത്വം ഭിന്നതയിലും സ്നേഹം പുലർത്താമെന്നതാണ്. എല്ലാവരുമായി നാം സഹവർത്തിത്വത്തിലും സൗഹാർദ്ദതയിലുംകഴിയണം. പക്ഷേ എപ്പോഴും അതിൽ വിജയിച്ച എന്നുവരില്ല. സ്വഭാവത്തിന്റെ പൊരുത്തക്കേടുകൾ അതിനു ഒരുപരിധിവരെ കാരണമാകാറുണ്ട്. കഴിയുന്നിടത്തോളം എല്ലാവരുമായി സഹവർത്തിത്വത്തിൽ കഴിയണം (റോമ. 12:18) എന്നാണ് സെൻറ്പോളിന്റെ നിർദ്ദേശം. 'കഴിയുന്നിടത്തോളം' എന്ന പ്രയോഗം മനുഷ്യസ്വഭാവത്തിന്റെ പൊരുത്തക്കേടുകളെ കണക്കിലെടുത്തുകൊണ്ടായിരിക്കണം. സെൻറ്പോൾതന്നെ തനിക്ക് പൊരുത്തപ്പെടാൻ ബുദ്ധിമുട്ടുള്ള ആളുകളെ മാററി മററാളുകളെ എടുക്കുന്നതായിക്കാണാം (അപ്പ. നട. 15:38). എല്ലാവരുമായി വളരെ സ്വാതന്ത്ര്യമായി നമുക്ക പെരുമാറാനാകും എന്നു ചിന്തിക്കുക മനുഷ്യസ്വഭാവത്തെ വളരെ ലാഘവബുദ്ധിയോടെ സമീപിക്കുന്നതിനു തുല്യമായിരിക്കും.

ഭിന്നതയിലും ക്രൈസ്തവസ്നേഹം സാധ്യമാണെന്നു മാത്രമല്ല അപ്പോഴാണ് അത് ഏററവും പ്രകടിപ്പിക്കേണ്ടതു്. ഭിന്നിച്ചിരിക്കുന്നവനും ആവശ്യക്കാരനായിത്തീരുമ്പോൾ എന്റെ അയൽക്കാരനായിത്തീരുന്നു.

ഭിന്നത എങ്ങനെ തീർക്കാം. രണ്ടു നിയമങ്ങളേ അതിനുള്ളൂ. ഒന്ന് ക്ഷമിക്കുക. രണ്ട്: ക്ഷമചോദിക്കുക. ബലിയർപ്പണത്തിന് വരുന്നവൻ ബലിവസ്തു പീഠത്തിൽ വച്ചിട്ട് രമ്യപ്പെടാൻ ക്രിസ്തു പറയുമ്പോഴും ദ്രോഹിച്ചവനല്ലേ രമ്യതയ്ക്കു മുൻകൈ എടുക്കേണ്ടതു്. ബലിയപ്പകന് തന്നോട് ആർക്കോ വിരോധം ഉണ്ടെന്ന് ഓർമ്മവരുന്ന പക്ഷം അവൻ ബലിവസ്തുക്കൾ അവിടെ വച്ചിട്ട് രമ്യപ്പെടുക എന്നാണ് ക്രിസ്തു പറയുന്നതു്. എന്നോട് ആർക്കെങ്കിലും വിരോധം തോന്നണമെങ്കിൽ ഞാൻ എന്തെങ്കിലും അകൃത്യം അവനോട് ചെയ്തിരിക്കണം, സ്വാതന്ത്ര്യം തോ

ന്നുന്നവൻ മുൻകൈ എടുക്കുക. അതു് സാധ്യമാകുന്നില്ലെങ്കിൽ തെററുചെയ്തവനാണു് രമ്യത തീക്കാനുള്ള ഉത്തരവാദിത്വം. ഭിന്നതയിൽ ആയിരിക്കുന്നവർ, ഏററവും അടുത്ത സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തി രമ്യതയിലേക്കു വരാൻ യത്തിക്കേണ്ടിയിരിക്കുന്നു.

സ്നേഹം—പരിപൂർണ്ണമായ സ്നേഹം വൈകാരികമായ സ്വാതന്ത്ര്യംകൂടി ഉൾക്കൊള്ളുന്നുണ്ടെങ്കിലും അതുകൂടി ഉണ്ടായെങ്കിലേ ക്രൈസ്തവസ്നേഹമാകൂ എന്നു വരുന്നില്ല. ഭിന്നതയിലുള്ള ആളുകളുമായുള്ള ബന്ധത്തിന്റെ പടികളെ ഇങ്ങനെ വിശദീകരിക്കാം. അയാളെക്കുറിച്ച് മോശമായി സംസാരിക്കാതിരിക്കുക. അയാൾക്കുവേണ്ടി പ്രാർത്ഥിക്കുക. സഹായം ആവശ്യമുള്ളപ്പോൾ ചെയ്തുകൊടുക്കുക. പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ പെരുമാറുക.

സ്നേഹത്തെക്കുറിച്ചുള്ള പരിചിന്തനത്തിൽ ഈ ആറു തത്വങ്ങൾ കുറെയൊക്കെ ജീവിതത്തിൽ മാഗ്ഗനിദ്ദേശകങ്ങളായിരിക്കും.

## ക്രിസ്തുവും ദേഷ്യവും

ഇതേ ഭാഗത്തുതന്നെ ദേഷ്യവും സ്നേഹവും തമ്മിൽ ഒത്തുചിന്തിക്കുന്നതു് നന്നായിരിക്കും. ക്രിസ്തുവും ദേഷ്യവും (anger and Jesues) എന്ന വിഷയം ദൈവശാസ്ത്രവിദ്യാത്ഥികളുടെ ഉപരിഗവേഷണത്തിനു് പററിയ വിഷയമാണെന്നു തോന്നിയാലും പ്രായോഗിക പരിചിന്തനങ്ങൾ വളരെവേണ്ടുന്ന ഒരു സാധാരണ പ്രമേയമാണു്. സ്നേഹവും ശാന്തതയും ഒത്തുപോകുന്ന ഒന്നാണെന്നു് വേഗം നാം ഗ്രഹിക്കും. പക്ഷേ ദേഷ്യവും സ്നേഹവും ഒത്തുപോകുമോ?

ക്രിസ്തു ദേഷ്യപ്പെടുന്ന പല സന്ദർഭങ്ങളും നമുക്കു് കാണാം. അവിടത്തെ ദേഷ്യം ശാപത്തിന്റെ ഒരു സുവിശേഷഭാഗംതന്നെ രൂപപ്പെടുത്തിയിട്ടുണ്ടു്. മത്തായിയുടെ സുവിശേഷം ഇരുപത്തിമൂന്നാം അദ്ധ്യായം ശാപത്തിന്റെ

മാലപ്പടക്കമാണ്. അതു തിമിക്കെപ്പൊട്ടുന്നതു് അവസാനഭാഗത്താണ്.

''അങ്ങനെ നീതിമാനായ ഹാബേലിൻെറ രക്തം മുതൽ ദേവാലയത്തിനും ബലിപീഠത്തിനും മദ്ധ്യേവച്ച് നിങ്ങൾ വധിച്ച ബറാക്കിയാസ്സിൻെറ മകനായ സഖറിയാസ്സിൻെറ രക്തംവരെ ഭൂതലത്തു ചൊരിഞ്ഞിട്ടുള്ള എല്ലാ നീതിമാന്മാരുടേയും രക്തത്തിനു് നിങ്ങൾ ഉത്തരവാദികളായിരിക്കും'' (മത്താ. 23:35). ചിലപ്പോൾ മററു മതഗ്രന്ഥങ്ങളിൽ ഇത്തരമൊരു ഭയാനക അദ്ധ്യായം കാണുമോ എന്നു സംശയമാണ്. കാരുണ്യത്തിൻെറ ഉടൽരൂപമെന്നു് വിശേഷിപ്പിക്കാവുന്ന ഒരു വ്യക്തിയിൽനിന്നു് ഇങ്ങനെയൊന്നു പ്രതീക്ഷിക്കാൻ ആവില്ല.

ക്രിസ്തുവിൻെറ കാരുണ്യം അവിടത്തെ ദേഷ്യവുംകൂടി ഉൾക്കൊള്ളുന്നില്ലേ എന്നു് ന്യായപൂർവ്വം നമുക്കു് ചിന്തിക്കാം. അതു് അവിടത്തേതു തനതായ വ്യക്തിത്വത്തിൻെറ പ്രകാശനരീതിയാണ്. അവിടത്തെ പ്രവൃത്തിയും അനന്തരഫലങ്ങൾ ശ്രദ്ധിക്കാത്തുള്ള അവിടത്തെ വിമർശനങ്ങളും സത്യത്തിൻെറ അഗാധതയിൽനിന്നു് ഉറവെടുക്കുന്നവയായിരുന്നു. അങ്ങയെ മനസ്സിലാക്കിക്കഴിയുമ്പോഴേ ഈ ശകാരങ്ങളെ അവിടത്തെ കാരുണ്യത്തിൻെറ ഭാഗമായി നമുക്കു കാണാനൊക്കൂ. അതു് നമ്മുടെ സ്വാതന്ത്ര്യത സൃഷ്ടിക്കുന്ന നിഷ്കരുണനിയമങ്ങൾക്കെതിരെയുള്ള കാരുണ്യത്തിനുവേണ്ടിയുള്ള ആവേശധ്വനിയാണ്. ഹൃദയത്തിൻെറ ശ്രീകോവിലിൽ അവിടന്നു കാണേണ്ടാത്ത കല്ലുവടങ്ങൾ കാണുമ്പോൾ അവിടന്നു് ചാട്ടവാറുതന്നെ ഉണ്ടാക്കിപ്പോകുന്നതു് നമ്മുടെ ഹൃദയകാഠിന്യത്തോടു് മററു തലിക്കാനാണ്. ജനതയുടെ ക്രൂരമായ അപരാധങ്ങൾക്കെതിരെ വാക്കുകൾ കുറയ്ക്കാതെ വിമർശനശരം തൊടുത്തുവിട്ട പഴയനിയമ പ്രവാചകപരമ്പരയുടെ ശബ്ദസംപൂർത്തിയായിരുന്നു അവിടന്നു്. ഉയർന്നവരെ താഴ്ത്തുന്ന കാരുണ്യം തന്നെയാണ് താഴ്ന്നവരെ ഉയർത്തുന്നതു്. ധനവാനു് ഒന്നും കൊടുക്കാതെ വിശക്കുന്നവനെ തീററുന്നതു് കാരു

ണ്യമാണ്. വീണവനെ എഴുന്നേല്പിക്കുന്നതും എഴുന്നേൽക്കുന്നവനെ വീഴ്ത്തുന്നതും കാരുണ്യംതന്നെ. ബലഹീനനെ ചവുട്ടിത്താഴ്ത്തുന്ന ധിക്കാരിയുടെ കാൽക്കുഴ തെററിച്ച് ബലഹീനനെ കുഴിയിൽനിന്നും രക്ഷിക്കുന്ന വിഭിന്നകർമ്മം ദൈവകാരുണ്യത്തിൻെറ അഭിന്ന കർമ്മമാണ്. പരുഷവാക്കുകൾ കാരുണ്യപൂർണ്ണമാകുന്നത് അത് പീഡിതർക്കു മോചനശബ്ദമാകുമ്പോഴാണ്. അതാണ് ശകാരിക്കുന്ന ക്രിസ്തുവിലും കാണുക.

സ്നേഹത്തിൻെറ ക്രൈസ്തവകല്പന നിരന്തരമായ ആത്മപരിശോധനയ്ക്കു നാം വിധേയമാക്കേണ്ട കല്പനയാണ്. വെറുപ്പിൻെറ മാലിന്യങ്ങൾ അകററി മനഃസംസ്കരണത്തിനു് അനുപേക്ഷണീയമാണത്. സ്നേഹത്തിൽ വളരുമ്പോൾ നാം സ്വർഗ്ഗത്തിലേക്കു പോവുകയല്ല സ്വർഗ്ഗത്തിലേക്കു വളരുകയാണ്.

## 5

## സമർത്ഥനം നിഷേധം സമന്വയം

നല്ല ശമറായൻെറ ഉപമയുടെ വിശകലനം ക്രൈസ്തവ ആദ്ധ്യാത്മികാനുഭവം മനുഷ്യൻെറ വളർച്ചയിൽ ഏതു ഘട്ടമാണെന്ന വിചിന്തനത്തിലേക്കു തിരിയാൻ നമ്മെ പ്രേരിപ്പിക്കുന്നു. നമ്മുടെ ചിന്തയെ കൂടുതൽ എളുപ്പമാക്കാൻവേണ്ടി വ്യക്തിത്വവളർച്ചയെ മൂന്നു ഘട്ടമായി നമുക്കു് തിരിക്കാം. ഇതിനു സഹായകമായി ഹേഗൽ എന്ന ചിന്തകൻെറ മൂന്നു പ്രയോഗങ്ങൾ സൗകര്യത്തിനായി സ്വീകരിക്കുകയാണ്.

തീസിസ്സ്, ആൻറിതീസിസ്സ്, സിൻറസിസ്സ് എന്നിവയാണ് അദ്ദേഹത്തിൻെറ മൂന്നുപ്രയോഗങ്ങൾ. ഇതു്

ഹേഗൽ ഉപയോഗിച്ചതു് ഏതു് അർത്ഥത്തിലെങ്കിലുമാകട്ടെ. അതിനു മലയാളത്തിൽ സമർത്ഥനം നിഷേധം സമന്വയം എന്നീ മൂന്നുപ്രയോഗങ്ങൾ പകരമായി നമുക്കു് സ്വീകരിക്കാം. വ്യക്തിയുടെ വളർച്ചയിൽ മാത്രമല്ല സമൂഹത്തിൻെറയും മതസംഹിതയുടെയും സംസ്കാരത്തിൻെറയും ഒക്കെ വളർച്ചയുടെ ഘട്ടങ്ങളായി ഇവയെ കാണാം.

## സമർത്ഥനഘട്ടം

എല്ലാം അംഗീകരിക്കുന്ന ഒരു ഘട്ടമാണിതു്. വ്യക്തി മേലുള്ളവരെ അനുസരിക്കുന്നു. എല്ലാത്തിനും സമ്മതംമൂളുന്ന വിധേയത്വത്തിൻെറ ഘട്ടമാണിതു്. എല്ലാം ശരിയാണെന്നു സമ്മതിക്കുന്ന ഒരവസ്ഥ. ഒരു കുഞ്ഞാടിനെപ്പോലെ വിളിക്കുന്നിടത്തു ചെല്ലുന്ന പ്രകൃതിയാണിതു്. ഒന്നിനേയും എതിർക്കുന്നില്ല. സ്വയം തീരുമാനിക്കാൻ പാകമാകാത്ത അവസ്ഥയാണിതു്. തീരുമാനം മുഴുവനും അന്യനു വിടുന്നു. ചിന്ത വളരാത്ത സാഹചര്യം. വികാരം ഭരിക്കുന്ന ചുററുപാടുകൾ. സ്വയം നിർണ്ണയാവകാശമില്ലാത്ത മാനസികഘട്ടം.

ഒരു സമൂഹത്തിൻെറ വളർച്ചയിൽ ഇതു് അടിമത്തമാണു്; മാനസികവും ശാരീരികവുമായ അടിമത്തം. എല്ലാം യജമാനൻെറ തീർപ്പുകൾക്കു് വിധേയപ്പെടുന്ന അപകവമാനസ്സൻെറ ബോധരഹിതമായ അനുസരണം. യജമാനൻ അവനെ ചൂഷണംചെയ്യുന്നു. അവനിലൂടെ യജമാനൻ വളരുന്നു. സ്വന്തം അവകാശത്തെക്കുറിച്ചു് ഒട്ടും ബോധമില്ലാത്ത ബാലിശാവസ്ഥ. കടമകൾ മാത്രം നിർവ്വഹിക്കുന്ന ഘട്ടം. ഉത്തരവാദിത്വം മാത്രമേയുള്ളു. ചെയ്ത കർമ്മങ്ങളുടെ വിജയം അവനു് അവകാശപ്പെട്ടതല്ല, അതു് യജമാനനു് അവകാശപ്പെട്ടതാണു്. എന്നാൽ അപരാധങ്ങളുടെ ഉത്തരവാദിത്വം, വീഴ്ചകളുടെ ഉത്തരവാദിത്വം മുഴുവൻ ഏറെറടുക്കേണ്ടിയും വരുന്നു. ശബ്ദമില്ലാത്ത സംഘങ്ങളുടെ ചെററക്കൂട്ടം. ഇണചേരാനും ഇരതേടാനും അനുമതിക്കു കാത്തുകിടക്കുന്ന മൂകസംഘങ്ങൾ.

ഭയം ഇവിടത്തെ മൗലികവികാരമാണ്. ഭരിക്കുന്നവനും ഭരണീയരും അടിമത്തത്തിലാണ്. സമ്പൂർണ്ണമായ ഭയം ഏവനേയും വേട്ടയാടുന്നു. സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഒരു തുള്ളി വെളിച്ചംപോലും അവിടെ പ്രാപിക്കാനാവുന്നില്ല. അടിമത്തം നല്കുന്ന സുഖത്തിൽ സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തെ ഭയപ്പെട്ടുകൊണ്ട് അടിമത്തത്തിലേക്കുതന്നെ അവൻ മടങ്ങുന്നു.

രണ്ടാം ലോകമഹായുദ്ധത്തിൽ ഡാക്കാവ് കോൺസൻട്രേഷൻ ക്യാമ്പിൽ കഴിഞ്ഞിരുന്ന തടവുകാരെ സംഖ്യകക്ഷികൾ മോചിതരാക്കിയപ്പോൾ വഷങ്ങളുടെ ഇരുട്ടിൽ കഴിഞ്ഞ ചിലർ വെളിച്ചത്തിലേക്ക് പോകാൻ ഭയപ്പെട്ട് തിരികെ ഇരുട്ടിലേക്കു മടങ്ങി എന്ന് ജോൺ പവൽ എന്ന ഗ്രന്ഥകാരൻ അതിൽ തടവുകാരനായിരുന്ന വിക്ടർ ഫ്രാങ്കിൽനെ (Viktor Frankl — Man's Search for Meaning) ഉദ്ധരിച്ചുകൊണ്ട് എടുത്തുകാണിക്കുന്നുണ്ട്.*

അതു സ്വാഭാവികം മാത്രമാണ്. ദീഘനാൾ മാലിന്യത്തിന്റെ സുഖം അനുഭവിച്ചവന് നിർമ്മലതയുടെ ഐശ്വര്യാനുഭവം എളുപ്പമായിത്തീരുന്നതല്ല. ഇതു ശാരീരികാവസ്ഥ മാത്രമല്ല മാനസികമായ ഒരു നിലപാടു കൂടിയാണ്. ദീഘനാൾ യജമാനനായി കരുതിയ ഒരുവന്റെ മുന്നിൽ ഒപ്പത്തിനൊപ്പം ഇരുന്നു പെരുമാറാൻ ഒരു കീഴ്സ്ഥാനിയായിരുന്നവന് അയാൾക്ക് ഉയച്ച് വന്നാൽത്തന്നെയും സാധ്യമായി എന്നു വരുന്നതല്ല. ഭയം അവനെ തളർത്തിക്കളയുന്നു.

## ഭയം മൗലികവികാരം

ഈ അവസ്ഥയിലെ മൗലികവികാരം ഭയത്തിന്റേതാണ്. ഭയം മൃഗീയതയുടെ വികാരമാണെന്ന പറയാം.

---

* Why am I afraid to tell you who I am. John Powell. പേജ് 61

മേലാളെ കുഞ്ഞാടിനെപ്പോലെ ഭയപ്പെടുന്നവൻ കീഴാളെ ചെന്നായയെപ്പോലെ കടിച്ചുകീറും. ഏററവും നല്ല ഉദാഹരണം എവിടെയുമുള്ള പോലീസ് സംവിധാനമാണ്. മനുഷ്യന്റെ അടിമത്തഭാവത്തിന്റെ സംവിധാനമാണ് പോലീസ്. മനുഷ്യനെപ്പോലെ പെരുമാറാൻ വയ്യാത്തവന് മൃഗത്തെപ്പോലെ ചാട്ടകൊണ്ടുള്ള നിയന്ത്രണം ആവശ്യമായിവരുന്നു. സ്വാതന്ത്ര്യം ദുരുപയോഗിക്കുന്ന സംസ്കാരങ്ങളാണ് അടിമത്തം വിലയ്ക്കുവാങ്ങുന്ന മാനസികസംവിധാനങ്ങൾ.

മനുഷ്യന്റെ ശിശുപ്രായം ഏറെക്കുറെ ഈ അവസ്ഥയിലാണ് കഴിയുന്നത് എന്നുപറയാം. ചോദ്യം ചെയ്യാൻ പേടിക്കുന്ന ചിന്തയുടെ ബാലിശത്വം അവനെ ഭരിക്കുന്നു. എല്ലാത്തിനെയും അംഗീകരിക്കുന്ന, സ്വീകരിക്കുന്ന ഒരു നിലപാടാണത്. ഈ അവസ്ഥയിൽനിന്നും അവൻ വളരേണ്ടിയിരിക്കുന്നു.

## നിഷേധത്തിന്റെ ഘട്ടം

മനുഷ്യവളർച്ചയുടെ രണ്ടാമത്തെ ഘട്ടം നിഷേധത്തിന്റെ ഘട്ടമാണ്. ഇന്നുവരെ അംഗീകരിച്ച് സമർത്ഥിച്ചിരുന്നവയെ ചോദ്യംചെയ്യുന്ന ഘട്ടമാണത്. അനുസരിച്ചിരുന്നവൻ നിഷേധിയായി രൂപാന്തരപ്പെടുന്നു. ധിക്കാരം ഒരു ജീവിതരീതിയായി മാറുന്നു. കടമമാത്രം ചെയ്തു ശീലിച്ചവർ അവകാശവാദികളായിത്തീരുന്നു. വിനയവും വിധേയത്വവും ഒരുവന്റെ ശത്രുക്കളായി മുദ്രകുത്തപ്പെടുന്നു. എല്ലാം ശരിയെന്നു പറഞ്ഞിടത്ത് എല്ലാം തെററാണെന്ന് ഉറക്കെ പറയുന്ന ഒരു നിലപാട്. വിളിക്കുന്നിടത്തു ചെല്ലാൻമടിക്കുന്ന താന്തോന്നിത്ത സ്വഭാവമാണിത്. എന്തിനേയും എതിർക്കുകയും എല്ലാററിനും സ്വന്തതീരുമാനങ്ങളെ മാത്രം ആശ്രയിക്കുകയും ചെയ്യുന്നു. ചിന്തക്കു വളർച്ചവന്നെന്നും താൻ തനിക്കുതന്നെ പോന്നവനാണെന്നും കരുതുന്ന തലതെറിച്ച ഒരു പെരുമാററഭാവം.

ഒരു സമൂഹത്തിൻെറ വളർച്ചയിൽ ഇതു് ചിന്താപരമായ വളർച്ചയെ ആണ് കാണിക്കുന്നതു്. അവകാശബോധത്തിൻെറ ഒരു ചിന്താപദ്ധതി എന്നനിലയിൽ ഈ ഘട്ടത്തെ 'മാർക്സിസം' എന്നു വിളിക്കാം. വെറും ഒരു രാഷ്ട്രീയ പാർട്ടിയും സിദ്ധാന്തവും എന്നനിലയിലോ, നിരീശ്വരപ്രസ്ഥാനമെന്നനിലയിലോ ഒരു സാമ്പത്തികശാസ്ത്രമെന്ന നിലയിലോ വർഗസമരത്തിൻെറ തത്വചിന്ത എന്നനിലയിലോ അല്ല ഇവിടെ മാർക്സിസംകൊണ്ടു് വിവക്ഷിക്കുന്നതു്. മനുഷ്യനിലെ ചിന്താപരമായ വളർച്ചയിൽ അവനിൽ സംഭവിക്കുന്ന ധ്വംസനസംസ്കാരത്തിനു് ഒരു സാധാരണമായ പദം നല്കി എന്നേയുള്ളു. യുക്തിക്കും ചിന്തയ്ക്കും അമിതപ്രാധാന്യം കൊടുക്കുന്ന ഈ ഘട്ടത്തെ വിശ്വാസപ്രമാണങ്ങളുടെ സ്വഭാവം ഉൾക്കൊള്ളുന്ന 'മാർക്സിസം' എന്ന പദംകൊണ്ടു് വിവക്ഷിക്കുക അതിനോടു ചെയ്യുന്ന ഭാഷാപരമായ സാഹസമായിരിക്കും. എങ്കിലും തൽക്കാല ആവശ്യത്തിനു് ഈ പദം നമുക്കു് ഉപയോഗിക്കാം.

ഈ ഘട്ടത്തിലെ മനുഷ്യൻ പിതാവിനോടു് സ്വന്ത അവകാശം ചോദിച്ചുവാങ്ങുന്ന പുത്രനാണു്. പിതാവിൻെറ അധികാരത്തെ അവൻ ചോദ്യംചെയ്യുന്നു. പിതൃഭവനം നഷ്ടപ്പെട്ടാലും ഖേദിക്കാതെ അവൻ അവിടെ നിന്നും ഇറങ്ങിപ്പോകുന്നു. അവനു സ്വന്തമായ മേച്ചിൽപ്പുറങ്ങൾ അന്വേഷിക്കുന്നു. മററാരോ അവനുവേണ്ടി തയ്യാറാക്കിയ വഴിയേ നടന്നുപോകാൻ അവൻ ഇഷ്ടപ്പെടുന്നില്ല. നൂതനമായ പരീക്ഷണങ്ങൾക്കു് അവൻ തുനിവു കാണിക്കുന്നു. ദൈവത്തെപ്പോലെ ആകാൻ സാഹസം കാണിക്കാൻ വെമ്പുന്ന ആത്മവത്തയാണ് അവനുള്ളതു്. കല്പനകൾ ലംഘിച്ചു് നന്മതിന്മകളുടെ അറിവിൻെറ കനി ഭക്ഷിച്ചു് പരീക്ഷണം നടത്താൻ അവൻ മടിക്കുന്നില്ല. മരണമോ പറുദീസാനഷ്ടമോ ഒന്നും അവനെ പിൻതിരിപ്പിക്കുന്നില്ല. എന്തോ ചില നൂതനവഴികൾ വെട്ടിപ്പിടിക്കാൻ അവൻ കോപ്പുകൂട്ടുന്നു.

അവൻ ചോദ്യം ചോദിക്കുന്നു. ഉത്തരമുണ്ടെങ്കിലും ഇല്ലെങ്കിലും ചോദ്യങ്ങൾ. ഇരിക്കപ്പൊറുതിയില്ലാത്ത അസ്വസ്ഥമായ ആത്മാവിനെയാണ് അവൻ ഉൾക്കൊള്ളുന്നത്. ആശയകലാപത്തിൻെറ വെടിമരുന്നിന് അവൻെറ ചോദ്യങ്ങൾ തീകൊളുത്തുന്നു. അതുകൊണ്ടുണ്ടാകുന്ന സാംസ്കാരികത്തകർച്ച അവൻ ഗണ്യമാക്കുന്നില്ല. പുതിയ ഒരു യുഗപ്പിറവിയ്ക്കായി താനദ്ധ്വാനിക്കുന്നു എന്നാണവൻെറ വാദം.

സ്വന്തം അവകാശങ്ങൾ അവൻ പിടിച്ചുപററുന്നു. അതിനെക്കുറിച്ച് അവൻ ബോധവാനാണ്. കടമയേക്കാൾ ഏറെ അവകാശ പ്രബുദ്ധനാണവൻ. അവൻ നേടുന്ന വിജയത്തിൻെറ പ്രശസ്തി മററാർക്കും അവൻ ദാനം ചെയ്യുന്നില്ല.

അഹന്ത ഈ ഘട്ടത്തിലെ മുന്തിയ വികാരമാണെന്നു പറയാം. അതു് ധിക്കാരസ്വഭാവത്തിന് ജന്മം നല്കുന്നു. രണ്ടുംകൂടി വ്യക്തിബന്ധങ്ങളുടെ തകർച്ചയ്ക്ക് കളമൊരുക്കുന്നു. അവിടെ പിതൃപുത്രബന്ധങ്ങൾക്ക് സ്ഥാനമില്ല. വ്യക്തിക്കല്ല യുക്തിക്കാണ് പ്രാധാന്യം. ഉന്നതനും ഉയർന്നവനും ശക്തനും കരുത്താർജ്ജിക്കുന്നു. വർഗ്ഗങ്ങളുടെ സംഘട്ടനം അനിവാര്യമാണിവിടെ. ശക്തിയാണ് നേട്ടം കൈവരിക്കുന്നതു്. വ്യക്തിബന്ധങ്ങളുടെ അടിത്തറയായ വിശ്വാസം ജന്മശത്രുവായി പരിഗണിക്കപ്പെടുന്നു. സ്നേഹമെന്നതു ബലഹീനതയും ക്ഷമയെന്നതു് ശിക്ഷാർഹവുമായിത്തീരുന്നു. കാരുണ്യത്തിന് ഇവിടെ അർത്ഥമില്ല. ഏകാധിപത്യത്തിൻെറ സമഗ്രാധിപത്യമാണിവിടത്തെ ഭരണക്രമം. യുദാസുമാർക്ക് ഇവിടെ സ്ഥാനമില്ല. അവനും അവൻെറ പാർശ്വവൃന്ദങ്ങളും ഇതിൽ പ്രവർത്തിക്കുന്നുണ്ടോ എന്നതു് സൂക്ഷ്മമായ പരിശോധനയ്ക്കുള്ള വിഷയമാണ്. ഉണ്ടെന്നറിഞ്ഞാൽ അവർ ഗളച്ഛേദനം ചെയ്യപ്പെടുന്നു. അവന് അപ്പം മുക്കിക്കൊടുക്കുന്ന പ്രശ്നമേയില്ല. അവൻ സ്വയം കൊലമരത്തിൽ ഏറുകയല്ല, കൊലമരത്തിൽ അവനെ ഏററുകയാണിവിടെ.

കലാപമുദ്രിതമാണീ ഘട്ടം. കലാപത്തിനു നല്കുന്ന വ്യാഖ്യനം അതിമൗലികമായിരിക്കും. പുതുയുഗപ്പിറവിയുടെ ഉത്ഥാനത്തിനുമുമ്പുള്ള ദുഃഖവെള്ളിയാഴ്ചയായോ ഉദയത്തിനുമുമ്പുള്ള രാത്രിയാമമായോ അതു് വ്യവഹരിക്കപ്പെടാം. രക്തംചൊരിച്ചിൽകൂടാതെ തിന്മയിൽനിന്നു് മോചനമില്ല (ഹെബ്ര. 9:22) എന്ന വേദസൂക്തത്തിനു പുതിയ അർത്ഥവ്യാഖ്യാനം ലഭിക്കുന്നു. അന്യന്റെ രക്തമാണിവിടെ ചൊരിയേണ്ടതു്. തിന്മയെ ഉന്മൂലനംചെയ്യാൻ തിന്മ ചെയ്യുന്നവനെ ഉന്മൂലനംചെയ്യുക എന്ന പ്രായോഗികശാസ്ത്രം കൂടുതൽ പ്രസക്തമായിത്തീരുന്നു. കലാപം മൂല്യനിഷേധത്തിന്റെ തീവ്രരൂപമാണു്. ബന്ധങ്ങളുടെ സമ്പൂർണ്ണവിരാമമാണതു്. എല്ലാ നേട്ടങ്ങളേയും അതു ചാമ്പലാക്കുകയും എല്ലാ തകർച്ചകൾക്കും നേതൃത്വംകൊടുക്കുകയുംചെയ്യുന്നു. കലാപങ്ങളെ തുണയ്ക്കാൻ പ്രത്യയശാസ്ത്രങ്ങളും കുറവല്ല. ഒരു യുദ്ധം നടക്കുമ്പോൾ കുറെയാളുകൾ കൊല്ലപ്പെടാറില്ലേ. പട്ടിണിക്കും തൊഴിലില്ലായ്മയ്ക്കും എതിരേയുള്ള യുദ്ധത്തിൽ, അഴിമതി നിറഞ്ഞ ഭരണസംവിധാനത്തിനെതിരെ യുദ്ധം നടക്കുമ്പോൾ കുറെയാളുകൾ കൊല്ലപ്പെടുന്നതു ന്യായയുക്തമല്ലേ. അഴിമതി ചെയ്യുന്നവൻ കൊല്ലപ്പെടേണ്ടതല്ലേ. അനീതിക്കു കൂട്ടുനില്ക്കുന്നവൻ ഉന്മൂലനം ചെയ്യപ്പെടേണ്ടേ. അഴിമതിയെ ഉന്മൂലനംചെയ്യാൻ അഴിമതിക്കാരനെ കൊന്നാൽ മതിയാവില്ല എന്ന ആത്യന്തിക വിശകലനത്തിലേക്കു് കടക്കാനാവാതെ വളരെപ്പേർ ഉപരിപ്ലവമായ ചിന്താപദ്ധതികൾക്കു വഴിപ്പെട്ടു പോകുന്നു.

എങ്കിലും അടിമത്തത്തേക്കാൾ മെച്ചമാണിതു്. മനുഷ്യൻ ചിന്താപരമായി വളർന്ന അവസ്ഥയാണു്. വളർച്ചയെത്തിയ മാനുഷികാവസ്ഥയാണിതു്. വളർച്ചയുടെ വഴിത്തിരിവാണിവിടം. അടിഞ്ഞു കിടക്കുന്നതിനേക്കാൾ എഴുന്നേനില്ക്കുന്നതാണു് കൂടുതൽ മനുഷ്യോചിതം. ആമാശയത്തേക്കാൾ ആശയത്തിനായിരിക്കണം മനുഷ്യൻ പ്രാമുഖ്യം കൊടുക്കേണ്ടതു്. അപ്പംകൊണ്ടു മാത്രമല്ല വചനം

കൊണ്ടുകൂടെയുമാണ മനുഷ്യൻ ജീവിക്കുന്നതു് (മത്ത. 4:4). ധിക്കാരത്തിനു തുടക്കം ചിന്തയിലാണു്, വചനത്തിലാണു്. സമ്പ്രദായങ്ങളുടെ ഊരാക്കുടുക്കുകളിൽനിന്നും മോചനം ലഭിക്കുക ചിന്തയുടെ കടച്ചിൽ വഴി ലഭിക്കുന്ന ആശയാമൃതംവഴിയാണു്. ചിന്തയുടെ സ്പോടനത്തിൽ മുൻകാലവിഗ്രഹങ്ങൾ ഉടച്ചുവാക്കപ്പെടും. അത്ര സുഖകരമായ യജ്ഞമായിരിക്കുകയില്ല. പക്ഷെ മനുഷ്യന്റെ സാംസ്കാരികവളർച്ചയുടെ ഒഴിച്ചുകൂടാനാവാത്ത ഘട്ടമാണിതു്.

ധിക്കാരത്തിന്റെ ഈ ഘട്ടത്തിനു് ഗുണദോഷങ്ങളുണ്ടു്. ഗുണം വ്യക്തിയുടെ തലത്തിൽ സംഭവിക്കുന്ന സ്വാഗതീകരണമാണു് (personalization) ഉദാഹരണത്തിനു് മതപരമായ കാര്യങ്ങളെ ചെറുപ്പത്തിൽ അനുസരിച്ചിരുന്നതിനേക്കാൾ കൂടുതൽ വ്യക്തിപരമായും അർത്ഥപൂർണ്ണമായും അനുഷ്ഠിക്കാൻ ചോദ്യംചെയ്യുന്ന ഒരാൾക്കു കഴിയുന്നു. അർത്ഥമില്ലാത്തവയും ദുരാചാരപരമായവയെ നീക്കി കൂടുതൽ സ്വാഗതമാക്കാൻ ഈ വഴിക്കു കഴിയുന്നു. സമൂഹപരമായി നോക്കുമ്പോൾ ഇതിന്റെ ഉപകാരപ്രദമായ വശം സമൂഹത്തെ ചലനാത്മകമാക്കാനും, നൂതനപ്രവണതകളുമായി ആരോഗ്യകരമായ സാത്മ്യം പ്രാപിക്കാനും ഇടയാക്കുന്നു എന്നതാണു്.

ഇതിന്റെ ദോഷവശം നിഷേധാത്മകവും തീർത്തും അർത്ഥരഹിതവുമായ മൂല്യനിഷേധം വ്യക്തികൾക്കു സംഭവിക്കുമെന്നതാണു്. സമൂഹത്തിന്റെ എല്ലാവിലക്കുകളേയും ലംഘിക്കയും ജീവിതത്തകർച്ചയ്ക്കു് കളമൊരുക്കുകയും ചെയ്യാം എന്നതാണു്. സമൂഹമായ കലാപത്തിന്റെയും അക്രമത്തിന്റെയും തീവ്രാനുഭവത്തിൽക്കൂടി സമൂഹം കടന്നുപോകേണ്ടിവരും. എല്ലാം കത്തഴിഞ്ഞു് അനിയന്ത്രിതമായ ഒരുനില എത്തന്ന സംഭ്രമജനകമായ അവസ്ഥയിൽ എത്തിച്ചേരുന്നു. സ്ഥായിയായതും ക്രിയാത്മകമായതുമായ ഒന്നും നേടിയെടുക്കാൻ സമൂഹത്തിനു കഴിയാതെവരുന്നു. മനുഷ്യോചിതമല്ലാത്ത ജീവിതഞെരുക്കത്തിൽ സമൂഹങ്ങൾ ശ്വാസംമുട്ടി ജീവഗതി നിലയ്ക്കുന്നു.

## സമന്വയം

നിഷേധത്തിന്റെ ഈ ഘട്ടം കഴിഞ്ഞാണ് സമന്വയം വരുന്നത്. പക്വതയുടെ ഘട്ടമാണിത്. മുൻകാലാനുഭവങ്ങളിലൂടെ ആർജ്ജിച്ച അനുഭവസമ്പത്ത് ഉരുകിക്കൂടി ചിന്തയുടെയും ഹൃദയത്തിന്റെയും പരിപാകക്രിയയിലൂടെ രൂപപ്പെട്ട് ഒരു സമഗ്രവീക്ഷണത്തിനു കളമൊരുങ്ങുന്നു. ഗിരിശൃംഗങ്ങളിലൂടെ ഒഴുകിത്തുടങ്ങുന്ന ഒരു ജലധാര പർവ്വതവിള്ളലിൽക്കൂടി കുലംകുത്തിയൊഴുകി വലിയ ജലപാതങ്ങളായി പരന്ന ഭൂമിയിൽ നിപതിച്ച് സ്വച്ഛമായി ഒഴുകാൻ തുടങ്ങും പോലെ. ഇവിടെ ജീവിതം കൂടുതൽ വ്യക്തിഗതവും അനുഭവസമൃദ്ധവുമാകുന്നു. എടുത്തുചാട്ടങ്ങൾ കുറഞ്ഞ് വ്യക്തി കൂടുതൽ ഫലസമൃദ്ധികൊണ്ടു നിറയുന്നു. ആർജ്ജിച്ച നന്മകളുടെ പരിമളം പരത്തുന്നതിൽ തൃപ്തി കണ്ടെത്തുന്നു. സ്വന്തം അവകാശങ്ങൾ വിട്ടുകൊടുക്കാൻ സന്നദ്ധനാകുന്നു. നിശബ്ദതയുടെ വാചാലതയിലേക്കും ബഹളമില്ലാത്ത പ്രവൃത്തികളിലേക്കും ആ വ്യക്തിത്വം വ്യാപരിക്കുന്നു.

## ക്രൈസ്തവീകത

ഈ ഘട്ടത്തിലാണ് ക്രൈസ്തവീകതയ്ക്കു സ്ഥാനം. മനുഷ്യവളർച്ചയുടെ പരമോന്നതാനുഭവമാണത്. സ്വന്തം അവകാശങ്ങൾ ബോധമുള്ളവനാണ് ക്രൈസ്തവൻ. പക്ഷേ അന്യന്റെ അവകാശപ്പെട്ടവമാത്രമല്ല സ്വന്തം അവകാശങ്ങൾക്കൂടി അവൻ വിട്ടുകൊടുക്കുന്നു. മേലങ്കിക്കുവേണ്ടി മെക്കിട്ടു കയറുന്നവന് ഉടുപ്പുകൂടി കൊടുക്കുന്നത് അവൻ ഭയന്നിട്ടല്ല, ഉന്നതമായ ഒരു നീതിബോധം കൊണ്ടാണ്. ഒരു മൈൽ മാത്രം പോയാൽ മതിയായിരിക്കെ രണ്ടു മൈൽ പോയിക്കൊണ്ട് ഉദാരതയിൽ അവൻ ആരെയും പിന്നിലാക്കുന്നു. അടിക്കുന്നവനെ തിരിച്ചടിച്ച് നിലയ്ക്കുനിറുത്താൻ അറിയാമെന്നിരിക്കെ അടികൊള്ളാൻ ഇനിയും ഇടമുണ്ടെന്നു കാണിച്ച് അക്രമിയെ അവൻ അസ്തശക്തനാക്കുന്നു. ഒററിക്കൊടുക്കുന്നവൻ ശിഷ്യനാണെന്നു

അറിയുമ്പോഴും അവനു അപ്പം മുക്കി ആദ്യം കൊടുക്കാൻ അവൻ മടിക്കുന്നില്ല.

ഈ ഘട്ടത്തിൻെറ മൗലികവികാരം സ്നേഹമാണു്. വ്യക്തിയെ സമഗ്രമായി ബാധിക്കുന്ന സ്നേഹം. ഉപാധികളൊന്നുമില്ലാതെ അപരനെ സ്നേഹിക്കാൻ പര്യാപ്തമായ സ്നേഹം. സ്വജീവൻപോലും കൊടുക്കുവാൻ ഒരുവനെ പ്രാപ്തമാക്കുന്ന സ്നേഹം. ഈ ഘട്ടത്തിൽ ലോകത്തിൻെറ ജീവനുവേണ്ടി മുറിക്കപ്പെടുന്ന അപ്പവും ചിന്തപ്പെടുന്ന രക്തവുമായി ഒരുവൻ പകരുന്നു. രക്തം വമിക്കുന്ന ഈ ഭൂമിയുടെ മുറിവുകൾ ഉണക്കാൻ ഈ സ്നേഹത്തിനും അതു കാഴ്ചവയ്ക്കുന്ന ത്യാഗത്തിനുമേ സാധ്യമാകൂ. അക്രമംകൊണ്ടു് അക്രമം ഇരട്ടിക്കുമെങ്കിൽ അതിൻെറ കുലംകുത്തിപ്പാച്ചിലിനെ തടയാൻ സ്നേഹത്തിൻെറ ഈ പ്രവാഹത്തിനേ സാധ്യമാകൂ.

ശമറായൻ ഈ ഘട്ടത്തിൽ നില്ക്കുന്നു. അക്രമത്തിൻെറ അരക്ഷിതാവസ്ഥയ്ക്കു് അവൻ പകരംവീട്ടൽ നടത്തുന്നതു് ആക്രമിതനു് തൻെറ ശുശ്രൂഷ നല്കിക്കൊണ്ടാണു്. തൻെറ ജനതയുടെ ആജന്മശത്രുവിനെയാണു് അയാൾ ശുശ്രൂഷിക്കുന്നതു്. സ്നേഹം ഉപാധികളും അതിർവരമ്പുകളും സ്വീകരിക്കുന്നില്ല. ദുഷ്ടനും ശിഷ്ടനും മഴകൊടുക്കുന്ന സൂര്യനെ ഉദിപ്പിക്കുന്ന അതിരില്ലാത്ത ദൈവത്തിൻെറ അതിവ്യാപനമാണു് സ്നേഹം. ആ സ്നേഹം ദൈവംതന്നെയാണു്. മൂന്നാമത്തെ ഘട്ടത്തിലെ മനുഷ്യൻ ദൈവത്തെപ്പോലെയാണു്. സ്നേഹത്തിൽ ധൂർത്തനും കാരുണ്യത്തിൽ അദ്വിതീയനും. ഭയമെന്ന വികാരത്തിൻെറയും യുക്തിചിന്തയുടേയും തലത്തിൽനിന്നും അകന്ന ഹൃദയത്തിൻെറ ഭാഷയാണു് സ്നേഹത്തിൻെറയും കാരുണ്യത്തിൻെറയും ക്ഷമയുടേയും ഭാഷ. ഹൃദയമുള്ളതുകൊണ്ടാണു് മനുഷ്യൻ മനുഷ്യനായതു്. ഹൃദയമുള്ളതുകൊണ്ടാണു് അവനു് ചിരിക്കാൻ കഴിയുന്നതു്. സഹൃദയൻെറ ഭാഷയാണു് ചിരി. ബുദ്ധികൊണ്ടല്ല മനുഷ്യൻ മനുഷ്യനുമായി ബന്ധപ്പെടുന്നതു്. ബുദ്ധികൊണ്ടു് അവൻ പുതിയ വസ്തുക്കൾ കണ്ടുപിടിക്കും.

പക്ഷേ ഹൃദയംകൊണ്ടു് അവൻ മനുഷ്യരെ കണ്ടുപിടിക്കും. ബുദ്ധിയുടെ ഭാഷ യുക്തിയാണെങ്കിൽ ഹൃദയത്തിന്റെ ഭാഷ സ്നേഹമാണ്. യുക്തികൊണ്ടു് മനുഷ്യനു് മനുഷ്യനെ അറിയാൻ പററുന്നില്ല. സ്നേഹംകൊണ്ടേ മനുഷ്യൻ മനുഷ്യനെ അറിയുന്നുള്ളു.

ശമറായൻ സ്നേഹത്തിന്റെ ഭാഷ സംസാരിക്കുന്നു. വീണുകിടക്കുന്ന മനുഷ്യനെക്കുറിച്ചു് അവൻ യുക്തിവിചാരം നടത്തുന്നില്ല. അവന്റെ കുടുംബസാഹചര്യങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ അയാൾ ശേഖരിക്കുന്നില്ല.

സ്നേഹത്തിന്റെ കർമ്മപ്രമുഖനായി അയാൾ നടന്നു പോകുന്നു. മനുഷ്യനെ മനുഷ്യനായി കാണുന്ന അയാളുടെ കണ്ണുകൾക്കു് വർഗ്ഗീയതയുടെ തിമിരം ബാധിക്കുന്നില്ല.

സ്നേഹം നല്കുന്ന സ്വാതന്ത്ര്യം നിസ്വാർത്ഥബന്ധങ്ങളുടെ ഒരു വലിയ മേഖലയിലേയ്ക്കു് അയാളെ ഉയർത്തുന്നു. ഒന്നും പിടിച്ചടക്കാൻ ഇല്ല; ഒന്നും അയാളെ പരിമിതപ്പെടുത്തുന്നില്ല. തടവറയിലും അടിമത്തക്യാമ്പിലും അയാൾ സ്വാതന്ത്ര്യം അനുഭവിക്കുന്നു. സ്നേഹത്തിന്റെ കുരിശുദ്ധോദ്ധാവായി അയാൾ പകരുന്നു. രക്തം വമിക്കുന്ന ഈ ഭൂമിയുടെ മുറിവുകൾ ഉണക്കാൻ കൂടുതൽ രക്തം ഒഴുക്കാൻ ആഹ്വാനം നല്കുന്നവനെതിരാണു് ശമറായൻ. അതിനു സ്വന്തം രക്തം കൊടുക്കാൻ അയാൾ തയ്യാറാകുന്നു. വളർച്ചയുടെ ആദ്യഘട്ടത്തിലെ അടിമയായ മനുഷ്യനെപ്പോലെ അവൻ പെരുമാറിയെന്നിരിക്കും. അക്രമികൾക്കെതിരെ അവൻ നിശ്ശബ്ദനായി എന്നു വന്നേക്കാം. അവകാശധ്വംസികൾക്കെതിരെ അവൻ സഹിഷ്ണുത കാണിച്ചെന്നിരിക്കും. തന്റെ തോൾവസ്ത്രം ആക്രമിച്ചെടുക്കുന്നവനു് തന്റെ മേൽവസ്ത്രും അവൻ ഊരിക്കൊടുത്തെന്നിരിക്കും. പക്ഷേ അവൻ അടിമയായിരിക്കുന്നതു് സ്നേഹത്തിനാണ്. ബോധത്തിനു് വികാസംകിട്ടാത്ത ആദ്യഘട്ടത്തിലെ മനുഷ്യനേക്കാൾ, ബോധോദയത്തിന്റെ ധിക്കാരഘട്ടത്തിൽ ഊററംകൊള്ളുന്ന രണ്ടാമത്തെ ഘട്ട

ത്ത് മനുഷ്യനേക്കാൾ അവൻ കൂടുതൽ സുബോധവാനാ യിത്തീരുന്നു. വാക്പാടവത്തെ അതിശയിക്കുന്ന ശക്തി സംഭരണിയാണ് അവന്റെ നിശ്ശബ്ദത. അക്രമിയെ ക്രമീ കരിക്കുന്നതാണ് അവന്റെ സഹിഷ്ണുത. ആയുധനെ നി രായുധീകരിക്കുന്നതാണ് അവന്റെ പ്രശാന്തി. മരണ ത്തിനുപകരം അവൻ ജീവൻ നല്കുന്നു. മരണത്താഴ്വര യിൽ (എസക്കി 37) അവന്റെ പ്രശാന്തധ്വനിയുടെ ജീവ ശ്വാസത്തിൽ തലയോട്ടികളും ഉണങ്ങിവരണ്ട എല്ലിൻ കഷണങ്ങളും ഒരു വൻപടപോലെ എഴുന്നേററു നില്ക്കുന്നു.

ശമറായൻ ജീവന്റെ വക്താവായിത്തീരുന്നു. തിന്മ യിൽനിന്നുള്ള മോചനം രക്തച്ചൊരിച്ചിൽ കൊണ്ടുമാത്ര മാണെന്നു് അവനും വിശ്വസിക്കുന്നു. പക്ഷേ ആ രക്തം സ്വന്ത രക്തംതന്നെയാണെന്നു് അവനറിയാം. അപഹൃത നായ യാത്രക്കാരനു് ഏല്ക്കേണ്ടിവന്ന അക്രമതിക്തം താൻ തന്നെ കുടിക്കാമെന്നും, തന്റെ രക്തത്തെ അതു നീലനിറ മാക്കേണ്ടി വന്നാൽപ്പോലും, അതു് ഭൂമിയിലേക്കിനിയും ഒഴുകി വിനാശഹേതുവാകരുതെന്നും അവൻ നിബ്ബന്ധി ക്കുന്നു. ധാമ്മികതയുടെ ഉപകരണങ്ങളും (റോമ. 6: 13, 19) പ്രശാന്തിയുടെ ഉപകരണങ്ങളും (സെൻറു് ഫ്രാൻസീ സ് അസ്സീസി) ആക്കി തന്നെത്തന്നെ പകുത്തികൊണ്ടു് അവൻ സമൂഹത്തെ പരിവത്തനപ്പെടുത്തുന്നു.

മനുഷ്യന്റെ വ്യക്തിപരവും സംഘാതവുമായ ജീവി ത സംസ്കരണക്രിയയിലേക്കു് വെളിച്ചംവീശുന്ന ഉപമ യാണ് നല്ല ശമറായന്റേതു്. വെറും ഒരു പരസ്നേഹക ത്താവായി മാത്രം ശമറായനെ കാണാൻ പാറുന്നതല്ല. സംസ്കാരവളച്ച്യുടെ പരിപക്വഫലമായി അയാളെ നാം കാണണം. ക്രൈസ്തവ ആദശത്തിന്റെ സാക്ഷാത്കൃത വ്യക്തിത്വമായി അയാൾ നമ്മുടെ മുന്നിൽ നില്ക്കുന്നു. പല രും ചിലപ്പോഴെങ്കിലും ക്രിസ്തുവായിത്തന്നെ നല്ല ശമറാ യനെ താദാത്മ്യപ്പെടുത്തിക്കണ്ടിരുന്നു എങ്കിൽ അതു് സ്വാ ഭാവികം മാത്രമായിരുന്നു. സങ്കുചിത മാനസികവ്യാപാര

ങ്ങളിൽ കരുങ്ങുന്ന മനുഷ്യബലഹീനതയുടെ അതിർവരമ്പുകളിൽ ചിന്താഭേദനം നടത്തുന്ന നല്ല ശമറായൻ സഹൃദയ സംസ്കാരത്തിൻെറ സൗവർണ്ണസിംഹാസനത്തിൽ അവരോധിതനായിരിക്കുന്നു; ആയിരങ്ങളുടെ പ്രണാമം സ്വീകരിച്ചുകൊണ്ട്.

# 6

# ക്രൈസ്തവ സ്നേഹത്തിൻെറ മൗലികത

നല്ല ശമറായൻെറ ഉപമയിലൂടെ വ്യക്തിബന്ധങ്ങളിൽ നമുക്ക് പുലർത്താവുന്ന മൂന്നുതരം മനോഭാവങ്ങളെ ക്രിസ്തു വ്യക്തമാക്കുന്നു എന്നുപറയാം. അന്യരെ അക്രമിക്കാത്തവനായിരിക്കുക (to be passively good) അന്യരെ ആക്രമിക്കുന്നവനാവുക (to be agressively evil) അന്യരോട് നന്മയിലൂടെ അതിക്രമിക്കുക (to be agressively good).

## ചരിത്രത്തിലേക്ക്

ചരിത്രത്തിൻെറ ക്രൂരതയെ തട്ടിയുണർത്തുക എപ്പോഴും അരോചകമാണ്. പക്ഷേ അതും ചരിത്രത്തിൻെറ ഭാഗമായിപ്പോയി. കൊട്ടുംപാതകങ്ങൾ നിറഞ്ഞ ഹൃദയഭേദകമായ ചരിത്രാദ്ധ്യായങ്ങൾക്കിടയിൽ ആശ്വാസദായകമായ ചിലതും നമുക്ക് വായിക്കാൻ ഇടവരുന്നു.

എല്ലാം ലാററിൻ അമേരിക്കയിലാണ് നടന്നത്. സ്പെയിനിൻെറ മുമ്പിലേക്ക് യൂറോപ്യൻ സാഹസികത തുറന്നുവിരിച്ച അതിവിസ്തൃതമായ ഭൂഭാഗം. ഇന്ന് മെക്സിക്കോ, ചില്ലി, പെറു, കൊളമ്പിയാ, ഇക്വഡോർ, ഡൊമിനിക്കൻ റിപ്പബ്ലിക് എന്ന് വിവിധ പേരുകളിൽ അറി

യപ്പെടുന്ന വിസ്തൃതമായ ഭൂഭാഗം. കീഴടങ്ങിയ ജനതയോട് ക്രൂരതയും പാതകവും കീഴടക്കിയവരുടെ സാമാന്യനിയമമായിരുന്നു. ഭക്ഷണസമയത്ത് തന്റെ പട്ടികൾക്ക് തിന്നാൻ മനുഷ്യക്കുഞ്ഞുങ്ങളെ എറിഞ്ഞുകൊടുത്ത ഒരു ഗവർണ്ണറെ ശാസിച്ച വൈദികന് സ്വന്തം കൺമുമ്പിൽ വച്ചുതന്നെ മറെറാന്നിനെ വെട്ടിമുറിക്കുന്നതു കാണേണ്ട ദുര്യോഹമുണ്ടായി. മറെറാരാൾ അയ്യായിരത്തോളം അമേരിക്കൻ ഇൻഡ്യൻ തടവുകാരെ കൊന്നുകളഞ്ഞു. അവർ മരിക്കുന്നതു കാണാനുള്ള രസം അനുഭവിക്കാൻവേണ്ടിമാത്രം. മറെറാരിടത്ത് ഗോത്രത്തലവന്മാരും ചെറിയ രാജാക്കന്മാരും വിമോചനദ്രവ്യമായി വളരെയധികം സ്വർണ്ണംകൊടുക്കാൻ സമ്മതിക്കുന്നതുവരെ പീഡിപ്പിക്കപ്പെട്ടു. കൊടുത്തുകഴിഞ്ഞപ്പോൾ വൈക്കോൽകൊണ്ട് പൊതിഞ്ഞ് അവരെ ജീവനോടെ ദഹിപ്പിച്ചുകളഞ്ഞു. ഈ ഭയാനകാതിക്രമങ്ങളെല്ലാം ക്രൈസ്തവർ എന്നവരാണത്രേ നടത്തിയിരുന്നത്.

ഈ അതിക്രമങ്ങൾക്ക് മുപ്പതു് നാല്പതു കൊല്ലങ്ങൾക്കുമുമ്പ് മിതഭാഷിയായ ക്രിസ്റഫർ കൊളമ്പസ് 1492—ൽ തന്റെ ചെറിയ മൂന്നു കപ്പലുകളുമായി പുതിയ ഭൂഖണ്ഡത്തിലേക്ക് എത്തപ്പെട്ടു. സാഹസികരായ ആദ്യകാല അന്വേഷകർക്കും മുന്നോടികൾക്കുംശേഷം വിജിഗീഷുക്കളായ ജേതാക്കൾ എത്തി. സ്വർണ്ണമന്വേഷിച്ച്. സ്വർണ്ണംമാത്രം അന്വേഷിച്ച്. തങ്ങളുടെ മാതൃരാജ്യത്തുനിന്നു വളരെദൂരെ ജീവനെത്തന്നെ അപകടത്തിൽപ്പെടുത്തി സ്വർണ്ണത്തിനുവേണ്ടി അവർ നടത്തിയ വീരോചിത മുന്നേററങ്ങൾ സാഹസികതയുടെ പുതിയ അദ്ധ്യായങ്ങൾ എഴുതിത്തീർക്കുകയായിരുന്നു. ലക്ഷ്യം പ്രാപിക്കാൻ ധർമ്മാധർമ്മങ്ങളുടെ അതിർവരമ്പുകൾ അവർ ഒട്ടുംതന്നെ പരിഗണിച്ചില്ല.

### കീഴടക്കപ്പെട്ടവർ

കീഴടക്കപ്പെട്ടവർ ഉന്നതമായ നാഗരീകത നേടിയിരുന്ന ജനതയായിരുന്നു. ഇന്നത്തെ മെക്സിക്കോ ആസ്ടെ

കകളുടെ ജന്മഭൂമിയായിരുന്നു. വൻനഗരങ്ങളും മഹനീയസ്മാരകങ്ങളും അവർ നിർമ്മിച്ചിരുന്നു. ഇന്നത്തെ പെറു ഇൻകാസ് ഗോത്രങ്ങളുടെ ഗോത്രഭൂമിയായിരുന്നു. അതിശയകരമായ ഗതാഗത സംവിധാനമായിരുന്നു അവരുടേതു്. സാമൂഹ്യമായും രാഷ്ട്രീയമായും ഇന്നു് സോഷ്യലിസം എന്നു പറയുന്നതിന്റെ മുന്നോടിയായിക്കരുതാവുന്ന വളരെ ക്രമീകൃതമായ ഒരു സംവിധാനം അവർക്കുണ്ടായിരുന്നു.

കീഴടക്കപ്പെട്ട ഗോത്രങ്ങൾ പലതുകൊണ്ടും തങ്ങളെ കീഴടക്കിയ യൂറോപ്യരേക്കാൾ പിന്നിലായിരുന്നു. വെടിക്കോപ്പുകളും പടക്കുതിരകളും ഒന്നുംതന്നെ അവർക്കില്ലായിരുന്നു. പൊതുവേ സമാധാനകാംക്ഷികളായ ജനങ്ങൾ. തങ്ങളെ എതിർത്തവരോട് എതിർത്തുനില്ക്കാൻ അവർ ശ്രമിച്ചില്ല. പക്ഷേ അവരുടെ വിജേതാക്കളുടെ അതിക്രമങ്ങളെ കുറയ്ക്കാൻ ഈ നിരുപാധികമായ കീഴടക്കം പര്യാപ്തമായില്ല.

ഈ ഗോത്രങ്ങളുടെ ദുരന്തം സ്വർണ്ണമായിരുന്നു. അവർക്ക് ധാരാളം സ്വർണ്ണമുണ്ടായിരുന്നു. സ്പെയിനിൽ തിരിച്ചെത്തിയ കപ്പൽയാത്രക്കാർ പുതിയ നാട്ടിൽ സുലഭമായ സ്വർണ്ണത്തെക്കുറിച്ചു് അതിശയകരമായ കഥകൾ പ്രചരിപ്പിച്ചു; അരമനകളും ദേവാലയങ്ങളും പൊതിയാൻ ഉപയോഗിക്കുന്ന സ്വർണ്ണത്തെക്കുറിച്ചു്, ഉദ്യാനങ്ങളിൽ പ്രഭവിതറുന്ന സ്വർണ്ണഫലങ്ങളെക്കുറിച്ചു്, വിലയേറിയ രത്നങ്ങളെക്കുറിച്ചു്, രാജക്കന്മാർ തങ്ങളുടെ അറകളിൽ സൂക്ഷിച്ചിട്ടുള്ള തങ്കക്കട്ടികളെക്കുറിച്ചു്. ദുരയും ആർത്തിയും കൊണ്ടു പുകഞ്ഞ യൂറോപ്പിന്റെ കണ്ണുകൾ നൂററാണ്ടുകൾ അവർ പുലർത്തിയ ക്രൈസ്തവവിശ്വാസത്തിന്റെ പ്രകാശം കാണാൻ കഴിയാതെ അന്ധമായി. സ്പെയിനിന്റെ മൃഗീയവും പൈശാചവുമായ കാടത്തം വരുംനൂററാണ്ടുകളെ ലജ്ജിപ്പിക്കുവാൻ ഫണമുയർത്തിക്കഴിഞ്ഞു.

കാടത്തം അതിന്റെ മൃഗീയമായ അത്യുച്ചിയെ പ്രാപിച്ചു. ഗോത്രവർഗ്ഗക്കാരുടെ സ്വർണ്ണം കൊള്ളചെയ്യാൻ

വേണ്ടി എന്തും ചെയ്യാൻ ആർത്തിയുടെ വിഷജ്വരബാധയേററു മങ്ങിയ സ്പാനീഷ് ബുദ്ധി മടിച്ചില്ല. അവരെ അടിമകളാക്കി. മാസങ്ങൾതന്നെ കൊല്ലുന്ന ഭാരങ്ങളും ചുമററി അതിശൈത്യത്തിലും അത്യുഷ്ണത്തിലും മൈലുകൾ മൈലുകൾ നടത്തി. സ്വർണ്ണഖനികളിൽ നിർബ്ബന്ധജോലിക്ക് ഏർപ്പെടുത്തി. അതിന്റെകൂടെ അതിക്രമികളായ സ്പെയിൻകാരുടെ രക്തദാഹഭ്രാന്തിൽ നടത്തിയ കൂട്ടക്കൊലകളും പൈശാചകൃത്യങ്ങളും അതിക്രൂരതയുടെ നഗ്നതാണ്ഡവവും കൂടിയായപ്പോൾ 'ഇൻഡ്യാക്കാർ' ഈയലുകളെപ്പോലെ ചത്തൊടുങ്ങിയെങ്കിൽ അതിൽ അത്ഭുതമില്ല. ഇപ്പോഴത്തെ ക്യൂബായിലെ ജനസംഖ്യ 50000 ത്തിൽ നിന്നു് 14000 ത്തിലേക്കു് ഇരുപതുവർഷംകൊണ്ടു് ഇടിഞ്ഞുതാണു.

## ക്രിസ്തുവിന്റെ സുവിശേഷം

ഏററവും നിന്ദ്യവും മ്ലേച്ഛവുമായ ഈ ദുരന്തത്തിന്റെ ഹീനമായ ഒരു മുഖം ഈ കാടന്മാർ ക്രിസ്തുവിന്റെ നിയമമാണു് ഈ ഗോത്രങ്ങൾക്കുവേണ്ടി കൊണ്ടുവന്നിരുന്നതു് എന്ന അവകാശവാദമാണു്. സ്പെയിൻരാജാവു് പോപ്പിന്റെ മുമ്പിൽ പുതിയ ഭൂഖണ്ഡത്തെക്കുറിച്ചുള്ള അധീനാവകാശം ഉന്നയിച്ചപ്പോൾ അവരെ സുവിശേഷവല്ക്കരിക്കണമെന്ന ഔദ്യോഗികപ്രഖ്യാപനം പോപ്പ് നടത്തുകയുണ്ടായി. കണ്ടുപിടിക്കപ്പെട്ട പുതിയ സമൂഹങ്ങളെ സുവിശേഷത്തിന്റെ പ്രഭാതാനുഭവത്തിലേക്കു് കൊണ്ടുവരണമെന്നു് സ്പെയിനിന്റെ രാജ്ഞി ഭക്തയായ ഇസബെല്ലാ, തന്റെ സൈനികാധികാരികൾക്കു് നിർദ്ദേശം കൊടുക്കുകയുമുണ്ടായി. എന്നാൽ ദുരയും ആയുധമത്തുംകൊണ്ടു് ലഹരിമൂത്ത കിരാതരായ സൈനികമേധാവികൾ കണ്ടോ അതിനു നേരം. അവരുടെകൂടെ എത്തിയ പുരോഹിതർ മനസ്സാന്തരപ്പെടുത്തിയവരാകട്ടെ ഈ യൂറോപ്യൻ കിരാതികൾക്കു മുന്നിൽ കഴുതച്ചുമടു ചുമക്കാൻ യോഗ്യരായ നികൃഷ്ടരായ അടിമകളായിരുന്നു. പുതിയ ലോകം കണ്ടുപിടിക്കുക എന്ന സാഹസികതയുടെ വീരോചിത

അദ്ധ്യായങ്ങരം വിരചിക്കപ്പെട്ട ആ യുഗത്തിൽത്തന്നെ ക്രൂരതയുടെ ഈ നാണംകെട്ട അദ്ധ്യായങ്ങരം വായിക്കേണ്ടിവന്നതു് വിധിവൈപരീത്യമാകാം. എങ്ങും ഒരന്ത്യം കാണാതെ ഈ ക്രൂരോന്മാദിയായ സ്പെയിൻ അതിൻെറ ബലിയാടുകളെ അന്വേഷിച്ചുകൊണ്ടേയിരുന്നു.

1509-ാം വർഷം മോൺടെസ്സിനസ് (Montesinos) എന്ന ഒരു ഡൊമിനിക്കൻ വൈദികൻ സാന്തോ ഡൊമിങ്കോ എന്ന ദേവാലയത്തിൻെറ പ്രസംഗപീഠത്തിലേക്കു കയറി. 'സർവ്വജാതികളേയും അടിച്ചുതകർക്കാൻവേണ്ടി അവിടത്തെ വായിൽനിന്നും മൂർച്ചയുള്ള ഒരു വാരം പുറപ്പെടുന്നു' (വെളി. 19:15) എന്ന വെളിപാടുപുസ്തകത്തിലെ വാക്കുകരം പൂർത്തീകരിക്കുവാനെന്നവണ്ണം തൻെറ മുമ്പിലിരുന്ന സ്പാനീഷ് ക്രൈസ്തവമതത്തിൻെറ സാധികാരഭക്തന്മാരെ അദ്ദേഹം കടന്നാക്രമിച്ചു. മൃഗീയതയുടെ ഈ കാട്ടാളന്മാരെ തൻെറ ദൈവികമായ അധികാരബോധത്തോടെ അദ്ദേഹം ശാസിച്ചു. ദേവാലയത്തെ ഭീകരതാവളമായി അധ:പതിപ്പിച്ച അവരുടെ ഭക്തികാപട്യത്തിൻെറ ചെങ്കുപ്പായം അദ്ദേഹം വലിച്ചുചീന്തി. തനിക്കു തന്നിൽതന്നെ സംഭരിച്ചെടുക്കാവുന്ന ആത്മീയപ്രാഭവത്തോടെ സ്പാനീഷ് മൃഗീയലാലസതയുടെ കടം ചുകപ്പാർന്ന കരിങ്കൽ കോട്ടകളെ ഇടിച്ചുനിരത്തിയ ആദ്ധ്യാത്മിക ബോംബാക്രമണമായിരുന്നു അതു്. കൊള്ളയും കൊള്ളിവയ്പും, ബലാൽസംഗവും മനസ്സാക്ഷിക്കുത്തു കൂടാതെ നിർവ്വഹിച്ചിട്ട് ഞായറാഴ്ച ദൈവാലയത്തിൽ ആരാധനയ്ക്കു തള്ളിക്കയറി വന്ന അധർമ്മ സൈത്താന്മാരുടെ ദുരയും ആർത്തിയും മത്തുപിടിപ്പിച്ച ശിരസ്സുകളെ വചനത്തിൻെറ ഊക്കേറിയ ആഘാതത്താൽ അദ്ദേഹം തല്ലിപ്പൊളിച്ചു. ചുററും നടക്കുന്ന അക്രമങ്ങളുടെ കിരാതമുഖത്തെ, സംഭവങ്ങരംക്കു പിറകേ സംഭവങ്ങരം എടുത്തുകാട്ടി അദ്ദേഹം അനാവരണം ചെയ്യപ്പോരം ഭക്തന്മാർക്കു നില്ക്കക്കള്ളിയില്ലാതായി. അവർ അസഭ്യവർഷം നടത്തി. അക്രമികളുടെ അന്തേരക്തം സിരകളിൽ ഓടിയിരുന്ന ആ മനുഷ്യപ്പ

ത്രൻ ശിലാതുല്യമായ അവരുടെ ഹൃദയകാഠിന്യത്തെ അതേ സാഹസികതയോടും കരളുറപ്പോടും നേരിട്ടപ്പോഠം തുല്യശക്തികഠം തമ്മിലുള്ള ഒരു പോരാട്ടം ആരംഭിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹത്തോടൊപ്പം മററു വൈദികരും രംഗത്തിറങ്ങി. അതിദീഘമായ ഒരു പോരാട്ടത്തിൻെറ തുടക്കമായിരുന്നു അതു്. അല്പമായെങ്കിലും ചില പരിവത്തനങ്ങഠം ആരംഭിച്ചുകഴിഞ്ഞു. കുറെ ക്രൈസ്തവരെങ്കിലും ചിന്തിക്കാൻ തുടങ്ങി, തങ്ങഠം എന്താണീ ചെയ്യുന്നതെന്നു്?

## ഒരു യുവാവു്

ഒരു യുവാവു് അതു കണ്ടെത്തി. തന്നിലെയും തൻെറ ചുററുപാടുകളിലെയും തിന്മയുടെ പാരാവാരം. ഒരു യോദ്ധാവിൻെറ രണവീര്യം സിരകളിൽ പാഞ്ഞൊഴുകുന്ന യുവാവ്. സാഹസികതയ്ക്കുവേണ്ടി, സ്വണ്ണത്തിനുവേണ്ടി മൈലുകഠം താണ്ടിയെത്തിയ യുവാവ്. ബാത്തലോം ഡെ ലാസ് കസാസ് (Bartolom'e de Las Casas)യുദ്ധത്തിൻെറ ക്ഷാത്ര പാരമ്പര്യത്തിൽ വളന്നിരുന്ന യുവധീരനായിരുന്നു അയാഠം. കൊളമ്പസിൻെറകൂടെ ലാസ് കസാസ്കുടുംബത്തിൻെറ രണ്ടാംതലമുറ യാത്രചെയ്തിട്ടുള്ളതാണ്. 1498–ൽ അദ്ദേഹത്തിൻെറ മൂന്നാം യാത്രയിലാണ് ബാത്തലോം യാത്ര പുറപ്പെട്ടതു്. പിന്നീടുള്ള വർഷങ്ങളിൽ ഒരു സ്പാനിഷ് ജൈത്രയാത്രികൻെറ ഔദ്ധ്യത്യത്തോടും യുവസഹജമായ ഊജ്ജസ്വലതയോടുംകൂടെ മണ്ണിലും പൊന്നിലും ആത്തിപൂണ്ടു് ബാത്തലോം യാത്രചെയ്തു. ആയിരക്കണക്കിനു് ഇൻഡ്യാക്കാരെ ഹീനമായ കരുതിക്കിരയാക്കുന്നതും, അവരുടെ വസ്തുവകകഠം കൊള്ളയടിക്കുന്നതും അത്യന്തം നിന്ദ്യമായ അടിമത്തത്തിനു് അവരെ വിധേയരാക്കുന്നതും കത്താവ് അംഗീകരിക്കുമോ എന്നു ചിന്തിക്കാൻ അയാഠം മിനക്കെട്ടില്ല.

## പരിവത്തനത്തിലേക്കു്

അന്നു് ആ ഡൊമിനിക്കൻസന്യാസിയുടെ പ്രസംഗം, ഇൻഡ്യാക്കാരുടെ ജീവൻെറ അടിസ്ഥാന പൗരാവ

കാശത്തിനുവേണ്ടിയുള്ള ഗജ്ജനം കേട്ട് ബാത്തലോം ചൂളിപ്പോയി. അദ്ദേഹത്തിന്റെ ക്രൈസ്തവമനഃസ്സാക്ഷി ഉണന്നു. ആത്മപരിവത്തനത്തിന്റെ അഗ്നിസ്ഫോടനത്തിന് അദ്ദേഹം വിധേയനായി. ആത്മതാപത്തിന്റെ ഉരുക്കമൂശയിൽ ഒരാദ്ധ്യാത്മിക രാക്ഷസൻ, ഇൻഡ്യക്കാക്കവേണ്ടി പക്ഷംചേരാൻ രൂപപ്പെട്ടകയായിരുന്നു.

അദ്ദേഹത്തിന്റെ അനുതാപം കർമ്മബദ്ധമായിരുന്നു. തന്റെ അടിമകളെ എല്ലാം അദ്ദേഹം മോചിപ്പിച്ചു. പിന്നീട് ആ ഡൊമിനിക്കൻ വൈദികരെ അദ്ദേഹം ചെന്നുകണ്ടു. വൈദികനാകാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം അധികാരികരം സ്വീകരിച്ചു. പരിശീലനം പൂത്തിയാക്കി അദ്ദേഹം വൈദികനായി. ആദ്യമായാണ് സ്പാനീഷ് ജൈത്രയാത്രികരിൽ ഒരാരം വൈദികനാകുന്നത്. തന്മൂലം ആദ്യകുബ്ബാന വലിയ ആഘോഷത്തോടുകൂടിയായിരുന്നു. ദൈവത്തിന്റെ ഒരു യോദ്ധാവ് പടക്കളത്തിലേക്കിറങ്ങിക്കഴിഞ്ഞു.

## പടക്കളത്തിലേയ്ക്കു്

അതിഭീഷണമായ ശത്രുനിരയുടെ മഹാനിര. ദീർഘമായ തന്റെ ജീവിതത്തിൽ താൻ ഏറ്റുമുട്ടേണ്ടിവരുന്ന മനുഷ്യപാതകികളുടെ കണ്ണെത്താത്ത മഹാവ്യൂഹം. സഹായിക്കാനാരുമില്ലാതെ തങ്ങളുടെ നിരപരാധിത്വത്തിനു് ജീവൻ ബലികൊടുക്കേണ്ടിവന്ന ഗോത്രവർഗ്ഗങ്ങളുടെ അസ്ഥിക്കൂമ്പാരങ്ങരം നിറഞ്ഞ ശ്മശാനതാഴ്വര. അതിനിടയിൽ ആ പ്രവാചകൻ അസ്വചേതനയോടെ ഒരുനിമിഷമെങ്കിലും വിറങ്ങലിച്ചിട്ടുണ്ടാവണം.

യുദ്ധത്തിനുതന്നെ അദ്ദേഹം തയ്യാറെടുത്തു. തുറന്ന ഒരു പോരാട്ടത്തിനുതന്നെ. തന്റെ ജീവിതത്തെ ബലിയപ്പിക്കുന്ന അരംത്താരയായി അദ്ദേഹത്തിന്റെ പ്രവത്തനരംഗം മാറിക്കഴിഞ്ഞു. ദേവാലയപ്രസംഗപീഠം അദ്ദേഹം മനുഷ്യാവകാശധ്വംസികരംക്കെതിരേ ശക്തിയോടെ ഉപ

യോഗിക്കാൻ തുടങ്ങി. പ്രതിയോഗികരം വെറുതെയിരു ന്നില്ല. പുതിയ ഭൂഖണ്ഡത്തെ നരഹത്യകൊണ്ട് വിജന മാക്കുകയും വസ്തുവകകരം കൊള്ളയടിക്കുകയും ചെയ്യുന്ന മനു ഷ്യാധമന്മാർ, പ്രസംഗപീഠത്തിൽനിന്നും വിമർശനത്തി ൻെറ വാക്താഡനം ഏല്ക്കേണ്ടിവന്ന ഭരണാധികാരികരം, കൃഷിത്തോട്ടങ്ങളിലും സ്വർണ്ണഖനികളിലും അടിമപ്പണി നടത്തിച്ചിരുന്ന ഭൂവുടമകരം ഈ വേതാളസംഘങ്ങരം ഒന്നു ചേർന്നു. തങ്ങളുടെ വ്യവസായം നശിപ്പിക്കാൻ ഈ പുരോ ഹിതപ്പരിഷകളെ അനുവദിക്കരുതെന്ന് അവർ ശപഥം ചെയ്തു. മാത്രമല്ല ഇന്ത്യാക്കാർ ഈ വൈദികരുടെ പ്രേര ണമൂലം വശംവദരായി സ്പാനീഷ് രാഷ്ട്രത്തിന്നെതിരേ യുദ്ധംചെയ്തു എന്നുംവരാം. അവർ നിവേദനങ്ങരം നടത്തി. വൈദികർക്കെതിരെയുള്ള ശ്രമങ്ങരം ഭീഷണിയുടെയും അക്രമത്തിൻെറയും രൂപംപ്രാപിച്ചു. എങ്കിലും നിരാശ്രയ രായ ഇന്ത്യാക്കാരെ സഹായിക്കാനുള്ള അപ്രതിരോധ്യ മായ തൃഷ്ണ വൈദികരെ ആമൂലം ഗ്രസിച്ചുകഴിഞ്ഞിരുന്നു. ധർമ്മാധർമ്മത്തിൻെറ കുരുക്ഷേത്രത്തിൽ ഒരു ധർമ്മയുദ്ധം അനിവാര്യമായിവന്നു.

ബാർത്തലോം മലയും താഴ്വാരവും താണ്ടി നിരാശ്ര യരായ ഇൻഡ്യാക്കാരെ സഹായിക്കാൻ. വൈദികവേഷ ത്തിൽപ്പോലും ഒരു സ്പെയിൻകാരനെ കണ്ടാൽ വെറുക്കാൻ കാരണമാകുംവിധം സ്പാനിഷ് അക്രമത്തിനു കുപ്രസിദ്ധി നേടിയ ക്യൂബായുടെ ഒരു ഭാഗത്ത് അദ്ദേഹം ഇടവക വൈ ദികനായി ജോലി ഏറ്റെടുത്തു. ക്രൂരന്മാരായ സ്പാനീഷ് രണവീരന്മാരുടെ ക്രൂരത മെരുക്കിയെടുക്കാനും അദ്ദേഹം ശ്രമിക്കാതിരുന്നില്ല. ഇന്നത്തെ ഗ്വാട്ടിമാലാ പ്രദേശത്ത് യുദ്ധക്കൊതിയന്മാരും രക്തദാഹികളുമായ ഗോത്രവർഗ ക്കാരുടെ ഇടയിലേക്ക് നിരായുധനായി അദ്ദേഹം ഇറങ്ങി ച്ചെന്നു. അവരെ ക്രിസ്തുവിനായി നേടി. പെറുവിലോ മെക്സിക്കോയിലോ, നികരാഗ്വായിലോ, സാന്തോ ദൊ മീങ്കോയിലോ എവിടെയെല്ലാം ദൈവത്തിൻെറ വചനം അറിയിക്കാനും അവിടത്തെ സ്നേഹം അറിയിക്കാനുമുണ്ടോ

യിരുന്നോ അവിടെയെല്ലാം അദ്ദേഹം അക്ഷീണനായി ഓടിയെത്തി. അദ്ദേഹത്തിൻെറ വെള്ളയും കറുപ്പുംകലൻ ഡൊമിനിക്കൻവസ്ത്രം ലാററിൻ അമേരിക്കയ്ക്കു സുപരിചിതമായിക്കഴിഞ്ഞു.

## ഇൻഡ്യാക്കാരുടെ പിതാവ്

തങ്ങൾക്കുവേണ്ടി വാദിക്കുന്ന അക്ഷീണനായ ഒരു വൈദികസേനാനായകനെ കണ്ട് ഇൻഡ്യാക്കാർ അമ്പരന്നു. "ഇൻഡ്യാക്കാരുടെ പിതാവ്" എന്ന അപരനാമം അദ്ദേഹത്തിനവർ നല്കി. യുദ്ധക്കൊതിപൂണ്ട ഗോത്രങ്ങളെത്തന്നെ ശാന്തമാക്കാൻ അദ്ദേഹത്തിൻെറ സാന്നിദ്ധ്യം മതിയായിരുന്നു. ഗ്രാമങ്ങൾ ക്രൈസ്തവീകതയെപ്പുണർന്നു.

സുഗമമായിരുന്നില്ല അദ്ദേഹത്തിൻെറ സമാധാനജൈത്രയാത്ര. സ്പെയിൻകാരെ കൊന്ന ഗോത്രങ്ങളേയും ആ ഗോത്രങ്ങളോടു പകവീട്ടിയ അവരെ തടവുകാരും അടിമകളുമാക്കിക്കൊണ്ടുപോകുന്ന സ്പെയിൻകാരേയും നിസ്സഹായനായി അദ്ദേഹത്തിനു നോക്കിനില്ക്കേണ്ടിവന്നിട്ടുണ്ട്. ചില സ്പാനീഷ് വൈദികരുടെതന്നെ എതിർപ്പിന് അദ്ദേഹം വിധേയനാകേണ്ടിവന്നിട്ടുണ്ട്. ചിലപ്പോൾ ജീവരക്ഷയ്ക്കുവേണ്ടി അദ്ദേഹത്തിന് ഓടിയൊളിക്കേണ്ടതായും വന്നിട്ടുണ്ട്.

എങ്കിലും അപ്രതിരോധ്യമായ ആവേശത്തോടെ അദ്ദേഹം തൻെറ യത്നം തുടർന്നുകൊണ്ടിരുന്നു. മതാധികാരികൾക്കും രാഷ്ട്രീയാധികാരികൾക്കും അതിക്രമങ്ങളുടെ റിപ്പോർട്ടുകൾ അയച്ചു. രാഷ്ട്രീയാധികാരികൾ ഇത്തരം ഹീനകൃത്യങ്ങൾ തുടരുന്നതു് അധാർമ്മികമാണെന്നും കാണിച്ചു് സൈനികാധികാരികളെ തങ്ങളുടെ ക്രൈസ്തവധർമ്മത്തെക്കുറിച്ചു് ഓർമ്മിപ്പിക്കുകയുണ്ടായി പക്ഷേ സ്പെയിനിൻെറ തലസ്ഥാനമായ മാൻഡ്രിഡിൽനിന്നുള്ള വാക്കുകൾ അങ്ങകലെ തെക്കേ അമേരിക്കയിൽ ഒരു ചലനവും ഉണ്ടാക്കിയില്ല.

## കടലുകൾ താണ്ടി

ഹതാശനായ ബാത്തലോം സ്പെയിനിലേക്ക് യാത്ര പുറപ്പെടാമെന്നുതന്നെ തീരുമാനിച്ചു. നേരിട്ടു പുറപ്പെട്ട് രാജാവിനെകണ്ട് കാര്യം ഉണർത്തിക്കുക തന്നെ. അതും വിജയിച്ചില്ല. ഫെർഡിനാൻറ് രാജാവിനേയും അദ്ദേഹത്തിൻെറ കാലശേഷം ചാറംസ് അഞ്ചാമനേയും കണ്ടു. പക്ഷേ ഒന്നും നടന്നില്ല. ഇൻഡ്യാക്കാരുടെ പക്ഷംചേന്ന ആ ധീരാത്മാവ് അററ്ലാൻറിക് അഞ്ചുപ്രാവശ്യം തരണംചെയ്തു; ഇൻഡ്യാക്കാർക്കുവേണ്ടിത്തന്നെ. സ്പാനിഷ് അധികാരവൃന്ദത്തിൽ അമേരിക്കയിൽ അതിക്രമം കാട്ടി വന്നിരുന്നവരുടെ ബന്ധുക്കളും സിൽബന്ധികളും ധാരാളമായുണ്ടായിരുന്നു. മാത്രമല്ല മതാധികാരികറംവരെ അവിടെനിന്നു കിട്ടുന്ന സമ്പത്തിൽ കണ്ണുനട്ടുകൊണ്ട് പുതിയ ഭൂഖണ്ഡത്തിലെ പ്രവത്തനങ്ങളിൽ പണം നിക്ഷേപിച്ചുമിരുന്നു. അതിൻെറ പ്രതിഫലംപററി രുചിച്ചറിഞ്ഞവർ അവിടെ നടക്കുന്ന ക്രൂരതക്കെതിരെ പോരാട്ടമെന്ന് ചിന്തിക്കുക അസാധ്യമായിരുന്നു. ഫാ. ബാത്തലോമിനും രാജാവിനുമിടക്കായി എങ്ങനെയെങ്കിലും വിടവുണ്ടാക്കാൻ അവർ അവസരം പാത്തിരുന്നു. അദ്ദേഹത്തെ ഭ്രാന്തനെന്ന് അവർ മുദ്രകുത്തി അമേരിക്കയിൽനിന്നുതന്നെ വിരുദ്ധചേരിയിൽപ്പെട്ട ഒരു വൈദികനെ വരുത്തി ഫാ. ബാത്തലോമിൻെറ പ്രവത്തനങ്ങറം സ്പാനിഷ് ദേശീയതയ്ക്കും സുവിശേഷപ്രവത്തനങ്ങറംക്കും എതിരായ നീക്കമാണെന്നുവരെ അധികാരികളെ ധരിപ്പിക്കാൻ അവക്കു കഴിഞ്ഞു. എങ്കിൽത്തന്നെയും ബാത്തലോമിന് സന്ദർശനമനുവദിച്ച രാജാവ് ഇൻഡ്യാക്കാരെ രക്ഷിക്കാൻ പുതിയ നിയമങ്ങറംക്ക് രൂപംനല്കാമെന്ന് സമ്മതിച്ചു. പക്ഷേ അത് എത്രമാത്രം ഫലപ്രദമായിരിക്കുമെന്ന് ആക്കും പറയാൻ കഴിഞ്ഞിരുന്നില്ല.

## ഇൻഡീസിൻെറ വിനാശം

അദ്ദേഹം ഒരററകൈ പ്രയോഗംകൂടെ നടത്തി. 'ഇൻഡീസിൻെറ വിനാശം' എന്നൊരു കൃതി തയ്യാറാക്കി. സ്പാ

നിഷ് അതിക്രമികളുടെ നരനായാട്ടിന്റെ ഹൃദയസ്പർശകമായ ഒരു ദൃക്സാക്ഷിവിവരണം അദ്ദേഹം അവതരിപ്പിച്ചു. അടിമത്തത്തിനെതിരായ ഒരു കടന്നാക്രമണവും അദ്ദേഹം അതിൽ നടത്തിയിട്ടുണ്ട്. മാത്രമല്ല ഇൻഡ്യാക്കാരുടെ ഇടയിൽവേണ്ട സുവിശേഷപ്രവർത്തനത്തിന്റെ വിവിധരീതികളും അതിൽ അദ്ദേഹം വിശദമാക്കി. അതിന്റെ പ്രസിദ്ധീകരണം സംഭ്രമജനകമായി. എതിരാളികൾ അതിനെതിരെ ഒരു ലഘുലേഖ തയ്യാറാക്കി എങ്കിലും അതു ഉദ്ദേശിച്ച ഫലം ഉളവാക്കിയില്ല. ക്രൈസ്തവാഭിപ്രായം ഒരഗ്നിപർവ്വതം കണക്കേ രൂപപ്പെട്ടു. ''ദിവ്യരക്ഷകന്റെ ബഹുമാനത്തിനും ആദരത്തിനുംവേണ്ടി'' ഇൻഡ്യാക്കാർ ചുട്ടുകൊല്ലപ്പെട്ടു എന്ന വാസ്തവവിവരണം ആരെയാണ് സ്പർശിക്കാതെ പോകുന്നത്.

ചാൾസ് അഞ്ചാമൻ കൃതി വായിച്ചു. അദ്ദേഹം സ്തബ്ധനായിപ്പോയി. 1542-ൽ അദ്ദേഹം ഇൻഡ്യാക്കാർക്കുവേണ്ടിയുള്ള മഹാസഭയുടെ മുമ്പാകെ തന്റെ അനുഭവങ്ങൾ വിവരിക്കാൻ ഈ വലിയ മിഷനറിയെ ക്ഷണിച്ചു. അദ്ദേഹം ചില ഇന്ത്യാക്കാരേയും കൂടെ കൊണ്ടുപോയിരുന്നു. ചില സ്പാനീഷ് ആക്രമണകാരികളുടെതന്നെ വിവരങ്ങൾ രാജാവു കേട്ടു. രാജാവും അരമനയും വേഗം പ്രവർത്തനസന്നദ്ധരായി. പോപ്പ് സ്പാനീഷ് അതിക്രമങ്ങളെ അപലപിച്ചുകൊണ്ട് തിട്ടൂരം പുറപ്പെടുവിച്ചു.

## ബിഷപ്പ്

ഫാ. ബാർത്തലോമിനു് 70 വയസ്സായി. തിരികെ പുതിയ ഭൂമിയിലേക്കു പോകാൻ അദ്ദേഹം ആർത്തിപൂണ്ടു. രാജാവ് അദ്ദേഹത്തെ ബിഷപ്പായി നിർദ്ദേശിച്ചു. ആദ്യം നിശ്ചയിച്ച രൂപത സാമ്പത്തികമായി വളരെ മുന്നോക്കമായതിനാൽ അദ്ദേഹം അതു നിരസിച്ചു. എന്നാൽ വളരെ പാവപ്പെട്ട ഒരു ഭാഗം സ്വീകരിച്ചുകൊണ്ട് അദ്ദേഹം ബിഷപ്പാകാമെന്നു് സമ്മതിച്ചു. അങ്ങനെ മെക്സിക്കോ

യിലെ മലവാരങ്ങളിലുള്ള ഖിയാപ്പാസിന്റെ (Chiapas) ബിഷപ്പായി അദ്ദേഹം ജോലി ഏറെറടുത്തു.

**അററകൈ പ്രയോഗം**

പക്ഷേ അദ്ദേഹം അടങ്ങിയിരുന്നില്ല. ചാറംസ് അഞ്ചാമന്റെ പുതിയ കല്പനകരം അനുസരിക്കുന്നില്ലെന്നും അതിക്രമങ്ങരം വീണ്ടും തുടരുകയാണെന്നും അദ്ദേഹം കണ്ടു. തന്റെ പ്രിയപ്പെട്ട ഇൻഡ്യൻജനതയെ രക്ഷിക്കാൻ അദ്ദേഹം വീണ്ടും രംഗത്തിറങ്ങി. ഈ അവസരത്തിലാണ് തന്റെ മതാധികാരം അദ്ദേഹം ഈ കാര്യത്തിനെതിരെ ശക്തമായി പ്രയോഗിക്കാൻ ശ്രമിച്ചതു്. ഒരു പുതിയ ഗ്രന്ഥത്തിൽ പുതിയ ഒരാശയം അദ്ദേഹം രൂപം കൊടുത്തു. സ്പാനീഷ് ക്രൈസ്തവരുടെ പാപനിവേദനം സ്വീകരിക്കുന്ന വൈദികൻ അവരുടെ ധനസമ്പാദന മാർഗ്ഗത്തെക്കുറിച്ചും, അടിമകളോടുള്ള പെരുമാററത്തെക്കുറിച്ചും ചോദ്യംചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അടിമകളെ വിമോചിപ്പിക്കുന്നില്ലെങ്കിൽ, കൊള്ളവസ്തു തിരികെ കൊടുക്കുന്നില്ലെങ്കിൽ അവരുടെ പാപം മോചിക്കാനും പാടില്ല. ഭൂരിപക്ഷം വൈദികരും ബിഷപ്പിന്റെ നിർദ്ദേശത്തെ സ്വാഗതം ചെയ്തു.

''ഇൻഡ്യാക്കാരെ ഹിംസിക്കയും അവരുടെ സ്വത്തും കൊള്ളയടിക്കയും ചെയ്യുന്നവക്ക് പാപമോചനം കൊടുക്കുന്ന വൈദികർ അവർ വളരെ ലാഘവമായി മോചനം കൊടുക്കുന്ന ഈ അതിക്രമങ്ങരംക്ക് ഉത്തരം കൊടുക്കേണ്ടിവരുമെന്നും ദൈവത്തിന്റെ മുമ്പിൽ ഈ തിന്മകളിൽ പങ്കുകാരാകുന്നുവെന്നു് അറിയുകയും ചെയ്യട്ടെ.'' പരിശുദ്ധനായ ആ ബിഷപ്പ് പ്രഖ്യാപിച്ചു.

പുതിയ ഭൂഖണ്ഡത്തിലെ സ്പാനീഷ് അധികാരികരം കോപാന്ധരായി. അവരുടെ കപടഭക്തിയുടെ തിരുനെററിക്കേററ ചുററികയടിയായിരുന്നു അതു്. ഈ ഭ്രാന്തൻ ബിഷപ്പിനെതിരെ അവർ റിപ്പോർട്ടുകരം അയയ്ക്കാൻ തുടങ്ങി.

രാജാവു് ബിഷപ്പിനെ വിളിച്ചു. ഭയചകിതനായും യാചനാഭാവത്തിലും രാജസന്നിധിയിൽ അദ്ദേഹം ഇഴഞ്ഞുകയറുമെന്നു കരുതിയവക്കു തെററുപററി. ആത്മീയ പ്രാഭവത്വത്തിൻെറ അധൃഷ്യതേജസ്സോടും മനുഷ്യസ്നേഹത്തിൻെറ അകളങ്ക പ്രാഭവത്തോടുംകൂടി രാജസന്നിധിയിലേക്കു് പ്രവേശിച്ചു് പാതകികാംക്കുനേരേ വിമശ്നത്തിൻെറ ചൂണ്ടുവിരൽ അദ്ദേഹം നീട്ടി. തൻെറ പ്രവത്തികളെ അദ്ദേഹം സന്യായം വിവരിച്ചു. മുൻ രാജശാസനകാം അദ്ദേഹം ഓപ്പിച്ചു. പാവപ്പെട്ട ഇന്ത്യാക്കാരോടു് കാരുണ്യം കാണിക്കാൻ ഇസബെല്ലാ രാജ്ഞി അവരുടെ മരണക്കിടക്കയിൽ കേണപേക്ഷിച്ച കാര്യം അദ്ദേഹം ഓപ്പിച്ചു. ചാറംസ് അഞ്ചാമൻ ബിഷപ്പിൻെറ വാദങ്ങളെ ശരിവച്ചു. അദ്ദേഹം പുതിയ കല്പനകാം പുറപ്പെടുവിച്ചു.

എൺപതുകഴിഞ്ഞ വയോവൃദ്ധൻ തൻെറ പ്രേക്ഷിതരംഗത്തു് ഉണ്ടായിക്കൊണ്ടിരുന്ന വേദനിപ്പിക്കുന്ന സംഭവങ്ങാം കേട്ടു് വീണ്ടും അങ്ങോട്ടു യാത്രതിരിക്കാൻ തിടുക്കം കാട്ടി. പക്ഷേ അദ്ദേഹം അവശനായിക്കഴിഞ്ഞിരുന്നു. ഇംഗ്ലണ്ടിൽ ആയിരുന്ന ചാറംസിനു് വീണ്ടും ആ വൃദ്ധൻ എഴുതി. തൊണ്ണൂററി രണ്ടാമത്തെ വയസ്സിൽ ആ പടയാളി യുദ്ധകിരീടം വാങ്ങാൻ പറന്നുപോയി.

അതിക്രമസ്നേഹത്തിൻെറ വ്യക്തമായ ഉദാഹരണമായിരുന്നു ഫാ. ബാത്തലോം. ക്രൂരമായ സാമൂഹ്യതിന്മകളുടെ മദ്ധ്യേ അദ്ദേഹത്തിനു നിസ്സംഗനായിരിക്കാൻ കഴിഞ്ഞില്ല. അന്യനെ ആക്രമിച്ചു വഴിയിൽ അത്ഥപ്രാണനായി ഇട്ടേച്ചു് അവനെ കൊള്ളയടിക്കുന്ന തിന്മയുടെ രാക്ഷസനയത്തെ അതിക്രമിച്ചു നന്മചെയ്തു നേരിടുക എന്നതായിരുന്നു അദ്ദേഹത്തിൻെറ നയം.

നിരായുധനെ ആക്രമിക്കുന്ന ബലാല്ക്കാരത്തിൻെറ പാപമാണു് കൊള്ളക്കാർ ചെയ്യുന്നതു് എങ്കിൽ വഴിയിൽക്കൂടി കടന്നുപോയ ദേവാലയാധികൃതർ നിഷ്ക്രിയതയുടെയും നിസ്സംഗതയുടെയും മാരകപാപമാണു് ചെയ്തു

ണ്ടു്. ചുററുപാടുകളോടു പ്രതികരണബോധം നഷ്ടപ്പെട്ടവ ൻെറ ക്രൈസ്തവമനസ്സാക്ഷി ഉറങ്ങുപോയിരിക്കുന്നു എന്നു പറയാം.

വ്യക്തിബന്ധങ്ങഠം ആദ്യം പറഞ്ഞ മൂന്നു തരത്തി ലാകാം. അന്യനെ അതിക്രമിക്കുക, അന്യനോടു് നി സംഗത പുലത്തുക, അന്യനോടു് നന്മയിലൂടെ അതി (ക്രമ)ബന്ധത്തിൽ ഏർപ്പെടുക.

സുവിശേഷത്തിൽ ഉടനീളം അവിടന്നു് മൂന്നാമത്തേ തു് ആണ് ആവശ്യപ്പെടുന്ന മാനുഷികബന്ധം. ഒരു മൈൽ പോകേണ്ടതിനു പകരം രണ്ടു മൈൽ പോകാൻ അവിടന്നു നിബ്ബന്ധിക്കുന്നു. ശപിക്കുന്നവനെ അനുഗ്രഹി ക്കാനും പ്രാർത്ഥിക്കാനും അവിടന്നു് ആവശ്യപ്പെടുന്നു. തിരികെ കിട്ടുമെന്ന പ്രതീക്ഷ കൂടാതെ കടംകൊടുക്കാൻ ആവശ്യപ്പെടുന്നു.

ധൂത്തപുത്രൻെറ ഉപമയിലും പിതാവിൻെറ അതി ക്രമസ്നേഹമാണ് വ്യക്തമാക്കാൻ അവിടന്നു് ആഗ്രഹി ക്കുന്നതു്. ക്രൈസ്തവസ്നേഹം നാം ഒരാളോടു് കാണിക്കുന്ന ഔദാര്യമല്ല. അതു നമ്മുടെ കടമയായിത്തീന്നിരിക്കുന്നു. നമ്മുടെ മനുഷ്യത്വത്തിൻെറ ഉന്നതസംസ്കാരത്തിലേക്കു് അതു നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. രക്തദാഹിയായ കായേനിൻെറ തിന്മ ഒഴുക്കുന്ന രക്തക്കറ മാററാൻ ചില ആബേലുമാർ വേണം. മനുഷ്യൻ തൻെറ കഴിവുകളെ ദൈ വസാമീപ്യത്തിൻെറ ഉപകരണങ്ങളാക്കി പകർത്തേണ്ടിയി രിക്കുന്നു. അത്യന്തം ഗർഹണീയമായ പാതകസാഹചര്യ ങ്ങളാണ് ബാർത്തലോമിനെ വലയംചെയ്തിരുന്നതു്. പക്ഷേ ക്രൈസ്തവസ്നേഹത്തിൻെറ ജാജ്വല്യമായ രൂപമായി അവരുടെ മുമ്പിൽ അദ്ദേഹം പ്രത്യക്ഷപ്പെടുകയാണു്. എല്ലാ ശ്രമങ്ങളും പരാജയപ്പെടുകയാണോ എന്നു തോന്നി. എങ്കിലും നന്മയ്ക്കുവേണ്ടിയുള്ള അക്ഷീണമായ ഒരു യജ്ഞ മായി തൻെറ ജീവിതത്തെ അദ്ദേഹം ഹോമിച്ചു.

## ശരീരം നന്മയുടെ ഉപകരണം

സെൻറ് പോൾ റോമാക്കാർക്കുള്ള ലേഖനത്തിൽ ഒരിടത്ത് ശരീരത്തെക്കുറിച്ച് ഒരു വിചിന്തനം നല്കുന്നുണ്ട് (റോമ. 6: 12– 19). ദുഷ്ടതയുടെ ഉപകരണമായി പാപത്തിന് അതിനെ കൈവിടരുത് എന്ന് അദ്ദേഹം അനുശാസിക്കുന്നു. വിശുദ്ധീകരണത്തിനായി ധർമ്മത്തിന് അവയെ ഉപകരണമാക്കുവിൻ. ധർമ്മയജ്ഞത്തിന് നമുക്കുള്ള ഉപകരണം ശരീരമാണ്. ''ശരീരമാദ്യം ഖലുധർമ്മസാധനം'' എന്ന സംസ്കൃതസൂക്തംതന്നെ അതാണ് സൂചിപ്പിക്കുക. ശരീരം അന്യർക്കുവേണ്ടിയുള്ള ഒരു ബലിവസ്തുവായി പകർത്തുകയാണ് നമ്മുടെ അതിക്രമസ്നേഹത്തിൽ കൂടി. അന്യർക്കുവേണ്ടി ചിന്തപ്പെടുന്ന, മുറിക്കപ്പെടുന്ന ശരീരം നമ്മുടേതായിത്തീരുന്നു. അതിനും ഒററ ലക്ഷ്യമേ ഉള്ളൂ; പാപമോചനത്തിനായിട്ട്. ഹെബ്രായക്കാർക്കുള്ള ലേഖനകർത്താവ് 'രക്തം ചിന്തൽ കൂടാതെ പാപമോചനമില്ല' എന്ന സൂക്തം മനോഹരമായി അവതരിപ്പിക്കുന്നുണ്ട് (ഹെബ്രാ. 9: 22). പാപം ഒരു ഭൗതികയാഥാർത്ഥ്യം കൂടെയാണ്. അതു പദാർത്ഥമണ്ഡലത്തിലാണ് അതിന്റെ തിക്തഫലങ്ങൾ അനുഭവപ്പെടുത്തുന്നതു്. തന്മൂലം അതിന്റെ മോചനവും ഏതെങ്കിലും ഭൗതികയാഥാർത്ഥ്യത്തിൽ കൂടിവേണം. അതാണു രക്തം ചിന്തൽ. നമ്മുടെ സഹനം അന്യന്റെ തിന്മയ്ക്കുള്ള പരിഹാരമായി ഭവിക്കുന്നു.

നല്ല ശമറായൻ അതിക്രമസ്നേഹത്തിന്റെ വക്താവാണു്. അതിന്റെ വരുംവരായ്കകൾ ശ്രദ്ധിക്കാതെ നന്മയ്ക്കുവേണ്ടി മുറിക്കപ്പെടുന്ന അപ്പവും ചിന്തപ്പെടുന്ന രക്തവുമായി അയാൾ തീരുന്നു. അയാളുടെ രക്തം ചിന്തലും അദ്ധ്വാനവുംവഴി മററാരുടെയോ പാപം മോചിക്കപ്പെട്ടു. അർത്ഥപ്രാണനായിക്കിടന്നവനു് ആതിഥ്യം ലഭിച്ചു.

# 7

## എല്ലാററിലും വലുതു്

എല്ലാററിലും വലുതു് എന്താകുന്നു? ഒരത്ഥത്തിൽ യുക്തിഭദ്രതയില്ലാത്ത ഒരു ചോദ്യമായി ഇതു തീരാം. എല്ലാററിലും വലിയ പർവ്വതം ഏതാണ് എന്ന ചോദ്യത്തിൽ യുക്തിഭദ്രതയുണ്ട്. ലോകൈക സുന്ദരി ആരാണെന്നു വേണമെങ്കിൽ ചോദിക്കാം. പക്ഷേ എല്ലാററിലും വലുതു് എന്താണ് എന്ന ചോദ്യം ഒരു രീതിയിൽ അത്ഥരഹിതമാണ്.

എല്ലാററിലും വലിയതിനെക്കുറിച്ച് മനുഷ്യൻ എന്നും ആകാംക്ഷയുള്ളവനായിരുന്നിട്ടുണ്ട്. എല്ലാററിലും വലുതു് ഉണ്ടാക്കാനാണ് മനുഷ്യൻ എന്നും ആഗ്രഹിക്കുക. ആകാശംമുട്ടുന്ന ഒരു ഗോപുരനിമ്മാണത്തിനാണ് ബാബേൽക്കാർ യത്നിച്ചതു്. വ്യക്തിയും കുടുംബവും രാഷ്ട്രവും എല്ലാം എന്തെങ്കിലും ചെയ്യുന്നെങ്കിൽ അതു് എല്ലാററിലും വലുതായിരിക്കണം, മററുള്ളവയിൽനിന്നു് വ്യത്യസ്ഥമായിരിക്കണം എന്ന് ചിന്തിക്കാറുണ്ട്. ഒളിമ്പിക് മത്സരങ്ങളുടെ പ്രത്യേകത അതു് ലോകത്തിലെ ഇന്നു ജീവിച്ചിരിക്കുന്ന ഏററം വലിയവരെ കണ്ടെത്തുന്നു എന്നതുകൊണ്ടാണ്. ഏററവും വലിയ ശക്തി ആരാണ് എന്നു തെളിയിക്കാനാണ് കുട്ടികൾ നടത്തുന്ന മുഷ്ടി ബലപരീക്ഷണം മുതൽ രാഷ്ട്രങ്ങൾ നടത്തുന്ന മഹായുദ്ധങ്ങൾവരെ ശ്രമിക്കുന്നതു്. എല്ലാററിലും എല്ലാവരേക്കാൾ മുമ്പനാകാനാണ് എല്ലവരും ശ്രമിക്കുക. നിരന്തരം മനുഷ്യനെ ആകാംക്ഷാഭരിതനാക്കുന്ന യാഥാത്ഥ്യമാണ് ഏററവും വലുതു് ഏതാണ് എന്നതു്?

ഏററവും വലുതു് കായബലമാണോ? ധനമാണോ? അധികാരമാണോ? വിജ്ഞാനമാണോ? അത്ഭുതസിദ്ധിക

ളാണോ? ആദ്ധ്യാത്മികതയാണോ? താപസഗുണമാണോ? ക്ഷാത്രവീര്യമാണോ? ഓരോരുത്തരും അവരവരുടെ അനുഭവപരിധികളിൽ നിന്നുകൊണ്ടായിരിക്കും ഉത്തരം കൊടുക്കുക. അവരുടെ ജീവിത വീക്ഷണങ്ങളുടേയും കാഴ്ചപ്പാടുകളുടേയും ഭിന്നത ഈ ചോദ്യത്തിന് അവർ കൊടുക്കുന്ന ഉത്തരത്തിനുമുണ്ടായിരിക്കും.

## സെൻറ്പോൾ

സെൻറ്പോൾ ഈ ചോദ്യത്തിന് കൊടുക്കുന്ന ഉത്തരം എല്ലാററിലും വലുത് സ്നേഹമാണെന്നാണ്. കായികഗുണങ്ങളേക്കാൾ ശ്രേഷ്ഠം മാനസികവും ആത്മീയവുമായ സിദ്ധിവിശേഷങ്ങളാണ് എന്ന അടിസ്ഥാന ചിന്താഗതിയിലാണ് അദ്ദേഹം ഈ ചോദ്യത്തിന് ഉത്തരം കൊടുക്കുന്നതു്. മനുഷ്യനേക്കാൾ കായബലമുള്ള എത്രയോ ജീവികൾ ഉണ്ട്. അവയേക്കാൾ മനുഷ്യൻ ശ്രേഷ്ഠനാണെന്നു കരുതാൻ പ്രേരിപ്പിക്കുന്ന ഘടകം അവൻെറ ബുദ്ധിപരവും വികാരപരവും ആത്മീയവുമായ ഗുണങ്ങളാണല്ലോ? എന്നാൽ ബുദ്ധിപരവും വികാരപരവും ആത്മീയവുമായ ഈ സിദ്ധിവിശേഷങ്ങളിലും ശ്രേഷ്ഠമായതു് സ്നേഹംതന്നെ എന്നു് വ്യക്തമാക്കാനാണ് അദ്ദേഹം ഉദ്ദേശിക്കുന്നതു്. ഏററവും വലിയ നന്മ ഏതാണു് എന്ന ചോദ്യത്തിനു് സാർവ്വത്രികമായ ഒരുത്തരമായിരിക്കണം നല്കേണ്ടിവരുക. എല്ലാ മനുഷ്യർക്കും പ്രാപിക്കാൻ കഴിയുന്ന ഒന്നായിരിക്കണമതു്. എല്ലാക്കാലത്തെയും മനുഷ്യരുടെ അടിസ്ഥാന ലക്ഷ്യമായിരിക്കണമതു്. ഒരു മനുഷ്യൻെറ തുടക്കംമുതൽ ഒടുക്കംവരെ അവനെ തൃപ്തിപ്പെടുത്തുന്ന ഒന്നായിരിക്കണമതു്. എല്ലാററിൻെറയും സമ്പൂർണ്ണത എന്ന നിലയിൽ എല്ലാററിനേയും ഉൾക്കൊള്ളുന്നതാവണം അതു്. എല്ലാം അതിൽനിന്നു തുടങ്ങുകയും എല്ലാം അതിൽ അസ്തമിക്കുകയും വേണം. ഏതു മനുഷ്യനും അവൻെറ വ്യത്യസ്തതകളനുസരിച്ച് പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയുന്നതായിരിക്കണമതു്.

കൊറിന്ത്യയക്ക് എഴുതിയ ഒന്നാമത്തെ ലേഖനം 13-ാം അദ്ധ്യായത്തിലാണ് സെൻറ്പോൾ ഈ ചോദ്യത്തിനു് ഉത്തരം കൊടുക്കുന്നതു്. ദൈവിക ദാനങ്ങളെയും വരങ്ങളെയും ചർച്ചചെയ്യുന്നതിൻെറ പശ്ചാത്തലത്തിലാണ് 'കൂടുതൽ ശ്രേഷ്ഠമായ ഈ വഴി' (1കൊറി. 12: 31) യെക്കുറിച്ച് അദ്ദേഹം ചർച്ചനടത്തുന്നതു്. ആ വഴി സ്നേഹമാകുന്നു.

## സ്നേഹം എല്ലാററിലും വലുതു്

സ്നേഹം എല്ലാററിലും വലുതാകാൻ കാരണം എല്ലാ മനുഷ്യർക്കും പ്രാപിക്കാൻ കഴിയുന്ന ഒന്നായതുകൊണ്ടാണ്. ആത്മീയസിദ്ധികളും വരങ്ങളും കലാപരമായ കഴിവുകളും, കായിക ഗുണങ്ങളും, സാമൂഹ്യനിലവാരങ്ങളും സാമ്പത്തിക ഉന്നതിയും എല്ലാം എല്ലാവർക്കും പ്രാപിക്കാൻ കഴിഞ്ഞെന്നുവരില്ല. വ്യക്തികളുടെ പ്രത്യേകതകൾ, പരിമിതികൾ, സാഹചര്യങ്ങൾ സംസ്കാരങ്ങൾ എന്നിവയെല്ലാം അവരെ ഓരോരുത്തരേയും പല തട്ടുകളിലും നിലകളിലും ആക്കാറുണ്ട്. എന്നാൽത്തന്നെയും സ്നേഹം എല്ലാവർക്കും പ്രാപിക്കാൻ കഴിയും. എല്ലാവർക്കും എല്ലാ സാഹചര്യങ്ങളിലും സ്നേഹിക്കാൻ പററും. പരിമിതികളെ അതിലംഘിച്ചുകൊണ്ടു് സ്നേഹിക്കാൻ പററും. അല്ല, പരിമിതികൾ തന്നെ അവരുടെ സ്നേഹത്തിൻെറ മൗലികത എടുത്തു കാണിക്കും. വീൽച്ചെയറിൽ രോഗികളെ ശുശ്രൂഷിച്ചിരുന്ന ഡോക്ടർ മേരി വർഗ്ഗീസ് വെല്ലൂരിൽ 1986 ഡിസംബറിൽ മരിക്കയുണ്ടായല്ലോ. തൂക്കിക്കൊലക്കു വിധിക്കപ്പെട്ട ഒരു വ്യക്തി തൻെറ കണ്ണുകൾ ദാനംചെയ്തു എന്നതും പത്രത്തിൽ വായിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറേനാൾമുമ്പു് ഒരു ഭ്രാന്തി വഴിയിൽ കണ്ട ഒരു യുവാവിനു് തൻെറ മകനെപ്പോലെ ചോറുവാരിക്കൊടുക്കുന്ന ചിത്രം ഒരു മാസികയിൽ കണ്ടതായി ഓർക്കുന്നു. ആലപ്പുഴയിൽ ഹോട്ടലുകളിലെ എച്ചിൽ ശേഖരിച്ച് അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുട്ടികൾക്കു് ആഹാരം നല്കി അവ

രെ വളർത്തുന്ന ഒരു സാധുവിൻെറ കഥ പത്രത്തിൽ കുറേ നാറംമുമ്പ് വായിക്കാൻ ഇടയായിട്ടുണ്ട്. സ്നേഹം എല്ലാ മനുഷ്യനും പ്രാപിക്കാൻ സാധ്യമായ ഒന്നാണ്.

പിറന്നുവീഴുന്ന ഒരു കുഞ്ഞും മൃതമാകാൻ വെമ്പുന്ന ഒരു വൃദ്ധജീവിതവും കേഴുന്നതു സ്നേഹത്തിനാണ്. ഓരോരോ തരത്തിൽ മർത്ത്യജീവിതത്തിൻെറ എല്ലാ ഘട്ടങ്ങളിലും മനുഷ്യൻ കൊതിക്കുന്നതു് സ്നേഹത്തിനാണ്. പിറക്കും ശിശുവിൻെറ കരച്ചിലും ജീവിതാന്ത്യത്തിലെ ഞരക്കവും സ്നേഹത്തിനുവേണ്ടിയുള്ള ജീവൻെറ തേങ്ങലുകളാണ്. കരിഞ്ഞുണങ്ങിയ ചുണ്ടുകറക്കു ലഭിക്കുന്ന നീർത്തുള്ളികറം അവയെ സജീവമാക്കുന്നതുപോലെ സ്നേഹത്തിൻെറ ഇററുവീഴുന്ന തേൻതുള്ളികറംകൊണ്ടു് നമ്മുടെ കൊച്ചാത്മാക്കറം തൃപ്തികൊണ്ടു് വിതുമ്പിപ്പോകാറുണ്ടു്. പാടാത്ത വീണകളും പാടിപ്പോകാറുണ്ടു്. കൽക്കരിക്കട്ടകറം വൈഡൂര്യമാകാറുണ്ടു്. കരിംപാറകറം ഉടഞ്ഞു തരിപ്പണമാകാറുണ്ടു്. ജീവിതത്തിൻെറ എല്ലാ ഘട്ടത്തിലും ശരീരത്തിൻേറയും മനസ്സിൻേറയും ഓരോ കോശവും സ്നേഹത്തിനായി കൊതിച്ചുപോകുന്നു. അതുകൊണ്ടു തന്നെയാണ് സ്നേഹം ഏററവും വലുതു് എന്നു പറയുന്നതു്.

വിശ്വാസമാണു വലുതു് എന്നായിരുന്നു മദ്ധ്യശതകത്തിലെ ധ്വംസനപരമായ മതപരിഷ്ക്കരണത്തിൻെറ മൗലികവാദം. പക്ഷെ അവർ മുറുകെ പിടിച്ചു എന്നു പറയുന്ന വിശുദ്ധഗ്രന്ഥംതന്നെ അതല്ല എന്നു് പ്രബോധിപ്പിക്കുന്നു. കൊറിന്ത്യക്കുള്ള പതിമൂന്നാം അദ്ധ്യായത്തിൽ വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്നീ ത്രിവിധ ആദ്ധ്യാത്മീക യാഥാർത്ഥ്യങ്ങളെ നിരത്തിയിട്ട് സെൻറു് പോറം പറയുന്നു ഇവയിൽ എല്ലാററിലും വലുതു് സ്നേഹമാണെന്നു്. 'അവനിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ അവക്കു നിത്യജീവൻ ഉണ്ടാകുവാൻവേണ്ടി തൻെറ ഏകപുത്രനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു' (യോഹ. 3:16) എന്ന സുവിശേ

ഷവാക്യം മൂന്നുപ്രാവശ്യം ഉച്ചരിച്ചുകൊണ്ടാണ് മാർട്ടിൻ ലൂഥർ മരിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ മുറിയുടെ ഭിത്തിയിൽ ഇങ്ങനെയുംകൂടി എഴുതിയിരുന്നു: ''ജീവിച്ചിരുന്നപ്പോൾ, ഓ! പോപ്പ് ഞാൻ നിങ്ങൾക്ക ഒരു വസന്തയായിരുന്നു. മരിച്ചുകഴിയുമ്പോൾ ഞാൻ നിങ്ങൾക്ക മരണമായിരിക്കും'' (The Protestant reformation Vol II Hentry Daniel-Rops P. 106–107) വെറുപ്പ് ഒരു വിഷസന്നിപോലെ അദ്ദേഹത്തെ ബാധിച്ചിരുന്നുവോ? ആത്മാക്കളുടെ വിധികർത്താവിനുതന്നെ അതിനുത്തരം നല്ലാനുള്ള അധികാരം നമുക്ക വിട്ടുകൊടുക്കാം. സ്നേഹത്തിനു വിശ്വാസത്തിനുമേലുള്ള അസന്ദിഗ്ദ്ധമായ മേൽക്കോയ്മ സെൻറ് പോളിന്റെ ആശയം മാത്രമല്ല തിരുനാഥന്റേതുകൂടിയാണ്. ശമറായന്റെ ഉപമ പറയുന്ന സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം വി. ലൂക്കാ സുവിശേഷകൻ നല്കുന്നതിനു തുല്യമായ ഭാഗം വി. മത്തായിയുടെ സുവിശേഷത്തിൽ 22-ാം അദ്ധ്യായം 34 മുതൽ 39 വരെയാണ്. ഏതാണ് ഏററവും വലിയ കല്പന എന്ന നിയമജ്ഞന്റെ ചോദ്യത്തിനു് ഉത്തരംകൊടുത്തശേഷം അവിടന്നു് ഒരു വ്യാഖ്യാനം അതിനു നല്കുന്നുണ്ട്. 'ഈ രണ്ടു കല്പനകളിലുമാണ് എല്ലാ നിയമങ്ങളും പ്രവാചകന്മാരും അടിസ്ഥാനമുറപ്പിച്ചിരിക്കുന്നതു്'' (മത്താ. 22:40). നിയമങ്ങൾ പ്രായോഗികജീവിതത്തിനുവേണ്ടിയുള്ളതാണ്. പ്രവാചകന്മാർ ആദർശവാദികളാണ്. ക്രിസ്തുവിന്റെ വാക്കുകളെ മറെറാരുവിധത്തിൽ പറഞ്ഞാൽ ഈ രണ്ടു കല്പനകളിലും എല്ലാ ആദർശങ്ങളും പ്രായോഗികതയും അടങ്ങുന്നു. മർക്കോസിന്റെ സുവിശേഷം ഇതേഭാഗത്തു ശ്രദ്ധേയമായ മറെറാരു പരാമർശമുണ്ട്. അതു് ഒരു നിയമജ്ഞന്റേതാണ്. ഈ കല്പന എല്ലാ ഹോമങ്ങളെയും ബലികളേയുംകാൾ ശ്രേഷ്ഠമാകുന്നു എന്നു് (മർക്കോ. 12:33). എല്ലാ അനുഷ്ഠാനപരമായ മതജീവിതത്തേക്കാൾ വളരെ വിശേഷമാണെന്നാണ് ഇതിനർത്ഥം. ഉടനെ വന്നു ഈശോയുടെ പരാമർശം: ദൈവരാജ്യത്തിൽനിന്നും നീ അകന്നവനല്ല (മർക്കോ.

12:34). സുവിശേഷം ഉടനീളം സൂചിപ്പിക്കുന്നതു് സ്നേഹം ഏററവും വലുതാകുന്നു എന്നാണു്.

സ്നേഹം ഏററം ശ്രേഷ്ഠമാണെന്ന സെൻറ് പോളിൻെറ പരാമർശം വിശ്വാസത്തെക്കുറിച്ച് അദ്ദേഹം മറന്നതുകൊണ്ടു വന്നതല്ല. ആദ്യമേതന്നെ വിശ്വാസത്തെ അദ്ദേഹം പരാമർശിക്കുന്നുണ്ടു്. അവസാനം താരതമ്യം ചെയ്യുമ്പോഴും വിശ്വാസം നമ്മുടെ ചിന്തക്കു് അദ്ദേഹം വിഷയീഭവിപ്പിക്കുന്നുണ്ടു്. തൻെറ ഒന്നാമത്തെ ലേഖനത്തിൽ സെൻറ് പീററർ സ്നേഹത്തിൻെറ പ്രാമാണികത ഊന്നിക്കാണിക്കുന്നു. 'എല്ലാററിലും ഉപരിയായി, നിങ്ങളുടെ തളരാത്ത സ്നേഹം പരസ്പരം മുറുകെപ്പിടിക്കുവിൻ. കാരണം സ്നേഹം പാപങ്ങളുടെ വൻക്കൂനയെ മൂടിക്കളയുന്നു' (1 പത്രോ. 4:8). വി. യോഹന്നാൻ തൻെറ ലേഖനത്തിൽ സ്നേഹത്തെ ദൈവത്തോളം ഉയർത്തി എന്നുമാത്രമല്ല ദൈവം സ്നേഹംതന്നെയാണെന്നു് പറഞ്ഞു വ്യക്തമാക്കി.

## കൽപനകളുടെ സാരം

കല്പനകൾ എല്ലാം സ്നേഹത്തിൻെറതന്നെ പ്രായോഗീകരണമാണു്. പത്തു പ്രമാണങ്ങളിൽ മൂന്നെണ്ണം ദൈവസ്നേഹത്തിൻെറ വിശദാംശരേഖകളാണെങ്കിൽ ബാക്കി ഏഴെണ്ണം മനുഷ്യസ്നേഹത്തിൻെറ വിവിധ വശങ്ങളെ എടുത്തുകാണിക്കുന്നു. ദൈവത്തോടുള്ള ബന്ധവും മനുഷ്യർ തമ്മിലുള്ള ബന്ധവും വ്യക്തമാക്കുകയാണു് പ്രമാണങ്ങൾ. അവയിൽക്കൂടി ഒരാൾ ചില ഉത്തരവാദിത്വങ്ങൾ നിറവേററുകയാണു്. ആ ഉത്തരവാദിത്വത്തിൻെറ സമ്പൂർണ്ണ സമാഹരണമാണു് സ്നേഹം. നിയമങ്ങളുടെ നിഷ്ക്രിഷ്ടപരിധികളെ അതിലംഘിക്കുന്ന ഔദാര്യത്തിലൂടെയാണു് സ്നേഹത്തിൻെറ മഹനീയത വ്യക്തമാകുന്നതു്. സ്നേഹത്തിൻെറ ഏററം പരിമിതവും ഏററം ദരിദ്രവുമായ അനുഷ്ഠാനമേ കല്പനകൾ വ്യക്തമാക്കുന്നുള്ളു. അതിലും താഴെക്കാണു് നമ്മുടെ വ്യക്തിബന്ധങ്ങൾ പോകുന്നതു് എങ്കിൽ അതു പാപത്തിൻെറ തലത്തിലേക്കു താഴ്ന്നിറങ്ങി എന്നു

പറയാം. സ്നേഹിക്കുന്ന ഒരുവനോട്ട് സ്നേഹിതനെ കൊല്ലാൻ പാടില്ല എന്ന് പറയുക വിഡ്ഢിത്തമാണ്. സ്നേഹിക്കുന്ന ഒരുവൻെറ വസ്തു മോഷ്ടിക്കരുത് എന്ന് ഒരാൾക്കു നിർദ്ദേശം കൊടുക്കുക അയാളെ നിന്ദിക്കുന്നതിനു തുല്യമാണത്. അതുപോലെ അപരനെതിരെ കള്ളസാക്ഷി പറയരുത് എന്ന നിർദ്ദേശം സ്നേഹിക്കുന്ന ഒരുവനോട്ട് പ്രത്യേകിച്ചു നിർദ്ദേശിക്കേണ്ട ഒന്നല്ല.

## സ്നേഹത്തിൻെറ വ്യതിരിക്തത

സമകാലീന വിശ്വാസികൾ വലുതായിക്കണ്ടിരുന്ന വരുമായി സ്നേഹത്തെ സെൻറ്പോൾ താരതമ്യം ചെയ്യുകയാണ് ആദ്യം. ആദ്യത്തേത് ഭാഷാജ്ഞാനവും പ്രസംഗചാതുരിയുമാണ്. അരൂപിയുടെ ഒരു സിദ്ധിയാണ് ഇവ രണ്ടുമെന്ന് മുമ്പത്തെ അദ്ധ്യായത്തിൽ അദ്ദേഹം വ്യക്തമാക്കുന്നുണ്ട് (1 കൊറി. 12:8,10). ശ്രോതാക്കളുടെ ആദരം പിടിച്ചുപറ്റുന്ന സിദ്ധികളാണ് ഇവരണ്ടും. കേൾക്കുന്നവരെ ആത്മീയതയുടെ ഉന്നതസ്ഥാനത്തേക്ക് വേണമെങ്കിൽ ഉയർത്താം. ദൈവാത്മാവിലേക്ക് അവരെ ആനയിക്കാൻ ഭാഷണവരം കിട്ടിയ ഒരാൾക്ക് കഴിയും. ആത്മീയതലത്തിൽ അല്ലെങ്കിൽത്തന്നെയും രാഷ്ട്രീയമോ സാമൂഹ്യമോ ആയ രംഗത്ത് പ്രസംഗസിദ്ധിയും അതിന് അനുപേക്ഷണീയമായ ഭാഷാസിദ്ധിയും അത്യധികം ആദരിക്കപ്പെടുന്നുണ്ട്. ബഹുഭാഷാവരം അരൂപിയുടെ ആദ്യാനുഭവത്തിൻെറ ഭാഗമായിരുന്നു. കേൾവിക്കാർക്ക് അത് ആശ്ചര്യകരമായിത്തോന്നുകയും ചെയ്തു. പക്ഷെ, അത്ഭുതാദരങ്ങൾ ഉണർത്താൻപോരുന്ന ഈ കഴിവ് ആദ്ധ്യാത്മികവരം എന്ന നിലയിലായാലും ഭൗതികമായ സിദ്ധികൾ എന്ന നിലയിലായാലും സ്നേഹത്തിൻെറ അഭാവത്തിൽ അദ്ദേഹം പറയുന്നു: ശബ്ദിക്കുന്ന ചെമ്പോ, ഒച്ചയുള്ള ചേങ്ങലയോ ആയിത്തീരും. പലവിധ അർത്ഥവ്യാഖ്യാനങ്ങൾ ഇതു നല്കുന്നുണ്ട്. ഒന്ന്: സ്നേഹമെന്ന വികാരരാഹിത്യംകൊണ്ട് യഥാർത്ഥമായ ആത്മീയാനുഭവത്തിലേക്ക് ശ്രോതാക്കളെ ഉയർത്താൻ കഴിയാതെ

പോകുന്നു. പ്രസംഗം ആശയസംവേദനമോ വെറും അഭിനയചാതുരിയോ അല്ല. അതു് ആത്മസംവേദനമാണു് സംസ്കാരവിനിമയമാണു്. സ്വന്തം ആത്മവത്തയാണു് പ്രസംഗകൻ നല്കാൻ ശ്രമിക്കുന്നതു്.

രണ്ടു്: പ്രസംഗകൻെറ തന്നെ ആത്മസംസ്കരണത്തിനു് വചനപ്രഘോഷണം സഹായമാകുന്നില്ല. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും പക്വത എത്തിയ ഒരു വ്യക്തി വിശ്വാസപൂർവം നടത്തുന്ന വചനപ്രഘോഷണം സ്വന്തം ആത്മാവിൽത്തന്നെയാണു് ഗൗരവമായ ആത്മീയോൽക്കർഷം വരുത്തിത്തീർക്കുന്നതു്. ഒരാശബ്ദംതന്നെ എപ്പോഴും പുറപ്പെടുവിക്കുന്ന ചെമ്പിനും കൈത്താളത്തിനും ആ ശബ്ദകോലാഹലംകൊണ്ടു് ഒരുന്നതിയും കൈവരുന്നില്ല.

മൂന്നു്: നമ്മുടെ ഭാഷാജ്ഞാനവും പ്രസംഗവരവും ആദരവും അത്ഭുതവും പിടിച്ചുപറ്റുമെന്നിരുന്നാലും സ്നേഹത്തിൻെറ അഭാവത്താൽ നാം മനുഷ്യത്വമില്ലാത്തവരായിത്തീരുകയും തകർന്ന വ്യക്തിബന്ധങ്ങൾക്കു് കാരണമാവുകയും ചെയ്യും. ഹൃദ്യമായ വ്യക്തിബന്ധങ്ങളാണു് ഈവക സിദ്ധികളേക്കാൾ ജീവിതത്തെ ജീവദയോഗ്യമാക്കിത്തീർക്കുന്നതു്.

രണ്ടാമതു് സെൻറ്പോൾ പ്രവചനവരത്തോടും അന്തർജ്ഞാനത്തോടും വിശ്വാസത്തോടും സ്നേഹത്തെ താരതമ്യപ്പെടുത്തുകയാണു്. ഇവയൊക്കെയുണ്ടായിട്ടു് സ്നേഹം ഇല്ലെങ്കിൽ ഒരുവൻ ഒന്നുമല്ല എന്നാണു് സെൻറ് പോൾ പറഞ്ഞതു്. പ്രവചനത്തിൻെറ വരം കൂടുതലായി ക്രൈസ്തവർ ആഗ്രഹിക്കണമെന്നു് സെൻറ്പോൾ തന്നെ പറയുന്നുണ്ടു് (1 കൊറി. 14:1). ആദിമസഭയിൽ കൂടുതൽ അംഗീകരണം കിട്ടിയ ഒരു ആദ്ധ്യാത്മികവരമായിരുന്നു പ്രവചനം. അതുവഴി സഭാസമൂഹം കൂടുതൽ വളരാൻ ഇടവന്നിരുന്നു (1 കൊറി 14:3, 4). സഭാംഗങ്ങൾ മുറുകെ പ്പിടിക്കേണ്ട ആദർശങ്ങളിലേക്കാണു് പ്രവാചകത്വം വി

രൽചൂണ്ടിയിരുന്നതു്. അതിനേക്കാറം വിലപ്പെട്ടതാണ് സ്നേഹമെന്നുമാത്രമല്ല സ്നേഹം ഇല്ലാതെ ഒരുവൻ പ്രവാചകനായിരുന്നാൽതന്നെ അവൻ ഒന്നുമല്ല എന്നാണ് സെൻറ് പോറം കരുതുന്നതു്. അന്തർജ്ഞാനവും ഇതു പോലെ മനുഷ്യരുടെ അത്ഭുതാദരം പിടിച്ചുപററുന്ന ഒന്നാണ്. സാമാന്യമായ നമ്മുടെ അനുഭവസീമയ്ക്കുള്ളിൽ ഉള്ള കാര്യങ്ങളല്ലല്ലോ അവ. അതേവിധംതന്നെ ജനശ്രദ്ധ ആകർഷിക്കുന്ന ഒന്നാണ് അത്ഭുതപ്രവത്തനങ്ങറം. അതു സാധ്യമാകുന്നതു് വിശ്വാസംവഴിയും. കടുകതരി വിശ്വാസം കൊണ്ടു് മലയെപ്പോലും മാററാമെന്നാണ് ക്രിസ്തുവിൻെറ പക്ഷം. പക്ഷേ മലമറിക്കാൻ ശക്തമായ വിശ്വാസം ഉണ്ടായിരിക്കയും സ്നേഹം ഇല്ലാതിരിക്കയും ചെയ്യാം. അപ്പോഴും ഒരുവൻ ഒന്നുമല്ല എന്നു്. കാരണം സ്നേഹം ലക്ഷ്യമാണ്. വിശ്വാസം അതിലേക്കുള്ള മാർഗവും ലക്ഷ്യം മാഗ്ഗത്തേക്കാറം എന്നും വലുതായിരിക്കുമല്ലോ?

വീണ്ടും സ്നേഹത്തിൻെറ ഒരുവശമെന്നു കരുതാവുന്ന ദാനശീലവുമായും ത്യാഗോജ്വലതയുമായും സ്നേഹത്തെ സെൻറ്പോറം താരതമ്യപ്പെടുത്തുന്നു. അതു വളരെ ചിന്തോദ്ദീപകമാണു്. സ്നേഹമില്ലാതെ ദാനശീലവും ത്യാഗോജ്വലതയും ഉണ്ടാകാമോ? ഉണ്ടായെന്നുവരാം. ഏതെങ്കിലും ആദർശങ്ങളുടെ മറയിൽ സ്വന്തം സമ്പത്തു് ഉപേക്ഷിക്കുന്നവരും ജീവൻ ബലി കഴിക്കുന്നവരും ഉണ്ടാകാം. വ്യക്തിപരമായ വാശിയുടെപേരിലും ഇതു സംഭവിക്കാം. സ്റ്റോയിക്കുകറം സ്വന്തധനം ത്യജിച്ചിട്ടുള്ളവരാണ്. പണം കടലിൽ എറിഞ്ഞുനശിപ്പിച്ചുകളഞ്ഞിട്ടുള്ളവർ അവരുടെ ഇടയിൽ ഉണ്ടായിരുന്നത്രെ! വിപ്ലവപ്രസ്ഥാനങ്ങളുടെ വിജയത്തിനും മതഭീകരപ്രസ്ഥാനങ്ങളുടെ ഉന്നതിക്കുംവേണ്ടി ജീവൻ ബലികഴിക്കുന്നവർ ചരിത്രത്തിൽ എക്കാലത്തും കണ്ടിട്ടുണ്ടു്. പക്ഷേ ആ ത്യാഗങ്ങറംവഴി ഒന്നും നേടുന്നില്ല. കാരണം അവയിൽ സ്നേഹമില്ല. സ്നേഹത്തിൻെറ ഭാഗമേ ആകുന്നുള്ളു ദാനശീലവും ജീവിതാപ്പണവും. ഭാഗം എപ്പോഴും പൂണ്ണത്തേക്കാറം ചെറുതായിരിക്കുമല്ലോ?

ക്രൈസ്തവരക്തസാക്ഷികളുടെ രക്തസാക്ഷിത്വം മഹനീയമായിത്തീരുന്നതു് സഹനത്തിന്റെ നിമിഷത്തിലും അവക്കു് സ്നേഹം നഷ്ടപ്പെട്ടിരുന്നില്ല എന്നതുകൊണ്ടാണു്. സ്റ്റീഫന്റെ മരണവൃത്താന്തം അപ്പസ്തോലപ്രവത്തികളിൽ വിവരിക്കുന്നതു്, ഒരു തോമസ് മൂറിന്റെ മരണം ലണ്ടൻ ടവറിൽ നടക്കുന്നതു്, ജൊവാൻ ഓഫ് ആക്കിന്റെ മരണം ചരിത്രത്തിൽ വിവരിക്കുന്നതു് ഒക്കെ അവരുടെ സ്നേഹോജ്വലമായ ജീവിതാന്ത്യത്തെ അവതരിപ്പിക്കുന്നതാണു്. കത്തോലിക്കാമതത്തിലെ സന്ന്യാസജീവിതത്തിന്റെ അടിസ്ഥാനവ്രതങ്ങൾ — അനുസരണവും ദാരിദ്ര്യവും ബ്രഹ്മചര്യവും — അതിൽത്തന്നെ ആദരണീയഗുണങ്ങളല്ലെന്നും സ്നേഹത്തിന്റെ പ്രകാശനവും അതിലേക്കുള്ള വഴിയുമായി അതിനെ കാണണമെന്നുമുള്ള ചിന്താഗതി സെൻറ് പോളിന്റെ ഈ സുചിന്തിതമായ പ്രബോധനത്തെ കൂടുതൽ വ്യക്തമാക്കുന്നുണ്ടു്. ഒരു ഭിക്ഷക്കാരനു് കുറച്ചുരൂപകൊടുക്കുന്നതും സ്നേഹം കൊടുക്കുന്നതും വ്യത്യാസപ്പെട്ട കാര്യമാണു്. ശല്യം ഒഴിവാക്കാൻവേണ്ടി ധമ്മം കൊടുക്കാം. പക്ഷേ ഒന്നും കൊടുത്തില്ലെങ്കിലും സ്നേഹം കൊടുക്കാം. ഒരു പുഞ്ചിരിയോ ഒരു സ്നേഹാന്വേഷണമോ ഒക്കെ സ്നേഹം പ്രകടിപ്പിക്കുന്ന രീതികളാകാം. എല്ലാ വ്യക്തികളുടെയും ആത്തിയേയും ദുരയേയും നമുക്കു് തീർക്കാൻ പററിയില്ലെങ്കിലും സ്നേഹിക്കാൻ നമുക്കു കഴിയും.

സ്നേഹത്തിന്റെ ഭാഷ സംസാരഭാഷയേക്കാൾ വളരെ പ്രധാനപ്പെട്ടതാണു്. ഏറ്റവും സാധ്യവുമാണു്. മുപ്പത്തിആറാം വയസ്സിൽ 1542 മെയ് ആറാം തീയതി ഗോവയിൽ പോപ്പിന്റെ പ്രതിനിധിയായി വന്നിറങ്ങിയ ഫ്രാൻസിസ് സേവ്യർ ഗോവായിലെ മദാലസജീവിതത്തിൽ മുഴുകിജീവിച്ചിരുന്ന പോർട്ടുഗീസുഭരണാധികാരികൾക്കും അവരുമായുള്ളവേഴ്ചയിൽ ആമോദജീവിതത്തിൽ മുച്ചൂടും മുങ്ങിക്കിടന്ന വൈദികനേതൃത്വത്തിനും അവരുടെ പ്രൗഢമായ രാജകീയ സ്വീകരണങ്ങൾക്കും വഴിപ്പെടാതെ നേരെ ആശുപത്രിയിലേക്കുപോയി രോഗികളെ പരിച

രിക്കുകയും അവർക്ക് ക്ഷുദാശകരം കൊടുക്കുകയും ചെയ്ത് അമ്പരിപ്പിച്ച കാര്യം ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു * സ്നേഹത്തിന്റെ ഭാഷയ്ക്ക് അതിർ വരമ്പുകളില്ല. ഒരു പീററർ ക്ലാവറിന്റെ അടിമകൾക്കുവേണ്ടിയുള്ള ജീവിതം ഈ ഭാഷയോടുകൂടിയായിരുന്നു. പട്ടാളജീവിതവുമായി കഴിഞ്ഞുകൂടി അവസാനം രോഗീപരിചരണത്തിൽ ഏർപ്പെട്ട കമില്ലസ് ദെ ലെല്ലിസ് ഈ സ്നേഹത്തിന്റെ ഭാഷയാണ് സംസാരിച്ചത്. സ്നേഹത്തിന്റെ ഭാഷയുടെ മൗനമായ വാചാലത അതിവേഗം ഹൃദയങ്ങളെ കീഴടക്കും. ഒരു മിഷനറിയുടെ സ്വഭാവമാണ് അദ്ദേഹത്തിന്റെ സന്ദേശം. ഒരു ഡേവിഡ് ലിവിങ്സ്റ്റണെ ഓർക്കുന്ന, ആൽബർട്ട് ഷ്വെറ്റ്സറെ ഓർക്കുന്ന എത്രയോപേർ അവരുടെയൊക്കെ ജീവിതശേഷവും ആഫ്രിക്കയിൽ ഉണ്ടായിരുന്നിരിക്കണം. അവരെക്കുറിച്ച് സംസാരിക്കുമ്പോൾ ആ കറുത്ത വദനങ്ങൾ പ്രസാദപൂർണ്ണങ്ങളായിത്തീരുന്നു. സ്നേഹത്തിന്റെ ലളിതപ്രസാദമാധുരി ചെല്ലുന്നേടത്തു പ്രസരിപ്പിക്കുക. ഒന്നും കൂടുതൽ വേണ്ട. ഒട്ടും കുറയാനും പാടില്ല. അതില്ലാതെ വലിയ നേട്ടങ്ങൾ നേടിയാലും ജനവിമോചനത്തിനുവേണ്ടി തോക്കുകൾ ഏന്തിയാലും, ശരീരം ചോരത്തുണ്ടായി ഒളിസങ്കേതങ്ങളിൽ അർപ്പിച്ചാലും നമുക്കോ ക്രിസ്തുവിനോ ഒരു നേട്ടവുമുണ്ടാവില്ല. റോമാക്കാർക്കുള്ള ലേഖനം 1:17 ൽ നിന്നു് മതധ്വംസനത്തിന്റെ അടിസ്ഥാന അനുഭവത്തിൽ എത്തിച്ചേർന്ന മാർട്ടിൻലൂഥർ കൊറിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം 13--ാം അദ്ധ്യായത്തിലേക്കു കൂടുതൽ ശ്രദ്ധിച്ചിരുന്നെങ്കിൽ കത്തോലിക്കാ മതനവീകരണത്തിന്റെ നടുനായകനായി അദ്ദേഹം ആയിത്തീരുമായിരുന്നില്ലേ? ഒരു സന്യാസി മതധ്വംസനത്തിനു് കാരണമായെങ്കിൽ മററൊരിടത്തു് ഒരുത്മായനെ ദൈവം ഒരുക്കുന്നുണ്ടായിരുന്നു; ഇഗ്നേഷ്യസ് ലയോള എന്ന പട്ടാളക്കാരനെ.

---

*The Heros of God – Henri Daniel – Rops പേജ് 80

## സ്നേഹത്തിൻെറ വിശ്ലേഷണം

സ്നേഹത്തെ മററു സിദ്ധികളുമായി തുലനംചെയ്തു കഴിഞ്ഞ് സെൻറു പോൾ അതിൻെറ വിശ്ലേഷണത്തിന് ശ്രമിക്കുകയാണ്. സ്നേഹമെന്ന ഈ ഏററം വലിയ നന്മ; സങ്കീർണ്ണമാണത്. അതു പ്രകാശം പോലെയാണ്. ഒരു പ്രിസത്തിലൂടെ കടത്തിവിട്ടാൽ പ്രകാശം വിവിധ വർണ്ണങ്ങളായി ഇഴതിരിയും, ഒരു മഴവില്ലിൻെറ സപ്ത വർണ്ണങ്ങൾ. ഇതുപോലെയാണ് സെൻറു പോൾ അതിനെ ഇഴ തിരിക്കുന്നത്. അവ സാമൂഹ്യജീവിതത്തിൻെറ നന്മകളാണ്. സമൂഹത്തിൽ നാം അവശ്യം അനുഷ്ഠിക്കേണ്ട മര്യാദകളാണ്. മനുഷ്യത്വത്തിൻെറ മഹനീയ വശങ്ങൾ എടുത്തുകാണിക്കുന്നവയാണ് അവ.

| | | |
|---|---|---|
| അതു ക്ഷമയാണ് | — | സ്നേഹം ക്ഷമയുള്ളതാകുന്നു |
| അതു കാരുണ്യമാണ് | — | സ്നേഹം ദയാസമ്പന്നമാകുന്നു |
| അതു ഉദാരതയാണ് | — | അതിന് അസൂയയില്ല |
| അതു വിനയമാണ് | { | അതു ആത്മപ്രശംസ ചെയ്യുന്നില്ല<br>അഹങ്കരിക്കുന്നുമില്ല. |
| അതു മര്യാദയാണ് | — | അനുചിതമായി പെരുമാറുന്നില്ല |
| അതു നിസ്വാർത്ഥതയാണ് | — | സ്വാർത്ഥം അന്വേഷിക്കുന്നില്ല |
| അതു പ്രസന്നതയാണ് | — | കോപിക്കുന്നില്ല |
| അതു നിഷ്കളങ്കതയാണ് | — | ദ്വേഷം പുലർത്തുന്നില്ല |
| അതു പരമാർത്ഥതയാണ് | — | അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. |

ഇതൊക്കെയല്ലേ ഒരുത്തമനിൽനിന്നും നാം പ്രതീക്ഷിക്കേണ്ടത്. സ്നേഹം വ്യക്തിയെ സമ്പൂർണ്ണതയിലേക്കു എത്തിക്കുന്നു. ഇതെല്ലാം മനുഷ്യസംബന്ധിയാണ്. ഈ

ലോക സംബന്ധമാണ്. അനുദിനജീവിതഗന്ധിയാണ്. ഇന്നും നാളെയും വേണ്ടവയാണ്. നിത്യതയിൽ വേണ്ട ഗുണങ്ങളല്ലതന്നെ. ഈ പ്രപഞ്ചത്തിന്റെ പൂത്തുലവാണ് സ്വർഗ്ഗം. ഇന്നിന്റെ പൂർണ്ണതയാണ് നിത്യത. ഭൗതികാടിത്തറയിലാണ് ആദ്ധ്യാത്മികത പണിയപ്പെടുന്നത്. പദാർത്ഥം അരൂപിയെ ഉൾക്കൊള്ളുന്നു. അതിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു. റോമാക്കാർക്കുള്ള ലേഖനത്തിൽ ദൈവപുത്ര സ്വീകാര്യതയ്ക്കുവേണ്ടിയുള്ള ഈ പ്രപഞ്ചത്തിന്റെ ആകാംക്ഷയെക്കുറിച്ച് സെന്റ് പോൾ വ്യക്തമാക്കുന്നുണ്ട് (റോമ. 8:19–23). ഏററവും സമ്പൂർണ്ണ നന്മ ഈ അനുദിനജീവിതത്തിലെ ചെറുതും നിസ്സാരവുമായ അല്പങ്ങൾകൊണ്ട് സ്വരൂപിക്കപ്പെടുന്നതാണ്.

### ക്ഷമ

സ്നേഹത്തിന്റെ പ്രശാന്തമുഖമാണ് ക്ഷമ. കാത്തിരിക്കുന്ന സ്നേഹമാണത്. ചെയ്ത തെററു പൊറുക്കുന്ന മനോഗുണമാണ് ക്ഷമ. തെററു ചെയ്താൽ സമ്മതിച്ചു മാപ്പുചോദിക്കുന്നതും ക്ഷമയുടെ ഒരു മുഖംതന്നെ. ക്ഷമിക്കുക, ക്ഷമ ചോദിക്കുക ഇതാണ് മനുഷ്യബന്ധത്തിന്റെ പ്രായോഗികനിയമം. ധൂർത്തനെ കാത്തിരിക്കുന്നതും ആടിനെ അന്വേഷിച്ചിറങ്ങുന്നതും ക്ഷമതന്നെ. സ്വന്തം തെററിൽ നിരാശപ്പെടാതിരിക്കുന്നത് ക്ഷമയല്ലാതെ മറെറാന്നല്ല. സ്തോഭക്ഷോഭങ്ങളുടെ മധ്യത്തിൽ മനസ്സിന്റെ സന്തുലിതാവസ്ഥയാണ് ക്ഷമ. എതിരിടുന്നവന്റെ മുമ്പിലുള്ള അക്ഷോഭ്യതയാണ് ക്ഷമ.

### കാരുണ്യം

കാരുണ്യം പ്രവർത്തിയിലുള്ള സ്നേഹമാണ്. കാരുണ്യത്തിന്റെ വാക്ക് മുറിവുകളെ ഉണക്കുന്നു. കാരുണ്യത്തിന്റെ ആലിംഗനം ആന്തരഭീതികളെ അകററുന്നു. ഭഗ്നഹൃദയങ്ങളെ ആശ്വസിപ്പിക്കുന്നത് കാരുണ്യമാണ്. കാരുണ്യം രോഗിയെ പരിചരിക്കുന്നു. നിരാശനെ പ്രതീ

ക്ഷായുള്ളവനാകുന്നു. മുൻകാല തെററുകറം മനസ്സിൽ കരുതിവയ്ക്കുന്നില്ല. ക്രിസ്തുവിൻെറ ജീവിതം മുഴുവൻ കാരുണ്യമായിരുന്നു. കാരുണ്യപ്രവൎത്തികറം മാത്രം. തൊട്ടുസൂഖമാക്കൽ കാരുണ്യസൗഖ്യമായിരുന്നു. പിതാവിനോടു കാണിക്കാവുന്ന ഏററം വലിയ കാര്യം അവിടത്തെ മക്കളോടു് കരുണ കാണിക്കയല്ലേ? വ്യവച്ഛേദനം കൂടാതെ, കണക്കുകൂട്ടൽ കൂടാതെ, നാളേയ്ക്കു മാററിവയ്ക്കാതെ കാരുണ്യം കാണിക്കുക. ധനികൻെറമേലും ദരിദ്രൻെറമേലും, നമ്മുടെ സമപ്രായക്കാരുടെമേലും കാരുണ്യം കാണിക്കുക. സന്തോഷം കൊടുക്കാനുള്ള ഒരു സന്ദർഭവും നഷ്ടമാക്കാതിരിക്കുക.

## ഉദാരത

ഉദാരതയുടെ വിപരീതമാണു് പിശുക്കു്. അന്യരുമായുള്ള ഇടപാടിൽ പിശുക്കു കാണിക്കുന്നതു് ഒരു പക്ഷേ അസൂയയുടെ ഫലമായിക്കൂടെയാകാം. നാം ചെയ്യുന്ന നന്മ നാം പ്രകടിപ്പിക്കുന്ന കഴിവു് അന്യരും അതേ അളവിലോ അല്പം മെച്ചമായോ കാണിക്കുമ്പോറം സ്നേഹശൂന്യമായ മനസ്സു് അസൂയാകലുഷിതമായിത്തീരുന്നു. അവരുടെ പ്രവൎത്തനത്തിനു് പാരവയ്ക്കാതെ അവരോടു് ഉദാരമായി വൎത്തിക്കാൻ നമുക്കു് പററുമ്പോറം നാം സ്നേഹമുള്ളവരായിത്തീരുന്നു. ഉദാരതയുടെ അന്തരീക്ഷ്യപിയിൽ നാം വളരുന്നില്ലെങ്കിൽ നമ്മുടെ ഏററം നല്ല പ്രവൎത്തികൂടെയും അസൂയയുടെ അസുഖകരമായ മനോവ്യാപാരങ്ങളാൽ വിഷലിപ്തമാകാൻ എളുപ്പമാണു്. ഇനി അഥവാ നാം അസൂയപ്പെടുന്നെങ്കിൽ അതു് അസൂയയില്ലാത്ത ഒരു ക്രൈസ്തവനെ ആയിരിക്കണം.

## വിനയം

വിശേഷേണ നയിക്കപ്പെടുന്നതാണു് വിനയം. നാം ചെയ്യേണ്ടവ ചെയ്തുകഴിഞ്ഞു് നമ്മുടെ അധരങ്ങറക്കു കാവൽ ഏർപ്പെടുത്തുകയാണതു് (സങ്കീ. 141:3). സ്നേഹം അതിൻെറ ധൎമ്മം നിർവ്വഹിക്കാൻ ഇളിഞ്ഞിറങ്ങിവന്നു്

ധർമ്മം നിർവഹിച്ചിട്ട് ആരും അറിയാതെ മുമ്പുവന്ന മറയിലേക്കുതന്നെ തിരികെപ്പോകുന്നു. സ്നേഹം അഹങ്കരിക്കുന്നില്ല. ആത്മപ്രശംസയും ചെയ്യുന്നില്ല. വിനയാന്വിതൻ തനിക്കു നന്മയില്ല എന്നു പറയുകയല്ല. മറിച്ച് ദൈവമാണ് തന്നെക്കൊണ്ട് എല്ലാം നിർവ്വഹിച്ചതു് എന്നു പറയുകയാണ്.

## മര്യാദ

വ്യക്തിയുടെ സമൂഹത്തിലുള്ള പെരുമാററസുകൃതമാണതു്. സംസ്കാരശീലമാണതു്. മാന്യതയുടെ അകളങ്കരൂപവും അതുതന്നെ. നിസ്സാരകാര്യങ്ങളിൽ ഉള്ള സ്നേഹമാണ് മര്യാദ. സ്നേഹത്തിനു് അനുചിതമായി പെരുമാറാൻ ഒരിക്കലും പററുകയില്ല. മര്യാദയുടെ ഈ പാസ്പോർട്ടുമായി ഒരാൾക്ക് എവിടെയും കയറിച്ചെല്ലാനും കാര്യംനേടാനും സാധിക്കുന്നു. മാന്യനായ മനുഷ്യൻ എല്ലാം മാന്യമായി നിർവ്വഹിക്കുന്നു. മററുവാക്കിൽ എല്ലാം സ്നേഹത്തിൽ ചെയ്യുന്നു. പരുഷമായോ, അശ്രദ്ധമായോ, അന്യരുടെ വികാരങ്ങളെ മാനിക്കാതെയോ മാന്യനായ ഒരാൾക്കു പെരുമാറാൻ സാധ്യമാകയില്ല.

## നിസ്വാർത്ഥത

സ്വാർത്ഥത അതിൽതന്നെ തിന്മയല്ല. സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി, അവകാശങ്ങൾക്കുവേണ്ടി യത്നിക്കുക, സ്വന്തം കുടുംബത്തിനുവേണ്ടി അദ്ധ്വാനിക്കുക ഇതൊന്നും തിന്മയല്ല. നല്ലതാണു താനും. ജീവിതത്തോട് ആരോഗ്യകരമായ സ്വാർത്ഥത പുലർത്തുന്നതിൽ ആർക്കും ആരെയും കുററംപറയാനില്ല. പക്ഷേ സ്നേഹം കൂടുതൽ കടന്നുപ്രവർത്തിക്കുന്നു. വേണമെന്നാൽ സ്വന്തം അവകാശങ്ങൾപോലും അപരന് കൈവിടാൻ അതു സന്നദ്ധമാകുന്നു. ന്യായമായ സ്വന്തം സൗകര്യങ്ങൾ അപരനുമായി പങ്കുവയ്ക്കുന്നു. സ്നേഹത്തിൽ വളരുംതോറും ജീവൻെറ അടിസ്ഥാന അവകാശവാദംപോലും നാം ഉന്നയിക്കുന്നില്ല.

ഒരുവൻ അപരനുവേണ്ടി സ്വജീവൻ ബലികൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ. 15:13). സ്നേഹം തൻെറകാര്യം ഒട്ടും അന്വേഷിക്കുന്നില്ലാത്തതുകൊണ്ട് ആരൊക്കെയോ അതിൻെറ കാര്യം നോക്കിക്കൊള്ളുന്നു. പ്രതീക്ഷിക്കാത്തിടത്തുനിന്ന് അതിൻെറ അവകാശങ്ങൾ സംരക്ഷിതമായിരിക്കും. ''തൻെറ ജീവനെ ഇഹത്തിൽ കണ്ടെത്തുന്നവന് അതു നഷ്ടപ്പെടും. അതു നഷ്ടപ്പെടുന്നവൻ കണ്ടെത്തുകയും ചെയ്യുന്നു'' (മത്താ. 10:39). ക്രൈസ്തവ ആദ്ധ്യാത്മികതയിൽ നാം വളരുമ്പോൾ കിട്ടുക എന്ന നമ്മുടെ പ്രകൃതി കൊടുക്കുക എന്ന സ്വഭാവമായി പകർന്നുകഴിഞ്ഞിരിക്കും. ക്രൈസ്തവശുശ്രൂഷയുടെ അടിസ്ഥാനതത്ത്വം കൊടുക്കുക എന്നതാണ്. കൊടുക്കാൻ നാം ആരുടേയും അനുവാദം ചോദിക്കേണ്ട. ക്രിസ്തുവിൻെറ സുവിശേഷത്തിലില്ലാത്ത ഒരു വാചകം സെൻറ്പോൾ ഉദ്ധരിക്കുന്നുണ്ട്. ''വാങ്ങുന്നതിനേക്കാൾ ഏററം നല്ലത് കൊടുക്കുന്നതാണ്'' (അപ്പ. പ്രവ. 20:35).

## പ്രസന്നത

പ്രസാദവദനം ആരേയും ആകർഷിക്കും. പരുഷമായ പെരുമാററം നമ്മുടെ ഒരു ബലഹീനതയാണെന്നു കരുതി തള്ളിക്കളയാവുന്ന ഒന്നല്ല. നമ്മുടെ വ്യക്തിബന്ധങ്ങളെയും നമ്മുടെ ശുശ്രൂഷകളെയും വളരെവേഗം മലിനമാക്കുന്ന ഒരു ബലഹീനതയാകുമത്. ചൊക്കുകൊണ്ട് പിടിക്കാവുന്നതിൽ അധികം ഈച്ചകളെ തേൻകൊണ്ടു പിടിക്കാമെന്നു പറയുന്നതുപോലെയാണിതും. കോപിക്കുന്നില്ല എന്നു നിഷേധഭാവം മാത്രമല്ല പ്രസന്നതകൊണ്ട് ഉദ്ദേശിക്കുക. കൂടുതൽ ആകർഷകമായ ഒരു വ്യക്തിത്വത്തിൻെറ ബാഹ്യമോടികൂടിയാണത്. സ്വതേ ആകർഷകമല്ലെങ്കിലും പ്രസന്നത മുഖത്തിൻെറ അനാകർഷകത്വം മറച്ചുകളയും. സാധാരണ സാഹചര്യങ്ങളിൽ പ്രസാദവദനം കാത്തുസൂക്ഷിക്കുക എളുപ്പമാണ്. എന്നാൽ ക്ഷുഭിത സാഹചര്യങ്ങളിലും കോപാവേശിത ചുററുപാടിലുമാണ് പ്രസന്നത ഒരു യത്നമായിത്തീരുന്നത്. ജീവിതത്തോടു

തന്നെ സ്വീകരിക്കാവുന്ന ഒരു നർമ്മവീക്ഷണം നമ്മെ കുറേക്കൂടെ പ്രസന്നവദനരാക്കും.

ഈർഷ്യസ്വഭാവത്തിൻെറ പ്രത്യേകത അതു പുണ്യാത്മാക്കളുടെ പാപമാണെന്നാണ്. ചുററുപാടുകളിൽ അവർ ഉദ്ദേശിക്കുന്ന ആദർശങ്ങളുടെ പ്രായോഗികത കാണാതിരിക്കുമ്പോഴാണ് അവരുടെ പ്രസന്നഭാവം നഷ്ടപ്പെട്ടുപോകുന്നു. കുടുംബജീവിതം നിരന്തരം ഒരു തലവേദനയാക്കുക, സമൂഹങ്ങളെ ഭിന്നിപ്പിക്കുക, കുഞ്ഞുങ്ങളുടെ ശൈശവത്തെ ഭീതിനിറഞ്ഞതാക്കുക തുടങ്ങി പരുഷമായ നമ്മുടെ സ്വഭാവം എന്തെല്ലാം വിനകൾ വരുത്തിവയ്ക്കുന്നു. ധൂർത്തപുത്രൻ ഒരുതരത്തിൽ പറഞ്ഞാൽ ഭൗതികമായ പാപമാണ് ചെയ്തതെന്നു പറയാം. നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതും പ്രത്യക്ഷത്തിൽ ഹീനമായതുമായ തെററ് ധൂർത്തപുത്രൻ ചെയ്തതുകൊണ്ട് അയാളുടെ തെററിനെ ഭൗതികമായ തിന്മ എന്നു വിളിക്കാം. (material sin) എന്നാൽ ആ കുടുംബത്തിൻെറ സന്തുഷ്ടി കുറയ്ക്കുന്നതിൽ രണ്ടാമത്തെ മകനും അയാളുടെ പങ്കു നിർവ്വഹിച്ചു. ആ തിന്മയാണ് പരുഷപ്രകൃതിയുടെ തിന്മ. അതു് ആത്മീയ (spiritual) തിന്മയാണെന്നു പറയാം. അവൻെറ പെരുമാററവൈകൃതത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഘടകങ്ങൾ നോക്കിയാൽ ഈ സ്വഭാവത്തിൻെറ ക്രൂരത കൂടുതൽ വ്യക്തമാകും. അസൂയ, അരിശം, അഹന്ത, നിന്ദ, ക്രൂരത, സ്വയനീതീകരണം, തൊട്ടാവാടിത്തം, ദുശ്ശാഠ്യം, അപ്രസന്നത ഇതൊക്കെ വ്യക്തിയുടെ ഉള്ളിലും സമൂഹത്തിലും ദൂരവ്യാപകമായ ചലനങ്ങൾ ഉളവാക്കും. നമ്മുടെ ആന്തരപരിവർത്തനത്തിൻെറ ഗൗരവമായ പ്രഖ്യാപനമാണ് പ്രസന്നമായ വദനം. ഉള്ളിൽ ഉണങ്ങാത്ത മുറിവ് സൂക്ഷിക്കാത്ത ഒരാത്മാവിൻെറ ആരോഗ്യപ്രകൃതിയാണ് പ്രസന്നവദനം.

## നിഷ്കളങ്കതയും പരമാർത്ഥതയും

ചതിയും കളവും ഹൃദയത്തെ എത്രയോ വേദനിപ്പിക്കുമോ അതുപോലെ നിഷ്കളങ്കതയും പരമാർത്ഥതയും

അത്രയുംതന്നെ സന്തോഷിപ്പിക്കും. മാത്രമല്ല നിഷ്കളങ്കതയുടെ പെരുമാററശൈലി വളരെവേഗം നമ്മെ ആകർഷിക്കും. നിഷ്കളങ്കതയും പരമാർത്ഥതയും ഉള്ള ഒരാൾ മററുള്ളവരെയും സംശയദൃഷ്ടിയോടെ വീക്ഷിക്കാൻ ഇടയില്ല. തന്മൂലം അതിജാഗ്രതയുടെ വ്യഗ്രതയിൽനിന്ന് അയാൾ ഒഴിഞ്ഞുനില്ക്കും. ചതിയുടെയും കളവിൻെറയും ദുഃഖാനുഭവത്തിൽ അയാളിലെ പരമാർത്ഥിയും നിഷ്കളങ്കനും നൊന്തുപോവുമായിരിക്കും. എന്നാലും തൻെറ സ്വഭാവസവിശേഷതകൾ അയാൾ നഷ്ടപ്പെടുത്തുകില്ല. അതു തിന്മ വിചാരിക്കുന്നില്ല. ആരിലേക്കും തിന്മയുടെ ആരോപണം നടത്തുന്നില്ല. സ്നേഹശൂന്യമായ മനസ്സാണ് തിന്മ അന്യൻെറമേൽ ആരോപിക്കുന്നത്.

ഈ മനോഗുണം അന്യരെ വിശ്വസിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. അവരുടെ നന്മയിൽ വിശ്വസിക്കാൻ നാം ശ്രമിക്കുന്നു. ചിലപ്പോഴൊക്കെ അതു പരാജയപ്പെട്ടു എന്നു വന്നേക്കാമെങ്കിലും വ്യക്തികളെ വിശ്വസിക്കുക അവരുടെ അഭിമാനബോധത്തെ വളർത്തുകയാണ്. അന്യർ നമ്മെ വിശ്വസിക്കുന്നില്ല എന്നതു് ഏതൊരു വ്യക്തിക്കും വേദനാജനകമായിരിക്കും. അതിൻെറ സന്തോഷം സത്യത്തിലാണ്. ശത്രുവിൻെറ ഭാഗത്താണ് സത്യമെങ്കിൽത്തന്നെയും അതു സന്തോഷിക്കുന്നു. ശത്രുവിന്നെതിരായിട്ടാണെങ്കിൽ തിന്മയിൽ അതു സന്തോഷിക്കുന്നില്ല.

ഏകദേശം ഇതാണ് സ്നേഹത്തിൻെറ വിശ്ലേഷണം. ''ഈ ഭൂമി വെറുമൊരു കളിക്കളമല്ല അതു് ഒരു ശിക്ഷണശാലയാണ്. ജീവിതം വെറുമൊരു അവധിയല്ല മറിച്ച്, അദ്ധ്യയനമാണ്. ഇവിടെ നാം പഠിക്കേണ്ടതു് എങ്ങനെ കൂടുതൽ നന്നായി നമുക്ക് സ്നേഹിക്കാൻ പററും എന്നതാണ്'' (എച്ച്. ഡി.).

സ്നേഹം പരിശീലിക്കാനുള്ളതാണ്. ഒരു കായികാഭ്യാസി ഉയരുന്നതു്, ഒരു സംഗീതവിദഗ്ധൻ രൂപപ്പെടുന്നതു് ഒക്കെ പരിശീലനം വഴിയാണ്. മതവും പരിശീ

ലനവേദിയാണ്. സ്നേഹമാണ് പരിശീലിക്കേണ്ടതു്. പരിശീലനത്തിന് അതിനെ വിധേയമാക്കുന്നില്ലെങ്കിൽ അതു് വേഗം ഉപയോഗശൂന്യമായിപ്പോകും. ''സ്നേഹം ആവേശഭരിതമായ വെറും ഒരു സമ്പൂർണ്ണക്രൈസ്തവ സ്വഭാവത്തിൻെറ വികാരമല്ല. അതു് ധനികവും, ശക്തവും, പൗരുഷാത്മകവും, പ്രബലവുമായ പ്രകാശനമാണ്. നിരന്തരമായ അഭ്യാസംകൊണ്ടുമാത്രമേ ഈ വലിയ സംസ്കാരത്തിൻെറ നിർമ്മാണഘടകങ്ങൾ വളർത്തിക്കൊണ്ടുവരാൻ കഴിയൂ'' (എച്ച്. ഡി.). ''സിദ്ധികൾ ഏകാന്തയിൽ വികാസംപ്രാപിക്കുന്നു എങ്കിൽ ജീവിതസരിത്തിലാണ് സ്വഭാവസംസ്കാരം രൂപപ്പെടുന്നതു് എന്ന ഗേഥേയുടെ വാക്കുകൾ ചിന്തനീയമാണ്'' (ഉദ്ധരണി എച്ച്. ഡി.) ആ സ്വഭാവസംസ്കരണത്തിൻെറ കേന്ദ്രം സ്നേഹത്തിൻെറ പരിശീലനമാണ്.

ഈ സ്നേഹത്തിൻെറ പരിശീലനത്തിന് ഒരേ ഒരു വഴിയേ ഉള്ളൂ. ദൈവം എങ്ങനെ സ്നേഹിച്ചു എന്നു കാണുക. ക്രിസ്തു എങ്ങനെ സ്നേഹിച്ചു എന്നു കാണുക. ആദ്യം നമ്മെ സ്നേഹിച്ചതു് ദൈവമാണ്. (1 യോഹ 4:10) നാം ദൈവത്തെ അറിഞ്ഞു എന്നതല്ല ദൈവം നമ്മെ ആദ്യം അറിഞ്ഞു എന്നതാണ് പ്രധാനപ്പെട്ടതു് (ഗലേ 4:9). അങ്ങനെയാണ് നാം സ്നേഹത്തിൽ വളരേണ്ടതു്.

## സ്നേഹത്തിൻെറ സമർത്ഥനം

എന്തുകൊണ്ടാണ് സെൻറ്പോൾ സ്നേഹത്തെ ഏററം ശ്രേഷ്ഠമായി കണ്ടതു്. 'സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ലാത്തതുകൊണ്ടു്' (1 കൊറി. 13:8). പ്രവചനങ്ങളും ഭാഷകളും വിജ്ഞാനവും മാറിപ്പോകുന്നു. ഇന്നലത്തെ അറിവുകൾ ഇന്നു് അജ്ഞതയായി മാറുന്നു. ഇന്നലത്തെ ഭാഷകൾ ഇന്ന് മനസ്സിലാക്കാൻ പററാത്ത 'പേച്ചു'കളായിത്തീരുന്നു. പരിവർത്തനത്തിന് എല്ലാം വിധേയമാണ്. പക്ഷെ ഒന്നുമാത്രം നിലനില്ക്കുന്നു; സ്നേഹം. മററുള്ളതെല്ലാം അപൂർണ്ണമാണ്. ഇതിനേക്കാൾ പൂർണ്ണമായവ

വരുമ്പോൾ അപൂർണ്ണമായവ മാറിപ്പോകുന്നു. ഒരു ശിശു വളരുമ്പോൾ ശൈശവസ്വഭാവ പ്രകൃതികൾ ഉപേക്ഷിക്കുന്നു. അക്കാലത്തെ കുഞ്ഞിന്റെ അറിവുകൾ അനുസരിച്ച് വളർന്ന് വലുതാകുമ്പോൾ അതിന് പെരുമാറാൻ സാധ്യമാകുന്നില്ല. പ്രവചനങ്ങൾ നിറവേറിക്കഴിയുമ്പോൾ അതിനു പ്രസക്തി ഇല്ലാതായിത്തീരുന്നു.

സ്നേഹം ജീവനാണെന്നാണ് സെന്റ് ജോൺ എടുത്തുകാണിക്കുന്നത്. ദൈവം ലോകത്തെ സ്നേഹിച്ചപ്പോൾ അതിനു ജീവനുണ്ടായി എന്നു യോഹ. 3:16 വ്യാഖ്യാനിക്കാവുന്നതാണ്. ''മത്തായിയുടെ പുസ്തകത്തിൽ, സിംഹാസനസ്ഥൻ കോലാടുകളെയും ചെമ്മരിയാടുകളേയും തരംതിരിക്കുന്ന പ്രതീകാത്മകമായ വിധിദിന വിവരണത്തിൽ ഒരു മനുഷ്യൻ നേരിടേണ്ട ചോദ്യം: 'ഞാൻ എങ്ങനെ വിശ്വസിച്ചു' എന്നതല്ല. ഞാൻ എങ്ങനെ സ്നേഹിച്ചു എന്നതായിരിക്കും. മതം നേരിടേണ്ട ചോദ്യം, മതത്തിന്റെ ആത്യന്തികപ്രശ്നം നീതീകരണമല്ല (Justification) മറിച്ചു സ്നേഹമാണ്'' (എച്ച്. ഡി.) *

---

ഈ പ്രസംഗം ഹെൻഡ്രി ഡ്രമോണ്ടിന്റെ ''The Greatest thing in the world'' എന്ന പ്രസംഗത്തെ കുറെയൊക്കെ അവലംബിച്ചാണ് തയ്യാറാക്കിയത്. എച്ച് ഡി. എന്നു കാണുന്നത് അദ്ദേഹത്തിന്റെ ചുരുക്കപ്പേരാണ്. ഇവാഞ്ചലിക്കനായ ഡ്രമോണ്ടിന്റെ വിശ്വാസത്തേയും നീതീകരണത്തേയുംകുറിച്ചുള്ള പരാമർശങ്ങൾ ശ്രദ്ധേയമാണ്.

8.

# നല്ല ശമറായനായ ക്രിസ്തു

നല്ല ശമറായന്റെ ഉപമ വായിച്ച് അതു നമ്മുടെ ധ്യാനവിഷയമാക്കുമ്പോൾ ആദ്യമേതന്നെ നമ്മെ സ്പർശിക്കുന്ന ചിന്ത ക്രിസ്തുതന്നെയാണ് ഈ നല്ല ശമറായനെന്നാണ്.

## ഷ്വൈറ്റ്സർ

ആഫ്രിക്കൻ കോംഗോയിൽ ആതുരസേവനത്തിന് ഇറങ്ങി പുറപ്പെട്ട ആൽബർട്ട് ഷ്വൈറ്റ്സർ ഈ നൂററാണ്ടിൽ പ്രസിദ്ധിയാർജ്ജിച്ച ഒരു ലോകോപകാരിയാണ്. "എന്റെ ചുററുമുള്ള ആളുകൾ ദുഃഖിക്കുകയും കഷ്ടപ്പെടുകയും ചെയ്യുമ്പോൾ ഞാൻ മാത്രം സുഖമായി ജീവിക്കുക— അതു് എനിക്ക് ആലോചിക്കുവാൻപോലും പററാത്ത സംഗതിയായിരുന്നു." 1913 മാർച്ച് 26-ാം തീയതിയാണ് അദ്ദേഹം ആഫ്രിക്കയിലേക്ക് കപ്പൽ കയറിയതു്. അന്നു ദുഃഖവെള്ളിയാഴ്ചയായിരുന്നു. ആഫ്രിക്കയിൽ അവഗണിക്കപ്പെട്ടവരുടെയിടയിൽ സേവനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഉന്നതബിരുദങ്ങൾ നേടിയ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. 1899 മുതൽ സ്ട്രാസ്ബർഗ് സർവ്വകലാശാലയിലെ പ്രൊഫസർ ആയിരുന്ന ഷ്വൈറ്റ്സർ പിന്നീട് മതശാസ്ത്ര കോളേജിൽ പ്രിൻസിപ്പലുമായി. ചുററുപാടുകളിലെ ജീവിതക്ലേശങ്ങൾകണ്ട് മനസ്സലിഞ്ഞ അദ്ദേഹം പലേ കാരുണ്യപ്രവർത്തനങ്ങളിലും മുഴുകി. ഒരിക്കൽ ഒരു മാസികയിൽ 'കോംഗോ മിഷന്റെ ആവശ്യങ്ങൾ' എന്ന ലേഖനം വായിക്കാനിടയായി. ആഴമായി അദ്ദേഹത്തെ സ്പർശിച്ച ആ ലേഖനമാണ് വൈദ്യശാസ്ത്രവിദ്യാർത്ഥിയാ

യിചേരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. പലേ പ്രയാസങ്ങൾ തരണംചെയ്ത് 1912-ൽ ആണ് വൈദ്യശാസ്ത്രത്തിനുള്ള അവസാന പരീക്ഷ അദ്ദേഹം എഴുതിയത്. 1913 മാർച്ച് 26-ാം തീയതി അദ്ദേഹം ആഫ്രിക്കയിലേക്ക് കപ്പൽ കയറി.

## അന്ധകാരത്തിലും പ്രകാശം

ഏതു ക്രൈസ്തവൻെറയും ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾക്ക പിറകിൽ പ്രചോദനം ക്രിസ്തുവാണ്. നല്ല ശമറായൻെറ ഉപമയിലൂടെ സ്വന്തം ആത്മവത്ത നമുക്ക് വെളിവാക്കുന്നു ക്രിസ്തു. ക്രൈസ്തവമതത്തിൻെറ എഴുതപ്പെട്ട ചരിത്രം മുഴുവൻ കാരുണ്യത്തിൻെറ ചരിത്രമല്ല. 20 നൂററാണ്ടു കാലത്തെ ലോകനാഗരികതയുമായി കെട്ടുപിണഞ്ഞുകിടക്കുന്ന ചരിത്രമാണതു് അതിൽ അരങ്ങേറുന്നവരുടെ കിടമത്സരങ്ങളും, അധികാരദാഹവും വിഷയാസക്തജീവിതവും അവർ നടത്തിയ മനുഷ്യക്കുരുതികളും ഒക്കെയാണ് ചരിത്രത്തിൻെറ ഭാഗമായി പലപ്പോഴും പ്രത്യക്ഷപ്പെടാറു്. ഇടയ്ക്കിടയ്ക്ക് നാം കുറെ അപവാദങ്ങൾ കണ്ടു എങ്കിലായി.

വാസ്തവത്തിൽ കുറേക്കൂടി ആഴത്തിലേക്കിറങ്ങി ചരിത്രത്തിൻെറ എഴുതാപ്പുറങ്ങൾ വായിക്കാൻ നാം തുനിയുമ്പോൾ ക്രൈസ്തവ കാരുണ്യം പരുവപ്പെടുത്തിയ എത്രയോ ധന്യാത്മാക്കളെ കണ്ടെത്താനാവും. ആ ദർശനം ജന്മംകൊടുത്ത ജീവകാരുണ്യത്തിൻെറ എത്രയോ വൈവിദ്ധ്യമാന്ന പ്രസ്ഥാനങ്ങൾ കണ്ടെത്താൻ പററും. ചിലവ കാലികപ്രാധാന്യമുള്ളതായിരിക്കും. ചിലവ നീണ്ടുനിന്നു് സത്ഫലങ്ങൾ ഉളവാക്കി മായാത്ത മുദ്രപതിപ്പിച്ചിട്ടുണ്ടു്. ഉപദ്രവമായിത്തീരാൻ ഇടവരാവുന്ന എത്രയോ ധനവും സമ്പത്തും ക്രൈസ്തവസ്നേഹം കൂടുതൽ ജനോപകാരപ്രദമായ വഴികളിലേക്ക് തിരിച്ചുവിട്ടിരിക്കുന്നു. ഇരുണ്ട കാലഘട്ടമെന്നു വിശേഷിപ്പിക്കാവുന്ന മധ്യശതക

ങ്ങളിൽത്തന്നെ ക്രൈസ്തവകാരുണ്യത്തിൻെറ എത്രയെത്ര വൈവിദ്ധ്യമാർന്ന പ്രസ്ഥാനങ്ങളും അതിൻെറ പ്രണേതാക്കളേയും നമുക്കു കണ്ടെത്താനാവും. സഭ എന്നും കുരിശുയുദ്ധങ്ങളല്ല നടത്തിയിരുന്നതു്. സഭ എന്നും മന്ത്രവാദിനി വേട്ടയല്ല നടത്തിയിരുന്നതു്. സഭ കാരുണ്യത്തിൻെറ സഞ്ജീവനി എന്നും ദാനംചെയ്തിരുന്നു. യേശു എന്ന കാരുണ്യരൂപനിൽനിന്നു ചൈതന്യംസ്വീകരിച്ചുകൊണ്ടു എത്രയെത്ര വ്യക്തികളാണു തങ്ങളുടെ സ്വഭാവത്തിൻെറ പാരുഷ്യത്തിൽനിന്നു് പരിവർത്തനംവന്നു് അങ്ങേ അനന്തമായ കരുണ്യത്തിൻെറ ജിഹ്വകളായി പ്രവർത്തിച്ചിട്ടുള്ളതു്.

## സംഘടന വേദാന്തം

മനുഷ്യവിമോചനവും മനുഷ്യൻെറ സമത്വവും നല്ലാമെന്ന സങ്കല്പിക സ്വപ്നങ്ങൾ ജനതകൾക്കു നല്കിയ നിരീശ്വരചിന്തയും അവയിൽനിന്നു ജന്മംകൊണ്ടിട്ടുള്ള പ്രസ്ഥാനങ്ങളും ഏററം ശക്തിപ്രാപിക്കയും രാഷ്ട്രീയാധികാരം കൈയ്യടക്കുകയും ചെയ്ത ഈ നൂററാണ്ടിൽ ഈ പ്രസ്ഥാനങ്ങളുടെ പേരിൽ കുരുതികഴിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്ര കോടിയാണു്. മനുഷ്യൻെറ കോപം (ദൈവ) നീതിയെ നടപ്പാക്കുമെന്നവർ ധരിച്ചു (യാക്കോ 1: 20). വിപ്ലവം എന്ന വാക്കുതന്നെ നരഹത്യയുമായി ബന്ധപ്പെട്ടതല്ലേ. ധനികനെ കൊല്ലാമെങ്കിൽ പാവപ്പെട്ടവനേയും കൊല്ലാം. കൊല്ലുന്നവൻ അവനെ ധനികനെന്നു വിളിച്ചാൽ മതി. മുന്നേ സൂചിപ്പിച്ചപോലെ തലയോട്ടികളുടെ കൂമ്പാരംതന്നെ ഖമർറോഗുകളുടെ കംബോഡിയായിൽ എഴുപതുകളുടെ ആരംഭത്തിൽ ഉയന്നു വന്നില്ലേ. ദൈവത്തെ നിഷേധിക്കയും മനുഷ്യർതമ്മിലുള്ള ആയുധസംഘട്ടനത്തിൽ മാത്രം വിമോചനം കണ്ടെത്തുകയും ചെയ്യുന്ന ഒരു പ്രസ്ഥാനത്തിൻെറ നിഘണ്ടുവിൽ കാരുണ്യമെന്ന പദം ഇല്ലെങ്കിൽ അത്ഭുതപ്പെടാനില്ല. 'വിമോചനം

തോക്കിൻ കുഴലിലൂടെ' എന്ന സൂത്രവാക്യം ഓമനിച്ചു കൊണ്ടു നടക്കുന്നവൻ ഉന്നംവയ്ക്കുന്നതു് വിഷപ്പാമ്പുകളെയോ പേനായ്ക്കളെയോ അല്ല മനുഷ്യനെയാണ്. ജനകോടികളുടെ ക്രിയാത്മക ശക്തിയെ ദശവർഷങ്ങളോളം ഇരുമ്പുമറകൾക്കുള്ളിൽ അമർത്തിവച്ച് കവചിതവാഹനങ്ങളുടെ സംരക്ഷണയിൽ ഭരണം നടത്തി സമത്വം കൈവരുത്തി എന്നു് വീമ്പിളക്കിയവർ, ദൈവദത്തമായ മനുഷ്യസ്വാതന്ത്ര്യം ബെർലിൻ മതിൽക്കെട്ടുകൾകെട്ടി കുച്ചു വിലങ്ങിട്ടവർ, അതൊക്കെ സാമ്പത്തിക വളർച്ചയ്ക്കുതന്നെ ഭീഷണമാണെന്നു കണ്ടപ്പോൾ തുറന്നസമീപനത്തിൻെറയും (ഗ്ലാസ്നോസ്റ്റ്) അഴിച്ചുപണിയുടെയും (പെരിസ്ട്രോയിക്ക) സൂത്രവാക്യങ്ങൾ പൊക്കിപ്പിടിച്ച് തങ്ങൾ എന്തോ വലിയ കാര്യം ചെയ്യുന്നു എന്നു് പ്രചാരണം കൊടുക്കുകയാണിന്നു്. ജനാധിപത്യത്തിൻെറ കാതൽപ്രയോഗമാണ് കാരുണ്യം. സമഗ്രാധിപത്യത്തിൻെറ കാതൽ വാക്യം കാഠിന്യമെന്നാണ്. തെററുചെയ്യുന്നവനു് മാപ്പു കൊടുക്കുകയാണ് കാരുണ്യം. തെററു ചെയ്യുവനെ ഉടനടി ശിക്ഷിക്കുകയാണ് കാഠിന്യം. അച്ചട്ടായ, ഇടംവലം നോക്കാത്ത കാക്ശ്യത്തിൻെറ സംവിധാനം കൂടുതൽ മഹനീയവും കൂടുതൽ ക്രമീകൃതവും കൂടുതൽ താത്വികവും കൂടുതൽ നിയമാധിഷ്ഠിതവും ആയിരിക്കും. കാരുണ്യം ഉടനടി തീരുമാനം കണ്ടെത്താതെ അവ്യവസ്ഥയുടെ വക്കോളമെത്തുകയും ക്രമരഹിതമെന്നു് തോന്നിപ്പിക്കയും ചെയ്യും. പക്ഷേ മനുഷ്യനും അവൻെറ സ്വാതന്ത്ര്യേച്ഛയുമായിട്ടാണ് നാം ഇടപഴകുന്നതു് എന്നും, ഒരു മനുഷ്യൻ മറെറന്തിനേയുംകാൾ വിലപ്പെട്ടതാണെന്നും ഉള്ള (മത്താ. 16: 26) അസാമാന്യ ധാരണയിലേക്കു വരുമ്പോൾ നാം കാരുണ്യത്തിൻെറ വക്താക്കളായി പരിവർത്തനം ചെയ്യുന്നു. മുറിയിൽനിന്നും കട്ടുകൊണ്ടുപോയ തിരികാലുകൾ ഴാങ് വാൽഴാങ് കട്ടുകൊണ്ടുപോയതല്ല ഞാൻ അവനു കൊടുത്തതാണെന്നു പറയുന്ന ബിഷപ്പ്, വിക്ടർഹ്യൂഗോയുടെ കഥാപാത്രം സമാരാധ്യനാകുന്നതു് അപ്പോഴാണ്. ദാനംകിട്ടിയ

വസ്ത്രം ദാതാവിൻെറ മുമ്പിൽ വച്ചുതന്നെ വിററു് ചൂതു കളിക്കാൻ പോകുന്ന തെരുവുപരിഷയ്ക്കു് ഭാവഭേദം ഒന്നും കാണിക്കാതെ വീണ്ടും വസ്ത്രം നല്കുന്ന ഒരു വി. കമീല്ല സിൻെറ ദാനൗന്നത്യം ആദരണീയമാകുന്നതു് അപ്പോഴാണു്. അല്ല മറിച്ചാകുമ്പോഴോ കുട്ടവനെ മാത്രമല്ല അവൻെറ മുൻതലമുറയേയും പിൻതലമുറയേയും മാത്രമല്ല, അയൽ പക്കത്തേയും പ്രതികാര നടപടിക്കു വിധേയനാക്കുന്ന തിനെ ന്യായീകരിക്കുമ്പോഴോ നീറോയും ഹിററ്ലറും സ്റ്റാലിനും ഒക്കെ നമുക്കു് പൂജനീയരായിത്തീരുന്നു. സ്റ്റാലിൻെറ പടംവച്ചു് അംഗീകരണം കൊടുക്കുന്ന ചില പാർട്ടിക്കാരെ നാം കണ്ടിട്ടില്ലേ? ആ പാർട്ടിതന്നെയല്ലേ ജനാധിപത്യത്തെക്കുറിച്ചു് ഏററവും കൂടുതൽ പ്രസംഗിക്കുന്നതും അതിൻെറ ധ്വംസനപരമായ കൈക്രിയകളിൽ ഏർപ്പെടുകയും ചെയ്യുന്നതു്.

## അടിത്തറ ക്രിസ്തു

കാരുണ്യത്തിൻേറയും അതിനു ജന്മംനല്കുന്ന സ്നേഹത്തിൻേറയും ക്രൈസ്തവ അടിത്തറ ക്രിസ്തുവാണു്.

'സ്നേഹം അതിൻെറ ശക്തികൊണ്ടാണു് അല്ലാതെ മൃദുലതകൊണ്ടല്ല വിലമതിക്കപ്പെടേണ്ടതു്' എന്ന അൽഫോൻസു ലിഗോറിയുടെ ആശയം വളരെ ചിന്തനീയമാണു്. എല്ലാ തെററുകളേയും കണ്ണടയ്ക്കുക എല്ലാ അനീതികളേയും അനുവദിക്കുക അതാണോ സ്നേഹത്തിൻെറ പ്രായോഗികത. അതോ നീതിയുടെ മൂടുപടമണിയുന്ന അനീതിയെ, ആചാരത്തിൻേറയും കർമ്മങ്ങളുടേയും മറയ്ക്കുള്ളിലെ മതജീർണ്ണതയെ ചൂണ്ടിക്കാണിക്കുകയും അധാർമ്മികതയുടെ അണലിപ്പെതങ്ങളെ മാളത്തിനു പുറത്തു ചാടിക്കുകയും ചെയ്യുകയാണോ? അവിടന്നു് അതല്ലേ ചെയ്യുന്നതു്? അതിനു് അവിടന്നു് ഉപയോഗിച്ച ആയുധം വചനത്തിൻേറതായിരുന്നില്ലേ? തിന്മയെ ഉന്മൂലനം ചെയ്യാനുള്ള

അവിടത്തെ തീക്ഷ്ണത പാപിയെ ഉന്മൂലനം ചെയ്യുന്നതിലല്ല അടങ്ങിയിരുന്നത്.*

ക്രിസ്തുവാണ് ഈ നല്ല ശമറായൻ. അവിടന്ന് നമ്മുടെ ബലഹീനതകൾ ചുമന്നു. അവിടന്നു വഹിച്ചത് നമ്മുടെ ദുരിതങ്ങളായിരുന്നു (മത്താ. 8: 17). എന്നു സഹിക്കുന്ന ദൈവദാസനെക്കുറിച്ച് ഐസയാ പറയുന്നത് വിശുദ്ധ മത്തായി ക്രിസ്തുവിന്റേതായി എടുത്തുകാണിക്കുന്നുണ്ട്. അവിടത്തെ സ്വന്തം വാക്കുകൾതന്നെ തന്റെ ദൗത്യത്തെ വ്യക്തമാക്കുന്നുണ്ട്. 'ശുശ്രൂഷ സ്വീകരിക്കാനല്ല ശുശ്രൂഷിക്കാനും അനേകരുടെ മോചനമൂല്യമായി സ്വജീവൻ കൊടുക്കാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്'' (മത്താ. 20: 28). തന്റെ പരസ്യ ജീവിതാരംഭത്തിൽത്തന്നെ സമൂഹധാരണകളെയും അന്ധമായ മാമൂൽധാരണകളേയും ധിക്കരിക്കാനുള്ള പ്രവണതതന്നെ അവിടന്നു തന്റേതന്നെ ജീവിതത്തിനു ആപത്ക്കരമാംവണ്ണം പ്രകടിപ്പിച്ചു (മക്കോ. 3: 6). ഹ്രസ്വമായിരുന്ന അവിടത്തെ പരസ്യജീവിതം മുഴുവനും സഹിക്കുന്ന മനുഷ്യപുത്രന്മാരോടുകൂടെയായിരുന്നു. മുടന്തരും കുരുടരും രോഗികളും കുഷ്ഠബാധിതരും സമൂഹത്തിലെ നികൃഷ്ടക്കൂട്ടങ്ങളും പിന്നാലെ നടക്കുന്ന ഒരു മനുഷ്യൻ. ശാരീരികമായി തകർന്നവർ മാത്രമല്ല മാനസികമായും തകർന്നവർ – പാപികളുടേയും ചുങ്കക്കാരുടേയും സ്നേഹിതൻ (മത്താ. 11:19) എന്ന പരിഹാസം കേൾക്കാൻ ഇടയാകുംവിധം അവിടത്തെ ചുററുംകൂടിയിരുന്നു. ആ പോരാട്ടം മൂന്നു വർഷത്തിനു ശേഷം അതിന്റെ സ്വാഭാവികകോടിയിൽ ഗാഗുൽത്തായിൽ എത്തി എന്നേയുള്ളു.

## അടിസ്ഥാനധാരണകൾ ഇളകുന്നു

മതത്തിന്റെ അടിസ്ഥാനധാരണകൾ ധ്വംസിക്കുന്ന ചിന്താഗതികളെ അവിടന്ന് അവതരിപ്പിച്ചു. പശ്ചാത്ത

---

* 'ക്രിസ്തുവും ദേഷ്യവും' എന്ന നാലാമദ്ധ്യായത്തിലെ ഭാഗം ശ്രദ്ധിക്കുക.

പിക്കംമുമ്പേ പാപമോചനം, വിളയും കളയും ഒരുമിച്ചു വളരാൻ അനുവദിക്കുക. പകലന്തിയോളം പണിയെടുത്തവനും അന്ത്യയാമം മാത്രം പണിയെടുത്തവനും ഒരേ കൂലി. എന്നിട്ട് ഈ അനീതിക്കെതിരേ മുറുമുറുത്തവനോട് എൻെറ സ്വത്തുകൊണ്ട് ഞാനിഷ്ടമുള്ളതുചെയ്യും എന്ന ധിക്കാരം നിറഞ്ഞ തട്ടത്തരവും. മോസസ് കല്ലെറിഞ്ഞുകൊല്ലണമെന്നു പറഞ്ഞവളെ വെറുതെ വിടുന്നു. തൂങ്ങിമരിക്കുന്നവന് പറുദീസാ വാഗ്ദാനം ചെയ്യുന്നു. അനുഷ്ഠാനഭദ്രമായ മതനിഷ്ഠ പുലർത്തുന്നവനേക്കാൾ ദേവാലയത്തിനു പുറത്തെങ്കിലും അനുതാപവിവശമായ ആത്മാവിന് നീതീകരണം വാഗ്ദാനംചെയ്യുന്നു. ധൂർത്തൻ തെററ് ഏററു പറയുന്നില്ലെങ്കിലും പിതൃസ്വത്തിന് സമ്പൂർണ്ണ അധികാരം കൈവരുന്നു. നിന്ദയുടേയും ശാപത്തിൻെറയും ഇടയിൽ ആത്തുല്ലസിക്കാൻ ആഹ്വാനംകിട്ടുന്നു. മനുഷ്യൻ സൃഷ്ടിക്കുന്ന ഒരു മതധാരണയെ പൊളിച്ചെഴുതി ഒരു നവീനബന്ധത്തിന് തുടക്കംകുറിക്കുന്നു. ദൈവത്തെ ഇനി 'അപ്പാ' എന്ന് വിളിച്ചാൽ മതി. അപരനോട് ക്ഷമിക്കുന്നില്ലെങ്കിൽ ആ പിതാവിൻെറ കാരുണ്യം നാം അഹിക്കാത്തവരായിത്തീരും. ദൈവത്തിൻെറ കാരുണ്യം സഹോദരനുമായി വിഘടിച്ചുനില്ക്കുന്നവൻെറ തലയ്ക്കുമീതെ തൂങ്ങിനില്ക്കുന്ന മാരകായുധമായിപ്പകരുന്നു. അതു കാരുണ്യത്തിൻെറ ക്രൂരതയാണ്. ദൈവം ചാട്ടവാറു ചുഴററുന്ന ദണ്ഡകനും ശാപത്തിൻെറ തീക്കട്ട വമിക്കുന്ന അഗ്നിപർവ്വതവുമായിത്തീരുന്നു.

നല്ല ശമറായനിലൂടെ മതത്തിന് ബന്ധത്തിൻെറതായ പരിവേഷം വരുകയാണ് (അദ്ധ്യായം 1). അനുഷ്ഠാനജടിലതയിൽനിന്ന് ബന്ധസരളതയിലേയ്ക്ക് നാം പൊടുന്നനെ പ്രവേശിക്കുന്നു. അതു വളർത്തുന്നതിനു പററിയ അനുഷ്ഠാനങ്ങൾ മതി. ഞാൻ ബലിയല്ല കാരുണ്യമാണ് ആഗ്രഹിക്കുന്നത് എന്ന് അവിടുന്നു പറയുമ്പോഴും (മത്താ 12:7) ശത്രുമിത്രഭേദം കല്പിക്കാത്ത പിതാവിൻെറ കാരുണ്യത്തിലേക്കു നമ്മെ ക്ഷണിക്കുമ്പോഴും (ലൂക്ക. 6:36) ക്രിസ്തു

ശമറായന്റെ ഉപമയിലെ സന്ദേശമാണ് ഊന്നിപ്പറയുന്നത്. അല്ല അവിടന്ന് ശമറായനായി സ്വയം പകർത്തുകയാണ്.

## അന്യർക്കുവേണ്ടി ഒരു മനുഷ്യൻ

സ്വന്തം നന്മയ്ക്കുവേണ്ടി അവിടന്ന് ഒന്നുംതന്നെ ചെയ്യുന്നില്ല എന്നുപറയാം. എല്ലാം അന്യർക്കുവേണ്ടി. സ്വയം രക്ഷിക്കേണ്ട ഒരവസരം വന്നപ്പോൾ ഓടി മാറിക്കളയുകയാണ് അവിടന്ന് ചെയ്തതെന്നുതോന്നുന്നു (യോഹ. 6:15). അവിടന്ന് മറഞ്ഞുകളഞ്ഞു എന്നുമാത്രമേ സുവിശേഷകൻ പറയുന്നുള്ളു. 'മററുള്ളവർക്കുവേണ്ടിയുള്ള ഒരു മനുഷ്യൻ' എന്ന് നിസംശയം പറയാൻ പററിയവിധം അവിടന്ന് അന്യരുമായി ഒത്തുചേർന്നു. കർത്താവിന്റെ അരൂപി തന്റെമേൽ ഉണ്ട് എന്ന് ഐസയായുടെ (ഐസ. 61:1) പ്രവാചകവാക്ക് തനിക്കുവേണ്ടിത്തന്നെ ഉദ്ധരിച്ചിട്ട് തന്റെ ദൗത്യം (ലൂക്ക. 4:18) അവിടന്ന് വ്യക്തമാക്കുമ്പോഴും സ്നാപകന്റെ ശിഷ്യന്മാർക്ക് വരാനിരിക്കുന്നവൻ താൻതന്നെയോ എന്ന സംശയം തീർക്കുമ്പോഴും (മത്താ. 11.4) യേശു തന്റെ ശുശ്രൂഷയുടെ 'ശമറായസ്വഭാവം' എടുത്തു കാണിക്കുകയായിരുന്നു.

മതജീവിതത്തെ സ്നേഹത്തിലേക്ക് അവിടന്ന് പരിവർത്തനപ്പെടുത്തി എന്നുപറയാം. മറേറതെങ്കിലും ആദ്ധ്യാത്മിക നേതാക്കളുടെ അനുയായികൾ തങ്ങളുടെ ഗുരുവിനെ 'ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നൊരു' മന്ത്രം കൊണ്ട് ആദരിച്ചിട്ടുണ്ടോ? ശ്രീബുദ്ധാ നിന്നെ ഞാൻ സ്നേഹിക്കുന്നു. ശ്രീരാമാ നിന്നെ ഞാൻ സ്നേഹിക്കുന്നു എന്ന്. മുഹമ്മദേ നിന്നെ ഞാൻ സ്നേഹിക്കുന്നു എന്ന്. 'സ്നേഹിക്കുന്നു' എന്ന പ്രയോഗം ആ മന്ത്രങ്ങളിൽ അരോചകത്വം ജനിപ്പിക്കുന്നു. ഉപയോഗപരിചയം ഇല്ലാത്തതുകൊണ്ടായിരിക്കാം. എന്തുകൊണ്ട് ഉപയോഗപരിചയംതന്നെ വന്നില്ല. കാരണം ആ വിവിധ മതങ്ങളുടെ അനുഭവകാതലിൽ (Core Experience) ഈ സ്നേഹത്തി

ൻെറ അനുഭവം അന്യമായി നില്ക്കുന്നതുകൊണ്ടല്ലേ. മതത്തെ സ്നേഹമായി അവിടന്നു പകർത്തി. നിസ്വാർത്ഥമായ സ്നേഹത്തിൻെറ അംശമെങ്കിലും ഇല്ലെങ്കിൽ ആചാരങ്ങളും പ്രമാണങ്ങളും അനുഷ്ഠാനങ്ങളും ഡോഗ്മകളും ക്രൈസ്തവീകരത്തിന് ജന്മം കൊടുക്കുന്നില്ല. അവയൊക്കെ മതഭ്രാന്തിനും മതാന്ധതയ്ക്കും വളമായിത്തീരും. മതജീവിതത്തിൻെറ ബുദ്ധിപരമായ സംവിധാനമാണ് ഡോഗ്മകൾ. മതത്തിൻെറ പ്രായോഗികസംവിധാനം ആചാരാനുഷ്ഠാനങ്ങളും. ഇവയൊക്കെ മതഭീകരതയ്ക്ക് ജന്മം കൊടുക്കും എന്നുവരാം; സ്നേഹംകൊണ്ട് മയപ്പെടുന്നില്ലെങ്കിൽ.

ശിഷ്യപ്രമുഖനായ സൈമൺ പീററിനോടുള്ള അവിടത്തെ ചോദ്യം എത്ര മാനുഷികമാണ്? ''നീ എന്നെ സ്നേഹിക്കുന്നുവോ'' (യോഹ. 21:15). അതിൽ എല്ലാ ഡോഗ്മകളും അടങ്ങുന്നു. എല്ലാ അനുഷ്ഠാനങ്ങളും അത് ഉൾക്കൊള്ളുന്നു. ക്രൈസ്തവ ആത്മീയാനുഭവസ്ഥരുടെ സുകൃതജപം, നാമജപം തന്നെ ഇതായിരിക്കുന്നു. 'ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു.''

ക്രൈസ്തവവിശുദ്ധർ എല്ലാം അവർ ജീവിച്ച കാലഘട്ടത്തിൻെറ അജ്ഞതകളും, ആചാരവൈകല്യങ്ങളും ചിന്താഗതികളും ഉൾക്കൊണ്ടിരുന്നവരായിരുന്നു. അവരവരുടെ മാനസികവൈകല്യങ്ങൾക്ക് വിധേയരും ആയിരുന്നിരിക്കാം. അവരുടെ താപസകൃത്യങ്ങൾ മനസ്സിൻെറ രോഗാവസ്ഥയെയാണ് പ്രതിഫലിപ്പിച്ചിരുന്നത് എന്നു വിമർശിക്കുകയും ചെയ്യാം. പക്ഷെ അതിലെല്ലാററിലും പ്രധാനം അവർ ക്രിസ്തുവിനെ സ്നേഹിച്ചിരുന്നു. അവർ അപരരേയും തങ്ങളുടെ ശത്രുക്കളേയുംപോലും സ്നേഹിക്കാൻ തയ്യാറുമായിരുന്നു. ക്രിസ്തുവിൻെറ സ്നേഹം അത്ര പരിവർത്തനപ്പെടുത്തുന്ന ഒന്നായിരുന്നു.

ക്രിസ്തുവിൻെറ സ്നേഹത്തെ സെൻറ് ജോൺ വിശേഷിപ്പിച്ചതു് 'അവസാനംവരെ സ്നേഹിച്ച സ്നേഹം' എന്നു പറഞ്ഞുകൊണ്ടാണ് (യോഹ. 13:1). ദൈവം

ലോകത്തെ തൻെറ പുത്രനെ തന്നുകൊണ്ടു് സ്നേഹിച്ചു എന്ന മൗലികാനുഭവത്തിൻെറ തുടർച്ചയാണു് ഈ സ്നേഹവും. സ്നേഹത്തിൽ നിലനില്ക്കുകയും പരസ്പരം സ്നേഹം പകരുകയുമാണു് ക്രിസ്തുവിനുള്ള പരമമായ ശുശ്രൂഷ (യോഹ. 15:9,12).

## ശമറായ സംസ്കാരം

ഈ മൗലികപ്രമാണത്തിൻെറ വെളിച്ചത്തിലാണു് ക്രൈസ്തവരുടെ വ്യക്തിജീവിതവും സഭയുടെ സാമൂഹ്യജീവിതവും വിമർശനവിധേയമാകുന്നതും വിമശ്നവിധേയമാകേണ്ടതും. ക്രിസ്തു കാണിക്കുന്ന ശമറായ സംസ്കാരം വെറും സാമൂഹ്യപ്രവത്തനങ്ങളിൽ ഒതുങ്ങുന്ന ഒന്നല്ല. പേരിനും പ്രശസ്തിക്കുംവേണ്ടി സാമൂഹ്യസേവനം ചെയ്യാം. കിടമത്സരങ്ങൾകൊണ്ടു സേവനം നടത്താം. രാഷ്ട്രീയപ്രേരിതമായ സേവനവും നടത്താം. ഇതൊന്നും ശമറായത്തമാവില്ല. തന്മൂലം ക്രൈസ്തവവുമാകില്ല. ക്രൈസ്തവനു് സാമൂഹ്യസേവനം സാമൂഹ്യ ശുശ്രൂഷയാണു്. 'ശുശ്രൂഷ' എന്ന വാക്കിൽ സേവനമെന്ന വാക്കിനേക്കാൾ വ്യക്തിബന്ധത്തിൻെറ ഹൃദ്യതയും നിസ്വാത്ഥതയുടെ പരമാത്ഥഭാവവും ഉണ്ടായിരിക്കും. സേവനത്തിൽ എപ്പോഴും യജമാനഭാവമുണ്ടായിരിക്കും. ഞാൻ കൊടുക്കുന്നു, അപരൻ സ്വീകരിക്കുന്നു. സ്വീകരിക്കുന്നവൻ എൻെറ ആശ്രിതത്വം സ്വീകരിക്കേണ്ടിവരുന്നു. ക്രിസ്തു എന്ന ശമറായൻ ശുശ്രൂഷയാണു് ആവശ്യപ്പെടുന്നതു്. വീണ്ടും സേവനം വ്യക്തിയെയല്ല വ്യക്തിയുടെ പ്രശ്നങ്ങളെയാണു് കൈകാര്യം ചെയ്യുന്നതു്. ശുശ്രൂഷ വ്യക്തിയെയാണു് കൈകാര്യം ചെയ്യുന്നതു്.

വസ്തുതകളോടും വ്യക്തികളോടും സാമൂഹ്യപ്രശ്നങ്ങളോടും ക്രിസ്തു പ്രകടിപ്പിക്കുന്ന പ്രത്യേകത ശ്രദ്ധേയമാണു്. ശമറായൻെറ ഉപമയിലൂടെ കൊള്ളക്കാരെ ഉന്മൂലനം ചെയ്യണമെന്നും അതുവഴി ജറുസലേമിൽനിന്നു ജറീക്കോയിലേക്കുള്ള വഴിയിലെ ആക്രമണപരമ്പര അവസാനിപ്പിക്കുകയാ

ണമവേണ്ടതും എന്ന ഒരു വിപ്ലവപാഠം അവിടത്തേക്കു പഠിപ്പിക്കാമായിരുന്നു. അത്തരത്തിലുള്ള ഒരു ചിന്താഗതി വിപ്ലവഗ്രൂപ്പുകൾക്ക് ക്രിസ്തുവിനെ ആദരണീയനാക്കിയേനെ. പക്ഷേ അവിടന്ന് മറെറാരു സമീപനമാണ് അവതരിപ്പിക്കുന്നത്. ഈ ഭൂമിയുടെ തിന്മ മോചിക്കുവാൻ ചിന്തേണ്ട രക്തം അപരാധിയുടേതല്ല് എന്നതിനേക്കാൾ സ്വന്തം രക്തംതന്നെയാകുന്നു. യാത്രക്കാരൻ തട്ടിയെടുത്ത പണത്തിനു പകരം സത്രത്തിൽ കൊടുക്കാൻ പണം അയാൾ സ്വയം കണ്ടെത്തുകയാണ് ചെയ്യുന്നത്. മറിച്ചുള്ളവ തിന്മയുടെ വളർച്ചക്ക് ആക്കംകൂട്ടുകയേ ഉള്ളൂ എന്ന് അവിടത്തേക്ക് അറിയാം. ''ഇതാ നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറ രക്തം, ഇതാ അനേകരുടെ പാപമോചനത്തിനായി മുറിക്കപ്പെടുന്ന എൻെറ ശരീരം''. ശമറായൻെറ ഉപമയിലും ഇതാ പാപത്തിൻെറ കർമ്മഫലമായിക്കിടക്കുന്നവനുവേണ്ടി തയ്യാറാക്കിയ എൻെറ ശരീരമെന്നാണ് ശമറായക്കാരൻ തൻെറ പ്രവർത്തിവഴി പറയുന്നത്. ഹെബ്രായക്കുള്ള ലേഖനത്തിൽ ക്രിസ്തുവിൻേറതായി ഒരു വാചകം സങ്കീർത്തനത്തിൽനിന്നും ഉദ്ധരിക്കുന്നുണ്ട്.

'ബലികളും കാഴ്ചകളും നീ ആഗ്രഹിച്ചില്ല
നീ എനിക്കായി തയ്യാറാക്കിയതോ ഒരു ശരീരം
ദഹനബലികൾ നിനക്കു വേണ്ടായിരുന്നു
പാപബലികളും നീ ഇഷ്ടപ്പെട്ടില്ല.
എന്നെക്കുറിച്ച് എഴുതിയിരിക്കുന്ന
വിശുദ്ധലിഖിതം പൂർത്തിയാക്കുവാൻ
ഓ! ദൈവമേ അങ്ങേ മനസ്സ്
നിറവേററാൻ ഇതാ ഞാൻ വരുന്നു
(ഹെബ്രാ. 10:5–7; സങ്കീ. 40:6–8).

തിന്മയുടെ മോചനത്തിന് അന്യമായവയെ ബലികഴിക്കാൻ അവിടന്നു മനസ്സായില്ല. അവിടന്ന് സ്വശരീരത്തിൽ ആ ബലിയർപ്പണം നടത്തി.

നല്ല ശമറായനായ ക്രിസ്തു. വ്യക്തിപരമായും സാമൂഹ്യമായും പാപത്തിൻെറ പരുക്കേല്ക്കേണ്ടിവരുന്ന മനു

ഷ്യകുലത്തിന്റെ നിത്യപരിഹാരമാണ് ക്രിസ്തു. അവിട ന്ന് തിന്മയെ നേരിടുകയും സ്വശരീരത്തിൽ വഹിക്കുക യുംചെയ്തു. അവിടന്ന് അതു ചെയ്യുക മാത്രമല്ല ആ മഹാ ത്യാഗത്തിന്റെ ഭാഗഭാഗിത്വത്തിന് ആളുകളെ ക്ഷണിച്ചു കൊണ്ടുമിരിക്കുന്നു. എത്രയോ മഹാത്യാഗികളെ ആ പരമ ത്യാഗി സ്വരൂപിച്ചെടുത്തിരിക്കുന്നു. അയലത്തെ അന്തി ക്കഞ്ഞി മുടങ്ങുമ്പോരം ആരും അറിയാതെ അവരെ ഊട്ടാൻ വെമ്പുന്ന ഒരു വീട്ടമ്മയും പാവപ്പെട്ട വീടുകളിൽ രോഗി സഹായത്തിന് എന്തെങ്കിലും പരിക്കാൻ തെണ്ടിനടക്കു ന്ന ഒരു വിൻസൻറ് ഡീപോരം പ്രവർത്തകനും, കിട്ടുന്ന പ്രതിഫലം ശ്രദ്ധിക്കാതെ രോഗികളെ ശുശ്രൂഷിക്കുന്ന ഒരു നേഴ്സും, വഴിയിൽ അലയുന്ന കുഷ്ഠരോഗിയെ പരിച രിക്കാൻ ശ്രദ്ധിക്കുന്ന ഒരു കന്യാസ്ത്രീയും എല്ലാം ആത്യന്തി കമായി തങ്ങളുടെ പ്രചോദനം കണ്ടെത്തുന്നതു് ക്രിസ്തു എന്ന നല്ല ശമറായനിലാണ്. വെറും നിസ്സാരമായ ഒരു പാത്രം പച്ചവെള്ളം ഒരുവനു നല്കുന്നതിന് പ്രതിഫലം അവിടന്നു വാഗ്ദാനം ചെയ്തതിനു കാരണം (മത്താ. 10:42) അവിടത്തേക്കുതന്നെയാണ് അതു ചെയ്തതു് എന്നതുകൊ ണ്ടാണ് (മത്താ. 25:40). ചെറിയവർക്ക് ചെറിയ കാര്യ ങ്ങരം ചെയ്യുക, അതാണ് ക്രിസ്തുവിലെ ശമറായമനുഷ്യൻ ആവശ്യപ്പെട്ടതു്.

പാർട്ടിയോ ജാതിയോ നിറമോ നോക്കാതെ സാർവ്വ ജനീനമായ കാരുണ്യയജ്ഞത്തിന് ക്രൈസ്തവസമൂഹ ത്തെ പ്രാപ്തനാക്കുന്നതു് ക്രിസ്തു എന്ന ശമറായനാണ്. വി മോചനം, സാർവത്രികസമത്വം എന്നീ ആദർശങ്ങളുടെ മുഖമറയിൽ അധികാരം കൈയ്യടക്കിയവർ കാണിച്ചുകൂട്ടി യ നരഹത്യയുടെ ചുകന്ന അദ്ധ്യായങ്ങരം വിരചിതമായ നൂററാണ്ടാണ് ഇതു്. ഫ്രഞ്ചുവിപ്ലവത്തിന്റെ സമത്വം കൈവരുത്താൻ ശ്രമിച്ചതു് ഗില്ലററിൻ എന്ന ഗളച്ഛേദനാ യുധമായിരുന്നെങ്കിൽ ഈ നൂററാണ്ടിന്റെ സമത്വം കൈ വരുത്താൻ യത്നിച്ചതു് ഗർജ്ജിക്കുന്ന തോക്കിൻകുഴലുക ളായിരുന്നു. വർഗ്ഗകലാപങ്ങരംക്ക് താത്വിക വിശദീകര

ണ്ണം നടത്തി ഭിന്നവർഗ്ഗത്തെ ഉന്മൂലനം ചെയ്തവർ മതം വർഗീയത പരത്തുന്നു എന്ന് ആക്ഷേപിച്ചു നടന്നു. അവർ വിപ്ലവകാരികളും ജനസേവകരുമായി പ്രത്യക്ഷപ്പെട്ടു. ആദർശങ്ങളുടെ മറയിൽ സഹപ്രവർത്തകരെ കരുതിക്കഴിച്ചവർക്ക് ആചാര്യപദവി കൊടുത്തു പൂജിക്കുന്ന മാനസികവികല്പം മനുഷ്യനിലെ പ്രാകൃതസംസ്കാരത്തിന്റെ ഉയത്തെണീല്പാണ് കാണിക്കുന്നത്. മറ്റൊരു മത, ദാർശനിക, രാഷ്ട്രീയ സിദ്ധാന്തങ്ങൾക്കും സാധ്യമാകാത്തത്ര രീതിയിൽ മനുഷ്യനെ ഉയർത്തിക്കാണിക്കുന്നതിൽ ക്രൈസ്തവസഭയ്ക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ ദിവ്യപ്രചോദനശക്തി ക്രിസ്തു എന്ന ശമരായനാണ്. അവിടന്നു കാണിച്ച മനുഷ്യദർശനത്തിന്റെ അടിസ്ഥാന അനുഭവത്തിലേക്ക് ഉയരാൻ കഴിഞ്ഞ ഒരു ശുശ്രൂഷകനേ ആകുന്നുള്ളൂ ആൽബർട്ട് ഷ്വൈറ്റ്സർ. അറിയപ്പെട്ടവരും അല്ലാത്തവരുമായ അത്തരം എത്രയോ പരകോടികൾ!

അപ്പോൾ സംഘടിതമായ ക്രൈസ്തവസമൂഹങ്ങൾ ഒരു തെറ്റും ചെയ്തിട്ടില്ലെന്നോ? തീർച്ചയായും. ഗുരുവിനോട് ഒട്ടിനിന്ന് ഒറ്റിക്കൊടുത്തവൻ മുതൽ എത്രയോ പേർ അവിടത്തെ പ്രബോധനത്തെ കളങ്കപ്പെടുത്തി. ക്രിസ്തുവിന്റെ പ്രബോധനം സംസ്കരിക്കാൻ ശ്രമിച്ചത് കാടത്തമുള്ള മനുഷ്യപ്രകൃതിയെയായിരുന്നു. ആബേലിന്റെ രക്തത്തിനു കൊതിച്ച കായേന്മാരെയായിരുന്നു. എഴുപതിരട്ടി പ്രതികാരത്തിനു മുതിർന്ന ലാമെക്കുമാരെയായിരുന്നു. അഴിച്ചുവിട്ടാൽ അതിക്രമംകാട്ടുന്ന മനുഷ്യവ്യാഘ്രങ്ങളെയാണ് അവിടന്ന് പരിഷ്ക്കരിച്ച് സ്വരൂപപ്പെടുത്തി എടുക്കാൻ ശ്രമിച്ചത്. പകയും ഹിംസയും പോരാട്ടവും ആധീശവർഗ്ഗത്തിന്റെ പോക്കിരി വിളയാട്ടവും മാത്രം അംഗീകരിക്കുന്ന ഒരു തത്വസംഹിതയെ മാത്രമാണ് നാം അംഗീകരിച്ചിരുന്നതെങ്കിൽ, ക്ഷമയും കാരുണ്യവും ശത്രുസ്നേഹവും, ദീനാനുകമ്പയും പ്രതിഫലേച്ഛ കൂടാതുള്ള ശുശ്രൂഷയും ക്ഷമാപൂർവ്വമായ സഹനവും, അർത്ഥമില്ലാത്ത പദക്കൂട്ടുകളായി കരുതുകയും ചെയ്തിരുന്നെങ്കിൽ ഈ മനു

ഷ്യകുലത്തിന്റെ ഗതി എന്താകുമായിരുന്നു. ക്രിസ്തു എന്ന
ശമറായനേയും അവിടുന്നിൽനിന്നും ഉളവായ ആത്മീയ
സ്വാധീനതയേയും ചരിത്രത്തിന്റെ പങ്കിൽനിന്നും വേർ
പെടുത്തുക. ഇരുളോ വെളിച്ചമോ മനുഷ്യകുലത്തിന്റെ
ശിഷ്ടം. ദുഃഖമോ നിരാശയോ ഫലം? മാന്യന്മാരെന്നു കരു
തി മേനി മിനുക്കി നടന്നിരുന്ന റോമൻ സുഖാസക്ത
വർഗ്ഗത്തെ മ്ലേച്ഛന്മാർ എന്നു കരുതപ്പെട്ട ജർമ്മൻഗോത്ര
ങ്ങൾ തകർത്തു നിമാവശേഷമാക്കിയപ്പോൾ തകർന്ന നാഗ
രികതയിൽ എന്തെങ്കിലും നിലനിർത്താനും ഈ കാട്ടാളരെ
സംസ്കാരാഭ്യുന്നതരാക്കാനും ശ്രമിച്ചതു് ക്രിസ്തു എന്ന
ശമറായനല്ലേ? ആ സങ്കരവർഗ്ഗത്തിന്റെ പിന്നാളുകൾ
തങ്ങൾ സ്വീകരിച്ച മതശാസനകളുടെ ആത്മസംസ്ക്കാ
രണത്തിനു് വഴിപ്പെടാതെ അന്തച്ഛിദ്രങ്ങളും കൊടുംപാത
കങ്ങളുംചെയ്തു് മധ്യയുഗങ്ങളെ കടുംകറുപ്പിച്ചപ്പോൾപോ
ലും ക്രിസ്തു എന്ന ശമറായൻ എത്രയോ ആത്മീയപ്രാവരൻ
മാരെ കൈപിടിച്ചുയർത്തി. മതം, രാഷ്ട്രീയ കിനാവള്ളിയു
ടെ മരണക്കുടുക്കിൽ ജീവശ്വാസത്തിനു കേണുകൊണ്ടിരു
ന്ന ആ യുഗം തന്നെയല്ലേ നവീനയുഗത്തിന്റെ പരിഷ്ക
ത്താക്കൾക്കു ജന്മം നല്കിയതു്. വ്യക്തിയും സമൂഹവും സഭ
യും സംസ്കാരങ്ങളും നവീകരണത്തിനും ആത്മീയോൽക്കർഷ
ണത്തിനും ശ്രമിക്കുമ്പോൾ ശ്രദ്ധിക്കുന്നതു് ''ശമറായ
നായ ആ നസ്രായനെ അല്ലയോ''? പ്രാർത്ഥനയുടെ
അധരാഭ്യാസത്തെ വിമർശിച്ച അവിടുന്നു് (മത്താ. 6:
5–7), ശാബദരാവിൽ ഉതിർമണി തിന്നവരെ ന്യായീ
കരിച്ച അവിടുന്നു് (മത്താ. 12: 1– 8), അനുഷ്ഠാന മത
ഭക്തിയെ ശകാരിച്ച അവിടുന്നു് (മത്താ. 15), ശാബദി
ന്നധികാരിയായി മനുഷ്യനെ എടുത്തുകാണിച്ച അവിടുന്നു്
(മത്താ. 12: 8), സംഘടിത മതത്തിനു് വരാവുന്ന വിന
കളെയും പിഴകളെയും തുറന്നടിച്ച (മത്താ. 23) അവിടുന്നു്,
ഇന്നും അതേ വിമർശനങ്ങളിലൂടെ കാരുണ്യത്തിനുവേണ്ടി
യുള്ള വക്കാലത്തു് തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. കഴു
മരത്തിൽനിന്നും സ്വർഗ്ഗീയ അൾത്താരയിലേക്കു് പെരും

കള്ളനെ ഉയർത്തിയവൻ ഇന്നും അൾത്താരയിൽ നിന്നും കഴുമരത്തിലേക്ക് വീഴുന്നവനേയും ഉയർത്താനും താങ്ങാനും സന്നദ്ധനായ തനി ശമറായനായി നിലകൊള്ളുന്നു. ക്രിസ്തുവിനെപ്പററി അറിയുന്നവൻ ക്രിസ്തുശാസ്ത്രജ്ഞനായിത്തീരുന്നു. ക്രിസ്തുവിനെ അറിയുന്നവൻ സ്നേഹത്തിലേക്ക് പരിവർത്തിതനായിത്തീരുന്നു.

## സഹനത്തിലും സ്നേഹം

സഹനത്തിലും സ്നേഹം നഷ്ടപ്പെടാത്ത ശമറായനായിരുന്നു അവിടന്ന്. വെട്ടേല്ക്കുന്തോറും സുഗന്ധം പരത്തുന്ന ചന്ദനംപോലെ സഹനത്തിൻെറ കദനഭാരം അവിടത്തെ ഞെരിഞ്ഞമർത്തിക്കൊണ്ടിരുന്നപ്പോൾ സ്നേഹം അതിൻെറ തീവ്രരൂപം കൈക്കൊണ്ടുകഴിഞ്ഞു, സഹനത്തിൻെറ സങ്കലനമദ്ധ്യത്തിൽ അവിടുന്നു നടത്തുന്ന ക്ഷമാപ്രാർത്ഥന കാരുണ്യത്തിൻെറ അമൃതവർഷം തന്നെയായിരുന്നില്ലേ. വെറുക്കുന്നവൻെറ ഉള്ളിൽ ഉറയുന്ന വെറുപ്പിൻെറ ഹിമഭാരം ദ്രവിപ്പിക്കുന്ന സൂര്യതേജസ്സാണ് കുരിശിൽ ക്ഷമാപ്രാർത്ഥന നടത്തുന്ന ക്രിസ്തു. ആ പ്രാർത്ഥന സ്വയം ഉരുവിടുമ്പോൾ നമ്മിൽ സ്വയം ആത്മശുദ്ധി കൈവരുകയാണ്.

വെറുപ്പിൻെറ അനന്തരാവകാശിയായി പിറന്ന്, സ്വന്തം കൊടുംക്രൂരതയുടെ അത്യതിക്രമങ്ങൾകൊണ്ട് മനുഷ്യസമൂഹ ഗാത്രത്തെ പരിക്കേല്പിക്കുന്ന ഓരോ മനുഷ്യനേയും സ്നേഹത്തിലേക്ക് ആഹ്വാനം ചെയ്തുകൊണ്ടും സ്നേഹത്തിലേക്ക് പരിവർത്തനപ്പെടുത്തിക്കൊണ്ടും രണ്ട് സഹസ്രാബ്ദങ്ങൾ നിലനിന്ന ആ സനാതന ശമറായൻ ചരിത്രം കണ്ടിട്ടുള്ളതിൽ ഏററം കൂടുതൽ മനുഷ്യക്കുരുതി നടന്നിട്ടുള്ള വെറുപ്പിൻെറ സാംസ്കാരിക നൂററാണ്ടെന്നു പറയാവുന്ന 20-ാം നൂററാണ്ടും പിന്നിട്ട് മൂന്നാമത്തെ ആയിരത്താമാണ്ടിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. വഴിയിൽ അർദ്ധപ്രാണനായിക്കിടക്കുന്ന മനുഷ്യരെത്തേടിയുള്ള പ്രയാണം അവിടന്ന് ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. നാഥാ! നമോസ്തുതേ!

# 9

# ക്രൈസ്തവസ്നേഹത്തിന്റെ ഉറവിടം

ശമറായന്റെ ഉപമ ക്രിസ്തു പറയുന്നതിന്റെ സവിശേഷപശ്ചാത്തലം വളരെ ശ്രദ്ധേയമാണ്. ജീവിതത്തിലെ മൗലികമായ പ്രമാണം ഏതാണ് എന്ന ചോദ്യത്തോടെയാണ് ഈ വിഷയം ചർച്ചയ്ക്കു വരുന്നത്. മൗലികപ്രമാണം ദൈവത്തെ സ്നേഹിക്കുകയും അതുപോലെ അയൽക്കാരനെ സ്നേഹിക്കുകയുമാണെന്നു് ക്രിസ്തു പറഞ്ഞുനിർത്തി. ഉടനെ ഒരു നിയമജ്ഞൻ ക്രിസ്തുവിനു് ഒരനുമോദനം കൊടുത്തു: 'അങ്ങ് നന്നായി ഉത്തരം കൊടുത്തു' എന്ന്. പക്ഷേ ആദ്യത്തെ വിരുതൻ വീണ്ടും ഏറ്റുപിടിച്ചു. 'ആരാണ് എന്റെ അയൽക്കാരൻ' എന്നായി ചോദ്യം. അപ്പോഴാണ് നേരിട്ട് ഉത്തരംപറയാതെ ശമറായന്റെ ഉപമ പറഞ്ഞ് അവനെക്കൊണ്ടുതന്നെ അതിന് ഉത്തരം കൊടുപ്പിച്ചത്. ദൈവത്തിന്റെ സ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും രണ്ടും ക്രിസ്തു യോജിപ്പിച്ചതു് അതീവ മനോജ്ഞമായിരിക്കുന്നു.

## ദൈവത്തെ സ്നേഹിക്കണം

മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണം എന്ന കാര്യത്തിൽ പലർക്കും തർക്കം ഉണ്ടാകാൻ എളുപ്പമല്ല. താത്ത്വികമായിട്ടെങ്കിലും എല്ലാവരും അതു സമ്മതിച്ചെന്നിരിക്കും. പക്ഷേ ദൈവത്തെ സ്നേഹിക്കണം എന്നതു് എല്ലാവരും അങ്ങു സമ്മതിച്ചു എന്നു വരുന്നതല്ല. ഒരു പടികൂടെ കടന്നു് ദൈവത്തെ സ്നേഹിക്കുമ്പോഴേ മനുഷ്യനെ സ്നേഹിക്കാൻ സാധ്യമാകൂ എന്ന തത്ത്വം അംഗീകരിക്കാൻ പലർക്കും ബുദ്ധിമുട്ടാകും. ഒപ്പം മനുഷ്യനെ സ്നേഹിക്കുന്നില്ലെങ്കിൽ ദൈവസ്നേഹവും ഉണ്ടാക

യില്ല എന്ന സുവിശേഷസത്യവും സ്വീകരിക്കാൻ പലരും മടിച്ചു എന്നുവരാം. ദൈവസ്നേഹവും മനുഷ്യസ്നേഹവും അത്ര ഗാഢമായ രീതിയിലാണ് സുവിശേഷം ബന്ധിപ്പിക്കുന്നതു്.

## സുവിശേഷവും ജീവിതവും

മതാത്മകമായ സുവിശേഷത്തിന്റെ ഓരോ പേജും തീർത്തും മനുഷ്യസമർത്ഥനമാണ്. അതീവ മനുഷ്യാത്മകമാണതു്. മനുഷ്യത്വത്തിൽ വളരാതെ സുവിശേഷം വായിച്ചു തീർക്കാനാവില്ല. സുവിശേഷം ദൈവത്തെ കണ്ടെത്തൽ മാത്രമല്ല മനുഷ്യനെ കണ്ടെത്തൽ കൂടിയാണ്. അതു മനുഷ്യനെ തട്ടുകളിൽ വേർതിരിക്കുന്നില്ല. മനുഷ്യന്റെ പരിധിയും പരിമിതിയും, ഉന്നതിയും താഴ്ചയും, അവനുള്ളിലെ അന്തഃച്ഛിദ്രങ്ങളും ബാഹ്യസമ്മർദ്ദങ്ങളുമൊക്കെ എടുത്തുകാണിക്കയാണ് സുവിശേഷം. അതു ചിലപ്പോൾ അവനെ ശകാരിക്കുന്നുണ്ടാകും, ശിക്ഷിക്കുമെന്നു പറയും, യേശുക്രിസ്തുവിനെക്കൊണ്ടു് അവനെ നേരിടുന്നുണ്ടാകും. സുവിശേഷം ഗൗരവമായി എടുക്കുമ്പോൾ അതു് സ്വസ്ഥതനല്കി എന്നു വരില്ലായിരിക്കും. ജീവിതത്തെ പരിഷ്കരിക്കാൻ നിരന്തരം അതു് ആഹ്വാനം ചെയ്യുന്നുണ്ടാകും. അതെപ്പോഴും അവനെ താങ്ങുന്നു. എപ്പോഴും ശക്തിപ്പെടുത്തുന്നു. താന്തോന്നിത്തങ്ങളിൽ വഴുതിവീഴുമ്പോൾ അവനെ അതു കാത്തിരിക്കുന്നു. അപരനുമായി ഉള്ളു അല്പഭിന്നതപോലും പരിഹരിക്കാനുള്ള ആഹ്വാനമാണ് സുവിശേഷത്തിന്റേതു്. മനുഷ്യൻ തന്നെയാണ് അതിന്റെ കേന്ദ്രമെന്നു തോന്നും. ദൈവംപോലും മനുഷ്യനുവേണ്ടി മനുഷ്യനായി. സ്വർഗ്ഗംപോലും ഒരു മനുഷ്യന്റെ തിരിച്ചുവരവിനെ കാത്തിരിക്കുന്നു.

പക്ഷേ ഈ മനുഷ്യസമർത്ഥനത്തിനു് ആധാരമായിരിക്കുന്നതു് ദൈവമാകുന്നു. ദൈവത്തെ കൂടാതെ മനുഷ്യസമർത്ഥനംതന്നെ അസാധ്യമാണെന്നു് ബൈബിൾ ചിന്തിക്കുന്നതായി തോന്നിപ്പോകുന്നു. ഒരു പടികൂടെ കടന്നു

ദൈവസ്നേഹം കൂടാതെ മനുഷ്യസ്നേഹം അസാദ്ധ്യമാണെന്നതന്നെ സുവിശേഷം പറയുന്നതായി തോന്നുന്നു.

ഇവിടെയാണ് പ്രത്യയശാസ്ത്രങ്ങളുമായി സുവിശേഷം തെററിപ്പിരിയുന്നതു്. ദൈവം മനുഷ്യനെ തമ്മിൽ അടിപ്പിക്കുന്ന ഘടകമാണെന്നു ധരിക്കയും ധരിപ്പിക്കയും ചെയ്തു് ജീവിതത്തിൽനിന്നു് അവിടത്തെ ദൂരെ അകററാൻ ആഹ്വാനം ചെയ്യുന്ന ജീവിതദർശനങ്ങളുമായി രാജിയാകാൻ സുവിശേഷത്തിനു സാധ്യമല്ലതന്നെ. കാരണം മനുഷ്യസമത്വത്തിൻെറയും സമഭാവനയുടെയും മനുഷ്യർ തമ്മിലുള്ള സ്നേഹത്തിൻെറയും അടിസ്ഥാനം ദൈവത്തിൻെറ സ്നേഹംതന്നെയാകുന്നു. അതുകൊണ്ടുതന്നെയാവണം നല്ല ശമറായൻെറ ഉപമയുടെ ആമുഖമായി ഇസ്രായേലിൻെറ പ്രമാണസംഗ്രഹം അവിടന്നു് ഒരിക്കൽകൂടി ആവർത്തിച്ചതു്: 'ഇസ്രായേലേ കേൾക്കുക നിൻെറ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കണം' (നിയമാ. 6:5; ലൂക്ക. 10:11)

## ദൈവാനുഭവത്തിൻെറ പടികൾ

ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളെ ആശ്രയിച്ചിരിക്കും അവിടത്തോടുള്ള നമ്മുടെ ബന്ധവും. ദൈവം ഇല്ല എന്നു ചിന്തിക്കുന്നവനു് അവിടന്നുമായി ഒട്ടും ബന്ധപ്പെടാൻ പററില്ല. ദൈവം ഒരു ശക്തിയാണെന്നു കരുതുന്നവൻ അവിടത്തെ ഭയപ്പെടുന്നു. ദൈവം സ്രഷ്ടാവാണെന്നു കരുതുന്നവൻ അവിടന്നുമായി ഔദ്യോഗികമായി ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുംകൂടെ മാത്രം ബന്ധപ്പെടുന്നു. അവിടന്നു പിതാവാണെന്നു കരുതുന്നവനും അവൻെറ ബന്ധങ്ങളിൽ ഔദ്യോഗികമായ രീതി വച്ചുപുലർത്താൻ ഇടയുണ്ടു്. ദൈവം എൻെറ അപ്പച്ചനാണു് എന്നു ചിന്തിക്കുമ്പോഴാണ് ഏററം സ്വാതന്ത്ര്യവും ഏററം സുദൃഢവും ഏററം ഹൃദ്യവുമായ വ്യക്തിബന്ധമായി ദൈവത്തോടുള്ള ബന്ധം പരിണമിക്കുന്നതു്.

## ദൈവം ഇല്ല

മേല്പറഞ്ഞതെല്ലാം ദൈവാനുഭവത്തിൻെറ പടികളാണെന്നു പറയാം. ദൈവം ഇല്ല എന്നുപറയുന്നതും ദൈവത്തെക്കുറിച്ചുള്ള ഒരനുഭവമാണ്. ദൈവം ഇല്ല എന്നല്ല മനുഷ്യൻെറ അടിസ്ഥാന ജീവിതാനുഭവം. പക്ഷേ ജീവിതത്തിൻെറ വിവിധഘട്ടങ്ങൾ ഒരു വ്യക്തിയെ രൂപപ്പെടുത്തിയ വികലമായ അനുഭവങ്ങളായിരിക്കാം വ്യക്തിയുടെ ദൈവാനുഭവം പരിക്ഷേതിക്കാൻ ഇടയാക്കിയതു്. മുരടിച്ചതോ, ഇലകൾ വാടിക്കരിഞ്ഞതോ ആയ ഒരു ചെറിയ ചെടി കാണുമ്പോൾത്തന്നെ ചെടിയുടെ സ്വാഭാവികവളർച്ച അതല്ല എന്നും എന്തോ കേടാണ് അതിനു് പററിയതെന്നും നാം ഊഹിക്കുന്നു. കാരണം ഇമ്പമൂറുന്ന ഒരു കവിതപോലെ വിരിഞ്ഞുവിടർന്നു നില്ക്കേണ്ടതാണ് ഓരോ ചെടിയും. ഇതുതന്നെയാണ് ദൈവാനുഭവത്തെക്കുറിച്ചും പറയാവുന്നതു്. മനുഷ്യൻ എവിടെയെല്ലാം ഉണ്ടായിട്ടുണ്ടോ അവിടങ്ങളിലൊക്കെ തൻെറ ആത്മീയതയും പ്രകടമാക്കിയിട്ടുണ്ടു്. അതുകൊണ്ടുതന്നെയാണ് ദൈവമില്ല എന്ന ധാരണ സാർവ്വത്രികനിയമമല്ല അപവാദമാണെന്നു പറയാൻ കഴിയുന്നതു്.

ദൈവം ഇല്ല എന്നു് ഒരുവനെക്കൊണ്ടു് പറയിക്കാൻ പലേ കാരണങ്ങളും ഉണ്ടാകാം. വികലമായ മതധാരണകൾ, മതഭക്തരുടെ വഴിപിഴച്ച ഇടപാടുകൾ, മതാധികൃതരുടെ ആദർശച്ചേർച്ചയില്ലാത്ത ജീവിതരീതി, അഹംബോധത്തിൻെറ വഴിപിഴച്ച ധാർഷ്ട്യപ്രകടനം, ശാസ്ത്രത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകൾ യുക്തികൊണ്ടു് എല്ലാം അളക്കാനുള്ള ശ്രമം തുടങ്ങി ഒട്ടനവധി കാരണങ്ങൾ ദൈവനിഷേധത്തിനു് കാരണമായിത്തീരാം.

## ഒരു ശക്തി

ദൈവാനുഭവത്തിൻെറ രണ്ടാമത്തെ ഘട്ടമാണ് ദൈവത്തെ ഒരു ശക്തിയായി കാണാൻ ശ്രമിക്കുക എന്നതു്.

വളരെപ്പേരും ഈ ഘട്ടത്തിലാണെന്നു പറയാം. ശക്തിപ്രധാനമായ ഒരു ദൈവാനുഭവധാരണയുടെ പിറകിൽ മനസ്സിനെ ഭരിക്കുന്ന മുഖ്യമായ വികാരം ഭയമാണു്. സെൻറ്പോൾ ഈ ആശയം ഒരവസരത്തിൽ മനോഹരമായി വ്യക്തമാക്കുന്നുണ്ടു്: ''നിങ്ങളെ വീണ്ടും ഭയത്തിലേക്കു കൊണ്ടുപോകുന്ന അടിമത്തത്തിൻെറ അരൂപിയല്ല നിങ്ങൾ കൈക്കൊണ്ടിരിക്കുന്നതു്'' (റോമ. 8:14). ഭയം ഉള്ളിടത്തൊക്കെ അടിമത്തവുമുണ്ടു്. ഇതു വ്യക്തമാകണമെങ്കിൽ ഒരു ജയിലിൽ ചെന്നാൽ മതിയാകും. അവിടെ എല്ലാം ക്രമീകൃതമായിരിക്കും. നിയമങ്ങളുടെ നൂലാമാലകൾ അതിനെ വലയം ചെയ്യുന്നു. നടക്കുന്നതു മുതൽ കിടക്കുന്നതുവരെ നിയമങ്ങൾ, ആളുകളെ കണ്ടുമുട്ടുമ്പോൾ നിയമങ്ങൾ. ഉള്ളിൽ ഉള്ള സ്നേഹത്തിൻെറ ഒരു ഹൃദ്യമായ വികാരവും പ്രകടിപ്പിക്കാൻ അനുവാദമില്ല. ഇതിനുനേരെ വിപരീതമാണു് ഭവനം. നിയമങ്ങളുടെ ചട്ടക്കൂട്ടുകളില്ലാത്ത വികാരങ്ങളുടെ വേലിയേററം അനുഭവിക്കുന്ന വേദി.

ദൈവത്തെയും ദൈവികകാര്യങ്ങളെയും മനുഷ്യൻ എന്നും ഭയപ്പെട്ടിരുന്നു. ഭയപ്പെടുന്ന ദൈവത്തെയാണു് അവൻ എന്നും കൊണ്ടുനടന്നിരുന്നതു്. ആ ശക്തിയെ പ്രീതിപ്പെടുത്താൻ ബലികളും നേർച്ചകാഴ്ചകളും അവൻ കൊടുക്കാൻ ശ്രമിച്ചു. മററൊന്നുംകൊണ്ടു് ദൈവം തൃപ്തനായില്ലെങ്കിലോ എന്നുകരുതി മനുഷ്യൻ മനുഷ്യനെത്തന്നെ ബലികൊടുക്കാൻ —നരബലിക്കു്— ഒരുങ്ങി. ഇന്നും നമ്മുടെ നേർച്ചകാഴ്ചകളിൽ ഭയം ഒരു മുഖ്യഘടകമല്ലേ? ദൈവം പ്രീതിപ്പെടേണ്ട ഒരു സത്വവും ശക്തിയുമാണെങ്കിൽ അവിടുന്നിൽനിന്നു് എന്തെങ്കിലും നേടിയെടുക്കാനുള്ള ഉപാധിയായിത്തീരും പ്രാർത്ഥനയും നേർച്ചകളും. ചെറുതു് കൊടുത്തു വലുതു് നേടുന്ന ഒരുതരം ആദ്ധ്യാത്മിക വ്യാപാരമായിത്തീർന്നു ഇത്തരം ദൈവികബന്ധത്തിൽ പ്രാർത്ഥനയും നേർച്ചകളും.

## ആരു് ആരെ സൃഷ്ടിച്ചു

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു് പറയാവുന്ന രണ്ടു് കാര്യങ്ങളിൽ ഒന്നു്: ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നതും മറെറാന്നു്: മനുഷ്യൻ ദൈവ സൃഷ്ടിച്ചു എന്നതുമാണു്. ഇതിൽ ആദ്യത്തരത്തിലുള്ള ബന്ധത്തിൽ സ്നേഹമാണു് മുഖ്യമായ വികാരം. അതു വിശ്വാസം നല്കുന്ന ജീവിതവീക്ഷണമാണു്. അതിൽ ദൈവമാണു് എല്ലാററിനും കേന്ദ്രസ്ഥാനത്തു നില്ക്കുന്നതു്. മനുഷ്യന്റെ തുടക്കവും തുടർച്ചയും ഒടുക്കവും ദൈവത്തിൽ മാത്രം. അവിടന്നു് എന്നെ സ്നേഹിച്ചു. അതുകൊണ്ടു് ഞാനുണ്ടായി എന്നതാണു് ആ ജീവിതദർശനത്തിന്റെ അകക്കാമ്പ്. വി. ഗ്രന്ഥം ആ മൗലികവീക്ഷണം മുറകെ പിടിക്കുന്നു.

മനുഷ്യൻ ദൈവത്തെ സൃഷ്ടിച്ചു എന്ന രണ്ടാമത്തെ ചിന്താഗതിയിൽ ഭയമാണു് മുഖ്യമായ വികാരം. എന്റെ ഭയചിന്തകളാണു് ദൈവമെന്ന ബാഹ്യഘടകത്തെ ആശ്രയിക്കാൻ എന്നെ പ്രേരിപ്പിക്കുന്നതു്. തന്മൂലം എന്നേക്കാൾ വലുതായ ആ ശക്തിയെ ഞാൻ ഭയപ്പെടണം. ഇതു് യുക്തിചിന്ത നല്കുന്ന ജീവിതവീക്ഷണമാണു്. വിശ്വാസത്തിനു് സംഭവിച്ച പരിണാമംവഴിയാണു് ഏക ദൈവവിശ്വാസത്തിൽ മനുഷ്യൻ എത്തിയതു് എന്നു് പരിണാമവാദികൾ ഒരു കാലത്തു് പറഞ്ഞിരുന്നു. ഭയമാണത്രേ ആ കണ്ടെത്തലിനു് സഹായമായിരുന്നതു്. ഈ ചിന്താഗതിയിൽ എല്ലാററിനും കേന്ദ്രം മനുഷ്യനാണു്. അവൻ അവനിൽത്തന്നെ കേവലനായി നിലകൊള്ളുന്നവനാണു്. ദൈവത്തെക്കൊണ്ടു് നേടിയിരുന്നു എന്നു കരുതിയവയൊക്കെ സ്വന്തശക്തികൊണ്ടു് നേടാൻ കഴിയുന്ന കാലത്തു് അവൻ നിർഭയനായിത്തീരുകയും ദൈവത്തെ ഉപേക്ഷിക്കുകയും ചെയ്യും. ഇതാണു് ഏകദേശമായി പറഞ്ഞാൽ യുക്തിവാദത്തിന്റെ ചിന്ത.

## ദൈവം സൃഷ്ടാവ്

ദൈവാനുഭവത്തിൻെറ മൂന്നാമത്തെ ഘട്ടമാണ് അവിടന്നു് ഈ പ്രപഞ്ചത്തിൻെറ സൃഷ്ടാവാണ് എന്ന ധാരണ. യുക്തിപരമായ ഒരു ദൈവാനുഭവമായി ഇതിനെ കണക്കാക്കാം. ഈ പ്രപഞ്ചത്തിൻെറ കാരണത്തെ അന്വേഷിക്കുന്ന ബുദ്ധി കണ്ടെത്തുന്ന ഒരാദികാരണമാണ് ദൈവം. അതു ബുദ്ധിപരമായ ഒരറിവായി മാത്രം നില്ക്കുന്നു. തീർത്തും വ്യക്തിപരമായ ഒരനുഭവമായി ഇതു തീരുന്നില്ല. ഞാൻ ഈ പ്രപഞ്ചത്തിൻെറ ഭാഗമായതുകൊണ്ടു് ദൈവം എൻേറയും സൃഷ്ടാവാണ് എന്നു വേണമെങ്കിൽ പറയാം എന്നുമാത്രം. വളരെ സങ്കീർണ്ണമായ ഒരു യന്ത്രം കണ്ടുപിടിക്കുന്ന വ്യക്തിയോടു നമുക്കുണ്ടാകുന്ന അത്ഭുതം, ആദരം ഒരു വ്യക്തിപരമായ ബന്ധമായിത്തീരുന്നില്ല. നമ്മേക്കാറം കൂടുതൽ ശക്തനും ബുദ്ധിമാനുമായി നാം അദ്ദേഹത്തെ കരുതുന്നു. അകലെ നിന്നുകൊണ്ടു് ഭക്ത്യാദരങ്ങറം പ്രകടിപ്പിക്കാൻ അതു നമ്മെ പ്രേരിപ്പിക്കുന്നു എന്നു പറയാം. ഇതുതന്നെ ദൈവം സൃഷ്ടാവ് എന്നു പറയുമ്പോഴും. ഇത്ര സങ്കീർണ്ണമായ ഈ പ്രപഞ്ചത്തിനു് കാരണമായ ഇത്തിരി വലിയ ബുദ്ധി. അതാണ് ദൈവം. ശക്തിയാണെന്നു ചിന്തിക്കുന്ന വ്യക്തിരഹിത ധാരണയേക്കാറം കൂടുതൽ വ്യക്തിപരമായ ഒരു ധാരണയാണ് ഇതു് എന്നു പറയാം. ഭാരതീയചിന്തകളിൽ പറയുന്ന ആത്മൻ അന്തര്യാമി എന്നൊക്കെയുള്ള ധാരണകറം ദൈവത്തോടുള്ള യുക്തിപരമായ ചിന്തകളുടെ ഫലമാണെന്നു തോന്നുന്നു. ഭാരതീയ ചിന്തകളിൽ ഭക്തിമാർഗ്ഗ ചിന്താഗതികറം ഒഴിച്ചുള്ള മതാത്മകധാരണകറം യുക്തിബദ്ധമായി നില കൊള്ളുന്നു.

## ദൈവം പിതാവ്

കൂടുതൽ വ്യക്തിപരമായ ഒരു ധാരണയാണ് ദൈവം പിതാവാണ് എന്നതു്. ദൈവത്തെ വ്യക്തിപരമായി സമീപിക്കാനുള്ള ശ്രമമാണതു്. ക്രൈസ്തവ ചിന്ത മാ

ത്രമേ ഈ ആശയം അവതരിപ്പിച്ചിട്ടുള്ളൂ എന്നുപറയാൻ പാററുമെന്നു തോന്നുന്നില്ല. യഹൂദമതത്തിലും സെമററിക് മതങ്ങൾക്കുപുറത്തും ചിലപ്പോൾ അങ്ങിങ്ങായി ഈ ചിന്താഗതി കണ്ടെത്താൻ കഴിഞ്ഞേക്കും. പക്ഷേ ഇത്ര വ്യാപകമായും വ്യക്തമായും ഈ ധാരണ വളർത്താൻ ശ്രമിക്കുന്നതു് ക്രൈസ്തവമതമാണു്. കാരണം ദൈവം സ്വന്തപിതാവാണെന്നു് ക്രിസ്തു കരുതുക മാത്രമല്ല ആ രീതിയിൽ ഒരു ബന്ധബോധം ദൈവത്തോടു് തൻെറ അനുയായികൾക്കു് വേണമെന്നും അവിടന്നു് ആവശ്യപ്പെട്ടു. ക്രൈസ്തവീകതയുടെ അടിസ്ഥാന ആദ്ധ്യാത്മിക അനുഭവമായി ഇതു നിലകൊള്ളുന്നു.

## എൻെറ അപ്പാ

പക്ഷേ ഇതിലും കടന്ന ഒരു ബന്ധമല്ലേ ക്രിസ്തു ആവശ്യപ്പെടുന്നതു്. ദൈവം നമ്മുടെ പിതാവാണെന്നു് മൊത്തത്തിൽ പറഞ്ഞാൽ ആ വ്യക്തിബന്ധം അത്ര സുവ്യക്തമായി എന്നു വരുന്നതല്ല. ആ പിതാവു് എൻേറതുകൂടെയാകണം. ദൈവം എൻെറ പിതാവാണു്. എൻെറ അപ്പച്ചനുമാണു് എന്ന ആത്മീയ അനുഭവമാണു് നമ്മെ നിർവൃതി കൊള്ളിക്കുന്നതു്. മലയാളിക്കു് 'പിതാ' എന്ന സംസ്കൃതവാക്കിനു് 'അപ്പാ' (അച്ഛാ) എന്ന മലയാളവാക്കിൻെറ അനുഭവസ്സൂർത്തി ഒപ്പിക്കാൻ സാധ്യമല്ല. ക്രിസ്തു ഉപയോഗിച്ച 'ആബാ' എന്ന വാക്കു് ആറാമായിക് ഭാഷയിൽ കുഞ്ഞുങ്ങൾ പിതാക്കന്മാരെ വിളിക്കാൻ ഉപയോഗിക്കുന്ന പ്രയോഗമാണെന്നു് ബൈബിൾ പണ്ഡിതന്മാർ പറയുന്നു. കന്നട ഭാഷയിൽ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന തുടങ്ങുന്നതു് അവരുടെ സംസാരഭാഷ ഉപയോഗിച്ചാണു് എന്നതു് ശ്രദ്ധേയമാണു്. 'പരലോകദല്ലി ഇരുവ നമ്മ തന്തെ' എന്ന പ്രാർത്ഥനയിൽ തന്തേ എന്ന പ്രയോഗം സംസാരഭാഷയാണു്.

ദൈവത്തെ 'അപ്പാ' എന്നു വിളിക്കുന്നതിനു് ക്രിസ്തു നമുക്കു് സ്വാതന്ത്ര്യം നല്കി. ഇനി അറയ്ക്കാതെയും ഭയപ്പെടാതെയും നമുക്കു് അങ്ങനെ വിളിക്കുകയും അങ്ങനെ കരുതുകയും അതിന്റെ അനുഭവത്തിൽ ജീവിക്കുകയും ചെയ്യാം. ഇതിനെ 'പുത്രസ്വീകാര്യത' എന്നാണു് സെൻറ് പോൾ പറയുന്നതു്. അദ്ദേഹത്തിന്റെ ഈ വിഷയത്തിലുള്ള ചിന്ത ഉൾക്കൊള്ളുന്ന ഭാഗത്തിന്റെ ആദ്യവാചകം മുമ്പു് കൊടുത്തിട്ടുണ്ടു്. ബാക്കിഭാഗം: 'ദൈവത്തെ അപ്പാ എന്നു വിളിക്കുന്ന പുത്രസ്വീകാര്യതയുടെ അരൂപിയെയാണു് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നതു്.' നാം ആബാ—അപ്പാ — എന്നു വിളിക്കുമ്പോൾ നാം ദൈവപുത്രന്മാരാണെന്നു് ദൈവാരൂപിതന്നെയാണു് നമ്മുടെ ആത്മാക്കൾക്കു് ബോധ്യം ഉളവാക്കുന്നതു്. മക്കളാണെങ്കിൽ നാം അവകാശികളുമാണു്. അതേ, ദൈവത്തിന്റെ അവകാശികൾ, ക്രിസ്തുവിനൊപ്പം കൂട്ടവകാശികളും (റോമ. 8:15–17). ഇതേ ചിന്താഗതി അല്പം പാഠഭേദത്തോടെയാണെങ്കിലും ഗലേഷ്യായിലെ ക്രൈസ്തവർക്കുള്ള ലേഖനത്തിലും സെൻറ്പോൾ വ്യക്തമാക്കുന്നുണ്ടു്. അടിമ, പുത്രൻ, അവകാശി ഈ മൂന്നു തലങ്ങളിൽക്കൂടെയുള്ള ആദ്ധ്യാത്മിക ചിന്താപരിണാമം വളരെ ശ്രദ്ധേയമാണു് (ഗലേ. 4:7).

സെൻറ് ജോൺ ഇതു മറെറാരുവിധത്തിൽ അവതരിപ്പിക്കുന്നുണ്ടു് (1 യോഹ. 3:1) നാം ദൈവമക്കളായിരിക്കുന്നു എന്നു്. തുടർന്നു് ദൈവത്തെക്കുറിച്ചുള്ള മനുഷ്യകുലത്തിന്റെ ചിന്താഗതിയിൽ ഒരു വിസ്ഫോടനംതന്നെ വരുത്തി ആ പ്രയോഗം സെൻറ് ജോൺ അവതരിപ്പിക്കുന്നു. 'ദൈവം സ്നേഹമാകുന്നു.' (1 യോഹ. 4:8). ദൈവം പിതാവാണു് എന്നുപറയുന്നതും ദൈവം സ്നേഹമാണു് എന്നു പറയുന്നതും രണ്ടും പരസ്പരം പരിവർത്തിക്കാവുന്നതാണു്. നമ്മുടെ സാമാന്യേനയുള്ള അനുഭവത്തിൽ മനുഷ്യസ്നേഹത്തിന്റെ ഉടലെടുത്ത രൂപങ്ങളാണു് പിതാവു് അല്ലെങ്കിൽ മാതാവു്. അമ്മ എന്നും അപ്പൻ എന്നും പറ

യുമ്പോൾ അവർ നമുക്ക് സ്നേഹം നല്കിയവരാണ് എന്നതാണ് ശ്രദ്ധേയമായ കാര്യം. തന്മൂലം സെൻറ് പോൾ ദൈവത്തെ 'ആബാ' എന്നു വിളിക്കാമെന്നു പറയുമ്പോഴും സെൻറ് ജോൺ ദൈവം സ്നേഹമാണെന്നുപറയുമ്പോഴും രണ്ടും ഒരേ ധ്വനിതന്നെയാണ്.

## അനുഭവത്തിന്റെ കാതൽ

ദൈവം എന്റെ അപ്പച്ചനാണ് എന്ന ചിന്താഗതി നമ്മുടെ ആദ്ധ്യാത്മികജീവിതത്തിന്റെ അനുഭവകാതലായിത്തീരുമ്പോൾ ആദ്ധ്യാത്മികജീവിതം കീഴ്മേൽ മറിയുന്നു എന്നു പറയാം. നമ്മുടെ ചിന്തയും പ്രവർത്തികളും കീഴ്മേൽ മറിയുന്നു. നമ്മുടെ മതവീക്ഷണങ്ങൾ മാറുന്നു. നമ്മിൽ പണ്ടേ തന്നെ പ്രീതിപ്പെട്ടുകഴിഞ്ഞ ദൈവത്തെ പ്രീതിപ്പെടുത്താൻ നേർച്ച അർപ്പിക്കുക എന്ന ചിന്താഗതി മാറുന്നു. നമുക്കുള്ളതെന്തും അവിടത്തേതാകകൊണ്ട്, എണ്ണിപ്പെറുക്കി ഒച്ചകേൾപ്പിച്ച് വലിച്ചെറിയുന്ന നാണയത്തുട്ടുകൾ മാത്രമല്ല എന്തും കൊടുക്കാൻ നമുക്കു മടിയില്ലാതായിത്തീരുന്നു. നമ്മുടെ നേർച്ചകാഴ്ചകൾ എല്ലാത്തിനും 'ഇര'യുടെ സ്വഭാവം മാറി നന്ദിയുടെ സ്തോത്രക്കാഴ്ചകളായിത്തീരുന്നു. എല്ലാം സ്നേഹത്തിന്റെ നൈവേദ്യമായി പരിണമിക്കുന്നു. പ്രാർത്ഥനകൾ സ്തോത്രപ്രാർത്ഥനകളായി പരിണമിക്കുന്നു. നാം 23–ാം സങ്കീർത്തകനായി പരിവർത്തനപ്പെടുന്നു. നാം യാചനമാററി അവകാശങ്ങൾ ഉന്നയിക്കുന്നവരും (മത്താ. 6:7) നാം യാക്കോബിനെപ്പോലെ ദൈവവുമായി മൽപിടുത്തമിടുന്നവരുമായിത്തീരുന്നു (സൃഷ്ടി 32:24). ജീവിതം ഒരു സംഗീതമായി രൂപാന്തരപ്പെടുന്നു. മതജീവിതത്തിന്റെ അനുഷ്ഠാനഭാരം നമ്മെ അലോഹ്യപ്പെടുത്തുന്നില്ല. കർമ്മാനുഷ്ഠാനവിധികളുടെ മാനസികഭാരം ആരാധനയുടെയും സ്തോത്രത്തിന്റെയും മാനസികനൈർമ്മല്യത്തിലേയ്ക്ക് നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു.

## സഹനത്തിൻെറ പരിവത്തനം

സഹനം ഒരു രഹസ്യമായും മഹത്വത്തിലേക്കുള്ള വഴിയായും തീരുന്നു (ലൂക്ക. 24:26). അല്ല നാം അതിൽ സന്തോഷിക്കുകകൂടി ചെയ്യുന്നു (റോമ. 5:3; ഹബ. 3:17–18). സഹനത്തിൻെറ തീവ്രമായ പരിത്യക്തതയിലും 'അപ്പാ' എന്നുതന്നെ നാം വിളിക്കുന്നു (ലൂക്ക. 23:46). സഹനത്തിൻെറ കൊടിയ മദ്ദനത്തിന്നിടയിലും എല്ലാം നന്മക്കായി ഉപയോഗപ്പെടുത്തുന്ന ദൈവപരിപാലനയെ കാണുവാൻ നമുക്കു് സാധ്യമായിത്തീരുന്നു (റോമ. 8:28). ഒരു സഹനവും നമ്മെ ക്രിസ്തുവിൽക്കൂടിയുള്ള ദൈവസ്നേഹത്തിൽനിന്നു് വേർപെടുത്താൻ ആശക്തമായിത്തീരുന്നു (റോമ. 8:39). വെറുപ്പിൻെറ കരിങ്കൽപാളികൾ നമ്മുടെ ജീവനെ ഇഞ്ചിഞ്ചായി ഒടുക്കിക്കൊണ്ടിരിക്കുമ്പോഴും നാം സ്നേഹം നഷ്ടപ്പെടാത്തവരായിരിക്കും (അപ്പ. പ്രവ. 7:60). ജീവിതതീച്ചൂളയിൽ നാം ചുട്ടുപൊള്ളുമ്പോഴും (ദാനി. 3:29) സ്വർഗ്ഗത്തിലെ പിതാവിനു് ആധരഫലങ്ങളാകുന്ന സ്തുതിയുടെ ബലികൾ അർപ്പിക്കാൻ നാം കഴിവുള്ളവരായിത്തീരുന്നു (ഹെബ്രാ. 13:15: ഹൊസി. 14:2). ദൈവത്തിൻെറ സ്നേഹം നമ്മുടെ ഹൃദയങ്ങളെ ഭദ്രമാക്കുമ്പോൾ 'എല്ലാവിധത്തിലും നാം കഷ്ടപ്പെട്ടാലും നമുക്കു് ക്ലേശങ്ങളുണ്ടാകുന്നില്ല. ഞെരുക്കപ്പെട്ടാലും നിരാശപ്പെടുകയില്ല. പീഡിപ്പിക്കപ്പെട്ടാലും നിരാലംബരാവില്ല; അടിച്ചു വീഴ്ത്തപ്പെട്ടാലും നശിക്കില്ല. ശരീരത്തിൽ ക്രിസ്തുവിൻെറ മരണം വഹിക്കുമ്പോഴും അങ്ങേ ജീവൻ പ്രകടിപ്പിക്കുവാൻ നമുക്കു് സാധ്യമായിത്തീരുന്നു' (2 കൊറി. 4:8–10). ഇതു് അത്ഭുതകരമായ അനുഭവം തന്നെയാകുന്നു.

## മൂന്നു മാനസികാവസ്ഥകൾ

ദൈവത്തിൻെറ സ്നേഹാനുഭവം, പുത്രസ്വീകാര്യതാബോധം നമ്മിൽ ജനിപ്പിക്കുന്ന മൂന്നു മാനസിക അവസ്ഥകളെക്കുറിച്ചുകൂടെ നാം ബോധവാന്മാരാകണം. ഒന്നു്:

സ്വാശ്രയബോധം; രണ്ട്: നിർഭയത്വം; മൂന്ന്: സ്വാതന്ത്ര്യം.

സ്വാശ്രയബോധം ആത്മവിശ്വാസത്തിന്റെ മറെറാരു രൂപമാണ്. സ്വന്തം കഴിവിലുള്ള അതിരുകടന്ന അഹന്തയല്ല സ്വാശ്രയബോധം. അഹന്ത നിരാശയിലേക്ക് നയിക്കുന്നതാണ്. സ്വാശ്രയബോധം ഒരു ഭാവാത്മകഗുണമാണ്. ഉത്കണ്ഠയുടെ നിരാസമാണത്. അതിന്റെ അടിത്തറ ദൈവാശ്രയമാണ്. ഇതു പറയുമ്പോഴും ഈശ്വരനിഷേധം ജീവിതപ്രമാണമായി സ്വീകരിച്ചവക്ക് ഈ ചിന്താഗതി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടാകും. ക്രൈസ്തവമായി അതിൽ പ്രശ്നമില്ലതന്നെ. ദൈവത്തിൽ ആശ്രയിക്കുന്നതും സ്വാശ്രയത്വവും ഒന്നുതന്നെയാണ്. ദൈവത്തിന്റെ പുത്രസ്വീകാര്യതാബോധം നമ്മുടെ ആത്മവിശ്വാസത്തെ വളർത്തുകയും പരിപോഷിപ്പിക്കയും അഹന്ത നിറഞ്ഞ അമിതാവേശങ്ങളിൽപ്പെടാതെ നമ്മെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ കാൽക്കീഴിലെ മണ്ണ് ഉതിർന്നാലും നമ്മെ താങ്ങുന്ന അനന്തശക്തമായ ഒരു പിതൃകരം നമ്മെ കൈവിടില്ല എന്ന ബോധമാണത്. നമ്മുടെ പരിമിതികളുടെ ആരോഗ്യകരമായ അംഗീകരണവും നമ്മുടെ കഴിവുകളുടെ പ്രസാദപൂർണ്ണമായ വികസനവുമാണത്. മത്തായിയുടെ സുവിശേഷം ആറാം അദ്ധ്യായം അവസാനഭാഗം അക്ഷരംപ്രതി അക്ഷരം, പ്രായോഗികാനുഭവമാണ് (മത്താ. 6:22–31). ദൈവത്തിൽ ആശ്രയിക്കുമ്പോഴേ പാറയെ അടിക്കാനും ജലം വരുത്തുവാനും ജലാശയത്തെ അടിക്കാനും അതിനെ കരയാക്കാനും നമുക്ക് സാധ്യമാകൂ. അന്ധകാരത്തിലേക്കു കുതിക്കാൻ അതു നമ്മെ പ്രാപ്തരാക്കുന്നു. കടിച്ചു കീറുന്ന ചെന്നായ്ക്കളുടെ മുമ്പിൽ വിജയപ്രതീക്ഷയോടെ നില്ക്കാൻ നാം പ്രാപ്തരായിത്തീരുന്നു. വി. ഫ്രാൻസീസ് അസീസിയെപ്പോലെ കാട്ടുചെന്നായയെ വളർത്തുമൃഗത്തെപ്പോലെ ഇണക്കിമെരുക്കാൻ നാം കഴിവുള്ളവരായിത്തീരുന്നു. ഒരു ചാവറയച്ചനെപ്പോലെ കരിമൂർഖനെ നിരാ

യുധനായി നേരിടാൻ നാം ശക്തിയുള്ളവരായിത്തീരുന്നു. ഒന്നും അവനെ നിരാശപ്പെടുത്തുന്നില്ല. അങ്ങിൽ പ്രത്യാശ വയ്ക്കുന്നവരാരും നിരാശപ്പെടുന്നില്ല. വിശുദ്ധന്മാർ അത്ഭുതങ്ങൾ പ്രവർത്തിച്ചു എന്നതു് മുത്തശ്ശിക്കഥകളായി നമുക്കു തോന്നാം. നമ്മുടെ വിശ്വാസപരമായ അല്പത്വം കൊണ്ടാണു് നാം അങ്ങനെ ചിന്തിക്കുക. കമ്പ്യൂട്ടർ നിർവഹിക്കുന്ന അത്ഭുതങ്ങളെക്കുറിച്ചോ ഇക്കാലത്തെ സങ്കീർണ്ണമായ സാങ്കേതികജ്ഞാനത്തെക്കുറിച്ചോ അറിവില്ലാത്ത ഒരുപററം ആളുകളോടു്, നമ്മുടെ ഈ സാങ്കേതികസാധ്യതകളെക്കുറിച്ചു് പറഞ്ഞാൽ അവർക്കു അതു ശുദ്ധ അസംബന്ധമായി തോന്നുകയില്ലേ? അതുതന്നെയാണു് വിശ്വാസം സൃഷ്ടിക്കുന്ന സ്വാശ്രയത്വംവഴി നമ്മിലെ അനന്തസാധ്യതകളെക്കുറിച്ചു് ക്രിസ്തു പറയുമ്പോൾ നമുക്കു് വിശ്വസിക്കാൻ വിഷമം തോന്നുന്നതു് (മർക്കോ. 16:18). എന്തുകൊണ്ടു് രോഗിയെ സുഖമാക്കാൻ തങ്ങൾക്കു കഴിഞ്ഞില്ല എന്നു ശിഷ്യന്മാർ ചോദിച്ചപ്പോൾ ക്രിസ്തുവിന്റെ ഉത്തരം നിങ്ങളുടെ (ആത്മ)വിശ്വാസക്കുറവുകൊണ്ടു തന്നെ എന്നു് അവിടന്നു് അവരെ കുററപ്പെടുത്തി. (മത്താ. 17:20). ബൈബിളിലെ ദൈവം നിരീശ്വരചിന്തകന്മാർ പറയുന്നതുപോലെ മനുഷ്യനിഷേധിയായ ദൈവമല്ല മനുഷ്യസമർത്ഥനത്തിന്റെ ദൈവമാണു്. അടിമയെപ്പോലെ കിടന്നു യാചിച്ചിരുന്ന മനുഷ്യനോടു് ക്രിസ്തു പറഞ്ഞതു് നീ അടിമയല്ല പുത്രനും അവകാശിയുമാണു് എന്നാണു്.

ദൈവത്തിന്റെ സ്നേഹാനുഭവം നമ്മിൽ ജനിപ്പിക്കുന്ന രണ്ടാമത്തെ ബോധം നിർഭയത്വമാണു്. ''ഭക്തൻ'' എന്നു കേൾക്കുമ്പോൾതന്നെ നിർഗ്ഗുണത്വവും, ഭയപ്പാടും, ശിങ്കിടിത്തവും, വാലാട്ടിത്തവും ഒക്കെ കാണിക്കുന്ന ഒരു മനോരോഗിയെയാണു് നമുക്കു് ഓർമ്മയിൽ വരുന്നതു്. പക്ഷേ മതത്തിന്റെ ചരിത്രം എടുത്താൽ ഭക്തന്മാർ ഒരിക്കലും അങ്ങനെയായിരുന്നില്ല. അവർ ധീരന്മാരും, എന്തിനേയും നേരിടുന്നവരും, ഒന്നിനേയും ഭയപ്പെടാത്ത

വരും മഹാസൈന്യനിരകൾക്ക് മുമ്പിലും നിരായുധ രായി നില്ക്കുന്നവരും ഒക്കെയായിരുന്നു. അവർ ഗോലിയാത്തുമാരെ നേരിടുന്ന ദാവീദുമാരായിരുന്നു. യഹൂദമതഭ്രാന്തന്മാരുടെ മുമ്പിൽനിന്ന പൗലോസുമാരായിരുന്നു. നരേന്ദ്രനെന്ന നിരീശ്വരയുക്തിവാദിയെ സ്വാമി വിവേകാനന്ദനാക്കിപ്പകർത്താൻ കഴിഞ്ഞ ശ്രീരാമകൃഷ്ണ പരമഹംസൻമാരായിരുന്നു. ബാലിൻെറ നാന്നൂററി അമ്പതു പുരോഹിതന്മാരെ കളിയാക്കാൻ ധൈര്യംകാണിച്ച ഏലിയാമാരായിരുന്നു. കൃഷ്ണസൈന്യത്തെ കൗരവപക്ഷത്തിന് വിട്ട് കൃഷ്ണനെ മാത്രംമതി എന്നു പറഞ്ഞ ധർമ്മപുത്രരായിരുന്നു. ദാനിയേലിൻെറ കാര്യംതന്നെ എടുക്കുക. ദാനിയേലിൻെറ ചിരിയെക്കുറിച്ച് ബൈബിൾ പറയുന്നുണ്ട്. ബെൽ എന്ന പേഷ്യൻ ദേവൻ എന്തൊക്കെ ദിവസവും ഭക്ഷിക്കുന്നു, കുടിക്കുന്നു എന്നു കാണുന്നില്ലേ എന്ന് സൈറസ് ചക്രവർത്തി ദാനിയേലിനോട് ചോദിച്ചു. സൈറസിൻെറ ഉററ സ്നേഹിതനായിരുന്നു ദാനിയേൽ. അപ്പോൾ 'ദാനിയേൽ ചിരിച്ചു' (ദാനി. 14: 7). ആ ചിരി ഉൾക്കൊള്ളുന്ന പരിഹാസം ഒരു വിശ്വാസിക്കു മാത്രമേ പ്രകടിപ്പിക്കാൻ പററൂ. പേഷ്യാക്കാർ ദേവനായിക്കരുതിയ ഡ്രാഗണെ താൻ കൊന്നുതരാമെന്ന് വെല്ലുവിളിച്ചപ്പോഴും ദൈവത്തിൽ അചഞ്ചലമായ വിശ്വാസം പ്രകടമാക്കിയ ദാനിയേലിനെയാണ് നാം കാണുന്നത്. സിംഹക്കുഴിയിൽ ഒട്ടും പേടിക്കാതെ പോകാൻ ദാനിയേലിനെ പ്രേരിപ്പിക്കുന്നതും ആ വിശ്വാസത്തിൻെറ ഉറപ്പുതന്നെ. ഏഴാം ദിവസം ദാനിയേലിൻെറ മൃതസംസ്കാരത്തിനു വന്ന ചക്രവർത്തി കണ്ടതു് ജീവനോടെ ഇരിക്കുന്ന ദാനിയേലിനെയാണ്. പഴയനിയമത്തെ അപൂർവ്വസൂരികളെ അനുസ്മരിച്ചുകൊണ്ട് ഹെബ്രായ ലേഖനകർത്താവ് പറയുന്നു് 'ഇനി കൂടുതലായി എന്തു പറയാനാണ്'. ഗെദയോൻ, ബാറാക്ക്, സാംസൺ, ജെഫ്തെ, ദാവീദ്, സാമുവൽ എന്നിവരെയും പ്രവാചകന്മാരെയും കുറിച്ച് പ്രതിപാദിക്കാൻ സമയം പോരാ. അവർ വിശ്വാസംവഴി രാജ്യ

ങ്ങരം പിടിച്ചടക്കി. നീതി നടത്തി വാഗ്ദാനം പ്രാപിച്ചു. സിംഹങ്ങളുടെ വായ് അടച്ചു. അഗ്നിയുടെ ശക്തി കെടുത്തി വാളിൽനിന്നു രക്ഷപ്പെട്ടു. രോഗങ്ങളിൽനിന്നും സുഖംപ്രാപിച്ചു. യുദ്ധത്തിൽ ശക്തരായിത്തീർന്നു. വിദേശ സൈന്യങ്ങളെ പലായനം ചെയ്യിച്ചു.' (ഹെബ്രാ. 11: 32–34). ഇതൊക്കെ ഭീരുക്കളുടെ പ്രവർത്തികളാണോ? നിർഭയത്വത്തെക്കുറിച്ച് ക്രിസ്തു വ്യക്തമാക്കുന്നതു് ക്രിസ്തുവിൻെറ ശിഷ്യന്മാർ ഏല്ക്കേണ്ടിവരുന്ന ശാരീരിക മർദ്ദനത്തിൻെറ വാഗ്ദാനം ക്രിസ്തു നല്കുമ്പോഴാണ് (മത്താ. 10: 26–33) 'ഭയപ്പെടേണ്ട' എന്നാണ് അതിലെ പ്രധാന സന്ദേശം. കാരണംകൂടി പറയുന്നുണ്ട്. നിങ്ങളുടെ മുടിയിഴകരംപോലും എണ്ണപ്പെട്ടിരിക്കുന്നു.

ദൈവത്തിൻെറ സ്നേഹം മനസ്സിൽ രൂപപ്പെടുത്തുന്ന മൂന്നാമത്തെ മനോഭാവം സ്വാതന്ത്ര്യത്തിൻേറതാണ്. ഉൽക്കണ്ഠയും ഭയവും മാറുമ്പോരം തനിയെ ഉണ്ടാകുന്ന ഒന്നാണ് സ്വാതന്ത്ര്യം. ഏററവും സ്വാതന്ത്ര്യം കൂട്ടുകാരുടെ ഇടയിലും ഭവനത്തിലുമാണ് നാം കാണിക്കുക. സ്വാതന്ത്ര്യം ഉള്ളിടമാണ് ഭവനം. എല്ലാം നിയമങ്ങരംകൊണ്ടു് വരിഞ്ഞുമുറുക്കിയിരിക്കുന്ന ചുററുപാടിൽ സ്വാതന്ത്ര്യമില്ല. അടിമത്തത്തിനു് കടകവിരുദ്ധമാണ് സ്വാതന്ത്ര്യം എന്നതുകൊണ്ട് റോമ. 8:14–ൽ മുമ്പ് സൂചിപ്പിച്ചതുപോലെ അടിമത്തത്തിൻെറ അരൂപിയല്ല പുത്രസ്വീകാര്യതയുടെ അരൂപി. പുത്രസ്വീകാര്യതയുടേതു് സ്വാതന്ത്ര്യത്തിൻേറതാണ്. ഈ സ്വാതന്ത്ര്യബോധം അന്യരോടുള്ള ബന്ധത്തിൽ പ്രകടിപ്പിക്കാൻ നമുക്ക് സാധ്യമായിത്തീരുന്നു. മനസ്സിനെ അന്യരിൽനിന്ന് പ്രതിനിവർത്തിപ്പിക്കുന്ന ഭയവും ഉൽക്കണ്ഠയും മാറിക്കഴിയുമ്പോരം അന്യരുമായുള്ള ബന്ധങ്ങരം സ്വതന്ത്രമാകാൻ തുടങ്ങും. ഈശ്വരനിഷേധപരമായ പ്രസ്ഥാനങ്ങരം, മനുഷ്യവിമോചനത്തിൻെറ പേരിൽ തുടങ്ങി മനുഷ്യനെ എന്തുകൊണ്ട് ഇത്ര അടിമത്തത്തിലാക്കി എന്നതു് ചിന്തനീയമായ ഒരു കാര്യമാണ്. സംഘടിതമതത്തിലും ഇതു് സംഭവിച്ചില്ലേ എന്ന ചോ

ദ്യം ചോദിച്ച് ഇതിനുത്തരം പറയുന്നതു് ഒരുതരം മുട്ടശാന്തിയാണു്. മതം മനുഷ്യനെ മയക്കി എന്നും അവനെ അടിമയാക്കി എന്നുള്ള വിമർശനത്തിൽ തുടങ്ങിയ പ്രസ്ഥാനങ്ങൾ മതങ്ങൾ വരുത്തി എന്നു പറയുന്ന അടിസ്ഥാനമനുഷ്യാവകാശ ധ്വംസനങ്ങളേക്കാൾ എത്ര ഭീബത്സവും ക്രൂരവുമായ ധ്വംസനരീതികളാണു് അവലംബിച്ചതു്? മറെറാന്നു് ക്രൈസ്തവമതാനുഭവത്തിന്റെ മൗലികപരിവർത്തനത്തിൽ എത്തിയവരെല്ലാവരുംതന്നെ വ്യക്തിസ്വാതന്ത്ര്യത്തെയും മനുഷ്യത്വത്തെയും ഭേദചിന്തകൂടാതെ അംഗീകരിക്കുന്നതിനും അതിനുവേണ്ടി ജീവത്യാഗംവരെ അനുഷ്ഠിക്കാൻ തൽപരരുമായിരുന്നു. മതവും രാഷ്ട്രീയതയും തമ്മിൽ നടന്നിട്ടുള്ള അവിഹിതവേഴ്ചയുടെ തിക്തജന്മങ്ങളായിരുന്നു ക്രൈസ്തവമതചരിത്രത്തെ ചോരനിറമാക്കിയതു്. കോടിക്കണക്കിനു മനുഷ്യരെ വകവരുത്തിയ വ്യക്തിയെ പൂജിക്കുന്ന ജീവിതദർശനവും മനുഷ്യർക്കുവേണ്ടി ജീവത്യാഗം നടത്തിയവരെ പൂജിക്കുന്ന ജീവിതദർശനവും തമ്മിൽ വ്യത്യാസം കണ്ടെങ്കിലും കണ്ടില്ലെന്നു നടിക്കുക യുക്തിയോടു ചെയ്യുന്ന അതിക്രമമായിരിക്കും.

ദൈവത്തിന്റെ സ്നേഹമാണു് ശത്രുവിനെപ്പോലും സ്നേഹിക്കാൻ ഒരുവനെ പ്രാപ്തനാക്കുന്നതു്. ശത്രുവിനെ സ്നേഹിക്കുക ഏററം വലിയ സ്വാതന്ത്ര്യാനുഷ്ഠാനമല്ലേ. ദൈവത്തിന്റെ മുമ്പിൽ അവനും ഞാനും തുല്യരാണെന്നു കരുതുകയല്ലേ. അവന്റെ നന്മയിലുള്ള സുവിശ്വാസമല്ലേ അതുവഴി പ്രകടമാക്കുക. ദൈവസ്നേഹം നമ്മിൽ വരുത്തുന്ന സ്വാതന്ത്ര്യബോധത്തിൽ നിന്നാണു് 'യഹൂദനെന്നോ വിജാതീയനെന്നോ, പരിഛേദിതനെന്നോ അപരിഛേദിതനെന്നോ, പരിഷ്കൃതനെന്നോ, അപരിഷ്കൃതനെന്നോ, സ്വതന്ത്രനെന്നോ, അടിമയെന്നോ ഉള്ള വ്യത്യാസം ഇല്ലാത്തതു്. ക്രിസ്തു എല്ലാവരിലും എല്ലാമാകുന്നു' (കൊളൊ. 3:11)

# 10

## ശമറായന്റെ പ്രസാദവ്യക്തിത്വം

നല്ല ശമറായന്റെ ഉപമയിൽ പ്രത്യക്ഷനാകുന്ന ശമറായക്കാരന്റെ വ്യക്തിത്വത്തെ നാം ഒന്നു വിശകലനം ചെയ്യുക. മുൻവിധികൂടാതെ സ്നേഹത്തിലേക്ക് കുതിച്ചുകുതിച്ച ആ പരോപകാരി, ആശാന്റെ കരുണയിലെ ഉപഗുപ്തനെപ്പോലെ മഹാമനസ്കതയുടെ ഒരു സാമ്രാട്ടായി അദ്ദേഹം വിരാചിക്കുന്നു. നിയമങ്ങളും സാമൂഹ്യനിലയും സ്നേഹത്തിനായിറങ്ങാൻ അദ്ദേഹത്തിന് മതിലുകൾ തീർത്തില്ല. പ്രസാദാത്മകജീവിതവീക്ഷണം ഓളം വെട്ടുന്ന വദനവുമായി കർമ്മധീരതയുടെ ആ കരുത്ത പോരാളി അധർമ്മ സൈത്താന്മാരുടെ ഇടയിൽ ഒററയ്ക്കുനിന്ന് പോരാടി. ഔദാര്യത്തിന്റെ ക്ഷണിക്കാത്ത മന:പേഴ്സ് അദ്ദേഹം തുറന്നുകൊടുത്തു. എങ്ങനെ ഒരുവന് പ്രസാദാത്മകവ്യക്തിത്വം കൈവളർത്താൻ കഴിയും, അങ്ങനെ കഴിഞ്ഞെങ്കിലേ ശമറായനായിത്തീരാൻ പററൂ.

### വ്യക്തിപ്രസാദം

പ്രസാദ വ്യക്തിസ്വഭാവം ആന്തരപ്രസാദത്തിൽനിന്നും വരുന്നു. ''ആഹ്ലാദഹൃദയം നല്ല മരുന്നാണ്. വിഷാദാത്രുപി അസ്ഥികളെ ഉണക്കിക്കളയുന്നു'' (സുഭാ. 17:22) എന്ന സുഭാഷിതോക്തി ഇന്നത്തെ മന:ശാസ്ത്രം വികസിക്കുന്നതിന് എത്രയോ മുമ്പേ പറയപ്പെട്ടതാണ്. ഇന്നും അണുവിട വ്യത്യാസംകൂടാതെ അതു് സത്യമായി നിലകൊള്ളുന്നു. ആന്തരപ്രസാദത്തിന് ആന്തരികസൗഖ്യം ഉണ്ടാകണം. മനുഷ്യവ്യക്തിത്വത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകേണ്ട സൗഖ്യത്തിൽ മൗലികപ്രധാനമാണ് ആന്തരികസൗഖ്യം. പല തട്ടുകളിൽ മനുഷ്യന് സൗ

ഖ്യം ആവശ്യമാണ്. എല്ലാ ഘടകങ്ങളും സമ്പൂർണ്ണസൗഖ്യത്തിലായാൽ വ്യക്തി പൂർണ്ണസൗഖ്യത്തിലും പ്രസാദത്തിലും ആയിരിക്കും.

## സൗഖ്യത്തിൻെറ ഘട്ടങ്ങൾ

മനുഷ്യൻ നേടേണ്ട സൗഖ്യത്തിൻെറ വിവിധ ഘട്ടങ്ങൾ അഞ്ചെണ്ണമാണെന്നു പറയാം. ആദ്യം അരൂപിയുടെ സൗഖ്യം. ആത്മാവിൻെറ പാപത്തിൽനിന്നുള്ള മോചനമാണത്. പാപവും പാപത്തിൻെറ സ്വാധീനവും വ്യക്തിയിൽ ഭരണം നടത്തിയാൽ വ്യക്തിക്ക് ഒരിക്കലും പ്രസാദാത്മകവ്യക്തിത്വം പാലിക്കാൻ കഴിയില്ല. സമ്പൂർണ്ണമായ വിമോചനം സാധ്യമായില്ലെങ്കിലും പാപത്തിൻെറ അടിമത്തത്തിൽനിന്നും വിമോചനം നേടി ജീവിക്കാൻ കഴിയും. അതോടൊപ്പം പാപത്തിൻെറ സ്വാധീനത്തിൽപ്പെടാതിരിക്കാൻ വേണ്ടിവരുന്നത് ആന്തരിക സമരമാണ്. സമരംതന്നെയാകും ഇവിടെ വിജയം.

രണ്ടാമത്തു് വികാരങ്ങളിൽ മനുഷ്യൻ സൗഖ്യമുള്ളവനാകണം. ഇതു കൂടുതലായി പിന്നീട് വിശദീകരിക്കുന്നുണ്ട്. മൂന്നാമത്തു് ബുദ്ധിപരമായ സൗഖ്യം ഉണ്ടാകണം. ബുദ്ധി അതിൻെറ പരിധികളേയും പരിമിതികളേയും കുറിച്ച് ബോധ്യമുള്ളതാകുകയും ദൈവത്തിൻെറ വെളിപ്പെടുത്തലിനു വിധേയപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. ബുദ്ധികൊണ്ട് എല്ലാം മനസ്സിലാക്കാമെന്നു കരുതുന്നതുതന്നെ എത്രയോ മൗഢ്യമാണ്. എന്തെല്ലാം ബൗദ്ധികാപായങ്ങളാണ് ചിന്തകന്മാർതന്നെയും പറഞ്ഞുപിടിപ്പിച്ചിരിക്കുന്നതു്. ഒരു വ്യക്തി പറയുന്ന സിദ്ധാന്തം പൂർണ്ണമായി മറ്റൊരാൾക്കു സ്വീകരിക്കാൻ പററുന്നില്ലെന്നതുതന്നെ ഓരോരുത്തരുടേയും ബുദ്ധിയുടെ പരിമിതിയേയല്ലേ കാണിക്കുക. നമുക്കില്ലാത്ത തലക്കനം ഭാവിക്കുമ്പോൾ അതിനെ അഹന്ത എന്നു പറയാം. അഹന്ത ബുദ്ധിയുടെ രോഗാവസ്ഥയാണ്. ഇതിനു നേരെ വിപരീതമായ ബുദ്ധിയുടെ ഒരു രോഗമാണ് നിരാശ.

ഇതിനുപകരമായി ബുദ്ധി ആത്മീയതക്ക് കീഴ്പ്പെടണം. ഇത്രകാലം ഇത്ര പരകോടി മനുഷ്യൻെറ ആത്മീയാനുഭവത്തെ തള്ളിക്കളയുന്നതു് ചികിത്സാതീതമായ ബൗദ്ധികരോഗമാണു്. ബുദ്ധി പ്രപഞ്ചത്തിലെ ദൈവത്തിൻെറ ആവിഷ്കരണത്തിനു് വിധേയമാകണം. ഒരു പടികൂടെ കടന്നു് വചനത്തിലും പ്രവൃത്തിയിലും കൂടെയുള്ള അവിടത്തെ വെളിപ്പെടുത്തലിനെ സ്വീകരിക്കണം. വീണ്ടും ക്രിസ്തുവിൽക്കൂടിയുള്ള ദൈവാവിഷ്കരണത്തെ ബുദ്ധി സ്വീകരിക്കണം. ഏററം അവസാനമായി സഭയിൽക്കൂടിയുള്ള അനുദിന ക്രൈസ്തവ ദൈവാവിഷ്കരണത്തിനു് ബുദ്ധി സന്നദ്ധമാകണം. അപ്പോഠം ബുദ്ധി ബുദ്ധിയുടെ ധർമ്മനിർവ്വഹണത്തിനു് പ്രാപ്തമല്ലാതായിത്തീരുന്നു എന്നു് വിമർശിക്കുന്നവരെ കണ്ടേക്കാം. ബുദ്ധികൊണ്ടു് ജീവിതത്തിൻെറ ആത്യന്തികലക്ഷ്യം വ്യക്തമാക്കാൻ പററുമോ? അപ്പോഴാണു് ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ദൈവാവിഷ്കരണത്തെ ബുദ്ധി സ്വീകരിക്കേണ്ടിവരിക. അതു സ്വീകരിക്കാൻ പററാത്തിടത്തോളംകാലം ജീവിതം നിരർത്ഥകമെന്നും, അനാഥമെന്നും കരുതാൻ ഇടയുള്ള പ്രസാദശൂന്യമായ വികലധാരണകഠക്കു് ബുദ്ധി കീഴ്പ്പെടും.

സൗഖ്യാനുഭവത്തിൻെറ അടുത്ത ഘട്ടം ശരീരത്തിലാണു്. ശരീരം സൗഖ്യമുള്ളതാകണം. അതുകൊണ്ടാണു് നാം ധർമ്മാനുഷ്ഠാനം ചെയ്യാറുള്ളതു്. അനാരോഗ്യകരമായ ശരീരം നമുക്കും അന്യർക്കും ഒരു ഭാരമായിത്തീരാം. അരോഗമായ ഒരു ശരീരമാണു് ക്രിസ്തു ആഗ്രഹിക്കുന്നതു് എന്നു് അവിടത്തെ രോഗശാന്തികഠ വ്യക്തമാക്കുന്നു. അരോഗമായ ഒരു ശരീരമാണു് പ്രസാദം നിറഞ്ഞ ശരീരം. 'ജീവിക്കുന്ന ഒരു വ്യക്തിയാണു് ദൈവത്തിൻെറ മഹത്വം' എന്ന അന്തിയോക്യായിലെ വി. ഇഗ്നേഷ്യസിൻെറ ചിന്താഗതി വളരെ ശ്രദ്ധാർഹമാണു്. ആരോഗ്യമുള്ളപ്പോഴാണു് നമുക്കു് പ്രസാദമുണ്ടാകുന്നതു്. അപ്പോഴാണു് നാം ജീവിക്കുന്നതും. ശാരീരിക രോഗശാന്തി പലേ

ഘടകങ്ങളേയും ആശ്രയിച്ചാണിരിക്കുന്നതു്. എങ്കിലും ആന്തരിക സൗഖ്യത്തിനു് ശാരീരക സൗഖ്യത്തിന്മേൽ അത്യധികമായ സ്വാധീനമുണ്ടു്. നല്ല ശരീരത്തിൽ നല്ല മനസ് എന്ന പഴയ ചിന്താഗതി മാറി നല്ല മനസിനു് നല്ല ശരീരം എന്ന ചിന്താഗതിയാണു് ഇപ്പോഴുള്ളതു്.

നിസ്വാത്ഥമായ പ്രവത്തനങ്ങളിൽ ഏർപ്പെടണമെങ്കിൽ ആരോഗ്യകരമായ മനോഭാവങ്ങരം വേണം. മനോഭാവങ്ങരം ഒരുതരം ബോധ്യങ്ങളാണു്. ബോധ്യങ്ങരം അനുഭവങ്ങളിൽനിന്നാണു് രൂപപ്പെടുന്നതു്. ദുഃഖാനുഭവങ്ങളിൽനിന്നു് വിഷാദപ്രധാനമായ ബോധ്യങ്ങരം രൂപപ്പെടുന്നു. മുറിവേററ മനസ്സുകളിൽനിന്നും ഉയരുന്ന ഏതൊരു ചിന്തയും പതുക്കേററതായിരിക്കും. ക്രൂരമായ പ്രതികാരചിന്താഗതിയിൽനിന്നും ഉയിർക്കൊള്ളുന്ന ചിന്താശാഖകളെല്ലാം അശുദ്ധമോ രോഗാതുരമോ ആയിരിക്കും. ചുററുപാടുകളിലെ തിന്മയുടെ സ്വാധീനത്തിനു വശപ്പെടാതെ നന്മയുടെ നിസ്വാത്ഥ നിറകുടമാകാൻ ആരോഗ്യകരമായ ഒരു മനസ്സിനേ സാധ്യമാകൂ.

ആന്തരികസൗഖ്യത്തിൻെറ ഏററം പ്രധാനഘടകം ആത്മീയസൗഖ്യമാണു്. അതു് ആദ്യമേ സൂചിപ്പിച്ചു. മറെറാന്നു ബുദ്ധിയുടെ സൗഖ്യമാണു്. അതും മുമ്പേ അല്പമായി സൂചിപ്പിച്ചു. ഏററം കൂടുതലായി ആന്തരികസൗഖ്യം ആവശ്യമായിരിക്കുന്നതു് വികാരങ്ങളുടെ തലത്തിലാണു്.

## വികാരസൗഖ്യം

ഉപയോഗശൂന്യമായ വികാരങ്ങളുടെ ഒരു സങ്കലനമാണു് മനുഷ്യൻ (സാർട്ട്) എന്നു പറയുവാൻതക്കവിധം മനുഷ്യൻ വികാരജീവിയാണു്. മനുഷ്യൻ ബുദ്ധിയുള്ള മൃഗമെന്ന നിർവചനം അരിസ്റ്റോട്ടൽ കൊടുത്തപ്പോഴം 'മൃഗ' മെന്ന പ്രയോഗത്തിലൂടെ ബുദ്ധിക്കൊപ്പം നിൽക്കുന്ന മനുഷ്യൻെറ വികാരാംശത്തെയാണു് വ്യക്തമാക്കി

യത്. ചിരിക്കുന്ന മൃഗമെന്ന് നിർവചനം ബർഗ്സൺ മനുഷ്യന് കൊടുക്കുമ്പോഴും അവന്റെ വൈകാരികവശത്തെയാണ് ഊന്നൽകൊടുത്ത് അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ വ്യക്തിത്വത്തിന്റെ പ്രകാശനമാധ്യമമാണ് വികാരം. നിഷേധപരവും ഭാവാത്മകവുമായ വികാരങ്ങൾ എന്നു തരംതിരിക്കാറുണ്ടെങ്കിലും ഒരേ നാണയത്തിന്റെ രണ്ടു മുഖങ്ങൾ മാത്രമേ അവ ആകുന്നുള്ളു. ഇഷ്ടത്തിന്റെ മറ്റൊരു രീതിയിലുള്ള പ്രകാശനമാണ് വെറുപ്പ്. പ്രേമത്തിന്റെ വേറൊരുതരം പ്രകാശനമാണ് കാമം എന്നപോലെ, പൗരുഷമായ സാഹസവികാരങ്ങളാണ് അക്രമവാസനകളായി പ്രത്യക്ഷമാകുന്നത്. എന്തും നേരിടാനുള്ള ആത്മവീര്യം എന്തു ക്രൂരതയും കാണിക്കാനുള്ള പാതകവാസനയായി പരിണമിക്കാറുണ്ടല്ലോ?

മനുഷ്യവളർച്ചയുടെ ഏതു ഘട്ടത്തിലാണ് വികാരങ്ങൾ മുളയെടുക്കുക. എല്ലാം അതിന്റെ തുടക്കത്തിൽത്തന്നെ. ഭ്രൂണാവസ്ഥമുതലുള്ള വ്യക്തിയുടെ വളർച്ചയിൽ വികാരങ്ങളുടെ വളർച്ചയോ തളർച്ചയോ കാണാനാവും. മാതാവിന്റെ ഉദരത്തിൽ വളരുന്ന ശിശുവിനെ അമ്മയ്ക്കനുഭവപ്പെടുന്ന വികാരങ്ങൾ സ്വാധീനിക്കും. ചുറ്റുപാടുകളുടെ സങ്കീർണ്ണതയോ നന്മയോ ഭ്രൂണാവസ്ഥയിലുള്ള വ്യക്തിയെ ക്ഷുഭിതനോ പ്രശാന്തനോ ആക്കും. നമ്മുടെ സ്വഭാവത്തിൽത്തന്നെ വളർച്ചയുടെ പ്രാരംഭഘട്ടങ്ങളിൽ നേരിടേണ്ടിവരുന്ന വികാരവിക്ഷോഭങ്ങൾ രൂഢിയായ ചില പ്രത്യേകതകൾ അവശേഷിപ്പിക്കും. പിന്നീടൊരു പ്രായത്തിൽ കാരണം അന്വേഷിച്ചാലും കണ്ടെത്താനാവാതെ അതു നമ്മെ പ്രശ്നസ്വഭാവികളാക്കാറുണ്ട്.

മറ്റൊരു ഗണം വികാരമുറിവുകൾ നമ്മുടെ ഓർമ്മയിൽ തന്നെ സംഭവിച്ചവയാണ്: അന്യരുടെ നിന്ദ, അനീതിപൂർവ്വമായ ശിക്ഷ, സ്ഥലംമാറ്റം, നാം വിശ്വാസം അർപ്പിച്ചവരുടെ ചതി, സാമ്പത്തികത്തകർച്ച, ഇതൊക്കെ നമ്മുടെ വികാരങ്ങളുടെ സമനില തെറ്റിക്കാറുണ്ട്. എല്ലാ നിലയിൽപ്പെട്ടവർക്കും ഇതനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

ചിലക്ക് ഇതൊക്കെ പെട്ടെന്നു മറക്കാൻ സ്വഭാവത്താലെ കഴിയും. ചിലർ ഒട്ടും മറക്കാത്ത പ്രകൃതക്കാരായിരിക്കും. മറക്കാതെയും പൊറുക്കാതെയും വരുന്നവ ദഹിക്കാത്ത അജീർണ്ണം കണക്കേ അസുഖകരമായ വികാര വിക്ഷോഭങ്ങൾ വരുത്തിക്കൂട്ടുന്നു. ഈ ജീവിതപ്പിരിമുറുക്കങ്ങൾ വഹിക്കാൻ ശരീരത്തിന് സാധ്യമാകാതെവരുമ്പോൾ അതു മററു ചില രോഗങ്ങളായി പ്രത്യക്ഷപ്പെടുന്നു. വളരെപ്പേരുടെയും രോഗം ശാരീരികമല്ല. മാനസികമാണെന്ന് വിദഗ്ദ്ധാഭിപ്രായം തന്നെയുണ്ട്.

## ക്ഷമിക്കുന്ന സ്നേഹം

ഈ മാനസികക്ഷോഭങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് ക്ഷമിക്കാതിരിക്കുക എന്നത്. തന്മൂലം വെറുപ്പും വൈരാഗ്യവും നമ്മിൽ രൂപംകൊള്ളുന്നു. പ്രസാദാത്മകമായ ജീവിതത്തിലെ ഏററം മുഖ്യശത്രു ഇത്തരം മാനസികമുറിവുകളാണ്. നമ്മുടെ ശരീരം മുറിവേൽക്കുന്നതുപോലെയാണ് മനസ്സിന്റെ മുറിവും. ശരീരത്തിന്റെ മുറിവ് ഏററംവേഗം സുഖമാക്കാൻ നാം ശ്രമിക്കും. അത്രയും ശ്രദ്ധ മനസ്സിന്റെ കാര്യത്തിൽ പതിച്ചു എന്നു വരില്ല. മുറിവ് ഉണങ്ങാതെവരുമ്പോൾ ആന്തരസമാധാനം അനുഭവിക്കാൻ അസാധ്യമായിത്തീരുന്നു. നമ്മെ മുറിപ്പെടുത്തിയ വ്യക്തിയെയോ സംഭവത്തെയോ ഓക്കുമ്പോൾ നാം വേഗം ക്ഷുഭിതരും അനിയന്ത്രിതമായ വികാരാവേശത്താൽ ക്ഷീണിതരും ആയിപ്പോകുന്നു. നമ്മുടെ ഏകാഗ്രത നഷ്ടമാവുകയും നമ്മുടെ ആത്മവീര്യം ക്ഷതമേൽക്കുകയും ചെയ്യുന്നു.

ഉള്ളിലെ ഈ കെടുതി സുഖമാകണം. സുഖമാകാതെ കിടക്കുന്ന ശരീരത്തിന്റെ കേടുകൾ പിന്നീട് മററു രോഗങ്ങളായി പ്രത്യക്ഷമാകുംപോലെ ആന്തരികക്ഷതങ്ങളും സുഖമാകുന്നില്ലെങ്കിൽ മറുരൂപങ്ങളായി പ്രത്യക്ഷമാകും. എങ്ങനെ ഇവയെ സുഖമാക്കാം. ഇതിന് സുവിശേഷ

ത്തിൽക്കൂടി നമുക്ക് മുന്നിൽ പ്രത്യക്ഷനാകുന്ന ക്രിസ്തുവി നെക്കുറിച്ച് നമുക്ക് അറിവുണ്ടാകണം.

## സഹനത്തെ ഉന്നമിപ്പിക്കുക

എമ്മാവൂസ് യാത്രയിൽ ക്രിസ്തു നല്കിയ സന്ദേശം ഒരു വിധത്തിൽ പറഞ്ഞാൽ സുവിഷേത്തിന്റെ സാരാംശസ ന്ദേശമായി കരുതാവുന്നതാണ്. 'സഹനത്തിലൂടെ മനു ഷ്യപുത്രൻ മഹത്വീകരിക്കപ്പെടേണ്ടിയിരുന്നു' (ലൂക്ക. 24:26). തന്റെ ജീവിതവും സന്ദേശങ്ങളും ഇതിന്റെ ഒരു വ്യാഖ്യാനമായിരുന്നു. അന്യർവഴിയാണെങ്കിൽത്ത ന്നെയും നാം നേരിടേണ്ടിവരുന്ന സഹനങ്ങൾക്ക് നമ്മു ടെ ആത്മശുദ്ധീകരണത്തിൽ ഒരു പങ്കുവഹിക്കുന്നുണ്ട്. സുവിശേഷത്തിന്റെ ഈ സന്ദേശം മനസിലാക്കാൻ നാം ആരംഭിക്കുമ്പോൾ നമ്മുടെ സഹനങ്ങൾക്കെതിരേയുള്ള ദുരാരോപണങ്ങൾ കുറയും. 'എല്ലാം നന്മയ്ക്കായി കരുതുന്ന വനായ ദൈവത്തിന്റെ പരിപാലന സവിശേഷമായ ആന്തരികസൗഖ്യത്തിലേക്ക് നമ്മെ നയിക്കും. ഈ ആന്ത രികസൗഖ്യപ്രാപ്തി നേടിയ ഒരു സവിശേഷവ്യക്തിയുടെ വിവരം ഇതിന്റെ അവസാനം കൊടുത്തിട്ടുണ്ട്. നാഗ സാക്കിയിൽവീണ അണുബോംബിന്റെ മാരകവ്യാധി പിടിപെട്ട് വർഷങ്ങളോളം കിടന്നിരുന്നിട്ടും തനിക്കു ലഭിച്ച കത്തോലിക്കാവിശ്വാസം നല്കിയ അത്യുജ്ജ്വല ആത്മസൗഖ്യത്തിലൂടെ ജാപ്പനീസ് ജനതയുടെ ആത്മവീ ര്യം ഉണർത്തിയ തകാഷി നാഗായി എന്ന ജാപ്പനീസ് ഡോക്ടർ, ''അണുബോംബിനു ഞാൻ നന്ദി പറയുന്ന കാ രണം അതെന്നെ ദൈവത്തിലേക്കു നയിച്ചു'' എന്നുപറ യാൻ മാത്രം ഉന്നതമായ വിശ്വാസദാർഢ്യം കൈവന്നിരു ന്ന ഒരു മനുഷ്യൻ.

മുറിവേററ നമ്മുടെ മനസ്സുകൾ പാറയുള്ള കടവുകളിൽ നിന്നും വെള്ളം കോരിക്കോരി ചളുങ്ങിപ്പോയ അലുമിനി യക്കുടങ്ങളെപ്പോലെയാണ്. അവയുടെ ഒടിവുകളും ചള ക്കുകളും നാം നിവർത്തുകയും വീണ്ടും ഉപകാരപ്രദമാക്കുകയും

ചെയ്യെങ്കിലേ ഉപയോഗയോഗ്യമാകൂ. ആദിസൗന്ദര്യത്തിന്റെ സമ്പൂർണ്ണത പൂർണ്ണമായും നിലനിർത്താൻ ആദിപാപത്തിന്റെ ശിഷ്ടതികത്തം വഹിക്കുന്ന മനുഷ്യമൺപാത്രങ്ങൾക്ക സാധ്യമായില്ലെങ്കിലും ക്രിസ്തു നല്കുന്ന രക്ഷാനുഭവത്തിൽ പങ്കുപററുമ്പോൾ നമ്മുടെ തിന്മ ശുദ്ധിചെയ്ത വിഷംകണക്കേ ഔഷധമായിപ്പകരുകയും അതേല്പിച്ച മുറിവുകൾ പടയാളിയുടെ ഉണങ്ങിയ മുറിവുകൾപോലെ ക്ഷാത്രാഭിമാനത്തിന്റെ തങ്കപ്പതക്കങ്ങളായി പരിണമിക്കുകയും ചെയ്യും. ഇതു വെറും വാചാടോപമല്ല. പത്രോസിന്റെ ഗുരുനിഷേധം മുതൽ ഇന്നുവരെ ഏതൊരു ക്രൈസ്തവധന്യാത്മാവിന്റെയും ജീവിതത്തിൽ വന്നിട്ടുള്ള ജീവിതപാളിച്ചകൾ, അശുദ്ധ ജീവിതത്തിന്റെ നിഴലാട്ടങ്ങൾ എല്ലാം തന്നെ നിരാശപ്പെടുത്തുന്ന ദുർസ്വപ്നങ്ങളായല്ല വിനയവും പ്രതീക്ഷയും നന്ദിയും ഉണർത്തുന്ന അനുഗൃഹീതവീഴ്ചകളായിട്ടേ അവർ കാണുകയുള്ളു.

ഹൃദയമുറിവുകൾ സുഖപ്പെടണം. അതിനു് പരമവൈദ്യനെത്തന്നെ ശരണം ഗമിക്കണം. ചോദിച്ച ഉടനെ കിട്ടിയില്ല എന്നതിൽ വേഗം നിരാശപ്പെടുന്നവരാണു് നമ്മിൽ പലരും. അവരോട് തിരുനാഥൻ പറയുന്നുണ്ടാകും 'നിനക്കു് എന്റെ കൃപ മതി' (2 കൊറി 12:9) എന്നു്. ആ ബലഹീനതകൾ മാറി അഹന്തയിൽ വളരുന്നതിനേക്കാൾ നല്ലതു് ആ ബലഹീനതകളോടുകൂടി അങ്ങിൽ പ്രത്യാശവയ്ക്കുന്നതായിരിക്കും.

പ്രതീക്ഷാപൂർവ്വം നമ്മുടെ ഹൃദയമുറിവുകൾ അങ്ങേ മുമ്പിൽ അനാവൃതമാകണം. ചിലർക്കു് ഉടനടി സൗഖ്യം ലഭിച്ചെന്നിരിക്കും. ചിലർക്കു് താമസിച്ചെന്നിരിക്കും. ചിലർക്കു് അതു ലഭിച്ചെന്നുതന്നെ വരില്ല. മനുഷ്യകുലത്തിന്റെ ബലഹീനത അതിന്റെ പാപാവസ്ഥ ഒഴിച്ച് വഹിച്ച (ഹെബ്രാ 4:15) അവിടന്നു് ആ ബലഹീനതയുടെ ഒരു പങ്ക് വഹിക്കാൻ നമ്മോടും ആവശ്യപ്പെട്ടെന്നിരിക്കും. ശ്രദ്ധിച്ചിട്ടും ശ്രമിച്ചിട്ടും മാറാത്ത കോപാവേ

ശം, മദ്യാസക്തി, ജീവിതത്തിൽ അർത്ഥമില്ലായ്മാബോധം, അമിതമായ ലൈംഗികതൃഷ്ണ, തുടരെത്തുടരെ അനുഭവപ്പെടുന്ന നിരാശാബോധം, വിശ്വാസത്തിനെതിരായ പരീക്ഷണങ്ങൾ, കൊലപാതകത്തിനും നശീകരണത്തിനുമുള്ള വാസന, അപകർഷതാബോധം, സാമ്പത്തികാർത്തി, ഇങ്ങനെ നമ്മുടെ വികാരങ്ങൾ മുറിവേററിരിക്കുന്ന ഏതെല്ലാം വശങ്ങളാണുള്ളത്. രോഗബാധിതമായ ഒരു ശിശുവിനോടെന്നപോലെ നമ്മോടുതന്നെ ക്ഷമാപൂർവ്വം നാം പെരുമാറി നമ്മുടെ ആത്മവൈദ്യനെ നാം സമീപിക്കണം. അവിടത്തെ സ്നേഹത്തേയും കരുണയേയും കുറിക്കുന്ന സുവിശേഷഭാഗങ്ങൾക്കാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്. ഓരോ രോഗത്തിനും ഓരോ തരം ചികിത്സ എന്നതുപോലെ വി. ഗ്രന്ഥത്തിലുള്ളതെല്ലാം എല്ലായ്പ്പോഴും എല്ലാവക്കും ഒററയടിക്ക് ഉപകാരമായെന്നു വരില്ല. കുട്ടത്ത മനസ്സാക്ഷിക്ക പററിയവ രോഗതുരമായ മനസ്സ് വായിക്കരുത്. അത് സ്വയം ആരോപിച്ച് മനസ്സിനെ ഭാരപ്പെടുത്തരുത്. വ്യക്തികളോട് ഇടിവാളിന്റെ സ്വരത്തിൽ ദൈവം ശകാരിക്കും. ചാററമഴയുടെ നനവിൽ സംസാരിക്കും, ആത്മാവിൽ കോരമയിർ ഉണർത്തുന്ന സൗഹൃദത്തിന്റെ അടക്കം പറച്ചിലിൽ അവിടന്നു സംസാരിക്കും. കൊച്ചുകുഞ്ഞിനോടെന്നപോലെ ആർദ്രതയൂറുന്ന കൊഞ്ചിക്കുഴച്ചിലോടെ അവിടന്നു സംസാരിക്കും. വേണ്ടതു കേൾക്കാൻ കഴിയണം. വിശുദ്ധഗ്രന്ഥത്തിന്റെ വിശ്വാസപൂർവ്വമായ വായനക്ക് ആത്മനൊമ്പരങ്ങളെ വളരെയധികം സൗഖ്യമാക്കാൻ കഴിവുണ്ട്. ഉത്ഥാനംചെയ്ത ക്രിസ്തുവിന്റെ ഉത്ഥാന അനുഭവം ഉൾക്കൊള്ളാനും അതു നമ്മിൽ നിർവ്വഹിക്കുന്ന സൗഖ്യം അനുഭവിക്കാനും നാം നമ്മെത്തന്നെ തുറന്നുനല്കണം.

## വ്യക്തിഗതമതം

ക്രൈസ്തവമതം വ്യക്തിഗതമായ ഒരു മതമാണെന്ന് ഒരർത്ഥത്തിൽ പറയാം. ദൈവം വ്യക്തികളുമായി

ട്ടാണ് ബന്ധപ്പെടുന്നതും ഇടപഴകുന്നതും. അവരുമായി വ്യക്തിബന്ധത്തിൽ ഏർപ്പെടുന്ന ദൈവമാണ് ബൈബിളിലേതു്. ക്രിസ്തുവിൻെറ പ്രബോധനത്തിലും ഇടപെടലുകളിലും വ്യക്തിപരമായ ഈ പ്രത്യേകത വളരെ വെളിവാകുന്നുണ്ട്. ഒരു പാപിയുടെ തിരിച്ചുവരവിൽ സന്തോഷിക്കുന്ന സ്വർഗ്ഗത്തെക്കുറിച്ച് സംസാരിക്കുമ്പോഴും (ലൂക്ക. 15: 7), ഒരാടിനെ അന്വേഷിച്ച് ഇറങ്ങുന്ന ഇടയൻെറ കാര്യം പറയുമ്പോഴും എല്ലാം ഈ വ്യക്തിഗതമായ മതജീവിതത്തെയാണ് എടുത്തുകാണിക്കുന്നതു്. ഈ സത്യത്തിൽ ആധിഷ്ഠിതമാണ് ഓരോ വ്യക്തിയേയും സുഖപ്പെടുത്തി പ്രസാദാത്മകവീക്ഷണത്തിൽ അവനെ കൊണ്ടു ചെന്നെത്തിക്കുന്ന ക്രിസ്തുവിൻെറ സൗഖ്യദായകധർമ്മം. ഓരോ വ്യക്തിയിലും അവിടന്നു തല്പരനാണെന്നും ഓരോരുത്തരേയും അവിടുത്തെ കാര്യത്തിനു് അവിടന്നു് നിയോഗിക്കുന്നു എന്നും അതിനുവേണ്ട പ്രസാദവരങ്ങൾ അവിടന്നു് നല്കുമെന്നും ഒരു ക്രൈസ്തവനു് ന്യായം വിശ്വസിക്കാം. തന്മൂലം ഓരോ വ്യക്തിയും ആരോഗ്യമുള്ളവനും മനഃസന്തുഷ്ടിയുള്ളവനും ആവുക അവിടത്തെ കാര്യംകൂടിയാണ്. ഈ ബോധ്യത്തോടെയാവണം ഓരോരുത്തരും ആന്തരിക സൗഖ്യത്തിനായി അവിടത്തെ പക്കൽ അണയാൻ.

## സൗഖ്യത്തിൻെറ അഭ്യാസങ്ങൾ

ആന്തരികസൗഖ്യത്തിനു് വ്യക്തി ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ആദ്യപടി നമ്മെ ഉപദ്രവിച്ചവരോടു് ക്ഷമിക്കുകയാണു്. പ്രബോധിപ്പിക്കാൻ വളരെ എളുപ്പമാണെങ്കിലും പ്രായോഗികമാക്കാൻ വളരെ വിഷമമായ ഒന്നാണു്. പക്ഷേ ക്രൈസ്തവനാണെങ്കിൽ ഇതു പ്രായോഗികമാക്കിയേ തീരുതാനും. വെറുപ്പ് ഒരു ക്യാൻസർരോഗമാണു്. നമ്മുടെ ദൗർബ്ബല്യങ്ങളിൽ ഏററം പ്രമുഖം ലൈംഗികതയാണെന്നു പറയാറുണ്ട്. അതോടൊപ്പമോ അതിലല്പം ഏററിയോ നില്ക്കുന്നതാണ് വെറുപ്പ് എന്ന വികാര

രം. ഇതു് സ്നേഹത്തിൻെറ വേറൊരു രൂപമാണെന്നുതന്നെ അതിനു കാരണം. മനുഷ്യചരിത്രത്തിൽ ലൈംഗികമായ പാളിച്ചകൾവഴി ഉണ്ടായിട്ടുള്ള തിന്മകളേക്കാൾ എത്രയോ അധികമാണു് വെറുപ്പുവഴി ഉണ്ടായിട്ടുള്ളവ. ചിലപ്പോൾ അതിൻെറ നശീകരപ്രവണത ഏറിയതുകൊണ്ടായിരിക്കാം ഇങ്ങനെ തോന്നിപ്പിക്കുന്നതു്. വെറുപ്പ് ക്രൂരവും അക്രമാസക്തവും പ്രസാദാത്മകതയെ തീർത്തും വററിച്ചുകളയുന്നതുമായ ഒരു നിഷേധ വികാരമാണു്. അനന്തരഫലങ്ങൾ നോക്കാതെ ക്രൂരത ക്ഷുദ്രനൃത്തം ചെയ്യുകയാണിവിടെ. പ്രതികാരം അഭിമാനകരംകൂടിയായിത്തീരുന്നു പലപ്പോഴും.

വെറുപ്പിൽനിന്നു മോചനംനേടി പ്രസാദാത്മക വ്യക്തിത്വം കൈവരുത്താൻ ആദ്യമായി വേണ്ടതു്; ക്രൈസ്തവൻ എന്ന നിലയിൽ ആദ്യപടി: 'ഞാൻ ക്ഷമിക്കണം' എന്ന ബോധ്യം രൂപപ്പെടുത്തുകയാണു്. എൻെറ മുന്നിലുള്ള വഴി വളരെ വ്യക്തമാണു്. ക്ഷമിക്കുമോ ക്ഷമിക്കയില്ലയോ? ഹൃദയത്തിൻെറ ശാന്തിയും സ്വാസ്ഥ്യവും കൈവരിക്കാൻ നാം ക്ഷമിച്ചേതീരൂ. ക്ഷമിക്കാൻ തീരുമാനിച്ചാൽ ഉടനടി എല്ലാം ഭദ്രമായി എന്നല്ല. നാം നമ്മിലെ മുറിവേററ നമ്മിലെ മുരള പ്രകൃതിയുമായി ഒരു ദീർഘസമരത്തിനുതന്നെ തയ്യാറാകണം. നാം നമ്മോടുതന്നെ ശാന്തതയോടെ വർത്തിച്ചുകൊണ്ടു് വെറുപ്പിൻെറ ഈ മുറിവ് ഉണങ്ങാൻ കാത്തിരിക്കണം. ചിലപ്പോൾ പൊടുന്നനെ ആയിരിക്കും. ചിലപ്പോൾ സാവധാനമാകും. ക്ഷമാപൂർണ്ണമായ സ്നേഹത്തിൽ നാം പ്രസാദമുഖരായിത്തീരും.

രണ്ടാമത്തെ പടി: പ്രാർത്ഥനയാണ്. ക്ഷമിക്കാനുള്ള ശക്തിക്കായുള്ള പ്രാർത്ഥനയെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചു. ഇതു് അതിൻെറതന്നെ വേറൊരുവശമാണു്. നമ്മുടെ പ്രാർത്ഥന ക്രിസ്തുവിനാൽ പരിവർത്തനപ്പെടുകയാണതു്. എങ്ങനെയാണതു്? വെറുപ്പിൻെറ പ്രത്യേക പ്രശ്നം അവിടത്തെ മുമ്പിൽ കൊണ്ടുവരിക. മകൻ ചെയ്ത ദ്രോഹം ക്ഷ

മിക്കാൻ വിമുഖനായ പിതാവു് ആ ദ്രോഹം അതിൻെറ സകല സംഭവവിവരണങ്ങളോടുംകൂടി ക്രിസ്തുവിൻെറ മുമ്പിൽ കൊണ്ടുവരിക. ഒരു സഹപ്രവത്തകനോടു് മന സ്സിൻെറ നൊമ്പരങ്ങൾ നാം അറിയിക്കുന്നതുപോലെ അ വിടത്തോടു് സംഭാഷണത്തിൽ ഏർപ്പെടുക. ഒപ്പം നിശ്ശ ബ്ദതയുടെ വേളകളിൽ അവിടന്നു് ഇത്തരം സന്ദർഭങ്ങ ളിൽ എങ്ങനെ പെരുമാറി എന്നു മനസ്സിൽ ധ്യാനപൂർവ്വം വീക്ഷിക്കുക. തൻെറ ശത്രുക്കളോടു് പ്രതികാരോദ്യുക്തനാ കാമായിരുന്നിട്ടും അവിടന്നു ക്ഷമിച്ച യാഥാർത്ഥ്യം ചിന്താ വിഷയമാക്കുക. തൻെറ ജീവിതസഹനത്തെ മനുഷ്യകുല ത്തിൻെറ പാപമോചനത്തിനു് തിരിച്ചുവിടുന്ന പിതാവി ൻെറ പരിപാലന ദർശിച്ച അവിടത്തെ വീക്ഷണങ്ങളെ സ്വായത്തമാക്കാൻ ഈ പരിചിന്തനങ്ങൾ സഹായിക്കും.

മൂന്നാമത്തെ പടി: നമ്മുടെ മുറിവേററവികാരങ്ങൾ നാം വളർത്തിക്കൊണ്ടു പോകുന്നെങ്കിൽ വരാവുന്ന ആന്തരികവും ബാഹ്യവുമായ പിരിമുറുക്കങ്ങളും ആപത്തുകളും, അവ യെ നാം വിട്ടൊഴിഞ്ഞാൽ ഉണ്ടാകുന്ന ഉപകാരങ്ങൾ ഇവ നാം ചിന്താവിഷയമാക്കണം. മാത്രമല്ല അന്യൻെറ ഉപദ്ര വങ്ങൾവഴി ചില നന്മകൾ നമുക്കു് ഉണ്ടാകുന്നുണ്ടു്. കുടും ബാംഗങ്ങൾ നമ്മെ ഒററപ്പെടുത്തി പുറത്തിറക്കിയതുകൊ ണ്ടുതന്നെ ചിലപ്പോൾ കൂടുതൽ വളരാനും സ്വന്തംകാലിൽ നില്ക്കാനും നമുക്കു കഴിഞ്ഞെന്നുവരാം. ബന്ധുക്കളുടെ സഹ കരണം കിട്ടാത്തിടത്തു് നാട്ടുകാരുടെ സഹായം കിട്ടിയെ ന്നിരിക്കും. ചിലരുടെ ഉപദ്രവങ്ങൾകൊണ്ടു് നാടു വിടേ ണ്ടിവന്നാൽ അതു് ചിലപ്പോൾ കൂടുതൽ ഉപകാരപ്രദമാ യിത്തീരാറുണ്ടു്. ഏററവും കൂടുതലായി ചിലപ്പോൾ മററു ള്ളവരുടെ ഉപദ്രവങ്ങൾകൊണ്ടു് നമ്മുടെ സ്വഭാവപരിവ ത്തനവും സാധ്യമാകാൻ ഇടയായിട്ടുണ്ടെന്നു് ശ്രദ്ധിച്ചാൽ മനസ്സിലാക്കാൻ പററും.

ഈ ആന്തരനൊമ്പരങ്ങളെ ക്രിസ്തുവിൻെറ സൗഖ്യദാ യകമായ സ്പർശനത്തിനു് വിട്ടുകൊടുക്കുക. സ്വസ്ഥമായി

രുന്നു് ഓരോ മുറിവും അവിടത്തെ മുന്നിൽ തുറന്നുകാണിക്കുക. ബാഹ്യശാന്തത നല്കുന്ന ഒരന്തരീക്ഷത്തിലായിരിക്കണം ആന്തരസൗഖ്യത്തിനായുള്ള പ്രാർത്ഥന നടത്തേണ്ടതു്.

## രമ്യതയുടെ കൂദാശ

കത്തോലിക്കർക്കു് ഈ ആന്തരസൗഖ്യത്തിനുവേണ്ടിയുള്ള സന്ദർഭംകൂടിയാണു് കുമ്പസാരം അഥവാ പാപസങ്കീർത്തനം. അതു് രമ്യതയുടെ കൂദാശയാണു്. ദൈവവുമായും അന്യരുമായും രമ്യപ്പെടുന്നതിനുള്ള കൂദാശയാണു്. ഈ കൂദാശയുടെ അനുഷ്ഠാനത്തിൽ ആന്തരികമായ മുറിവുകൾ സുഖമാക്കുന്നതിൽ നാം വേണ്ടത്ര ശ്രദ്ധിക്കാറില്ല. കുറെ പാപം പറഞ്ഞുതീർക്കുന്നതിനാണു് പ്രത്യേകമായി ശ്രദ്ധിക്കുന്നതു്. പക്ഷേ കുറേക്കൂടി ആന്തരിക മുറിവുകൾ ശ്രദ്ധിക്കുന്നതിനും അവയുടെ സുഖപ്രാപ്തിക്കുവേണ്ടി യത്നിക്കുന്നതിനും ശ്രദ്ധിക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വൈദികർ നല്കണം. കുടുംബത്തിലാണു് പ്രസാദാത്മക വ്യക്തിത്വം ഏററംകൂടുതലായി പ്രകടിപ്പിക്കാൻ ശ്രമിക്കേണ്ടതു്. കൂടുതൽ മുറിവു് ഏല്ക്കാനിടയുള്ളതും കുടുംബത്തിലാണു്. ഇടയ്ക്കിടക്കുള്ള അനുതാപശുശ്രൂഷ ആന്തരസൗഖ്യ പ്രാപ്തിക്കു് സഹായമായി നടത്താൻ പ്രയത്നിക്കേണ്ടതാണു്.

പ്രസാദാത്മകവ്യക്തിത്വം കൈവളർത്താൻ അത്യാവശ്യമായ ആന്തരികസൗഖ്യത്തെക്കുറിച്ചും വേദനിപ്പിക്കുന്ന ഓർമ്മകളുടെ സൗഖ്യത്തെക്കുറിച്ചുമാണു് ചർച്ചചെയ്തതു്. അതോടൊപ്പം പ്രസാദാത്മകവ്യക്തിത്വം വളർത്താൻ ആവശ്യമായ മറെറാരു വീക്ഷണത്തെക്കുറിച്ചുകൂടെ ചർച്ചചെയ്തിട്ടു് ഈ ഭാഗം അവസാനിപ്പിക്കാം.

## ആത്മബോധം

വ്യക്തിത്വത്തിന്റെ പ്രസാദാത്മകഭാവം കെട്ടിപ്പടുക്കുന്നതിനു് അവശ്യംവേണ്ട ഒരു മനോഗുണമാണു് അവനവ

നെക്കുറിച്ചുതന്നെയുള്ള ആരോഗ്യകരമായ ആത്മബോധം. സ്വന്തവ്യക്തിത്വത്തിൻെറ ഭാവപ്രകടനം മൃഗങ്ങൾ തന്നെ കാണിക്കാറുണ്ട്. ഏററവും നല്ല ഉദാഹരണം പട്ടിതന്നെ യാണ്. എല്ലാവരുടേയും ഏറും തല്ലും കൊണ്ടുനടക്കുന്ന ഒരു പട്ടിയും വീട്ടിൽ അധികാരപൂർവ്വം ജീവിക്കുന്ന ഒരു പട്ടിയും കാണിക്കുന്ന ഭാവപ്രകടനം വ്യത്യാസപ്പെട്ടിരിക്കും. ഒരുവ ന് അവനെക്കുറിച്ചുള്ള ബോധ്യം പെരുമാററത്തിൽ വളരെ വ്യക്തമായി കാണിക്കും. ജീവിതത്തിൻെറ ലക്ഷ്യത്തെ ക്കുറിച്ച്, പ്രതീക്ഷയെക്കുറിച്ച്, നന്മയുടെ അന്തിമവിജ യത്തെക്കുറിച്ച് ഒക്കെ വ്യക്തമായ ജീവിതവീക്ഷണമുള്ള ഒരാളുടെ പെരുമാററശൈലി ഈ വീക്ഷണങ്ങളെ ഒരളവു വരെ വ്യക്തമാക്കുന്നവയായിരിക്കും. നമുക്ക് നമ്മെക്കു റിച്ച് എന്തു വിക്ഷണമാണുള്ളത്.

നമുക്ക് നമ്മെക്കുറിച്ചുതന്നെയുള്ള ബോധ്യം മാനുഷി കവും, ക്രിയാത്മകവും, ക്രൈസ്തവവുമൊക്കെ ആകാൻ ഉണ്ടാകേണ്ട മറെറാരു അടിസ്ഥാനബോധ്യം ദൈവത്തി ൻെറ സ്നേഹത്തെക്കുറിച്ചുള്ള ബോധ്യമാണ്. ദൈവം എ ന്നെ സ്നേഹിക്കുന്നു എന്ന ബോധ്യം നമ്മുടെ പെരുമാററ ശൈലിയേയും സാമൂഹ്യബന്ധങ്ങളേയും ക്രിയാത്മകമാ യി സ്വാധീനിക്കും. ജീവിതത്തോട് നിഷേധാത്മകമാ യ വീക്ഷണം പുലർത്താൻ പ്രേരിപ്പിക്കുന്ന വിപരീതസാ ഹചര്യങ്ങളെപ്പോലും പരിവർത്തനപ്പെടുത്താൻ ഇത്തരം വ്യക്തികൾക്കു കഴിയും. നാം നന്മചെയ്യുമ്പോൾ മാത്രമ ല്ല തിന്മചെയ്യുമ്പോഴും ദൈവം എന്നെ സ്നേഹിക്കുന്നു എന്ന ബോധ്യം ജീവിതപരിവർത്തനത്തിനു സഹായകമായ ആ ദ്ധ്യാത്മികാനുഭവമാണ്. തന്മൂലം നമ്മെക്കുറിച്ച് യഥാ തഥം കാണാൻ കഴിയണമെങ്കിൽ ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വ്യക്തമാകണം, ക്രൈസ്തവമാകുകയും വേണം.

### താരതമ്യം ഉപേക്ഷിക്കുക

നമ്മെക്കുറിച്ചുതന്നെ അവമതിപ്പ് ഉണ്ടാക്കുന്ന ചി ന്താഗതികൾ നാം ഉപേക്ഷിക്കണം. പലപ്പോഴും അന്യരു

മായി നാം നമ്മെത്തന്നെ താരതമ്യം ചെയ്യാറുണ്ട്. ഈ താരതമ്യപഠനത്തിൽ ഉയരുന്ന രണ്ട് ചിന്താഗതികൾ ഒന്ന് ഞാൻ മററുള്ളവരേക്കാൾ മേലെയാണ്. മററൊന്ന്: ഞാൻ മററുള്ളവരേക്കാൾ കീഴെയാണ്. പക്ഷേ ശരിയായ ഒരു കാഴ്ചപ്പാട് ഞാൻ മററുള്ളവരെപ്പോലെയാണ്, മററുള്ളവർ എന്നെപ്പോലെയാണ് എന്നതാണ്. ആരും ആരുടേയും മേലെയല്ല കീഴുമല്ല. നാം മേലെയാണെന്നും കീഴാണെന്നും ഉറച്ചുവശാകുമ്പോൾ ഒന്നുകിൽ അധികാരപ്രമത്തതയിലേക്ക് വീഴും, അല്ലെങ്കിൽ അടിമത്തത്തിലേക്ക വീഴും. സൗഹൃദം സുഹൃത്തുക്കൾതമ്മിലാണ്. നാം മനുഷ്യർ എന്ന നിലയിൽ സുഹൃത്തുക്കളാണ്. ഇതല്ലേ ക്രിസ്തുവും പറയുന്നതു് നിങ്ങൾ സഹോദരൻമാരാണ് എന്ന് (മത്താ. 23:8).

## വികലമായ കാഴ്ചപ്പാടുകൾ

എങ്ങനെയാണ് നമ്മെക്കുറിച്ചുതന്നെ വികലമായ കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ ഇടയാകുന്നതു്? (Growing in Christ. J. M. Fuster, S. J. P. 22 66)

ഒന്ന്: നമ്മുടെ സംസ്കാരത്തിൽ നമ്മെത്തന്നെ ആദരിക്കാൻ നാം പഠിക്കുന്നതു്. നമ്മുടെ നേട്ടങ്ങൾ, വിദ്യാഭ്യാസകഴിവുകൾ, പ്രത്യേകകഴിവുകൾ, കലാപരമായ വാസനകൾ തുടങ്ങിയവമൂലമാണ്. പലപ്പോഴും പല കാര്യങ്ങളിലും നാം പരാജയം ഏററുവാങ്ങിയവരായിരിക്കും. ഈ പരാജയധാരണകളായിരിക്കും നമ്മിൽ രൂഢിയായി വളർന്നിട്ടുള്ളതു്. തന്മൂലം നാം കഴിവുകുറഞ്ഞവരാണെന്ന തോന്നൽ നമ്മിൽ വളരാൻ ഇടയാകാറുണ്ട്. നമ്മിലെ കഴിവുകളും നേട്ടങ്ങളും കണ്ടുപിടിക്കുക എന്നതിനേക്കാൾ വളരെ വേഗം നാം നമ്മിലെ കുറവുകൾ കണ്ടുപിടിക്കും.

രണ്ട്: ചിലർ മഹാ ആദർശശുദ്ധരായി പെരുമാറും. എല്ലാ പൂർണ്ണതയും ആഗ്രഹിക്കുന്നതുകൊണ്ട് എല്ലാം

പൂർണ്ണമായി ചെയ്യാൻ തരമാകാതെ വരുമ്പോൾ അവർ ആകെ അക്ഷമരായിത്തീരുന്നു. അക്ഷമത കഴിവുകേടിന്റെ ബോധ്യത്തിലേയ്ക്ക് അവരെ നയിച്ചു എന്നുവരാം.

മൂന്ന്: മററു ചിലർ മററുള്ളവർക്ക് ഉണ്ടെന്ന് അവർ കരുതുന്നവ തങ്ങൾക്കില്ലെന്ന് കരുതാൻ തുടങ്ങും. തനിക്കുള്ളവ കാണാൻ കണ്ണുതുറക്കാത്തതുകൊണ്ട് സ്വയം അപകർഷതാബോധത്തിലേക്ക് വീഴാൻ ഇടയാകുന്നു. പലപ്പോഴും ബാലിശമായ കാര്യങ്ങളായിരിക്കും താരതമ്യം ചെയ്യുക. ശരീരസൗന്ദര്യം, ശബ്ദം, തലമുടി, സാമൂഹ്യനില മുതലായവ.

നാല്: മററു ചിലപ്പോൾ അവ്യക്തമായ ആദ്ധ്യാത്മികധാരണകളായിരിക്കും കാരണം. സ്വാത്മതയോടുള്ള യുദ്ധം സ്വയം ഇടിച്ചുതാഴ്ത്തുന്നതിലാണെന്നും തനിക്കുള്ളവ നിഷേധിക്കുന്നതിലാണെന്നും കാണാൻ ഇടവരുന്നു. നിസ്വാർത്ഥത അയഥാർത്ഥതയുമായി കൂട്ടിക്കുഴയ്ക്കുന്നു. എനിക്കുള്ളവ ഇല്ല എന്നു പറയുന്നതാണ് അയഥാർത്ഥത. വാസ്തവത്തിലുള്ള വിനയവും നിസ്വാർത്ഥതയും എനിക്കു ഉണ്ടെന്നു പറയുകയും അവ സമ്പൂർണ്ണ ദൈവദാനമാണെന്ന് സമ്മതിക്കയുമാണ്.

അഞ്ച്: സ്വയം വരയ്ക്കുന്ന ഈ താഴ്ന്ന ആത്മചിത്രത്തിന്റെ അടിയിൽ കണ്ടെത്താവുന്ന ഏററം പ്രമുഖ കാരണം നാമോരോരുത്തരും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസന്മാരാണെന്നും നമുക്ക് അവിടത്തെ പദ്ധതിയിൽ എന്തോ ചിലതു് ചെയ്യാനുണ്ടെന്നും (ഐസ. 61:1; ലൂക്ക. 4:18) കാണാൻ നമുക്ക് കഴിയുന്നില്ല എന്നതാണ്. തന്മൂലം നാം തനിക്കു താൻ പോന്നവരോ സ്വയം അടിമത്തത്തിലേക്ക് വലിച്ചെറിയപ്പെട്ടവരോ ആയിത്തീരുന്നു. ദൈവത്തിന്റെ സ്നേഹത്തിലേക്ക് നാം ഉയരുന്നില്ലെങ്കിൽ നാം അടിമത്തത്തിലേക്ക് വീഴും എന്ന് സെൻറ്പോൾ നല്കുന്ന സൂചന ശ്രദ്ധേയമാണ് (റോമ. 8:14).

ഇതിനുള്ള പ്രതിവിധി നാം നമ്മെത്തന്നെ സ്നേഹിക്കുകയാണ്. അതും സ്വാർത്ഥതയുമായി ബന്ധമില്ല. സ്വാർത്ഥതയുടെ സ്വസ്നേഹം ദൈവസ്നേഹത്തിന്റെ ചൈതന്യത്തിൽ നമ്മിൽ വളരുന്ന സ്വസ്നേഹവും തമ്മിൽ അന്തരമുണ്ട്. ആദ്യത്തേതിൽ അഹന്തയുണ്ട്. രണ്ടാമത്തേതിൽ വിനയം. ആദ്യത്തേത് ഇല്ലായ്മകളിൽ പരാതിപ്പെടും. പരാജയങ്ങളിൽ നിരാശപ്പെടും. രണ്ടാമത്തേത് പരാതി കൂടാതെ സന്തോഷിക്കാനും പ്രതീക്ഷയോടെ പരാജയപ്പെടാനും നമ്മെ പ്രാപ്തരാക്കും. ആദ്യത്തേത് സ്വലാഭേച്ഛയോടെ വൻ സേവനത്തിൽ ഏർപ്പെടും. രണ്ടാമത്തേത് മററുള്ളവർക്കുള്ള ദൈവത്തിന്റെ സ്നേഹോപകരണമാണ് താനെന്ന ബോധ്യത്തിൽ നിസ്സാരമായവയും ചെയ്യുന്നതിൽ തൃപ്തി കണ്ടെത്തും.

ആരോഗ്യകരമായ സ്വയസ്നേഹം നാം വളർത്തണം. ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യകരമായ വളർച്ചക്ക് വേണ്ടതു ചെയ്യാൻ നാം തയ്യാറാകണം. സ്വന്തശരീരാരോഗ്യത്തിലുള്ള ആവശ്യമായ ശ്രദ്ധ, ഭക്ഷണം, വിശ്രമം മുതലായവയിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയണം. നമ്മുടെ സമയവും പണവും വേണ്ടരീതിയിൽ ക്രമീകരിച്ചാൽ കുറച്ചു പണവും കുറച്ചു സമയവും നമുക്കു വേണ്ടി മാററിവയ്ക്കുന്നതിന് നമുക്ക് കഴിയും.

## സ്വയസ്നേഹം

ആരോഗ്യകരമായ ഒരു സ്വയസ്നേഹത്തിന് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതിന്

ഒന്ന്: നമ്മെക്കുറിച്ചുതന്നെ മതിപ്പ് വളർത്തുക. നമ്മുടെ നിറമോ രോഗമോ കഴിവുകേടുകളോ ഒന്നുമല്ല നമ്മുടെ പെരുമാററമാണ് അന്യർക്കു നമ്മെ ഹൃദ്യരാക്കുന്നത്. ഡൽഹിയിൽ സി. ബി. സി. ഐ. സെൻററിൽ ചെന്നാൽ വളരെ കുള്ളനായ മെലിഞ്ഞ ഒരു വ്യക്തിയെ കാണാം. ചടുലമായ പെരുമാററവും സംഭാഷണവുംകൊ

ണ്ട് ആരോടും ഭയംകൂടാതെ പെരുമാറാനുള്ള ഒരു സ്വയ മതിപ്പ് അദ്ദേഹം വളർത്തിയെടുത്തിട്ടുണ്ട്. എന്തെങ്കിലും ചില ബലഹീനതകൾ നമ്മിൽ ഉണ്ടാകും. ഒപ്പം ചില ഉന്നതികളും നമ്മിൽ ഉണ്ടാകും.

രണ്ട്: നമ്മുടെ കഴിവുകൾ കണ്ടെത്തുക, കഴിവുകേടുകൾ കണ്ടെത്തുക. ആദ്യത്തേതു വളർത്തുക രണ്ടാമത്തവ കുറച്ചുകൊണ്ടുവരാൻ യത്നിക്കുക.

മൂന്ന്: ഉല്ക്കർഷേച്ഛ എന്ന ഗുണത്തെ വളർത്തി പരാജയങ്ങളിൽനിന്ന് ആവുന്നത്ര മുതലെടുക്കാൻ പരിശ്രമിക്കുക. നമ്മുടെ പരാജയങ്ങളേയും കുറവുകളേയും നർമ്മബോധത്തോടെ സമീപിക്കുക.

നാല്: ബാഹ്യമായി നമ്മെത്തന്നെ പെരുപ്പിച്ചു പറയുന്ന അല്പത്വം ഉപേക്ഷിക്കുന്നതോടൊപ്പം നമ്മുടെ മനസ്സിൽത്തന്നെ ഉയർന്നുവരുന്നക്കാവുന്ന ഭീതികളേയും പരാജയചിന്തകളെയും നമ്മുടെ മികവുകൾ എടുത്തു സ്വയം കാണിച്ച് അതിജീവിക്കുക.

അഞ്ച്: നമ്മുടെ കഴിവിൽ ഒതുങ്ങുന്ന ഒരു കാര്യമാണെങ്കിൽ ഭയന്ന് ഓടിഒളിക്കാതിരിക്കുക. ചെറിയ ചെറിയ സന്ദർഭങ്ങൾ ഉപയോഗിച്ച് ഭയത്തെയും ലജ്ജാശീലത്തെയും ചെറുക്കുക. ഉദാ: രാത്രിയിൽ തനിച്ചു യാത്ര ചെയ്യുക, പെറിയ സമ്മേളനങ്ങളിൽ പ്രസംഗിക്കുക.

## താകാഷി നാഗായി

വ്യക്തിത്വത്തിൻെറ പ്രസന്നതയും പ്രസാദവദനവും വളർത്തിയാലേ ക്രൈസ്തവസ്നേഹത്തിൻെറ ദൂതരാകാൻ പററൂ. തകർന്ന തരിപ്പണമായ നാഗസാക്കിയിലെ ചാരക്കൂമ്പാരത്തിൽ അണുബോംബിൻെറ പ്രസരബാധയിൽ ശയ്യാവലംബിയായെങ്കിലും തളരാത്ത ആത്മവിശ്വാസം ഒരു ജനതയിൽ ആശയങ്ങളിലൂടെ കുത്തിവച്ച് അവരുടെ പരാജയബോധത്തെ തുടച്ചുനീക്കി ലോകത്തിലെ

ഒന്നാംകിട രാഷ്ട്രമാക്കിയതിൽ പങ്കുവഹിച്ച ഡോ. താകാഷി നാഗായി പ്രസാദധന്യമായ ഒരു വ്യക്തിസംസ്കാരത്തിൻെറ ഉജ്ജ്വലപ്രതിഭയാണ്.

താകാഷി നാഗായി. പ്രതീക്ഷയുടെ പ്രവാചകനായിരുന്നു. അന്ധവിശ്വാസത്തിൽനിന്ന് അവിശ്വാസത്തിലേക്കും അതിൽനിന്നും കത്തോലിക്കാവിശ്വാസത്തിലേക്കും പരിവർത്തനം വന്നതായിരുന്നു അദ്ദേഹത്തിൻെറ ആത്മസ്ഥിതി. നാഗസാക്കിയിലെ മെഡിക്കൽ കോളേജിൽ അദ്ദേഹം എക്സ്റേ വിദഗ്ദ്ധനായിരുന്നു. 1945 ആഗസ്റ്റ് 9-ാം തീയതി 12 മണി രണ്ടുമിനിട്ട് കഴിഞ്ഞ് നാഗസാക്കിയുടെ ഉറക്കാമിഭാഗത്ത് അമേരിക്ക രണ്ടാമത്തെ അണുബോംബിട്ടു. ആധുനിക സാങ്കേതികജ്ഞതയുടെ ആഗ്നേയാസ്ത്രം. എല്ലാം തകർന്നു തരിപ്പണമായി. ഉറക്കാമിയിലെ പരി. കന്യാമറിയത്തിൻെറ നാമത്തിലുള്ള ദേവാലയം പാതിരാവോടുകൂടി വെന്തു വെണ്ണീറായിപ്പോയി. 8000 കത്തോലിക്കർ തങ്ങളുടെ സൃഷ്ടികർത്താവിൻെറ തിരുസന്നിധിയിലേക്കു വിളിക്കപ്പെട്ടു. അന്നുരാത്രി ചക്രവർത്തിത്തിരുമേനി യുദ്ധം അവസാനിപ്പിക്കാനുള്ള തീരുമാനമെടുത്തു. ആഗസ്റ്റ് 15-ാം തീയതി പരിശുദ്ധജനനിയുടെ സ്വർഗ്ഗാരോപണത്തിരുനാളിൽ അഭിമാനിയായ ഓരോ ജപ്പാൻകാരനേയും പൊട്ടിക്കരയിപ്പിക്കുകയും നമ്രശിരസ്കനാക്കുകയും ചെയ്ത യുദ്ധവിരാമപ്രഖ്യാപനം ഔദ്യോഗികമായി നിലവിൽവന്നു.

താകാഷി നാഗായി. അദ്ദേഹം മരിച്ചില്ല. ബോംബാക്രമണത്തിൽ തകർന്ന ആശുപത്രി കെട്ടിടത്തിൻെറ ഒരു പാർശ്വത്തിൽ കുടുങ്ങിപ്പോയ അദ്ദേഹം അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. ''അണുബോംബു വീണപ്പോൾ'' എന്നൊരു കൃതി അദ്ദേഹം രചിച്ചിട്ടുണ്ട്. ആ കൃതിയുടെ അവസാനം ഡോ. താകാഷി നാഗായി തൻെറ ഒരു പ്രസംഗം ചേർത്തിട്ടുണ്ട്. ഉറക്കാമിയിലെ ഭദ്രാസനദേവാലയത്തിൽ ബോംബാക്രമണത്തിൽ മരണപ്പെട്ടുപോയവ

ക്കുവേണ്ടി നടത്തിയ അനുസ്മരണാശുശ്രൂഷയിൽ അത്മായ പ്രതിനിധിയായി അദ്ദേഹം പ്രസംഗിച്ചു. അണുപ്രസരണബാധയേററ് തളർന്നുകിടന്ന കിടപ്പിലാണ് ഈ പ്രസംഗം എഴുതിയതും ഈ പുസ്തകം എഴുതിയതും. അനുപമമായ വിശ്വാസം ഒരിക്കലും ഒരു ശക്തിക്കും കെടുത്തിക്കളയാൻ പററാത്ത അടിയുറച്ച ആസ്തിക്യബോധം എല്ലാററിലും ഉപരിയായി അന്യരോട് ജ്വലിക്കുന്ന സ്നേഹം എല്ലാം നിഴലിക്കുന്നുണ്ട് ഈ കൃതിയിലും അതിൻെറ സാരസത്തായ ഈ പ്രസംഗത്തിലും.

''1945 ഓഗസ്റ്റ് ഒമ്പതാം തീയതി രാവിലെ പത്തരമണിക്ക് യുദ്ധകാര്യങ്ങളുടെ സർവ്വോന്നത സമിതി പ്രതിരോധവകുപ്പു മേധാവിയുടെ രാജകീയ കാര്യാലയത്തിൽ സമ്മേളിച്ചു. യുദ്ധം തുടർന്നുകൊണ്ടുപോകണമോ ശത്രുവിനു കീഴടങ്ങണമോ ഇതായിരുന്നു അവരുടെ ചർച്ചാവിഷയം. മനുഷ്യരാശിക്കുവേണ്ടി സമാധാനം പുന:സ്ഥാപിക്കുകയോ ഇപ്പോഴത്തെ ഈ കൂട്ടക്കൊല തുടരുകയോ എന്താണ് വേണ്ടത് എന്ന അതിപ്രധാനമായ തീരുമാനത്തിലെത്തിച്ചേരാൻ നമ്മുടെ പട്ടാളനേതാക്കന്മാർ ഉററു ശ്രമിക്കവേ നാഗസാക്കി നഗരത്തിലുള്ള ഉറക്കാമിഭാഗത്ത് ഒരണുബോംബു വീണുപൊട്ടി. രാവിലെ പന്ത്രണ്ടു മണിക്കുശേഷം കൃത്യം രണ്ടുമിനിട്ടു കഴിഞ്ഞപ്പോഴാം.''

''എണ്ണായിരം കത്തോലിക്കർ അതേ നിമിഷം തങ്ങളുടെ സൃഷ്ടികർത്താവിൻെറ ന്യായാസനത്തിൻമുമ്പിലേക്ക് എടുക്കപ്പെട്ടു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ അതിഭയങ്കരമായ ഒരഗ്നിബാധ ഈ ക്രൈസ്തവ നഗരം മുഴുവൻ നശിപ്പിച്ചു. പാതിരാവിനു മുമ്പുതന്നെ ഭദ്രാസനപ്പള്ളി വെന്തു വെണ്ണീറായി. അപ്പോഴേക്കും ചക്രവർത്തി തിരുമേനി യുദ്ധം അവസാനിപ്പിക്കുന്ന തീരുമാനം പ്രഖ്യാപിച്ചു.''

''യുദ്ധവിരാമം കുറിക്കുന്ന രാജകീയ തിരുവെഴുത്ത് ഓഗസ്റ്റ് പതിനഞ്ചാം തീയതി ഔപചാരികമായി വിളം

ബരം ചെയ്യപ്പെട്ടു. അങ്ങനെ ലോകത്തിനുമുഴുവൻ സമാധാനം കൈവന്നു. ഉറക്കാമിയിലെ ഭദ്രാസനപ്പള്ളിയുടെ സവിശേഷ മദ്ധ്യസ്ഥയായ ദിവ്യകന്യകയുടെ സ്വർഗ്ഗാരോപണത്തിരുനാളായിരുന്നു അന്ന്.''

''ഇവയെല്ലാം വെറും യാദൃച്ഛിക സംഭവങ്ങളാണെന്നു കരുതാമോ? സ്ഥിതിഗതികളെ അതിലോലമായി നയിക്കുന്ന ദൈവികകരങ്ങൾ ഇവിടെ നാം ദർശിക്കുന്നില്ലേ? ജപ്പാന്റെ പട്ടാളശക്തിയെ പൂർണ്ണമായും തകർക്കാൻവേണ്ടി ഇടപെട്ട രണ്ടാമത്തെ അണുബോംബ് വേറൊരു പട്ടണത്തെ ലക്ഷ്യമാക്കിയത്രേ കൊണ്ടുവന്നത്. എന്നാൽ ആ പ്രദേശം മഴക്കാറുകൾകൊണ്ട് ഇരുണ്ടിരുന്നു. തന്മൂലം ആദ്യത്തെ ലക്ഷ്യം അതിവേഗം മാറേണ്ടിവന്നു. അവസാന നിമിഷംവരെ ഉന്നം വയ്ക്കപ്പെടാതിരുന്ന നാഗസാക്കിയിലേക്ക് അണുബോംബുവിമാനം പറക്കാനിടയാക്കിയ സാഹചര്യമിതാണ്. പോരെങ്കിൽ നാഗസാക്കിയിലെ ആയുധ നിർമ്മാണശാലകൾ നശിപ്പിക്കാൻ വേണ്ടി ഇട്ട ആ ബോംബ് അപ്രതീക്ഷിതമായി വന്ന ഒരുക്കൻ കാററിന്റെ ശക്തിയാൽ വടക്കോട്ടു നീങ്ങി വീഴുകയാണ് ചെയ്തതത്രേ! അങ്ങനെ കത്തീഡ്രൽ പള്ളിയുടെ നേരേ മുകളിൽവച്ച് അതു പൊട്ടാനിടയായി. അമേരിക്കൻ വൈമാനികരുടെ ലക്ഷ്യം ഒരിക്കലും ഉറാക്കാമി ആയിരുന്നില്ല. ദൈവ പരിപാലനയാണ് നമ്മുടെ നഗരത്തിലേക്ക് അണുബോംബിനെ നയിച്ചത്.''

''ഉറക്കാമിയുടെ നാശവും യുദ്ധത്തിന്റെ സമാപനവും തമ്മിൽ സുവ്യക്തമായ ഒരു ബന്ധം നമുക്ക് കാണാൻ കഴിയുന്നില്ലേ? ജപ്പാനിലുള്ള പവിത്രീകൃതമായ ഏക കത്തോലിക്കാ കേന്ദ്രമായിരുന്നു ഉറക്കാമി. ഇക്കഴിഞ്ഞ ആഗോളസമരത്തിൽ മനുഷ്യരാശി ചെയ്തുകൂട്ടിയ ഭയങ്കര പാതകങ്ങൾക്ക പരിഹാരമായി ദൈവതിരുമുമ്പിൽ ഹോമിക്കപ്പെട്ട ബലിവസ്തുവായി നമ്മുടെ നഗരത്തെ നമുക്ക് കരുതിക്കൂടായോ? ആദിപാപത്തിന്റെയും സ്വന്തം

സഹോദരനെ കൊല്ലാൻ കായേൻ ചിന്തിയ ചോരയുടേയും അനന്തരാവകാശിയായ മനുഷ്യരാശിക്കുവേണ്ടി, ദൈവിക തനയത്വം മറന്നുകളയുകയും വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്ത മനുഷ്യരാശിക്കുവേണ്ടി, സഹോദരസ്നേഹം വിസ്മരിച്ചുകൊണ്ട് പരസ്പര വിദ്വേഷം വളർത്തുകയും അന്യോന്യം വെട്ടിമുറിക്കുകയും ചെയ്ത മനുഷ്യവംശം ഇത്തരം ഭീകരതകൾ അവസാനിപ്പിച്ച് ശാന്തിയുടേതായ വഴിത്താരയിലേക്ക് തിരിച്ചുവരാൻവേണ്ടി ഒരു ബലിവസ്തുവായി നമ്മുടെ നഗരം ദൈവം തിരഞ്ഞെടുത്തതല്ലേ? അത്യഗാധമായ അവിശ്വസ്തതകൾക്ക് ആന്തരിക പശ്ചാത്താപം മാത്രം മതിയാകുമായിരുന്നോ? അനുയോജ്യമായ ഒരു ബലിവഴി ദൈവത്തിന്റെ മാപ്പ് പ്രാപിക്കുക ആവശ്യമായിരുന്നില്ലേ? അണുബോംബുമൂലമുണ്ടായ പൂർണ്ണാഹുതിക്കു മുമ്പുതന്നെ യുദ്ധമവസാനിപ്പിക്കാനുള്ള പല അവസരങ്ങളും കൈവന്നതാണ്. പല നഗരങ്ങളും നശിപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ആ ബലികളിൽ എന്തോ അയോഗ്യതയുണ്ടായിരുന്നതിനാൽ ദൈവം അവ സ്വീകരിച്ചില്ല. എന്നാൽ അവസാനം ഉറക്കാമി നശിപ്പിക്കപ്പെട്ടപ്പോൾ ദൈവം ആ ഹോമം കൈക്കൊണ്ടു. മനുഷ്യരാശിക്കു മാപ്പരുളി യുദ്ധമവസാനിപ്പിക്കാൻ ചക്രവർത്തിക്ക് പ്രേരണ നല്കി.''

''ഉറക്കാമിയിലെ കത്തോലിക്കർ ജപ്പാനിൽ നിയമവിരുദ്ധമായിരുന്ന ക്രിസ്തീയവിശ്വാസം 400 കൊല്ലത്തോക്ക് അവിച്ഛിന്നമായി പുലർത്തിപ്പോന്നു. എല്ലാത്തരത്തിലുള്ള പീഡനങ്ങളും അവർക്കു സഹിക്കേണ്ടിവന്നിട്ടുണ്ട്. ഇക്കഴിഞ്ഞ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ശാശ്വതശാന്തിക്കായി അവർ അനുസ്യൂതം പ്രാർത്ഥിച്ചുപോന്നു. ദൈവത്തിന്റെ ബലിപീഠത്തിൽ സമർപ്പിക്കാൻ കൊള്ളാവുന്ന ഏക ഹോമവസ്തു ഈ സഭാശാഖ ആയിരുന്നില്ലേ? ഈ സമർപ്പണംവഴി ആയിരക്കണക്കിനു മനുഷ്യജീവിതങ്ങൾ നാശഗർത്തത്തിൽനിന്നും രക്ഷിക്കപ്പെട്ടിരിക്കയാണിപ്പോൾ.

''ആഗോളയുദ്ധത്തിൻെറ കരിമേഘപടലങ്ങരം അന്ത രീക്ഷത്തിൽനിന്നു മാഞ്ഞു ലോകമാകെ സമാധാനത്തി ൻെറ പ്രകാശനാളങ്ങരം പരന്നുകൊണ്ടിരിക്കുന്ന ഈ അവ സരത്തിൽ ആഗസ്റ്റ് 9--ാം തീയതി നടന്ന ത്യാഗത്തി ൻെറ മഹത്വവും മനോഹാരിതയും നാം ഓക്കണം. അന്ന ത്തെ ദുഃഖവായ്പിനിടയിൽപ്പോലും മുകളിലേക്കു് നോ ക്കിക്കൊണ്ടു് നാം ആത്മഗതം ചെയ്യു: 'എത്ര മനോഹരവും പരിശുദ്ധവും ഉദാത്തവുമാണീ ത്യാഗം.''

''എണ്ണായിരം കത്തോലിക്കർ അന്നു ബലിയപ്പിക്ക പ്പെട്ടു. അവരിൽ കത്തീഡ്രൽപള്ളിയിലെ വൈദികരുമുരം പ്പെടും. അവരെല്ലാവരും നല്ലവരായിരുന്നു. അവരുടെ നഷ്ടം നമ്മെ വേദനിപ്പിക്കുന്നുണ്ടു്. തോൽവി എന്തെന്നറി യുന്നതിനുമുമ്പു് ഇഹത്തിൽനിന്നും അവർ പിരിഞ്ഞുപോ യി. എത്ര ഭാഗ്യവാന്മാർ''

''എത്ര ആനന്ദത്തിളപ്പോടെ ആയിരിക്കണം അവരു ടെ നിമ്മലാത്മാക്കരം സ്വർഗ്ഗനാഥൻെറ പക്കലേക്കു തി രിച്ചുചെന്നതു്. നമ്മുടെ വിധി അവരുടേതുമായി തട്ടിച്ചു നോക്കുമ്പോരം വാസ്തവത്തിൽ പാവങ്ങരം നമ്മളാണു്. അവരല്ലതന്നെ. മാതൃരാജ്യം യുദ്ധത്തിൽ തോററു. നഗരം നശിച്ചു. കണ്ണെത്തുന്നടത്തെല്ലാം ചാരവും തകച്ചയും നി റഞ്ഞ ഒരു മരുപ്രദേശം അങ്ങനെ പടന്നുകിടക്കുന്നു. നമു ക്കു് വീടില്ല, തുണിയില്ല, അരിയില്ല. നമ്മുടെ കൃഷിസ്ഥ ലങ്ങരം എല്ലാം നശിപ്പിക്കപ്പെട്ടു. മരണത്തിൽനിന്നു രക്ഷ പ്പെട്ടവർ താരതമ്യേന വളരെ കുറവാണു്. നാശങ്ങളുടെ നടുവിൽ അവിടേയും ഇവിടേയും രണ്ടോ മൂന്നോ പേർ വീതം ചേർന്നു് നാം അങ്ങനെ ജീവിക്കുകയാണി പ്പോരം.''

''അന്നത്തെ ആ മണിക്കൂറിൽ ഈ ഭദ്രാസനപ്പള്ളി യിൽവച്ചു് എന്തുകൊണ്ടു് നമ്മളും മരിച്ചില്ല. യാതനാ

നിർഭരമായ ഈ ജീവിതം എന്തിനാണ് നാം തുടരുന്നത്? ഒരുപക്ഷേ നാം ചെയ്തിട്ടുള്ള പാപമായിരിക്കാം ഇതിനു കാരണം. നമ്മുടെ തെറ്റുകളുടെ വലിപ്പം നാമിപ്പോഴാം കാണുന്നു. ആ തെറ്റുകൾക്ക് വേണ്ടപോലെ പരിഹാരം ഇതുവരെ ചെയ്യാത്തതുകൊണ്ടാണ് നാമിങ്ങനെ പിമ്പിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നത്. സ്വന്തം അപരാധങ്ങളിൽ കണക്കിലേറെ മുഴുകിക്കഴിഞ്ഞിരുന്നതിനാൽ ബലിവസ്തുവാകാൻ അയോഗ്യരായി ഭവിച്ചവർ മാത്രമാണ് ഇപ്പോഴാം ജീവനോടെ അവശേഷിച്ചിരിക്കുന്നത്.''

''തോൽവിയടഞ്ഞ ഒരു രാജ്യത്തിലെ പൗരന്മാരായ നമ്മുടെ ഭാവി വേദനയും സഹനങ്ങളും നിറഞ്ഞതത്രേ. പോർട്ട്സ് ഡാം പ്രഖ്യാപനം നമ്മുടെമേൽ അടിച്ചേല്പിച്ചിരിക്കുന്ന നഷ്ടപരിഹാരം ദുർവഹമായ ഒരു ഭാരമാണ്. ഇതെല്ലാമാണെങ്കിലും ആ ഭാരവും ചുമന്നുകൊണ്ടുപോകാനുള്ള ദുർഘടമായ വഴി മാത്രമാണ് നമ്മുടെ ആശാനാളം. നമ്മുടെ തെറ്റുകൾക്ക് പരിഹാരം ചെയ്യാൻ അങ്ങനെ നമുക്ക് അവസരം ലഭിക്കും. കരയുന്നവർ ഭാഗ്യവാന്മാരാകുന്നു എന്തുകൊണ്ടെന്നാൽ അവർ സാന്ത്വനവും കണ്ടെത്തും. സങ്കടസങ്കുലമായ ഈ വഴിയിലൂടെ നാം യാത്ര തുടരണം. അങ്ങനെ ചെയ്താൽ നാം വിശക്കുകയും ദാഹിക്കുകയും വിയർത്തൊലിക്കുകയും ചോരചിന്തുകയും ചെയ്തപ്പോഴാം കാൽവരിമലമുകളിലേക്കു കുരിശുചുമന്നുപോയ ആ ദിവ്യവ്യക്തി, യേശുക്രിസ്തു നമുക്കു സഹായമരുളും.''

''ദൈവമാണ് എല്ലാം നല്കുന്നത്. അവിടന്നുതന്നെയാണ് യഥേഷ്ടം എടുത്തുകൊണ്ടുപോകുന്നതും. അവിടത്തെ തിരുനാമം പ്രകീർത്തിതമാകട്ടെ. നാം അവിടത്തേക്കു നന്ദി പറയുക. നമ്മുടെ ത്യാഗത്തിൻെറ ഫലമായി ലോകത്തിനു മുഴുവനുമിതാ ശാന്തി കൈവന്നിരിക്കുന്നു. വിശ്വസിക്കുന്നതിനുള്ള സ്വാതന്ത്ര്യം ജാപ്പനീസ് ജനതയ്ക്കു വീണ്ടും ലഭിച്ചിരിക്കുന്നു. മരണമടഞ്ഞവരുടെ ആത്മാ

ക്കാം ദൈവകാരുണ്യത്താൽ സമാധാനത്തിൽ വിശ്രമിക്കട്ടെ'' *

ശമറായൻ നല്ല ശമറായനായിരുന്നു. പ്രസാദാത്മക വ്യക്തിത്വം നഷ്ടമാകാത്തതുകൊണ്ട് അയാരം നല്ലവനായി. കാടത്തത്തിൽനിന്നു് വളന്നതുകൊണ്ട് നല്ലവനായി. മനുഷ്യനെ കണ്ടെത്താൻ കഴിഞ്ഞതുകൊണ്ട് നല്ലവനായി. ഏററം വലുതിനെ കണ്ടെത്തിയതുകൊണ്ട് നല്ലവനായി. ദൈവത്തെ സ്നേഹിച്ചതുകൊണ്ട് നല്ലവനായി. ഇന്നും നമുക്ക പ്രചോദനമരുളുന്നതുകൊണ്ടും അയാരം നല്ലവനായി. നല്ലവനായിത്തുടരുന്നു. തുടർന്നുകൊണ്ടേയിരിക്കും.


---

* (അണുബോംബ് വീണപ്പോരം, താകാഷി നാഗായി, വിവ. അടപ്പൂർ, ജനത, തേവര, പേജ് 145–150)

10183

–0–

ACHARYA PALACKAL JEEVASSKENDRAM LIBRARY ALU..



CT Library
00096769
H59 AN88

## ഇരുമുനവാൾ-3
## ജറുസലേമിൽനിന്ന് ഒരുവൻ ജറീക്കോയിലേക്ക്

ടി. എ. ആൻറണി, സി. എം. ഐ.

നല്ല ശമറായൻെറ സുവിശേഷഭാഗത്തെ അവലംബിച്ച് തയ്യാറാക്കിയ പ്രസംഗങ്ങളാണ് ഈ കൃതിയുടെ ഉള്ളടക്കം.

ക്രൈസ്തവ സ്നേഹത്തിൻെറ വിവിധ വശങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ വിവിധ ഭാഗങ്ങൾ ഉദ്ധരിച്ച് വിഷയാവതരണം തീർത്തും ദൈവവചനപരമാക്കാൻ ശ്ലാഘനീയമായ ശ്രമം ഇതിൽ നടത്തിയിട്ടുണ്ട്.

വെറുപ്പും എതിർപ്പും സംഘട്ടനവും ജീവിതത്തിൻെറ പ്രശ്നങ്ങൾക്ക് അടിസ്ഥാന പരിഹാരമല്ല, സ്നേഹം തന്നെയാണ്-ദൈവത്തോടും അന്യരോടുമുള്ള സ്നേഹംതന്നെയാണ്-മനുഷ്യ ജീവിതത്തെ ഒട്ടൊരുവിധം ഹൃദ്യമാക്കുന്നത് എന്ന മുഖ്യമായ ചിന്താധാരയാണ് ഇതിൽ ഉടനീളം.

വിതരണം
ജനതാ ബുക്ക് സ്ററാൾ
തേവര-എറണാകുളം—ആലുവ
ചേർത്തല-വൈക്കം—കോതമംഗലം

BK